266
JUNE 2018

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association






യു.ജി.സി. പടിയിറങ്ങുമ്പോൾ

**Struggles Against Neo liberal Policies and Communalism**

സെന്റോസ ഉടമ്പടിയും ഇന്ത്യയും

പൊതുവിദ്യാഭ്യാസത്തെക്കുറിച്ചു തന്നെ!

ദലിത് ശരീരവും ഭാഷയും സമകാലിക മലയാള സിനിമയിൽ

വജ്രജൂബിലി സമ്മേളന പതിപ്പ്

# JUNE 2018


- *എഡിറ്റോറിയൽ* — 3
- *ജനറൽസെക്രട്ടറിയുടെ പേജ്*
  **ഡോ. പി.എൻ. ഹരികുമാർ** — 4
- *വജ്രജൂബിലി സമ്മേളന റിപ്പോർട്ട്* — 6
- *യു.ജി.സി. പടിയിറങ്ങുമ്പോൾ*
  **ഡോ. ജെ. പ്രസാദ്** — 11
- *സെന്റോസ ഉടമ്പടിയും ഇന്ത്യയും*
  **ഡോ. പി.ജെ. വിൻസെന്റ്** — 15
- *കർണ്ണാടക നൽകുന്ന ജനാധിപത്യ പാഠങ്ങൾ അപനിർമ്മിക്കുമ്പോൾ*
  **ഉണ്ണികൃഷ്ണൻ കളമുള്ളതിൽ** — 19
- *Politics, Caste, Class and Gender: Feminist Intervention*
  **Dr. S Maya** — 23
- *The Struggles Against Neo liberal Policies and Communalism*
  **R. Arun Kumar** — 28
- *പൊതുവിദ്യാഭ്യാസത്തെക്കുറിച്ചു തന്നെ!*
  **വി.പി. മർക്കോസ്** — 33
- *ദലിത് ശരീരവും ഭാഷയും സമകാലിക മലയാള സിനിമയിൽ*
  **ഡോ. രാജേഷ് എം.ആർ** — 40
- *കേൾക്കുന്നില്ലേ....... ഭൂമിയുടെ ദീനരോദനം?*
  **ഡോ. ജിജികുമാരി ടി.** — 47
- *മൊബൈൽഫോൺ റേഡിയേഷനും യാഥാർത്ഥ്യവും*
  **വൈശാഖൻ തമ്പി** — 49
- *റൂസയും കേരളത്തിലെ എയ്ഡഡ് കോളേജുകളും*
  **ഡോ. എം.ബി. ഗോപാലകൃഷ്ണൻ** — 53
- *The Dignified Distance*
  **Jaison Jose** — 56
- *ജാതിയില്ലാത്തവർ*
  **ആര്യാഗോപി** — 59
- *റസൂലൻ ബായ് : നഷ്ടഗാനത്തിന്റെ ഓർമ്മകൾ*
  **ഡോ. എൻ. രേണുക** — 60
- *Thoothukudi 22 May 2018*
  **Dr. SK Prathap** — 64
- *കാഴ്ചയുടെ നവതരംഗവും കബനിയുടെ മുറിവും*
  **കെ.പി. ജയകുമാർ** — 67
- *കാലവർഷം*
  **ദിവ്യ എൻ.** — 72
- *ലോകം റഷ്യയിലെത്തുമ്പോൾ*
  **ഡോ. സോണി ജോൺ** — 73
- *സാഹിത്യഭാവനയുടെ കുത്തകാവകാശം*
  **ഡോ. എ.സി. ശ്രീഹരി** — 76
- *എന്റെ അമ്മ എവിടെ?*
  **ഡോ. അജിത മേനോൻ** — 79
- *നേരേ പറയലിന്റെ പരിച്*
  **ഡോ. ജി. ശ്രീജിത്** — 83
- *ആട്ടുകട്ടിൽ എന്ന രൂപകം*
  **മ്യൂസ് മേരി ജോർജ്ജ്** — 88
- *ജയിലാകാത്ത സ്കൂൾ*
  **സന്ധ്യ ഇ** — 90
- *സമകാലിക കഥയുടെ വർത്തമാനം*
  **മൈന ഉമൈബാൻ** — 91



**EDITORIAL BOARD**

Chief Editor
**Dr. Sunny N. M.**

Managing Editor
**Dr. Beena S.**

Assistant Editors
**Dr. A.S. Sumesh**
**Dr. K.P. Jayakumar**

**Members**
Dr. C. Padmanabhan
Dr. P.N. Harikumar
Prof. P.K. Kusalakumari
Dr. Santhosh K.
Prof. Pramod Vellachal
Dr. N. Lakshmi Priya
Dr. N.K. Sunilkumar
Arya Gopi
Dr. Vysakhan Thambi
Dr. Shyla Hameed
Dr. N. Renuka
Dr. Sony John
Dr. Premkumar R.
Dr. Myna Umaiban
Dr. Vidhu Narayan
Prof. Sona P.
Dr. Shanoj M .P
Dr. M.R. Rajesh



Design
**Jwala Creatives**
Ph: 9447853005



AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**



Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.



Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, TVPM-35.

എഡിറ്റോറിയൽ



# വാണിജ്യവൽക്കരണവും, വർഗ്ഗീയവൽക്കരണവും കൈകോർക്കുമ്പോൾ

എകെപിസിടിഎ വജ്രജൂബിലി വർഷം പിന്നിടുകയാണ്. അധ്യാപകരുടെ സർവ്വീസ് പരിരക്ഷ, ഡയറക്ട് പെയ്മെന്റ്, ശമ്പളതുല്യത, യു.ജി.സി ശമ്പളഘടന, സ്ഥലംമാറ്റം എന്നീ വിഷയങ്ങളിൽ സംഘടന നടത്തിയ ധീരമായ സമരപോരാട്ടങ്ങൾ കഴിഞ്ഞ അറുപതിറ്റാണ്ടായി സംഘടന പകർന്നു തരുന്ന ഊർജ്ജമാണ്. വജ്രജൂബിലി ആഘോഷ പരിപാടികൾ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി സ. പിണറായി വിജയനാണ് ഉത്ഘാടനം ചെയ്തത്. മന്ത്രിമാരായ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീ ജി സുധാകരൻ, ശ്രീമതി കെ.കെ. ഷൈലജ ടീച്ചർ തുടങ്ങിയവർ വിവിധ പരിപാടികളിൽ പങ്കെടുക്കുകയുണ്ടായി. ഡോ.രാജൻ ഗുരുക്കൾ, ശ്രീ അരുൺ കുമാർ, മുൻ മന്ത്രി സി. ദിവാകരൻ തുടങ്ങിയ പ്രമുഖർ ഒരു വർഷം നീണ്ടു നിന്ന വിവിധ പരിപാടികളിൽ സഹകരിച്ചു. വൈവിധ്യമാർന്ന പരിപാടികളാണ്, വജ്രജൂബിലിയോടനുബന്ധിച്ച് സംഘടന സംഘടിപ്പിച്ചത്. അർഹരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം, അന്താരാഷ്ട്ര വനിതാ സെമിനാർ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, ജില്ലാതല സെമിനാറുകൾ വർക്ക്ഷോപ്പുകൾ തുടങ്ങി വ്യത്യസ്തമായ പരിപാടികൾ കേരളത്തിലെ വിവിധ ക്യാമ്പസുകളിൽ അരങ്ങേറുകയുണ്ടായി.


1956 ൽ പാർലമെന്റ് നിയമനിർമ്മാണം വഴി രൂപീകരിച്ച യു.ജി.സി എച്.ഇ.സി.ഐ 2018ന് വഴി മാറുകയാണ്. നെഹ്റുവിയൻ നയങ്ങളുടെ ഭാഗമായി ഡോ.എസ്. രാധാകൃഷ്ണൻ കമ്മീഷന്റെ ശുപാർശ പ്രകാരം നിലവിൽ വന്ന യു.ജി.സി ഇല്ലായ്മ ചെയ്യുന്നതിനു വേണ്ടി വിദ്യാഭ്യാസ മേഖലയിൽ യാതൊരു മുൻപരിചയവുമില്ലാത്ത മാനേജ്മെന്റ് വിദഗ്ദരായ അംബാനി-ബിർള, സാം പിത്രോദ കമ്മിറ്റി റിപ്പോർട്ടുകൾ വഴി കാട്ടി ആകുമ്പോൾ താല്പര്യം വാണിജ്യവൽക്കരണമാണെന്നു തെളിയുന്നു. തൊണ്ണൂറുകൾക്ക് ശേഷം നിയോലിബറൽ സാമ്പത്തിക നയങ്ങളുടെ കടന്നു വരവോടെ യുജി.സിയുടെ പ്രവർത്തനങ്ങളിലും നയങ്ങളിലും വാണിജ്യ താല്പര്യം പ്രകടമായിരുന്നു. വിദ്യാഭ്യാസ രംഗത്തെ വാണിജ്യ വൽക്കരണത്തെ അത് പ്രോത്സാഹിപ്പിച്ചു പോന്നു. എച്.ഇ.സി.ഐ 18 ന്റെ വരവോടു കൂടി 1956ലെ കമ്പനി ആക്റ്റിന്റെ കൂടി സഹായത്തോടെ ആ പ്രക്രിയ കൂടുതൽ കരുത്താർജ്ജിക്കും. നിലവിൽ സ്ഥാപിതമാകാത്ത റിലയൻസ് ഇൻസ്റ്റിറ്റ്യൂട്ടിനു ശ്രേഷ്ഠ പദവി നൽകി കോടിക്കണക്കിനു രൂപ കോർപ്പറേറ്റുകൾക്കു നൽകാൻ മടി കാണിക്കാത്ത കേന്ദ്ര സർക്കാർ വരേണ്യ-സമ്പന്ന വിഭാഗങ്ങൾക്കു മാത്രം കരഗതമാകുന്ന ഒന്നായി ഉന്നത വിദ്യാഭ്യാസം മാറ്റി എടുക്കുകയാണ്.

അതോടൊപ്പം ചേർത്ത് ചിന്തിക്കേണ്ട ഒന്നാണ് ഒറ്റ ഇന്ത്യ ഒറ്റ സിലബസ്, ഒരു മൂല്യ നിർണ്ണയം എന്ന ആശയം. ഒറ്റ നോട്ടത്തിൽ. ആകർഷകമെന്ന് തോന്നാം. സാംസ്കാരിക വൈവിധ്യങ്ങളുടെ നാടായ ഇന്ത്യ ഏക സിലബിസ്സിലേക്ക് മാറുമ്പോൾ ബഹു സംസ്കാര ദേശീയതയെ സാംസ്കാരിക ദേശീയത എന്ന ഏകശിലാ രൂപത്തിലേക്കു ചുരുക്കാൻ പിന്നെ ഏറെ പണിപ്പെടേണ്ടി വരില്ല. നോട്ടു നിരോധനം, ജി.എസ്.ടി പോലുള്ള ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന തീരുമാനങ്ങൾ എടുക്കുമ്പോൾ പറഞ്ഞ പൊളിവാക്കുകൾ രാജ്യം കേട്ടതാണ്. ഏറെ ആകർഷകമെന്നു കരുതുന്ന ഇത്തരം പരിഷ്കാരങ്ങൾ പക്ഷെ രാജ്യത്തിന്റെ പൊതുവായ നന്മക്ക് ഉതകുന്നതല്ല എന്ന് ഇതിനോടകം തെളിഞ്ഞു കഴിഞ്ഞു. അടുത്ത ലക്ഷ്യം വിദ്യാഭ്യാസ രംഗമാണ്. പാഠ്യപദ്ധതി രൂപീകരണം, മൂല്യ നിർണ്ണയം തുടങ്ങി എല്ലാ മേഖലയും തങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടു വരിക എന്നതാണ് അതിന്റെ പിന്നിലെ രഹസ്യ അജണ്ട എന്ന് നിസ്സംശയം പറയാം.

വർഗ്ഗീയതയും വാണിജ്യവൽക്കരണവും ഒരു പോലെ ആപത്തു വിതക്കുന്ന അന്തകവിത്തുകളാണ്. അതിന്റെ ഉറവിടത്തിൽ തന്നെ അതിനെ കണ്ടെത്തി നശിപ്പി ക്കേണ്ട തുണ്ട്. കൂടുതൽ നാശം വിതക്കാൻ അനുവദിച്ചു കൂടാ. ഇനി ഒരു അഭിമന്യു ക്യാമ്പസിൽ പിടഞ്ഞു വീഴരുത്, ഇനി ഒരു ജോസഫിന്റെയും തൂലിക ഏന്തേണ്ട കൈപ്പത്തി മഴുവിന്റെ മൂർച്ചക്കിരയാവരുത്. ക്യാമ്പസുകളുടെ അരാഷ്ട്രീയവൽക്കരണത്തിലൂടെ മാത്രമെ കാവിവൽക്കരണവും, വാണിജ്യവൽക്കരണവും സാധ്യമാവൂ എന്ന തിരിച്ചറിവാണ്, കടുത്ത തീരുമാനങ്ങളിലേക്ക് തിരിയാൻ ഇക്കൂട്ടരെ പ്രേരിപ്പി ക്കുന്നത്. സംസ്ഥാനങ്ങളുടെ അധികാരത്തിൽ കൈ കടത്തി, ഫെഡറൽ തത്വങ്ങളെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുകയാണ് കേന്ദ്ര സർക്കാർ. പശുവിന്റെ പേരിലും, മറ്റു പല പേരുകളിലും, ആൾക്കൂട്ട കൊലപാതങ്ങൾ ഏറിവരുന്നു, അവർ പൂമാല ഇട്ടു സ്വീകരിക്കപ്പെടുന്നു. കെട്ടുകേൾവികളും, മിത്തുകളും ശാസ്ത്ര സത്യങ്ങളായി അവതരിപ്പിക്കുന്നതിലൂടെ ഒരു ജനതയെ ബൗദ്ധികമായി പുറകോട്ടു നടത്തുകയാണ്.

പരമോന്നത നീതി പീഠത്തിൽ നിന്ന് ന്യായാധിപന്മാർ തെരുവിലേക്കിറങ്ങേണ്ടി വരുന്നു. ജനാധിപത്യത്തിന്റെ എല്ലാ തൂണുകൾക്കും ബലക്ഷയം സംഭവിക്കുകയാണ്. മതേതര ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്, ഉന്നത വിദ്യാഭ്യാസ മേഖ ലയെ വർഗ്ഗീയവൽക്കരണത്തിൽ നിന്നും, വാണിജ്യവൽക്കരണത്തിൽ നിന്നും കാത്തു സൂക്ഷിക്കേണ്ടതുണ്ട്. അതിനു വേണ്ടി എ.കെ.പി.സി.ടി.എക്കൊപ്പം അണി ചേരാം.

**ഡോ. എൻ. എം. സണ്ണി**
sunnynm51@gmail.com
9447418715, 8921385389



ഡോ. പി.എൻ. ഹരികുമാർ

# വാണിജ്യവൽക്കരണത്തിന്റെ കാഹളം മുഴങ്ങുന്നു

തന്റെ കഴിഞ്ഞ നാലുവർഷത്തെ ഭരണം കൊണ്ട് നരേന്ദ്ര മോഡി സർക്കാർ ഇന്ത്യൻ സമൂഹത്തിലും സമ്പദ്ഘടനയിലും ഏൽപ്പിച്ച ആഘാതം ചില്ലറയല്ല. കൃത്യമായ ഗൃഹപാഠം ചെയ്യാതെയും വേണ്ടത്ര കൂടിയാലോചനകൾ ഇല്ലാതെയും നടപ്പിലാക്കിയ പരിഷ്കാരങ്ങൾ തുഗ്ലക്കിനെ പോലും നാണിപ്പിക്കുന്നതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആർഎസ്എസിന്റെ ബൗദ്ധിക കേന്ദ്രങ്ങളുടെ അജണ്ട നടപ്പിലാക്കാനുള്ള ഇടമാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങളാണ് ഭരണത്തിന്റെ ആദ്യനാളുകൾ മുതൽ പ്രധാനമന്ത്രി അടക്കമുള്ള ബി.ജെ.പി നേതാക്കൻമാർ നടത്തിയത്. ഉന്നതവിദ്യാഭ്യാസരംഗത്ത് കേന്ദ്രസർക്കാർ നടത്തുന്ന പ്രതിലോമപരമായ ഇടപെടലുകളിൽ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് യുജിസി പിരിച്ചുവിട്ടുകൊണ്ട് ദേശീയ ഉന്നത വിദ്യാഭ്യാസ കമ്മിഷൻ രൂപീകരിക്കാനുള്ള നീക്കം. കഴിഞ്ഞ ആറര പതിറ്റാണ്ടുകളായി നമ്മുടെ രാജ്യത്തെ ഉന്നത വിദ്യാഭ്യാസരംഗത്ത് നേതൃപരമായ പങ്കുവഹിച്ച യുജിസിയെ തകർക്കാനുള്ള ശ്രമം ഇന്ത്യയിലെ അക്കാദമിക് സമൂഹത്തോടുള്ള വെല്ലുവിളിയാണ്.

**ഉന്നതവിദ്യാഭ്യാസമേഖലയുടെ സകലകേടുപാടുകളും തീർത്ത് സമഗ്രമായി അഴിച്ചുപണിയും എന്ന് പ്രസ്താവിച്ചുകൊണ്ട് കേന്ദ്രമന്ത്രി ജാവദേക്കർ അവതരിപ്പിക്കാനിരിക്കുന്ന പുതിയ ബില്ലിന്റെ പിന്നിലെ രാഷ്ട്രീയം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്.**

ഉന്നതവിദ്യാഭ്യാസ മേഖലയുടെ സകല കേടുപാടുകളും തീർത്ത സമഗ്രമായി അഴിച്ചുപണിയും എന്ന് പ്രസ്താവിച്ചുകൊണ്ട് കേന്ദ്രമന്ത്രി ജാവദേക്കർ അവതരിപ്പിക്കാനിരിക്കുന്ന പുതിയ ബില്ലിന്റെ പിന്നിലെ രാഷ്ട്രീയം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഉന്നത വിദ്യാഭ്യാസ മേഖലയെ കുറിച്ച് പഠിക്കുന്നതിനായി രൂപീകരിച്ച ഡോ. എസ് രാധാകൃഷ്ണൻ കമ്മീഷനാണ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്ന ആശയം മുന്നോട്ടു വച്ചത്. 1956ൽ നിലവിൽ വന്ന യുജിസി 1976 വരെ പരിമി

തമായ അക്കാദമിക് - സാമ്പത്തിക ഇടപെടലുകൾ മാത്രമാണ് നടത്തിയത്. 1976 ന് ശേഷം അധ്യാപനം, പരീക്ഷ, മൂല്യനിർണയം, ഗവേഷണം, സേവനവേതന വ്യവസ്ഥകൾ എന്നിവയെല്ലാം യുജിസിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി. 1994 നാക്ക് ഗ്രേഡിംഗ് നിലവിൽ വന്നതോടെ ഉന്നതവിദ്യാഭ്യാസ രംഗത്തെ അക്കാദമിക് മൂല്യങ്ങൾ വാണിജ്യ മൂല്യങ്ങൾക്ക് വഴിമാറി. പിന്നീട് വന്ന കേന്ദ്ര സർക്കാരുകൾ ഉന്നത വിദ്യാഭ്യാസ മേഖലയെ കൂടുതൽ കൂടുതൽ കമ്പോള ശക്തികൾക്ക് തുറന്നുകൊടുക്കുകയായിരുന്നു. ഈയടുത്തകാലത്ത് യുജിസി യിൽ നിന്ന് വന്ന എപിഐ സ്കോർ മുതൽ പുതിയ റിസർച്ച് മാനദണ്ഡങ്ങൾ വരെ ഉന്നതവിദ്യാഭ്യാസരംഗത്തെ പിന്നോട്ടടിക്കുന്നത് ആയിരുന്നു. ഇപ്പോളിതാ യുജിസി തന്നെ ഇല്ലാതാക്കി ഉന്നത വിദ്യാഭ്യാസ കമ്മീഷൻ എന്ന പുതിയ ഏജൻസിയെ രൂപീകരിക്കാനാണ് കേന്ദ്ര സർക്കാരിൻറെ നീക്കം. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ധനസഹായം കേന്ദ്ര മന്ത്രാലയത്തിന് കീഴിൽ ആക്കുക, ഉൽപ്പന്ന ഫലം അനുസരിച്ച് മാത്രം ധനസഹായം നൽകുക, വ്യവസായ പ്രമുഖനെ കമ്മീഷനിൽ ഉൾപ്പെടുത്തുക, രാജ്യമൊട്ടാകെ പരീക്ഷ, മൂല്യനിർണയം, അധ്യാപനം എന്നിവയ്ക്ക് ഏക മാനദണ്ഡം നിശ്ചയിക്കുക തുടങ്ങി ഒട്ടനേകം കമ്പോളസൗഹൃദ - അക്കാദമിക് വിരുദ്ധ നിർദേശങ്ങൾ പുതിയ കമ്മീഷനുമായി ബന്ധപ്പെട്ട ബില്ലിന്റെ കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസായ പ്രമുഖനെ കമ്മീഷനിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ കാണിക്കുന്ന ഉത്സാഹം ഒരു വനിതയെയോ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നോ, മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ നിന്നോ ഉള്ള ആളുകളെ ഉൾപ്പെടുത്തുന്നതിൽ കാണിക്കുന്നില്ല.

ഒരു കോർപ്പറേറ്റ് കമ്പനിക്ക് സമാനമായി കമ്പോളത്തിലെ ലാഭനഷ്ടങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടത് അല്ല നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗം. ഇന്ത്യയുടെ ഫെഡറൽ തത്വങ്ങളെയും സർവ്വകലാശാലകളുടെ സ്വയംഭരണം അവകാശങ്ങളെയും ലംഘിച്ചുകൊണ്ട് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ബില്ല് നിലവിൽ വന്നാൽ ഉന്നതവിദ്യാഭ്യാസരംഗത്തെ തന്നെ ഭാവി ഇരുട്ടിലാകും. ഇനിമേൽ സാമൂഹികവും അക്കാദമികവുമായ ലക്ഷ്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന കോളേജുകൾക്ക് ധനസഹായം ലഭിക്കില്ല, പുതിയ തസ്തികകളും സ്ഥിരം നിയമനങ്ങളും ശമ്പള കമ്മീഷനും ഇനിയുണ്ടാവില്ല, അറിവുൽപാദനം നിയന്ത്രിക്കപ്പെടും, ചുരുക്കത്തിൽ ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന പരിമിതമായ സ്വാതന്ത്ര്യവും അവകാശവും ഇനിയുണ്ടാവില്ല എന്നുമാത്രമല്ല, നിർദ്ദേശങ്ങൾ അടിച്ചേൽപ്പിക്കപ്പെടുകയും അനുസരിക്കാതിരുന്നാൽ ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവരുകയും ചെയ്യും. കേന്ദ്ര ഗവൺമെന്റിന്റെ ദിശാബോധം ഇല്ലായ്മയും കമ്പോള ലാഭത്തിന് ഉന്നതവിദ്യാഭ്യാസരംഗത്തെ ഒറ്റു കൊടുക്കാൻ ഉള്ള ത്വരയും ആണ് ഈ നീക്കങ്ങളിലൂടെ എല്ലാം വ്യക്തമാകുന്നത്.

കൃത്യമായി കരുതിക്കൂട്ടി ഉറപ്പിച്ച അജണ്ടയുടെ അടിസ്ഥാനത്തിലാണ് ഈ നീക്കങ്ങളെല്ലാം. ഇന്ത്യൻ ശാസ്ത്ര കോൺഗ്രസിലെ തന്റെ ആദ്യത്തെ പ്രസംഗം കൊണ്ടുതന്നെ നരേന്ദ്ര മോഡി നാലുവർഷം മുൻപ് ശാസ്ത്ര സത്യങ്ങൾക്ക് നേരെയുള്ള തന്റെയും പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിന്റെയും നിലപാട് വ്യക്തമാക്കിയിരുന്നു. അന്ധമായ പുനരുദ്ധാനവാദം ഉയർത്തി ശാസ്ത്രത്തെയും ചരിത്രത്തെയും അവമതിക്കുന്ന വലതുപക്ഷ സമീപനത്തിലേക്ക് രാജ്യത്തെ പറിച്ചുനടാനുള്ള ശ്രമത്തിന് തുടക്കമായിരുന്നു അത്. ഉന്നതവിദ്യാഭ്യാസരംഗത്തെ രാജ്യത്തിന്റെ അഭിമാന സ്തംഭങ്ങളായ ഇന്ത്യൻ ചരിത്ര കൗൺസിലടക്കമുള്ള സംഘടനകളിലും, ജെഎൻയു ഹൈദരാബാദ് അടക്കമുള്ള കേന്ദ്ര സർവകലാശാലകളിലും തങ്ങളുടെ പിണിയാളുകളെ കുത്തിക്കയറ്റാനാണ് ബിജെപി സർക്കാർ ശ്രമിച്ചത്. ജ്ഞാനവിരുദ്ധമായ നിലപാടുകൾക്കൊപ്പം വിദ്യാർത്ഥി അധ്യാപക വിരുദ്ധ നിലപാടുകളും മോഡി സർക്കാർ അലങ്കാരമാക്കി. ജെഎൻയുവിലെ യൂണിയൻ പ്രസിഡൻറ് കനയ്യകുമാർ അടക്കമുള്ള വിദ്യാർത്ഥികളും, ഹൈദരാബാദിലെ രോഹിത് വെമുലയും, ഈ അടുത്തനാളുകളിൽ അലിഗഡ് സർവകലാശാലയിൽ ഉണ്ടായ വിദ്യാർഥി പ്രക്ഷോഭം അടക്കം നമ്മുടെ മുൻപിൽ ഉദാഹരണങ്ങൾ അനവധിയാണ്. ഒരൊറ്റ ഭാഷ ഒരൊറ്റ രാഷ്ട്രം ഒരൊറ്റ മതം എന്ന ഫാഷിസ്റ്റ് സിദ്ധാന്തത്തിലേക്ക് നമ്മുടെ നാടും മാറ്റപ്പെടുകയാണ്. ഇതിന്റെ അലയൊലികൾ വിദ്യാഭ്യാസരംഗത്തും ദൃശ്യമാണ്. ഏകീകൃത സിലബസും ഗവേഷണ വിരോധിയായ സമീപനവുമെല്ലാം അറിവുല്പാദനം എന്ന ജൈവ പ്രക്രിയയെ യാന്ത്രികമാക്കി മാറ്റുന്നു.

അധ്യാപകരുടെയും വിദ്യാർഥികളുടെയും യോജിച്ച ഐക്യ സമരമുന്നണി ഉണ്ടാവേണ്ട സവിശേഷ സാഹചര്യം ആണ് ഉരുത്തിരിഞ്ഞിരിക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്കെതിരെ അധ്യാപകരും യൂണിവേഴ്സിറ്റി ജീവനക്കാരും വിദ്യാർഥികളും സംഘടിച്ചിരിക്കുന്നു. ഈ സമരങ്ങളെ ഒറ്റ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവന്ന് ജയിപ്പിക്കുക എന്ന ഉത്തരവാദിത്തമാണ് അഖിലേന്ത്യാതലത്തിൽ ഐഫെക്ടോയും എകെപിസിടിഎ അടക്കമുള്ള അധ്യാപക സംഘടനകളും ഏർപ്പെട്ടിരിക്കുന്നത്. ഒരു പക്ഷേ ഇപ്പോൾ നമ്മൾ കാണിക്കുന്ന ചെറിയൊരു അലംഭാവവും പിന്നോട്ട് പോക്കും തലമുറകളോട് ചെയ്യുന്ന അപരാധമായിരിക്കും. വർഗ്ഗീയ ഫാസിസത്തിന്റെ മൂടുപടമണിഞ്ഞ കോർപറേറ്റ് മുതലാളിത്തത്തിനെതിരെ ഒന്നിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പോരാട്ടത്തിന്റെ നാളുകളിൽ നമുക്ക് ഒരുമിക്കാം

**അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും യോജിച്ച ഐക്യസമരമുന്നണി ഉണ്ടാവേണ്ട സവിശേഷ സാഹചര്യമാണ് ഉരുത്തിരിഞ്ഞിരിക്കുന്നത്. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്കെതിരെ അദ്ധ്യാപകരും യൂണിവേഴ്സിറ്റി ജീവനക്കാരും വിദ്യാർത്ഥികളും സംഘടിച്ചിരിക്കുന്നു.**

# എ.കെ.പി.സി.ടി.എ. വജ്രജൂബിലി സമ്മേളനം

എ.കെ. പി. സി. ടി. എ. യുടെ വജ്രജൂബിലി സംസ്ഥാന സമ്മേളനം തിരുവനന്തപുരം വി.ജെറ്റി ഹാൾ, കേരള സർവ്വകലാശാല സെനറ്റ് ഹാൾ എന്നിവിടങ്ങളിലായി 2018 മാർച്ച് 9,10,11 തീയതികളിൽ നടന്നു. മത നിരപേക്ഷത ഉയർത്തിപ്പിടിക്കുക, നവലിബറൽ അസഹിഷ്ണുത പ്രതിരോധിക്കുക എന്നീ മുദ്രാവാക്യങ്ങളാണ് സംസ്ഥാന സമ്മേളനം മുൻപോട്ടുവച്ചത്. സ്വാഗത സംഘം ചെയർമാൻ സ.ഡോ.എ.സമ്പത്ത് എം.പി.യുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ പുരോഗമന പ്രസ്ഥാനങ്ങളുടെയും സമ്പൂർണ്ണ സഹകരണത്തോടെയാണ് വജ്രജൂബിലി സംസ്ഥാന സമ്മേളനം തിരുവനന്തപുരത്ത് നടന്നത്. മതനിരപേക്ഷത ഉയർത്തിപ്പിടിച്ചുകൊണ്ട് മാത്രമേ രാജ്യമൊട്ടാകെ ഉയർന്നുവരുന്ന നവലി



ബറൽ അസഹിഷ്ണുതയെ ചെറുത്ത തോൽപ്പിക്കാൻ സാധിക്കുകയുള്ളൂ എന്ന ആഹ്വാനമാണ് സമ്മേളനം മുന്നോട്ടുവച്ചത്.




ഇടത് പുരോഗമന പ്രസ്ഥാനങ്ങളോടൊപ്പം നിന്ന് സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭങ്ങളിൽ എകെപിസിടിഎ നേതൃപരമായ പങ്കാളിത്തം വഹിക്കണമെന്ന് സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്ത മുൻ എം.പിയും സിപിഐ(എം) കേന്ദ്ര കമ്മറ്റി അംഗവുമായ സ.എ.വിജയരാഘവൻ അഭിപ്രായപ്പെട്ടു. നവലിബറൽ കാലത്ത് ഉന്നതവിദ്യാഭ്യാസ രംഗത്തെ ഇടപെടലുകളിൽ അധ്യാപകർ കൂടുതൽ ജാഗ്രത പാലിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. 2018 മാർച്ച് 10 ശനിയാഴ്ച രാവിലെ 9.30 ന് ആരംഭിച്ച ഉദ്ഘാടന സമ്മേളനത്തിൽ എ.കെ. പി. സി. ടി. എ.സംസ്ഥാന പ്രസിഡന്റ് പ്രൊഫ.എ.ജി. ഒലീന അധ്യക്ഷത വഹിച്ചു. സ്വാഗതസംഘം ചെയർമാൻ സ.ഡോ.എ.സമ്പത്ത് എം.പി സ്വാഗതമാശംസിച്ച യോഗത്തിന് ശ്രീ.ടി.സി.മാത്തുക്കുട്ടി (എഫ്.എസ്.ഇ.ടി.ഒ.), ശ്രീ.കെ.സി.ഹരികൃഷ്ണൻ (കെ.എസ്.ടി.എ) ശ്രീ. പി.വി. രാജേന്ദ്രൻ (സി.സി.ജി.എ.ഡബ്ല്യു.), ഡോ. കെ.കെ.ദാമോദരൻ (എകെജിസിടി) ശ്രീ. ടി.എസ്.രഘുലാൽ( കെ.ജി.ഒ.എ) എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ചു. യോഗത്തിന് എകെപിസിടിഎ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.കെ.എൽ. വിവേകാനന്ദൻ നന്ദി അർപ്പിച്ചു.

ഉച്ചതിരിഞ്ഞ് നടന്ന യാത്രയയപ്പ് സമ്മേളനവും മുൻകാല നേതൃ സംഗമവും വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. എ.കെ. പി. സി. ടി. എ. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.പി. കെ.കുശലകുമാരിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ സ.ഐ.ബി.സതീഷ് എം.എൽ.എ. മുഖ്യ പ്രഭാഷണം നടത്തി. പ്രൊഫ. ടി.എൻ.രാമൻപിള്ള (മുൻ ജനറൽ സെക്രട്ടറി എകെപിസിടിഎ), പ്രൊഫ.കെ.പി. ദിവാകരൻ നായർ (മുൻ ജനറൽ സെക്രട്ടറി എകെപിസിടിഎ), പ്രൊഫ.എ.പ്രതാപചന്ദ്രൻ നായർ (മുൻ ജനറൽ സെക്രട്ടറി എകെപിസിടിഎ), ഡോ.കെ. ശ്രീവത്സൻ (മുൻ ജനറൽ സെക്രട്ടറി എകെപിസിടിഎ) തുടങ്ങിയവർ സംസാരിച്ചു. മറുപടി പ്രസംഗത്തിൽ വിരമിക്കുന്ന അധ്യാപകർ അവരുടെ എകെപിസിടിഎ പ്രവർത്തനാനുഭവങ്ങൾ പങ്കുവച്ചു. യോഗത്തിന് എകെപിസിടിഎ സംസ്ഥാന ട്രഷറർ ഡോ.പി.എൻ.ഹരികുമാർ സ്വാഗതവും ഡോ.കെ.സന്തോഷ് നന്ദിയും രേഖപ്പെടുത്തി.


എകെപിസിടിഎയുടെ കരുത്ത് തെളിയിച്ച പ്രകടനം വൈകുന്നേരം 5 മണിക്ക് കേരള സർവ്വകലാശാല സെനറ്റ് ഹാളിന്റെ മുൻപിൽ നിന്ന് ആരംഭിച്ച് കിഴക്കേകോട്ട ഗാന്ധി പാർക്കിൽ സമാപിച്ചു. മുഴുവൻ പ്രവർത്തകരും ആവേശപൂർവ്വം പങ്കെടുത്ത പ്രകടനത്തിന് എല്ലാ പുരോഗമന പ്രസ്ഥാനങ്ങളും അഭിവാദ്യങ്ങൾ അർപ്പിച്ചു. തുടർന്ന് നടന്ന പൊതു സമ്മേളനം ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി സ.ജി.സുധാകരൻ ഉദ്ഘാടനം ചെയ്തു. എ.കെ. പി. സി. ടി. എ.സംസ്ഥാന പ്രസിഡന്റ് പ്രൊഫ.എ.ജി. ഒലീന അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. കെ.എൽ. വിവേകാനന്ദൻ സ്വാഗതമാശംസിച്ച യോഗത്തിന് ബഹു. തുറമുഖ മ്യൂസിയം ആർക്കിയോളജി വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, മുൻ കൃഷി മന്ത്രി മുല്ലക്കര രത്നാകരൻ, എകെപിസിടിഎ മുൻ ജനറൽ സെക്രട്ടറി പ്രൊഫ.വിഎൻ മുരളി തുടങ്ങിയവർ അഭിവാദ്യങ്ങൾ അർപ്പിച്ചു. എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ഡോ.പ്രമോദ് വെള്ളച്ചാൽ നന്ദി അർപ്പിച്ചു. രാത്രി 8 മണിമുതൽ വിവിധ കലാപരിപാടികൾ അരങ്ങേറി.



2018 മാർച്ച് 9 -ാം തീയതി വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 1.30 ന് നടന്ന ആർ.ആർ.സി. അനുസ്മരണ പ്രഭാഷണത്തിൽ സംസ്ഥാന ഉന്നത

വിദ്യാഭ്യാസകൗൺസിൽ വൈസ് ചെയർമാൻ ഡോ.രാജൻ ഗുരുക്കൾ പ്രഭാഷണം നടത്തി. എകെപിസിടിഎ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. സി.പത്മനാഭന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന് അക്കാദമിക് കമ്മിറ്റി കൺവീനർ പ്രൊഫ. വി.പി.മാർക്കോസ് സ്വാഗതമാശംസിച്ചു. അക്കാദമിക് കമ്മിറ്റിയുടെ കൺവീനർ ഡോ.സി.കെ.പത്മനാഭൻ നന്ദി രേഖപ്പെടുത്തി. കാലത്ത് 10 മണിക്ക് സംസ്ഥാന കമ്മിറ്റിയും തുടർന്ന് സംസ്ഥാന കൗൺസിൽ പ്രതിനിധി സമ്മേളനവും നടന്നു.

2018 മാർച്ച് 11 -ാം തീയതി ഞായറാഴ്ച രാവിലെ 8 മണിക്ക് വിജെടി ഹാളിൽ പ്രതിനിധി സമ്മേളനം ആരംഭിച്ചു. വിശദമായ റിപ്പോർട്ടിനും മറുപടിക്കും ശേഷം 10 മണിക്ക് ട്രേഡ് യൂണിയൻ സൗഹൃദ സമ്മേളനം നടന്നു. എകെപിസിടിഎ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.സി.പത്മനാഭന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം സിപിഐ (എം) കേന്ദ്ര കമ്മിറ്റി അംഗം സ.ആർ. അരുൺകുമാർ ഉദ്ഘാടനം ചെയ്തു. എഫ്.യു.ടി.എ സെക്രട്ടറി ഡോ .എസ്.നസീബ്, കെ.എസ്.ഇ.എ. ജനറൽ സെക്രട്ടറി ശ്രീ.എം.എസ്. ബിജുക്കുട്ടൻ, കെ.എം.സി.എസ്.യു. ജനറൽ സെക്രട്ടറി ശ്രീ.കെ.കെ. ശശികുമാർ, സി.യു.ഇ.ഒ. ജനറൽ സെക്രട്ടറി ശ്രീ.ഹരിലാൽ, പി.എസ്.സി.ഇ.യു. ജനറൽ സെക്രട്ടറി ശ്രീ. എം.ഷാജഹാൻ, കെ.ജി.എൻ.എൽ. ജനറൽ സെക്രട്ടറി ശ്രീമതി പി.ഉഷാദേവി, കെ.എൽ.എസ്.എസ്.എ ജനറൽ സെക്രട്ടറി ശ്രീ.ഡി.ഡി. ഗോഡ്ഫ്രേ എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ചു. സമ്മേളനത്തിന് എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ഡോ.വിനോദ്കുമാർ കെ.പി സ്വാഗതവും ഡോ.സി.എം.ശ്രീജിത്ത് നന്ദിയും രേഖപ്പെടുത്തി. ഉച്ചതിരിഞ്ഞ് 2.30 ന് പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു. എകെപിസിടിഎ യുടെ പുതിയ ഭാരവാഹികളായി ഡോ.സി.പത്മനാഭൻ (പ്രസിഡന്റ്), ഡോ.പി.എൻ.ഹരികുമാർ (ജനറൽ സെക്രട്ടറി), ഡോ.പി.കെ.കുശലകുമാരി, ഡോ.കെ. സന്തോഷ് (വൈസ് പ്രസിഡന്റ്മാർ), ഡോ.കെ.വി.പ്രമോദ് കുമാർ, ഡോ.കെ.പി വിനോദ്കുമാർ, ഡോ.സി.എം.ശ്രീജിത്ത് ഡോ.ആർ. ഇന്ദുലാൽ (സെക്രട്ടറിമാർ) ഡോ.എസ്.ബീന (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.











മാഷും ടീച്ചറും എന്ന വാത്സല്യം സമൂഹത്തിന്റെ മനസാക്ഷിയിൽ എന്നും കാത്തു സൂക്ഷിക്കുന്ന പ്രക്രിയയിൽ അധ്യാപകർ പങ്കാളികളാവണം. വിരമിച്ച അധ്യാപകർക്കും ഇത് സാധ്യമാക്കാവുന്നതാണ്. സർവീസിൽഇരിക്കുമ്പോൾ ധാരാളം വിഷയങ്ങൾ പഠിപ്പിക്കാൻ കഴിയും. എന്നാൽ അതിനുശേഷം സമൂഹത്തെ ഊർജ്ജസ്വലമാ ക്കാൻസാമൂഹിക നിർമ്മാണ പ്രക്രിയയിൽ നമ്മുടെ സേവനം ഉപയോഗിക്കുക എന്നതാണ് എകെപിസിടിഎ പോലുള്ള സംഘടനയിലെ വിരമിക്കുന്ന അധ്യാപകർ ചെയ്യേണ്ടത്. സാമൂഹിക നിർമ്മാണപ്രക്രിയയിൽ സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തണം.

ഉന്നതവിദ്യാഭ്യാസരംഗത്ത് പലരീതിയിലുള്ള പ്രശ്നങ്ങളാണ് നിലനിൽക്കുന്നത്. അത്തരം പ്രശ്നങ്ങൾ സജീവമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് എകെപിസിടിഎ ശക്തമായി ഇടപെട്ടിട്ടുണ്ട്. നിരവധി പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സർക്കാർ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്ന ഒട്ടനവധി വിഷയങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഇന്ത്യയിലും മറ്റു പല വിദേശരാജ്യങ്ങളിലും പൊതു വിദ്യാലയങ്ങളിൽ നിന്ന് വലിയ രീതിയിൽ കുട്ടികൾ കൊഴിഞ്ഞുപോകുന്നു. എന്നാൽ ഇന്ന് കേരളത്തിൽ ധാരാളം കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്നു. ഇത് ഈ ഗവൺമെൻറിൻറെ ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമായിട്ട് ഉണ്ടായതാണ്. ഇന്ന് രാജ്യത്ത് രണ്ട് പ്രധാന വിപത്തുകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.സാമ്പത്തിക അസമത്വവും വർഗീയതയും. സാമ്രാജ്യത്വശക്തികളും കോർപ്പറേറ്റുകളും ഇത്തരംപ്രവണതകൾ സമൂഹത്തിൽ ഉണ്ടാക്കുന്നു. ചോംസ്കിയുടെ മാനുഫാക്ചറിങ് കൺസെന്റ്എന്ന പുസ്തകത്തിൽ പറയുന്നത് പോലെ സമൂഹത്തിൽ ഒരു ആശയം സൃഷ്ടിച്ച്ആ ആശയത്തെ സാമ്രാജ്യത്വത്തിന് അനുകൂലമായ സാഹചര്യങ്ങളിൽ കൊണ്ടെത്തിക്കുന്നു.മാനവികതയും മനുഷ്യത്വവും സ്വാതന്ത്ര്യവും സർഗ്ഗശേഷിയും നശിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. ഓട്ടോണമസ് കോളേജുകൾ നടത്തുന്ന ഓൺലൈൻ കോഴ്സുകൾഅധ്യാപകനും വിദ്യാർത്ഥിയും തമ്മിലുള്ള ജൈവ ബന്ധത്തെ പോലും ഇല്ലാതാക്കുന്നു. ഇതിനെ ചെറുക്കാൻ ഉന്നതവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തേണ്ടതുണ്ട് വിദേശ സർവകലാശാലകളിലൂടെയല്ലാതെ നമ്മുടെ ആവാസ വ്യവസ്ഥയിൽ നിന്നുകൊണ്ട് തന്നെ നമ്മുടെ പൈതൃകവും സർഗാത്മകതയും കൈമുതലാക്കി കൊണ്ട് നമ്മുടെ സർവകലാശാലകൾ ലോകോത്തര സർവകലാശാലകൾ ആകാൻ പറ്റും. ശാസ്ത്രവും സാങ്കേതികവിദ്യകളും ഗവേഷണങ്ങളിലൂടെ നമുക്ക് വികസിപ്പിച്ചെടുക്കാൻ കഴിയണം. വിദ്യാഭ്യാസം ദാർശനികമായ തലങ്ങളിൽ എന്താണമെങ്കിൽ ചിന്തയെയും അന്വേഷണത്തേയും ഗവേഷണത്തേയും പ്രചോദിപ്പിക്കേണ്ടതുണ്ട്. അതിനുവേണ്ടി ലബോറട്ടറികളും ലൈബ്രറികളും ഉപയോഗിക്കപ്പെടണം. ഇപ്പോൾ വിദ്യാഭ്യാസം പ്രോഡക്ട് ഫാക്ടറി ലേക്ക് മാറുന്നു. ഗവേഷണങ്ങൾ മാനവികതയ്ക്ക് വേണ്ടിയല്ലാതെ പണത്തിനുവേണ്ടി ഉള്ളതാകുന്നു. അധ്യാപകരും ഈ അവസരത്തിൽ മാറേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് എക്സലൻസി കുറയുന്നു. കച്ചവട താൽപര്യങ്ങളെയും വർഗീയതയെയും ചെറുത്തു കൊണ്ട് മതനിരപേക്ഷതയും മാനവികതയും വളർത്തുന്നതായിരിക്കണം നമ്മുടെ ഉന്നത വിദ്യാഭ്യാസം. സമൂഹത്തിൻറെ അധികാരഘടനയെ നിലനിർത്തിക്കൊണ്ട് ഉന്നതമായ മതനിരപേക്ഷതയും പൗരബോധവും വളർത്താൻ നമുക്ക് കഴിയണം. മതനിരപേക്ഷ-ജനാധിപത്യ വിദ്യാഭ്യാസമാണ് ലക്ഷ്യം. ആശയ ഉൽപാദനം, ആർജവമുള്ള നവോത്ഥാന ചിന്തകൾ, നൂതനമായ അറിവുകൾ ഇവയെല്ലാമാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകേണ്ടത്.











# രാജ്ഭവൻ മാർച്ച്

യു.ജി.സി. പിരിച്ചുവിടാനുള്ള നീക്കം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് കോളജ് അദ്ധ്യാപക സംഘടനകളുടെ നേതൃത്വത്തിൽ രാജ്ഭവൻ മാർച്ച് നടത്തി. എ.കെ.പി.സി.ടി.എ., എ.കെ.ജി.സി.ടി., എഫ്.യു.ടി.എ., സി.യു.ഇ.ഒ. പ്രവർത്തകരാണ് മാർച്ചിൽ അണിനിരന്നത്. സിപിഐ(എം) സംസ്ഥാന കമ്മിറ്റിഅംഗ് കെ.എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. ആർഎസ്എസിന്റെ വർഗീയഅജണ്ട വിദ്യാഭ്യാസമേഖലയിലും നടപ്പിലാക്കാനുള്ള ആസൂത്രിതനീക്കത്തിന്റെ ഭാഗമായാണ യുജിസി പിരിച്ചുവിടാനുള്ള തീരുമാനമെന്ന് അദ്ദേഹം ആരോപിച്ചു.

ഇതിനുപകരമായി ഹയർ എജ്യുക്കേഷൻ കമ്മീഷൻ 2018നെ നിയമിക്കാനാണ് കേന്ദ്രതീരുമാനം. ഇതോടെ ഡൽഹിയിൽ മുഴുവൻ കാര്യങ്ങളും തീരുമാനിക്കുന്ന അവസ്ഥ വരും. രാജ്യത്ത് ഉന്നതവിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന അക്കാദമിക് സ്വാതന്ത്ര്യത്തെ ഇല്ലാതാക്കും. ആർ.എസ്.എസ്. നിലവിൽ പ്രചരിപ്പിക്കുന്ന വർഗീയ അജണ്ടകൾ ചരിത്രമാക്കി മാറ്റുന്നതിനും അതു വിദ്യാർത്ഥികൾ പഠിക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള നീക്കങ്ങളുടെ ഭാഗമാണ് കമ്മീഷനെ നിയോഗിക്കാനുള്ള തീരുമാനമെന്നും അദ്ദേഹം പറഞ്ഞു.


സംഘടനാ നേതാക്കളായ ഹരിലാൽ, ഡോ. പി.എൻ. ഹരികുമാർ, ഡോ. കെ.കെ. ദാമോദരൻ, ബിജു, സുന്ദർ, രാജൻ ഇടങ്ങിയവർ പ്രസംഗിച്ചു.





# യു.ജി.സി. പടിയിറങ്ങുമ്പോൾ

**ഡോ. ജെ. പ്രസാദ്**
മുൻ വി.സി., ശ്രീശങ്കരാചാര്യ
സംസ്കൃത സർവ്വകലാശാല, കാലടി



കഴിഞ്ഞ ആറര പതിറ്റാണ്ടായി ഏറെക്കുറെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന 'യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്' പകരമായി 'ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യ' എന്ന പേരിൽ പുതിയ കമ്മീഷന് രൂപം നല്കിയതായും അതിന്റെ കരട് എം.എച്ച്.ആർ.ഡിയുടെ വെബ്സൈറ്റിൽ പ്രസിധീകരിച്ചതായും ജൂൺ 27ലെ മാധ്യമങ്ങളിലൂടെയാണ് ജനങ്ങൾ മനസ്സിലാക്കുന്നത്. ആദ്യം ജൂലായ് ഏഴിനുള്ളിലും തുടർന്ന് ഇരുപതിനുള്ളിലും ആർക്കെങ്കിലും എന്തെങ്കിലും പ്രതികരിക്കാൻ ഉണ്ടെങ്കിൽ അത് സർക്കാരിനെ അറിയിക്കാനുംഅവസരം നല്കിയിട്ടുണ്ട്. ജൂലായ് പതിനെട്ടിന് ആരംഭിക്കുന്ന പാർലിമെന്റിന്റെ വർഷകാല സമ്മേളനത്തിൽ ബില്ല് അവതരിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് എന്നത് കൂടി ചേർത്ത് വായിക്കുമ്പോൾ തീയതി നീട്ടിയതിൽ സർക്കാരിന് ആത്മാർത്ഥത ഇല്ല എന്നത് പകൽപോലെ വ്യക്തമാണ്. ഇന്ത്യ


സ്വതന്ത്ര്യയായതിന് ശേഷം ആദ്യമായി നിയോഗിക്കപ്പെട്ട വിദ്യാഭ്യാസ കമ്മീഷൻ ആയിരുന്നു 'സർവകലാശാലാ വിദ്യാഭ്യാസ കമ്മീഷൻ'. 1948ൽ ഡോ.എസ്. രാധാകൃഷ്ണൻ അധ്യക്ഷനായി നിയോഗിക്കപ്പെട്ട സമിതിയുടെ സുപ്രധാന നിർദ്ദേശമായിരുന്നു സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ വൈപുല്യത്തിനും പ്രോത്സാഹനത്തിനും ഏകോപനത്തിനും അതുവഴി അധ്യാപനത്തിന്റെയും ഗവേഷണത്തിന്റെയും പരീക്ഷകളുടെയും മറ്റും ഗുണനിലവാരം നിർണയിക്കാനും നിലനിർത്താനും വേണ്ടി ഒരു യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെ നിയമിക്കുക എന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ നേതൃത്വത്തിലുള്ള അന്നത്തെ കേന്ദ്ര സർക്കാർ 1953 മേയ് 28ന് യു.ജി.സിയ്ക്ക് രൂപം നല്കിയതും 1956ൽ ആക്റ്റ് പാസ്സാക്കിയതും. വിദ്യാഭ്യാസ കമ്മീഷന്റെ നിർദ്ദേശങ്ങൾ ഏറെക്കുറെ പൂർണമായി ആക്റ്റിൽ ഉൾക്കൊള്ളിക്കുകയായിരുന്നു നെഹ്റു ചെയ്തത്. കേന്ദ്ര-സംസ്ഥാന സർവകലാശാലകളുടെ നടത്തിപ്പിനും വികസനത്തിനും ധനസഹായം നല്കുക, പുതിയ കോളെജുകളും സർവകലാശാലകളും കോഴ്സുകളും തുടങ്ങാനാവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നല്കുക, അതിനാവശ്യമായ റൂളുകൾക്കും ചട്ടങ്ങൾക്കും രൂപം നല്കുക തുടങ്ങിയവയായിരുന്നു യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ പ്രധാന ചുമതലകൾ. അന്ന് രാജ്യത്ത് ഇരുപത് സർവകലാശാലകളും അഞ്ഞൂറോളം കോളെജുകളും രണ്ട് ലക്ഷത്തി പതിനായിരം വിദ്യാർഥികളും മാത്രമായിരുന്നു എങ്കിൽ ഇന്നത് എണ്ണൂറിൽ പരം സർവകലാശാലകളും എഴുപതിനായിരത്തില്പരം കോളെജുകളും മൂന്ന് കോടിയില്പരം വിദ്യാർഥികളുമായി വളർന്നുവികസിച്ചു കഴിഞ്ഞു. എന്തൊക്കെ പരിമിതികളും പരാതികളും ഉണ്ടായിരുന്നെങ്കിലും രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഏകോപനത്തിനും വികസനത്തിനും ഗുണനിലവാരം ഉയർത്തുന്നതിനും സർവോപരി ഉദാരമായ സാമ്പത്തിക സഹായം നല്കുന്നതിനും യൂജിസി നടത്തി വന്ന പ്രവർത്തനം ശ്ലാഘനീയം ആയിരുന്നു. അതിനെയാണ് കേന്ദ്ര സർക്കാർ നിഷ്കരുണം ഗളഹസ്തം ചെയ്യാൻ തീരുമാനിച്ചത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നല്കാനുള്ള അധികാരം ഇല്ലാതാക്കുക വഴി യൂജിസിയെ പല്ലുകൊഴിഞ്ഞ സിംഹമാക്കി ശോഷിപ്പിക്കുകയാണ് ചെയ്യുന്നത്.

## കൃത്യമായ അജണ്ട

ആഗോളവല്ക്കരണ അജണ്ട നടപ്പാക്കുന്ന കാര്യത്തിൽ യു.പി.എ. സർക്കാരും എൻ.ഡി.എ. സർക്കാരും ഒന്നിനൊന്ന് മെച്ചമായിരുന്നു. ആഗോളവല്ക്കരണ നയങ്ങൾ വിദ്യാഭ്യാസരംഗത്ത് ആദ്യമായി പ്രത്യക്ഷപ്പെട്ടത് 1986ലെ ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ ആയിരുന്നു. അതിന്റെ പ്രത്യക്ഷോദാഹരണമായിരുന്നു 1995ൽ മാധവറാവു സിന്ധ്യ കൊണ്ടുവന്ന പ്രൈവറ്റ് യൂനിവേഴ്സിറ്റി ബിൽ. തുടർന്ന് അധികാരത്തിൽ വന്ന വാജ്പേയി സർക്കാരിലെ മാനവശേഷി വികസന വകുപ്പ് മന്ത്രി ആയിരുന്ന ഡോ. മുരളീ മനോഹർ ജോഷി, ഉന്നതവിദ്യാഭ്യാസ രംഗത്തെ വാണിജ്യവല്ക്കരണത്തിന് ആക്കം കൂട്ടി. 2000ൽ വാജ്പേയി സർക്കാരിന്റെ കാലത്ത് തന്നെ നിയമിക്കപ്പെട്ട അംബാനി-ബിർളാ കമ്മീഷന്റെ സുപ്രധാന നിർദ്ദേശമായിരുന്നു ഉന്നതവിദ്യാഭ്യാസ രംഗത്ത് മേലിൽ സർക്കാർ പണം ചെലവഴിക്കേണ്ടതില്ലെന്നും അതിന്റെ ആദ്യ നടപടി എന്ന നിലയിൽ യു.ജി.സി യുടെ പേര് യു.ഈ.സി. ഗ്രാന്റ്സ് മാറ്റി എഡ്യൂക്കേഷൻ ആക്കി മാറ്റണമെന്നും. രാജ്യത്താകെ അലയടിച്ച പ്രതിഷേധത്തെ തുടർന്ന് വാജ്പേയി സർക്കാർ ആ നീക്കം തല്ക്കാലത്തേയ്ക്ക് ഉപേക്ഷിക്കുകയായിരുന്നു. തുടർന്ന് അധികാരത്തിൽ വന്ന യു.പി.എ സർക്കാർ, 2009ൽ സാം പിത്രോദയുടെ നേതൃത്വത്തിൽ വിജ്ഞാന കമ്മീഷനെ നിയമിക്കുകയും, ആ കമ്മീഷൻ, രാജ്യത്തെ ഉന്നത വിദ്യാഭ്യാസവികസനത്തിന് മുഖ്യ തടസ്സം ഒന്നര ഡസനോളം വരുന്ന റഗുലേറ്ററി അതോറിറ്റികളാണെന്നും ആയതിനാൽ അതിനെയെല്ലാം ഒഴിവാക്കി രാജ്യത്താകെ ബാധകമായ 'ഏകഛത്രനിയമം' കൊണ്ടുവരണമെന്നും അതിന് 'ഇൻഡിപെൻഡൻഡ് റഗുലേറ്ററി അതോറിറ്റി ഓഫ് ഹയർ എഡ്യൂക്കേഷൻ' എന്ന് പേരിടണമെന്നും നിർദ്ദേശിക്കുകയുണ്ടായി. 2010ൽ നിയമിക്കപ്പെട്ട പ്രൊഫ. യശ്പാൽ കമ്മിറ്റിയും 'നാഷണൽ കമ്മീഷൻ ഫോർ ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസേർച്ച്' എന്ന പേരിൽ പുതിയ കമ്മീഷൻ രൂപീകരിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. യശ്പാൽ കമ്മിറ്റിയുടെ നിർദ്ദേശം അംഗീകരിച്ച രണ്ടാം യു.പി.എ സർക്കാർ, 2010ൽ പാർലിമെന്റിൽ ബില്ല് അവതരിപ്പിക്കുകയും 2011ൽ ആ ബില്ലിന്റെ പേര് 'ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസേർച്ച് ബിൽ' എന്ന് പുനർനാമകരണം ചെയ്ത് അവതരിപ്പിക്കുകയും ചെയ്തു. ഇന്ത്യയിലേക്കുള്ള വിദേശ സർവകലാശാലകളുടെ പ്രവേശനം സംബന്ധിച്ച ബില്ല് പാസ്സാക്കുന്നതിനെതിരെ ഇടതുപക്ഷപ്പാർട്ടികൾ ഉയർത്തിയ പ്രതിഷേധത്തെ തുടർന്ന്, 1956ലെ കമ്പനി നിയമം ഭേദഗതി ചെയ്തുകൊണ്ട് വിദേശ സർവലാശാലകളുടെ രാജ്യാന്തര കാമ്പസുകൾ (Offshore Campuses) ഇന്ത്യയിൽ സ്ഥാപിക്കുന്നതിനുള്ള വാതിൽ തുറന്നുകൊടുത്തു. ഇതിന്റെ ബലത്തിലാണ് മോഡിസർക്കാർ, ഗ്ലോബൽ ഇനിഷ്യേറ്റീവ് ഓഫ് അക്കാദമിക് നെറ്റ് വർക്കിന് രൂപം നല്കിയതും വിദേശരാജ്യങ്ങളുമായി കരാറുകൾ ഒപ്പിട്ടുവരുന്നതും. ഈ കരാറുകളൊന്നും തന്നെ പാർലിമെന്റിനെപ്പോലും അറിയിക്കുകയുണ്ടായില്ല.

**ആഗോളവൽക്കരണ അജണ്ട നടപ്പാക്കുന്ന കാര്യത്തിൽ യു.പി.എ. സർക്കാരും എൻ.ഡി.എ. സർക്കാരും ഒന്നിനൊന്ന് മെച്ചമായിരുന്നു. ആഗോളവൽക്കരണ നയങ്ങൾ ആദ്യമായി പ്രത്യക്ഷപ്പെട്ടത് 1986ലെ ദേശീയ വിദ്യാഭ്യാസനയത്തിലൂടെ ആയിരുന്നു. അതിന്റെ പ്രത്യക്ഷോദാഹരണമായിരുന്നു 1995ൽ മാധവറാവു സിന്ധ്യ കൊണ്ടുവന്ന പ്രൈവറ്റ് യുണിവേഴ്സിറ്റി ബിൽ.**

2014ൽ മോഡി സർക്കാർ അധി




കാരത്തിൽ വന്ന ഉടൻ തന്നെ വിദ്യാഭ്യാസ-ചരിത്ര-സാഹിത്യ-സാംസ്കാരികാദിമേഖലകളാകെ സംഘികളുടെ നിയന്ത്രണത്തിലാക്കുകയായിരുന്നു. അതിന്റെ ഭാഗമായി സെപ്റ്റംബർ 24ന് ചേർന്ന മന്ത്രിസഭ, യാതൊരു കാരണവും പറയാതെ രാജ്യസഭയുടെ പരിഗണനയിൽ ഇരുന്ന ബിൽ പിൻവലിച്ചു. യു.ജി.സിയുടെ പ്രവർത്തനം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നല്കാൻ പ്രൊഫ. ഹരി ഗൗതമിന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനെ വച്ചു. ഒന്നാം എൻ ഡി.എ സർക്കാരിന്റെ കാലത്ത് യു.ജി.സി ചെയർമാനായിരിക്കെ, രാജ്യത്തെ സർവകലാശാലകളിൽ വേദിക് ഡിപ്പാർട്ട്മെന്റുകളും കർമകാണ്ഡകോഴ്സുകളും ആരംഭിക്കാൻ നിർദ്ദേശം നല്കിയ വ്യക്തി ആയിരുന്നു ഹരി ഗൌതം. നീതി അയോഗ് മാതൃകയിൽ യു.ജി.സിയെയും ഉടച്ചുവാർക്കാനുള്ള നിർദ്ദേശം സമർപ്പിക്കപ്പെട്ടു. ഇന്ന് രാജ്യത്ത് ഏറ്റവും കൂടുതൽ വിദ്യാഭ്യാസ കച്ചവടം നടത്തുന്ന കല്പിത സർവകലാശാലകൾ യാതൊരു മാനദണ്ഡവും പാലിക്കാ

**മോഡി സർക്കാർ അധികാരത്തിൽ വന്ന ഉടൻ തന്നെ ഗവേഷണസ്ഥാപനങ്ങൾക്കും ഗവേഷകർക്കും നൽകിവന്ന സാമ്പത്തിക സഹായത്തിലും ഫെല്ലോഷിപ്പുകളിലും ഭീമമായ വെട്ടിക്കുറവ് വരുത്തി. ഐഐടി, ഐഐഎം പോലുള്ള സ്ഥാപനങ്ങളിലെ ഫീസിൽ വമ്പിച്ച വർദ്ധനവ് വരുത്തി. ഇതിനെതിരെ ശബ്ദിച്ച എല്ലാ ജനാധിപത്യപ്രസ്ഥാനങ്ങളെയും പ്രക്ഷോഭങ്ങളെയും സർക്കാർ നിർദ്ദയം അടിച്ചമർത്തി.**

തെ അനുവദിക്കപ്പെട്ടത് അക്കാലത്തായിരുന്നു. അതുവരെ രാജ്യത്തെവിടെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് യു.ജി.സിയുടെ ശിപാർശ അനിവാര്യമായിരുന്നു. ചട്ടങ്ങളിൽ വ്യവസ്ഥ ഉണ്ടായിരുന്നിട്ടുപോലും സ്വാശ്രയ സ്ഥാപനങ്ങൾക്ക് യു.ജി.സി ധനസഹായം നല്കമായിരുന്നില്ല. പുതിയ ഹയർ എഡ്യുക്കേഷൻ കമ്മീഷൻ വരുന്നതോടെ ഇതിൽ കാതലായ മാറ്റം ഉണ്ടാകും. ഇപ്പോൾ സ്കൂൾ വിദ്യാഭ്യാസം മുതൽ ഉന്നതവിദ്യാഭ്യാസം വരെ പൂർണമായും കേന്ദ്ര സർക്കാർ നിയന്ത്രണത്തിലാണ്. സംസ്ഥാനങ്ങൾക്ക് ധനസഹായം നല്കുന്നതിൽ പ്രകടമായ രാഷ്ട്രീയ വിവേചനം തുടരുന്നു. കേരളം അതിന്റെ ആദ്യത്തെ ഇരയാണ്. വിദ്യാഭ്യാസം സമവർത്തിപ്പട്ടികയിൽ ആയതോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എന്ത് പഠിപ്പിക്കണം ആർക്ക് ധനസഹായം നല്കണം എത്ര നല്കണം എന്നൊക്കെ ഇനിമുതൽ കേന്ദ്രം തീരുമാനിക്കും. ഇപ്പോൾ പൊതുവിദ്യാഭ്യാസ രംഗത്ത് തുടർ

ന്നു വരുന്നത് ഒർത്ഥത്തിൽ ഈ രീതിയാണ്. എം.എച്ച്.ആർ.ഡി സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരാണ് സംസ്ഥാനങ്ങൾക്കുള്ള വിഹിതം നിർണയിക്കുന്നത്. അതിന്റെ തിക്തഫലം അനുഭവിക്കുന്നത് കേരളം പോലുള്ള സംസ്ഥാനങ്ങളാണ്.


## എല്ലാം സ്വാശ്രയവല്ലരിക്കുക ലക്ഷ്യം

മോഡി സർക്കാർ അധികാരത്തിൽ വന്ന ഉടൻ തന്നെ ഗവേഷണസ്ഥാപനങ്ങൾക്കും ഗവേഷകർക്കും നൽകിവന്ന സാമ്പത്തിക സഹായത്തിലും ഫെല്ലോഷിപ്പുകളിലും ഭീമമായ വെട്ടിക്കുറവ് വരുത്തി. ഐ.ഐ.റ്റി, ഐ.ഐ.എം പോലുള്ള സ്ഥാപനങ്ങളിലെ ഫീസിൽ വമ്പിച്ച വർദ്ധനവ് വരുത്തി. അവിടങ്ങളിലെ അധ്യാപക നിയമനങ്ങളിൽ ഒരുകാലത്തും ഒരു സർക്കാരും നേരിട്ട് ഇടപെട്ടിരുന്നില്ല. സ്മൃതി ഇറാനി നടത്തിയ വഴിവിട്ട ഇടപെടലിനെ തുടർന്ന് പ്രൊഫ. കകോത്കറെ പോലുള്ളവരെല്ലാം സ്വയം രാജിവച്ചൊഴിഞ്ഞു. ജാവദേക്കർ വന്നിട്ടും ആ നയങ്ങൾ തുടർന്നു .ഇതിനെതിരെ ശബ്ദിച്ച എല്ലാ ജനാധിപത്യ പ്രസ്ഥാനങ്ങളെയും പ്രക്ഷോഭങ്ങളെയും നിർദ്ദയം അടിച്ചമർത്തി . സർക്കാർ സർവകലാശാലകളിൽ നേരിട്ട് ഇടപെടുകയായിരുന്നു. അടിയുറച്ച സംഘികളെ കണ്ടെത്തി സർവകലാശാലകളുടെ വൈസ് ചാൻസലർമാരാക്കി. കേരളത്തിലെ വൈസ് ചാൻസലർ, പ്രമുഖ ബിജെപി നേതാവിനെ കാണാൻ തിരുവനന്തപുരത്തെത്തിയത് വിവാദമായിരുന്നു. അറിയപ്പെടുന്ന സംഘിയെത്തന്നെ പ്രൊ. വൈസ് ചാന്സലറായും അവിടെ നിയമിച്ചു. ജെ.എൻ.യു പോലുള്ള വിശ്വപ്രസിദ്ധ സർവകലാശാലകളിൽ അക്കാദമിക് കൌൺസിലിനെ മറികടന്ന് 'ഇസ്ലാമിക ഭീകരത' പാഠവിഷയമാക്കാൻ തീരുമാനിച്ചു. പ്രഭാത് പട്നായിക്കിനെപ്പോലുള്ള ലോകം ആദരിക്കുന്ന എമിരിറ്റസ് പ്രൊഫസർമാരുടെമുറികൾ അടച്ചുപൂട്ടി. വളരെ ബോധപൂർവമാണ് പുതിയ ഉന്നത വിദ്യാഭ്യാസ കമ്മീഷന് സാമ്പത്തികാധികാരം നല്കാത്തത്. സാമ്പത്തികാധികാരം സർക്കാറിന്റെ നിയന്ത്രണത്തിൽ വരുന്നതോടെ പുതിയ കമ്മീഷൻ കേവലം റബ്ബർ സ്റ്റാമ്പായി അധഃപ്പതിക്കും. ബിപ്ലവ് കുമാറിനെ പോലുള്ള മുഖ്യമന്ത്രിമാർ പറയുന്നതനുസരിച്ച് പാഠ്യപദ്ധതിയും സിലബസ്സും പരിഷ്കരിക്കാൻ നിർബന്ധിതമാകും.

ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ്സിലും ഡോക്ടർമാരുടെ സമ്മേളനങ്ങളിലുമൊക്കെ പ്രധാനമന്ത്രിയും മറ്റ് സഹമന്ത്രിമാരും ഐതിഹ്യങ്ങളെ ശാസ്ത്രവല്ക്കരിച്ചുകൊണ്ട് നടത്തിവരുന്ന പ്രസംഗങ്ങൾക്ക് പിന്നിൽ കൃത്യമായ അജണ്ട ഉണ്ടെന്ന് നാം തിരിച്ചറിയണം. പുരാതന കാലത്ത് തന്നെ ഇന്ത്യയിൽ ജനിതക ശാസ്ത്രവും പ്ലാസ്റ്റിക് സർജറിയും ഉപഗ്രഹ സാങ്കേതിക വിദ്യയും ഗ്രഹാന്തര വിമാനങ്ങളും റഡാറുകളും ഒക്കെ വളർച്ച പ്രാപിച്ചിരുന്നു എന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന ഭരണവർഗം, ഭാരതത്തെ എങ്ങോട്ടാണ് നയിക്കുന്നത് എന്ന് ഏതൊരു കൊച്ചുകുട്ടിയും തിരിച്ചറിയും. മാനവശേഷി വികസന സഹമന്ത്രി സത്യപാൽ സിംഗ് ഡാർവിന്റെ പരിണാമ സിദ്ധാന്തത്തെപ്പോലും ചോദ്യം ചെയ്തുകഴിഞ്ഞു. പ്രമുഖ ശാസ്ത്രജ്ഞന്മാർ മിക്കവാറും മൌനം പാലിക്കുന്നത് ഭരണ വർഗത്തെ ഭയന്നിട്ടാണ്. എതിർത്താൽ പൻസാരെയുടെയോ കൽബുർഗിയുടെയോ ഗൌരി ലങ്കേഷിന്റെയോ സ്ഥിതി ആയിരിക്കുമല്ലോ അനുഭവം. ഇനി ഇതെല്ലാം പ്രാവർത്തികമാക്കാനുള്ള ഉത്തരവാദിത്തം പുതിയ ഉന്നത വിദ്യാഭ്യാസ കമ്മീഷനായിരിക്കും. കമ്മീഷനും കേന്ദ്ര സർക്കാരും തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായാൽ, കേന്ദ്ര സർക്കർ തീരുമാനം നിലനില്ക്കുമെന്ന് ബില്ലിൽ പ്രത്യേക വ്യവസ്ഥയുണ്ട് (25.2). 'യൂണിവേഴ്സിറ്റി' എന്ന പേര് ദുരുപയോഗം ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ ആയിരം രൂപ പിഴ ഈടാക്കാനുള്ള വ്യവസ്ഥ 1956ലെ യുജിസി ആക്റ്റിൽ ഉണ്ടായിരുന്നു. പുതിയ കമ്മീഷൻ ബില്ലിൽ അതും ഒഴിവാക്കിയിരിക്കുന്നു. അധ്യാപകനിയമനങ്ങളും പ്രമോഷനുകളും സ്ഥാപനങ്ങൾക്കുള്ള ധനസഹായവും എല്ലാം അക്കാദമിക് പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും എന്നതിൽ നിന്നും അക്കാദമിക് രംഗത്തെ ജനാധിപത്യ അവകാശങ്ങളെല്ലാം അട്ടിമറിക്കപ്പെടും എന്ന് പറയാതെ പറയുകയാണ് ചെയ്യുന്നത്.

## അക്കാദമിക് പണ്ഡിതന്മാരെ ഇനി ആവശ്യമില്ല

യുജിസിയും അതിന്റെ കാർമികത്വത്തിലുള്ള എ.ഐ.സി.റ്റി.ഇ, എൻ.സി.റ്റി.ഇ ഉടങ്ങിയ പതിനാല് കൌൺസിലുകളുമാണ് വർഷങ്ങളായി രാജ്യത്തെ വിദ്യാഭ്യാസം നിയന്ത്രിക്കുന്നത്.അവയിലെല്ലാം കൃത്യമായ അജണ്ട വച്ചുകൊണ്ട് കേന്ദ്രം ഇടപെട്ടുകൊണ്ടിരിക്കയാണ്. മെഡിക്കൽ കൌൺസിലിലും അധ്യാപക വിദ്യാഭ്യാസ കൌൺസിലിലുമൊക്കെ അത്തരം ഇടപെടലിന്റെ പ്രതിഫലനം പ്രകടമാണ്. അധ്യാപക വിദ്യാഭ്യാസത്തെ നിയന്ത്രിക്കുന്ന എൻ.സി.റ്റി.ഇ .യിൽ ഒരധ്യാപകൻ പോലുമില്ല. ഫലമോ ചട്ടങ്ങൾ നാൾക്കുനാൾ മാറ്റിക്കൊണ്ടിരിക്കുന്നു. സമീപകാലത്ത് ഇറക്കിയ ഭേദഗതി അനുസരിച്ച് സ്കൂൾ അധ്യാപകനാകാൻ നെറ്റ് അല്ലെങ്കിൽ പി.എച്ച്.ഡികൂടി വേണം. നെറ്റിനെയും പി.എച്ച്.ഡിയെയും തുല്യമായി കണക്കാക്കുന്ന അല്ലെങ്കിൽ അവയുടെ വ്യത്യാസം എന്തെന്നറിയാത്ത 'മഹാപണ്ഡിത'ന്മാരാണ് അവിടെ ഇപ്പോൾ ഉള്ളത്. തങ്ങൾ പറഞ്ഞാൽ അതേപടി ഉത്തരവിറക്കുന്ന ബ്യൂറോക്രാറ്റുകളെയാണ് പുതിയ കമ്മീഷനിൽ നിയോഗിക്കാൻ പോകുന്നത്. അതിനുള്ള പഴുതുകൾ ബില്ലിൽ ഇപ്പോൾ തന്നെ ഉണ്ട്. കമ്മീഷനംഗങ്ങളിൽ അഭിപ്രായവ്യത്യാസം ഉണ്ടായാൽ അന്തിമ തീർപ്പ് കല്പ്പിക്കുന്നത് ഉപദേശകസമിതി ചെയർമാൻ കൂടിയായ വകുപ്പ് മന്ത്രി ആയിരിക്കും. കഴിഞ്ഞ ആറര പതിറ്റാണ്ടായി പ്രവർത്തിച്ച വരുന്ന ഒരു മഹത്തായ സ്ഥാപനത്തെ പിഴുതെറിയുമ്പോൾ പാലിക്കേണ്ട മിനിമം ജനാധിപത്യ മര്യാദ പോലും ഭരണകൂടം പാലിക്കാൻ തയ്യാറല്ല എന്നതിൽ നിന്നും ഏതാനും ദിവസത്തെ വിർച്വൽ ജനാധിപത്യാഭിപ്രായത്തിന് എന്ത് വിലകല്പ്പിക്കും എന്ന് കാത്തിരുന്നു കാണാം. കേന്ദ്ര സർക്കാരിന്റെ ജനാധിപത്യ വിരുദ്ധവും വിദ്യാഭ്യാസ വിരുദ്ധവുമായ ഈ നീക്കത്തിനെതിരെ രാജ്യത്താകമാനം ചെറുതും വലുതുമായ പ്രക്ഷോഭങ്ങൾ ഉയർന്നു വരുന്നു എന്നത് ആശ്വാസകരമാണ്. കേരളത്തിൽ, കോളേജ് സർവകലാശാലാ അധ്യാപകരുടെ കരുത്തുറ്റ പ്രസ്ഥാനമായ ഐഫക്റ്റോയുടെ നേതൃത്വത്തിലും എസ്.എഫ്.ഐയുടെ നേതൃത്വത്തിലും ശക്തമായ പ്രക്ഷോഭത്തിന് തുടക്കം കുറിച്ചുകഴിഞ്ഞു. എല്ലാ ജനാധിപത്യ വിശ്വാസികളും കേന്ദ്ര സർക്കാരിന്റെ നീക്കത്തെ ശക്തമായി എതിർക്കേണ്ടിയിരിക്കുന്നു.



# സെന്റോസ ഉടമ്പടിയും ഇന്ത്യയും


ഡോ. പി.ജെ. വിൻസെന്റ്



സെന്റോസ ഉച്ചകോടി വിജയത്തിലേക്ക് നീങ്ങുന്നതിന്റെ സൂചനകൾ ലഭിച്ചു തുടങ്ങി. ദക്ഷിണ കൊറിയയിലെ സംയുക്ത സൈനികാഭ്യാസം നിർത്തിവച്ചതായി അമേരിക്ക പ്രഖ്യാപിച്ചു. 17,500 ഓളം അമേരിക്കൻ സൈനികരാണ് സംയുക്ത സൈനികാഭ്യാസത്തിൽ പങ്കെടുക്കാറുള്ളത്. മേഖലയിലെ മറ്റ് സൈനികാഭ്യാസങ്ങളും തൽക്കാലം നിർത്തി വച്ചിട്ടുണ്ട്.

അമേരിക്കൻ തടവുകാരെ വിട്ടയച്ചും പങ്ഗ്യേറി ആണവകേന്ദ്രം തകർത്തും ഉച്ചകോടിക്കുമുമ്പതന്നെ ഉത്തരകൊറിയ സമാധാന പ്രക്രിയയോടുള്ള പ്രതിബദ്ധത വ്യക്തമാക്കിയിരുന്നു. അമേരിക്കൻ പക്ഷത്തുനിന്ന് ആദ്യമായാണ് ഈ ദിശയിൽ ധനാത്മകമായ ഒരു നടപടിയുണ്ടായത്. സെന്റോസ ഉടമ്പടിയെത്തുടർന്ന് കിം ജോങ് ഉന്നിന് ആഗോള സമൂഹത്തിലുണ്ടായ സ്വീകാര്യത പ്രത്യക്ഷ നടപടികളിലേക്ക് പെട്ടെന്ന് നീങ്ങാൻ അമേരിക്കയെ പ്രേരിപ്പിച്ചു എന്നു വേണം കരുതാൻ.

ഭ്രാന്തൻ ഭരണാധികാരി, ക്രൂരനായ



ഏകാധിപതി എന്നിങ്ങനെ പാശ്ചാത്യ മാധ്യമങ്ങൾ സൃഷ്ടിച്ച കിം ജോങ് ഉന്നിന്റെ ഇമേജ് ഉച്ചകോടിയെത്തുടർന്ന് ഇല്ലാതാകുന്നത് വിസ്മയത്തോടെയാണ് ലോകം കണ്ടത്. കള്ളനായ മിസൈൽമാൻറോക്കറ്റ്മാൻ കിം ആയി ഞൊടിയിടയിൽ മാറി. സമാധാനപ്രക്രിയ മുന്നോട്ട് കൊണ്ടുപോകാൻ നിശ്ചയദാർഢ്യത്തോടെ പ്രവർത്തിച്ച കിം അമേരിക്കൻ പ്രസിഡന്റിനെ വട്ടമേശക്കപ്പുറമെത്തിച്ചുകൊണ്ട് ഏറ്റവും പ്രായോഗികമതിയായ രാഷ്ട്രത്തലവനാണ് താനെന്ന് തെളിയിച്ചു.

തുടർ ചർച്ചകൾക്കായി കിം ജോങ് ഉന്നിനെ ട്രംപ് വൈറ്റ് ഹൗസിലേക്ക് ക്ഷണിച്ചുവെങ്കിലും ഉത്തര കൊറിയയ്ക്കെതിരായ ഉപരോധം തൽക്കാലം തുടരും. ആണവ നിർവ്യാപനം നടപ്പിലാക്കുന്ന മുറയ്ക്ക് ഉപരോധങ്ങൾ പിൻവലിക്കുമെന്നാണ് അമേരിക്കയുടെ ഉറപ്പ്. ഇത് ദീർഘകാല പ്രക്രിയയാണ്. മേഖലയിൽ നിന്ന് അമേരിക്കൻ സൈനികരെ നാട്ടിലേക്ക് തിരിച്ചുകൊണ്ടുവരുമെന്ന് ട്രംപ് സൂചിപ്പിച്ചു. ദക്ഷിണ കൊറിയയ്ക്കും ജപ്പാനും അമേരിക്ക സമ്പൂർണ്ണ സൈനിക സുരക്ഷ നൽകുന്നുണ്ട്. ആണവസുരക്ഷയും ഇതിന്റെ ഭാഗമാണ്. മേഖലയിൽ നിന്ന് അമേരിക്കൻ സൈന്യം പിൻവാങ്ങുന്ന മുറയ്ക്ക് ഈ രാജ്യങ്ങളുടെ സുരക്ഷയും ഉറപ്പാക്കണം. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് സമ്പൂർണ്ണ ആണവ നിരായുധീകരണത്തിലേക്കും യോജിച്ച വികസനത്തിലേക്കും നീങ്ങാനാവശ്യമായ ധാരണകളും ഉടമ്പടിയുമെല്ലാം തുടർചർച്ചകളിലുണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

**ട്രംപ്-കിം ഉച്ചകോടിയുടെ തുടർച്ചയായി മേഖല ആണവനിർവ്യാപനത്തിലേക്ക് നീങ്ങുന്നത് തന്ത്രപരമായി ഇന്ത്യയ്ക്ക് ഏറെ ഗുണകരമാണ്.**

മേഖലയിൽ യുദ്ധഭീതി ഒഴിയുകയും ഉത്തരകൊറിയ - യു എസ് ബന്ധങ്ങൾ സാധാരണ നിലയിലാവുകയും ചെയ്യുമ്പോൾ കിഴക്കനേഷ്യ വലിയ മാറ്റങ്ങൾക്ക് വിധേയമാകും. സാമ്പത്തിക വൻശക്തിയായ ദക്ഷിണ കൊറിയയുടെ സഹായത്തോടെ വികസനരംഗത്ത് വൻകുതിപ്പ് നേടാൻ ഉത്തര കൊറിയക്ക് കഴിയും. ശക്തിപ്പെടുന്ന സൗഹൃദം കൊറിയകളുടെ

പുനരേകീകരണത്തിലേക്ക് നയിച്ചേക്കാം.


സാമ്പത്തിക വൻശക്തിയായ ദക്ഷിണ കൊറിയയും വൻ സൈനിക ശേഷിയുള്ള ഉത്തര കൊറിയയും ചേർന്ന ഏകീകൃത കൊറിയ ഒരു വൻശക്തി രാഷ്ട്രമായിരിക്കും. ഭൂമിശാസ്ത്രപരവും തന്ത്രപരവുമായ കാരണങ്ങളാൽ ഏകീകൃത കൊറിയ ചൈനയുമായുള്ള ബന്ധങ്ങൾക്ക് പ്രാമുഖ്യം കൊടുക്കാനാണ് സാധ്യത. ഈ സാഹചര്യം മേഖലയിലെ അമേരിക്കൻ സാമ്രാജ്യത്വ താല്പര്യങ്ങൾക്ക് ശുഭകരമാകില്ല. ഇത് മുന്നിൽക്കണ്ടുകൊണ്ടാണ് ക്വാഡ് സുരക്ഷാ ഡയലോഗിൽ ദക്ഷിണ കൊറിയയെ ഉൾപ്പെടുത്താത്തതെന്നാണ് നിരീക്ഷകർ വിലയിരുത്തുന്നത്. ഏതായാലും സെന്റോസ സമാധാന പ്രക്രിയയുടെ ഭാഗമായി കിഴക്കനേഷ്യയിലെ ശാക്തിക ബലാബലത്തിലും ബന്ധങ്ങളിലും മാറ്റങ്ങളുണ്ടാകും. ഇതിൽ ഏറ്റവും നിർണ്ണായകമായിട്ടുള്ളത് കൊറിയകളുടെ പുനരേകീകരണം സാധ്യമാകുമോ എന്ന കാര്യമാണ്.

**സാമ്പത്തിക വൻശക്തിയായ ദക്ഷിണകൊറിയയും വൻ സൈനികശേഷിയുള്ള ഉത്തരകൊറിയയും ചേർന്ന ഏകീകൃത കൊറിയ ഒരു വൻശക്തി രാഷ്ട്രമായിരിക്കും. ഭൂമിശാസ്ത്രപരവും തന്ത്രപരവുമായ കാരണങ്ങളാൽ ഏകീകൃത കൊറിയ ചൈനയുമായുള്ള ബന്ധങ്ങൾക്ക് പ്രാമുഖ്യം കൊടുക്കാനാണ് സാധ്യത. ഈ സാഹചര്യം മേഖലയിലെ അമേരിക്കൻ സാമ്രാജ്യത്വ താല്പര്യങ്ങൾക്ക് ശുഭകരമാകില്ല.**

## ഇന്ത്യ-ഉത്തരകൊറിയ ബന്ധങ്ങൾ

തെക്ക് കിഴക്കനേഷ്യ, കിഴക്കനേഷ്യ എന്നീ മേഖലകളുമായി ഊഷ്മളമായ ബന്ധങ്ങൾ വളർത്തിയെടുക്കാനുള്ള ഇന്ത്യയുടെ Act East നയതന്ത്ര നീക്കത്തിന് സെന്റോസ പ്രഖ്യാപനം ഏറെ പ്രയോജനം ചെയ്യും. കിഴക്കനേഷ്യയിൽ ഇന്ത്യൻ താല്പര്യങ്ങൾ സംരക്ഷിക്കാനും തന്ത്രപരമായ ബന്ധങ്ങൾ ശക്തിപ്പെടുത്താനും ഉത്തരകൊറിയ-അമേരിക്ക സമാധാന പ്രക്രിയ സഹായകരമാണ്.

ഉത്തരകൊറിയയുടെ ആണവ പരീക്ഷണങ്ങളും മിസൈൽ പരീക്ഷണങ്ങളും ഇന്ത്യയെ ആശങ്കപ്പെടുത്തിയിരുന്നു. ഈ സാഹചര്യത്തിലാണ് വിദേശകാര്യ സഹമന്ത്രി വി.കെ. സിങ് ഉത്തരകൊറിയ സന്ദർശിച്ചത്. കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ ഇരുരാജ്യങ്ങളും തമ്മിലുണ്ടായ ആദ്യത്തെ മന്ത്രിതല മീറ്റിംഗ് ആണിത്. ചൈനയുമായും പാകിസ്ഥാനുമായും ഉത്തരകൊറിയക്ക് അടുത്ത ബന്ധങ്ങളാണുള്ളത്. ഉത്തരകൊറിയയുടെ ആ ണവ സാങ്കേതിക വിദ്യയും ആയുധങ്ങളും പാകിസ്ഥാനിലെത്തിച്ചേരുമോ എന്ന ആശങ്ക ഭാരതത്തിനുണ്ട്. പാക് ആണവായുധ പദ്ധതിയുടെ പിതാവ് എന്നറിയപ്പെടുന്ന അബ്ദുൾ ഖാദിർഖാൻ നേതൃത്വം നൽകിയ ആണവ കള്ളക്കടത്ത് പാതയിലൂടെ പാകിസ്ഥാനിൽനിന്ന് ഇറാൻ, ഉത്തര കൊറിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് 1990 കളിൽ ആണവ സാങ്കേതിക വിദ്യ വ്യാപിച്ചിരുന്നു. പാകിസ്ഥാന്റെ ആണവ പദ്ധതി





ക്ക് ചൈനയുടെ സഹായവുമുണ്ടായിരുന്നു. ഇപ്പോഴാകട്ടെ, അത്യന്താധുനിക മിസൈൽ സാങ്കേതികവിദ്യയും ഹൈഡ്രജൻ ബോംബ് സാങ്കേതിക വിദ്യയുമൊക്കെ ആർജ്ജിച്ച ഉത്തര കൊറിയയിൽനിന്ന് ഇന്ത്യയുടെ അയൽരാജ്യങ്ങളിലേക്ക് വിശിഷ്യ പാകിസ്ഥാനിലേക്ക് അവ വ്യാപിക്കുമോ എന്നത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം മുഖ്യ സുരക്ഷാ പ്രശ്നമാണ്.

ഇന്ത്യൻ സുരക്ഷിതത്വത്തെ അപകടപ്പെടുത്തുന്ന നടപടികളൊന്നും ഒരു സുഹൃദ് രാഷ്ട്രമെന്ന നിലയിൽ തങ്ങളുടെ ഭാഗത്തുനിന്നുണ്ടാകില്ലെന്ന് ഉത്തരകൊറിയ ഉറപ്പു നൽകി. സുപ്രീം പീപ്പിൾസ് അസംബ്ലി വൈസ് പ്രസിഡന്റ് കിം യോങ് ദേ, സാംസ്കാരികമന്ത്രി പാക് ചുൻ നാം, വിദേശ കാര്യമന്ത്രി റി യോങ് ഹോ, ഉപവിദേശകാര്യമന്ത്രി ചോ ഹ്യ ചോൾ എന്നിവരും ഉന്നത ഉദ്യോഗസ്ഥ സംഘവും ഇന്ത്യൻ പ്രതിനിധി സംഘവുമായി ചർച്ച നടത്തി. ഇന്ത്യ-ഉത്തരകൊറിയ ബന്ധം ആരംഭിക്കുന്നത് 1973-ലാണ്. കഴിഞ്ഞ 45 വർഷത്തിനിടയിൽ ഏറ്റവും പ്രസക്തവും പ്രതീക്ഷാനിർഭരവുമായ വികാസമാണ് ഇന്ത്യ-ഉത്തര കൊറിയ ബന്ധത്തിലുണ്ടായത്. ട്രംപ്-കിം ഉച്ചകോടിയുടെ തുടർച്ചയായി മേഖല ആണവ നിർവ്യാപനത്തിലേക്ക് നീങ്ങുന്നത് തന്ത്രപരമായി ഇന്ത്യക്ക് ഏറെ ഗുണകരമാണ്.

തെഹ്‌റാൻ ചൈനയും പോർട്ട് സുഡാനുമിടയിൽ ഇന്ത്യ സമുദ്ര മേഖലയിൽ നാവിക കേന്ദ്രങ്ങളും തുറമുഖ-വാണിജ്യ സൗകര്യങ്ങളും നിർമ്മിച്ച് അധീശത്വം സ്ഥാപിച്ചെടുക്കാനുള്ള ചൈനയുടെ സ്ട്രിംഗ് ഓഫ് പേൾസ് പദ്ധതിക്കെതിരെ സ്പൈസസ് റൂട്ട് അടക്കമുള്ള നീക്കങ്ങൾ ഇന്ത്യ നടത്തുന്നുണ്ട്. ഇന്തോനേഷ്യയിലെ സബാങ് ദ്വീപിൽ ഇന്ത്യ നിർമ്മിക്കുന്ന നാവിക-വാണിജ്യ-തുറമുഖ പദ്ധതി ഈ ദിശയിലുള്ള നീക്കമാണ്. തെക്ക്-കിഴക്കനേഷ്യ ഇന്ത്യയുടെ ശക്തമായ സാംസ്കാരിക സ്വാധീന മേഖലയാണ്. സുരക്ഷയും വികസനവും മുൻനിർത്തി മേഖലയിൽ സജീവമായി ഇടപെടാൻ കൊറിയൻ സംഘർഷം ഇല്ലാതാകുന്നതോടെ ഇന്ത്യക്ക് കഴിയും.


സമുദ്ര മേഖലയിൽ ഇന്ത്യയുടെ പ്രാമാണികത്വം ഉറപ്പിക്കുവാനും മാറിയ സാഹചര്യം സഹായകമാണ്. തെക്കൻ ചൈന കടലിൽ ഉത്തര കൊറിയയുമായി സഹകരിച്ച് പ്രവർത്തിക്കാൻ ഇന്ത്യക്ക് അവസരമൊരുങ്ങും. ഉപരോധം അവസാനിക്കുന്നതോടെ വാണിജ്യ ബന്ധങ്ങളും ശക്തിപ്പെടും. വി.കെ. സിങ്ങിന്റെ സന്ദർശനത്തെത്തുടർന്ന് രൂപപ്പെട്ട സഹകരണ പാത വികസിപ്പിക്കാനും തന്ത്രപരമായ ബന്ധങ്ങൾ വളർത്തിയെടുക്കാനും ട്രംപ്- കിം ഉച്ചകോടിയും സെന്റോസ പ്രഖ്യാപനവും വഴിയൊരുക്കും. ആണവ നിർവ്യാപനത്തിന്റെ കാര്യത്തിൽ ഉടനടി അർത്ഥപൂർണ്ണമായ നടപടികളിലേക്ക് നീങ്ങുമെന്ന് ഉത്തരകൊറിയ അംഗീകരിച്ച സാഹചര്യത്തിൽ ഇന്ത്യയുടെ സുരക്ഷാ ആശങ്കയ്ക്ക് ഒരു പരിധിവരെ പരിഹാരമായി. ഒപ്പം ദക്ഷിണചൈന കടലിൽ കൂടുതൽ ആത്മവിശ്വാസത്തോടെ ഇടപെടാൻ ഉത്തര കൊറിയ സൗഹൃദം മുതൽക്കൂട്ടാവുകയും ചെയ്യും.

**ഇന്ത്യ-ഉത്തരകൊറിയ ബന്ധം ആരംഭിക്കുന്നത് 1973ലാണ്. കഴിഞ്ഞ 45 വർഷത്തിനിടയിൽ ഏറ്റവും പ്രസക്തവും പ്രതീക്ഷാനിർഭരവുമായ വികാസമാണ് ഇന്ത്യ-ഉത്തരകൊറിയ ബന്ധത്തിലുണ്ടായത്.**




# കർണ്ണാടക നൽകുന്ന ജനാധിപത്യ പാഠങ്ങൾ അപനിർമ്മിക്കുമ്പോൾ


**ഉണ്ണികൃഷ്ണൻ കളമുള്ളതിൽ**
ശ്രീവ്യാസ എൻഎസ്എസ് കോളേജ്, വടക്കാഞ്ചേരി

ബി.ജെപി ഭരണത്തിൻ കീഴിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ വെല്ലുവിളിക്കപ്പെടുന്നത് ഇന്ത്യൻ ഭരണഘടനയാണെന്ന് സംശയലേശമെന്യേ തെളിയിച്ചുവെന്നതാണ് കർണ്ണാടകത്തിലെ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു നടന്ന രാഷ്ട്രീയ നാടകങ്ങളുടെ പ്രത്യേകത. ഉന്നതമായ ഭരണഘടനാ പദവികൾ വഹിക്കുന്നവരെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് , ഭരണഘടനാ തത്വങ്ങൾ അട്ടിമറിക്കപ്പെടുന്നതെന്നതും ശ്രദ്ധേയമാണ്. തങ്ങളുടെ രാഷ്ട്രീയാധികാരം ഉറപ്പിച്ചെടുക്കാൻ തടസ്സമാകുന്നതെന്തും, അതു ഭരണഘടനയായാൽപ്പോലും നിർദ്ദാക്ഷിണ്യം കൈകാര്യം ചെയ്യപ്പെടുമെന്ന സന്ദേശവും കർണ്ണാടകത്തിലെ ഇടപെടലുകളിലൂടെ ബിജെപി, രാഷ്ട്രത്തിനു നൽകുന്നു. ജനാധിപത്യ രീതികളെ തിണ്ണമിടുക്കും പണാധിപത്യവും ഉപയോഗിച്ച് മെരുക്കിയെടുക്കുന്നതായിരിക്കും നാളെയുടെ രാഷ്ട്രീയ രീതിയെന്നും അതിൽ അസ്വാഭാവികമായൊന്നുമില്ല എന്ന പാഠവും കർണ്ണാടക നല്കുന്നു. സുപ്രീം കോടതിയുടെ സമയബദ്ധ



മായ ഇടപെടലിലൂടെ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കപ്പെട്ടുവെങ്കിലും, അതിലേയ്ക്കു നയിച്ച സാഹചര്യങ്ങൾ നമ്മുടെ ജനാധിപത്യ സംവിധാനങ്ങളെയും അതിന്റെ പ്രവർത്തനങ്ങളെയും സംബന്ധിക്കുന്ന ഗൗരവതരമായ ആശങ്കകളും ചോദ്യങ്ങളും ഉയർത്തുന്നു.

അങ്ങേയറ്റം തരംതാണ രാഷ്ട്രീയ ഇടപെടലുകൾക്ക് നിർല്ലജ്ജം ഉപയോഗപ്പെടുത്താവുന്ന ഒന്നായാണ് ബിജെപി നയിക്കുന്ന കേന്ദ്രസർക്കാർ,സംസ്ഥാനങ്ങളിലെ ഗവർണ്ണർ പദവിയെ കാണുന്നതെന്ന് നിരവധിയായ സംഭവങ്ങളിൽ നിന്ന് വ്യക്തമായതാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന ഉത്തരവാദിത്വങ്ങൾക്കപ്പുറത്ത്, ഫെഡറൽ ഭരണസംവിധാനത്തിൽ കൈകടത്താനുള്ള മാർഗ്ഗമായാണ്, സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഗവർണ്ണർ പദവി ദുരുപയോഗം ചെയ്യപ്പെട്ടിട്ടുള്ളതെന്ന് നിരീക്ഷിക്കാൻ കഴിയും. അധികാര രാഷ്ട്രീയത്തിൽ നിന്നും കളമൊഴിയുന്ന, മുതിർന്ന രാഷ്ട്രീയക്കാരുടെ പുനരധിവാസ സ്ഥാനമായി ഗവർണ്ണർ നിയമനങ്ങൾ മാറുന്നതിനെതിരെയും വിമർശനങ്ങളേറെയുണ്ടായിട്ടുണ്ട്. ഗവർണർ പദവിയുടെ സാംഗത്യം സംബന്ധിച്ചും ജനാധിപത്യ ഭരണകൂടത്തിനു മുകളിൽ അതിനുള്ള അധികാരങ്ങളെപ്പറ്റിയും ഗൗരവതരമായ ആശങ്കകൾ ഭരണഘടനാ രൂപീകരണ വേളയിൽത്തന്നെ ഉയർന്നിരുന്നു. കതിരയ്ക്കു മുമ്പിൽ വണ്ടി കെട്ടുന്നതിനു തുല്യമാണു ഗവർണ്ണർ പദവിയെന്ന അതിരൂക്ഷമായ വിമർശനം ഉന്നയിച്ചത് ഭരണഘടനാ അസംബ്ലിയിലെ അംഗം കൂടിയായ എച്ച് വി കാമത്ത് ആണ്. പരിണതപ്രജ്ഞരായ ചുരുക്കം പേരൊഴികെ, അതാതു കാലത്തെ കേന്ദ്ര സർക്കാരുകളുടെ ചട്ടുകങ്ങളായി പ്രവർത്തിച്ചവരാണ് ഗവർണ്ണർമാരേറെയുമെന്നതിന് സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ചരിത്രം സാക്ഷിയാണ് . ഭരണഘടനാ ശില്പികൾ പോലും ഉന്നയിച്ച ആശങ്കകൾ അസ്ഥാനത്തല്ലെന്ന് സമകാലിക സംഭവങ്ങൾ തെളിയിക്കുന്നു. ഭരണഘടനയനുസരിച്ച് സ്വന്തം നിലയ്ക്ക് നിർവ്വഹിക്കാവുന്ന ജോലികളൊന്നുമില്ലാത്ത, ഭരണഘടനാപരമായ കടമകൾ മാത്രമുള്ള പദവിയാണ് ഗവർണ്ണർമാരുടേതെന്ന നിരീക്ഷണം നടത്തിയത് ഡോ.അംബേദ്കർ ആണ്. ഇതിനു കടകവിരുദ്ധമായി, ദൈനംദിന ഭരണനിർവ്വഹണ പ്രവർത്തനങ്ങളിലടക്കം ഗവർണമാർ ഇടപെടുന്ന നിരവധിയായ സംഭവങ്ങൾക്കും രാജ്യം സാക്ഷ്യം വഹിക്കുന്ന കാലത്താണ്, ഭരണഘടനാ മൂല്യങ്ങളും കീഴ്വഴക്കങ്ങളും പരമോന്നത നീതിപീഠത്തിന്റെ വിധികളടക്കം കാറ്റിൽപ്പറത്തിക്കൊണ്ട് കർണ്ണാടക ഗവർണണർ അധികാര ദുർവിനിയോഗം നടത്തിയിരിക്കുന്നത്.

തെരഞ്ഞെടുപ്പുകൾക്കു ശേഷം ആർക്കും ഭൂരിപക്ഷമില്ലാത്ത സാഹചര്യത്തിൽ ഗവർണർ എന്തു ചെയ്യണമെന്നതു സംബന്ധിച്ച് ഭരണഘടന ഒന്നും നിർദ്ദേശിക്കുന്നില്ലെങ്കിലും സുപ്രധാനമായ വിധിന്യായങ്ങളിലൂടെ പരമോന്നത നീതിപീഠം ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിട്ടുണ്ട്. രാമേശ്വർ പ്രസാദും യൂണിയൻ ഓഫ് ഇന്ത്യയും തമ്മിലുള്ള കേസിൽ 2006 ജനവരി 24 ന് പരമോന്നത നീതിപീഠത്തിലെ ഭരണഘടനാബെഞ്ച് പുറപ്പെടുവിച്ച വിധിന്യായം ഇക്കാര്യത്തിൽ സുവ്യക്തമായ മാർഗ്ഗ നിർദ്ദേശമാണ് നല്കുന്നത്. മറ്റു കക്ഷികളുടെയോ

ജനപ്രതിനിധികളുടെയോ പിന്തുണയോടെയോ സഭയിൽ ഭൂരിപക്ഷം തെളിയിക്കാനുള്ള പിന്തുണയുണ്ടെന്ന് ഒരു രാഷ്ട്രീയ പാർട്ടി ഗവർണറെ വ്യക്തമായി ബോധ്യപ്പെടുത്തുന്ന പക്ഷം, ആ അവകാശവാദം നിരസിക്കാൻ ഗവർണർക്ക് കഴിയില്ലെന്നതാണ് കോടതി അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കിയിട്ടുള്ളത്. ഭൂരിപക്ഷ ഭരണമെന്ന ജനാധിപത്യത്തിന്റെ പ്രഥമതത്വത്തെ കീഴ്മേൽമറിച്ച് സ്വേച്ഛാധിപതിയായ രാഷ്ട്രീയ ഓംബുഡ്സ്മാനെപ്പോലെ പെരുമാറാൻ ഗവർണർക്ക് അധികാരമില്ലെന്നും അത്തരമൊരധികാരം ഗവർണർക്കോ രാഷ്ട്രപതിയ്ക്കോ നല്കിയാലുള്ള പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കുമെന്ന മുന്നറിയിപ്പും നീതിപീഠം നല്കുന്നുണ്ട്. സർക്കാരിയ കമ്മീഷനും സമാനമായ മാർഗ്ഗതത്വങ്ങളാണ് നല്കിയിട്ടുള്ളത്. പരമോന്നത നീതിപീഠത്തിന്റെ ഈ മാർഗ്ഗ നിർദ്ദേശങ്ങളും മുന്നറിയിപ്പുമാണ് കർണ്ണാടക ഗവർണർ പൂർണ്ണമായും അവഗണിക്കുകയും ചവിട്ടിമെതിക്കുകയും ചെയ്തത്.

കർണ്ണാടകത്തിലെ രാഷ്ട്രീയ സംഭവവികാസങ്ങൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിയെയും രീതികളെയും സംബന്ധിച്ച ആശങ്കകൾ ഉയർത്തുന്നത് ഗവർണറുടെ നിലപാടുകളുടെ അടിസ്ഥാനത്തിൽ മാത്രമല്ല. ചോദിച്ചതിലുമധികം സമയം ഉദാരമായി നല്കിക്കൊണ്ടു തന്നെ നിയമിച്ച രാഷ്ട്രീയ നേതൃത്വത്തിനോടുള്ള വിധേയത്വം ഗവർണർ പ്രകടിപ്പിച്ചുവെങ്കിൽ, ഈ സാഹചര്യത്തിൽ രാജ്യം ഭരിക്കുന്ന പാർട്ടിയും അതിന്റെ നേതൃത്വവും സ്വീകരിച്ച നിലപാടുകളും ഇത്തരമൊരു ആശങ്കയ്ക്ക് അടിസ്ഥാനമാണ്. ഭരണഘടനാ തത്വങ്ങൾ പാലിക്കപ്പെടുമെന്നുറപ്പു വരുത്തേണ്ട ഭരണകൂടവും അതിന്റെ രാഷ്ട്രീയ നേതൃത്വവും നടത്തിയ ഭരണഘടനാ വിരുദ്ധ പ്രവർത്തനങ്ങൾ, നൈതികമൂല്യങ്ങൾ പൂർണ്ണമായും ചോർന്ന്, ഉള്ളു പൊള്ളയായ സംവിധാനമായി ഇന്ത്യൻ ജനാധിപത്യം മാറിയിരിക്കുന്നുവെന്ന ഭയാശങ്കകൾ പൂർണ്ണമായും ശരിവെയ്ക്കുന്നു. രാഷ്ട്രീയ സഖ്യങ്ങളിലൂടെ കേവല

**ഭരണഘടനാ തത്വങ്ങൾ പാലിക്കപ്പെടുമെന്നുറപ്പു വരുത്തേണ്ട ഭരണകൂടവും അതിന്റെ രാഷ്ട്രീയ നേതൃത്വവും നടത്തിയ ഭരണഘടനാ വിരുദ്ധ പ്രവർത്തനങ്ങൾ, നൈതിക മൂല്യങ്ങൾ പൂർണ്ണമായും ചോർന്ന്, ഉള്ളു പൊള്ള യായ സംവിധാനമായി ഇന്ത്യൻ ജനാധിപത്യം മാറിയിരിക്കുന്നുവെന്ന ഭയാശങ്കകൾ പൂർണ്ണമായും ശരിവെയ്ക്കുന്നു.**





ഭൂരിപക്ഷം തികയ്ക്കാനാവശ്യമായ അംഗബലം ഉണ്ടാക്കാനാവില്ലെന്നുറപ്പായിട്ടും സർക്കാർ രൂപീകരിക്കാനുള്ള ബിജെപി കർണ്ണാടക ഘടകത്തിന്റെ ശ്രമങ്ങൾക്ക് പിന്തുണ നല്കിയ കേന്ദ്രനേതൃത്വം കുതിരക്കച്ചവടത്തിനുള്ള സമ്മതം കൂടിയാണ് നല്കിയത്. പരാജയപ്പെട്ട കുതിരക്കച്ചവടത്തിന്റെ ജാള്യത മറച്ചു വെയ്ക്കാനായി, നിയമസഭയിൽ നടത്തിയ അതിവൈകാരിക പ്രസംഗത്തിൽ യെദ്യൂരപ്പ ഇക്കാര്യം പരസ്യമായി അംഗീകരിക്കുകയും ചെയ്തു. കള്ളപ്പണവും അഴിമതിയും ഉടച്ചു നീക്കുമെന്ന് പറഞ്ഞ് അതിദീർഘമായ വാചാടോപത്തിലേർപ്പെടുന്ന പ്രധാനമന്ത്രിയുടെയും വിലയ്ക്കുവാങ്ങൽ രാഷ്ട്രീയം രാജ്യമൊട്ടാകെ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പാർട്ടി പ്രസിഡണ്ടും അറിഞ്ഞും സമ്മതം നല്കിയും നടപ്പിലാക്കാൻ ശ്രമിച്ച 'ഓപ്പറേഷൻ താമര' ഇല്ലാതാക്കിയത് ഇന്ത്യൻ ജനാധിപത്യത്തിന്റെ വിശ്വാസ്യതയും കഴിഞ്ഞ എഴുപതു വർഷങ്ങളിലൂടെ അതാർജിച്ചെടുത്ത സ്വീകാര്യതയുമാണ്. ഖനി രാജാക്കന്മാരുടെയും രാഷ്ട്രീയ ദല്ലാളുകളുടെയും ശതകോടി പ്രലോഭനങ്ങളിൽ കാൽ വഴുതിപ്പോകാവുന്ന നിലപാടുകളും ആർജ്ജവവും മാത്രമേ സ്വന്തം ജനപ്രതിനിധികൾക്കുള്ളൂ എന്ന തിരിച്ചറിയുന്ന പൊതുജനം, ജനാധിപത്യത്തിന്റെ നടപ്പുവഴികളിൽ നിന്നും പിന്തിരിഞ്ഞു നടക്കാൻ തീരുമാനിച്ചാൽ അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ അതിഭീമമായിരിക്കും. ജനാധിപത്യത്തിന്റെ വേരുകൾ ആഴത്തിലോടിയതും ദീർഘമായ പാരമ്പര്യമുള്ളതുമായ രാജ്യങ്ങളിൽപ്പോലും അതു പണാധിപത്യവും കോർപ്പറേറ്റ് വാഴ്ചയുമായി മാറിയിട്ടുണ്ടെന്നതിന് അമേരിക്കയടക്കം നിരവധി ഉദാഹരണങ്ങൾ നമ്മൾക്കു മുമ്പിലുണ്ട്.

**വർഗ്ഗീയ ശക്തികളെ പ്രതിരോധിക്കാനുള്ള ആഗ്രഹങ്ങൾ രാഷ്ട്രീയ സഖ്യങ്ങളായി രൂപപ്പെടുത്താനും അതിനെ നയിക്കാനുമുള്ള ശക്തമായ നേതൃത്വത്തിന്റെ അഭാവമാണ് ഇന്ത്യയിലെ മതേതര ശക്തികളുടെ ഇന്നത്തെ ഏറ്റവും വലിയ ദൗർബ്ബല്യം. ഇതു തന്നെയാണ് കണ്ണു മഞ്ഞളിക്കുന്ന മോഹനവാഗ്ദാനങ്ങളും പണച്ചാക്കുകളുമായി പ്രതിപക്ഷ കൂടാരങ്ങളിലേയ്ക്ക് നടന്നു കയറാൻ ബിജെപിയ്ക്ക് അവസരമൊരുരുക്കുന്നതും.**

റിസോർട്ടുകളുടെ അന്തപ്പുരങ്ങളിലും ചാർട്ടേഡ് വിമാനങ്ങളിലുമായി സംരക്ഷിക്കപ്പെടേണ്ട ഒന്നായി ഇന്ത്യൻ ജനാധിപത്യം പരുവപ്പെടുന്നതിന് കാരണക്കാർ, തങ്ങളുടെ സ്വാധീനവും ഗതകാലപ്രതാപത്തെപ്പറ്റിയുമുള്ള മിഥ്യാഭിമാനങ്ങളിൽ നിന്നും രാജ്യതാല്പര്യം മുൻനിർത്തിയെങ്കിലും പുറത്തുകടക്കാൻ തയ്യാറാവാത്ത കോൺഗ്രസ്സ് അടക്കമുള്ള മതേതര കക്ഷികൾ കൂടിയാണ്. വർഗ്ഗീയ ശക്തികളെ പ്രതിരോധിക്കാനുള്ള ആഗ്രഹങ്ങൾ രാഷ്ട്രീയ സഖ്യങ്ങളായി രൂപപ്പെടുത്താനും അതിനെ നയിക്കാനുമുള്ള ശക്തമായ നേതൃത്വത്തിന്റെ അഭാവമാണ് ഇന്ത്യയിലെ മതേതര ശക്തികളുടെ ഇന്നത്തെ ഏറ്റവും വലിയ ദൗർബ്ബല്യം. ഇതു തന്നെയാണ് കണ്ണു മഞ്ഞളിക്കുന്ന മോഹനവാഗ്ദാനങ്ങളും പണച്ചാക്കുകളുമായി പ്രതിപക്ഷ കൂടാരങ്ങളിലേയ്ക്ക് നടന്നു കയറാൻ ബിജെപിയ്ക്ക് അവസരമൊരുക്കുന്നതും. മുന്നോളം നിയമസഭകളിലേയ്ക്കും പാർലമെന്റ് തെരഞ്ഞെടുപ്പിലേയ്ക്കും രാജ്യം നടന്നടുക്കുമ്പോൾ കർണ്ണാടക ഒരു വലിയ രാഷ്ട്രീയ പാഠമാണ്. തങ്ങളുടെ ഭരണകൂടത്തെ തെരഞ്ഞെടുക്കുവാനായി വിനിയോഗിച്ച വോട്ടവകാശം റിസോർട്ടുകളുടെ പിന്നാമ്പുറങ്ങളിൽ ലേലം വിളിച്ചു വില്ക്കപ്പെടരുതെന്നാഗ്രഹിക്കാനുള്ള അവകാശമെങ്കിലും ജനാധിപത്യത്തിൽ ജനങ്ങൾക്കുണ്ടെന്ന് തിരിച്ചറിയാൻ ജനാധിപത്യ പാർട്ടികൾക്ക് കഴിയണം.


# Politics, Caste, Class and Gender: Feminist Intervention

The inter linkage of caste, class, gender and politics is a specific social phenomenon in India and it has strengthened in the society due to the increasing Hindutva politics by SanghParivarand related political party activities. The significance of texts of religions is noted by scholars along with the political engagements with them. The importance of religious texts are not yet denied much by any politics in India, though there had been a few instances such as burning Manu-Smrti . Scholars including Malory Nye also maintain the magnitude of religious texts though trying to put aside Max Muller's preferential suggestion for the reference that the Sacred Texts could produce. Although they thinks it is vital to read other forms of texts than the religious ones, the relevance of analyzing such texts of Hinduism is not denied by them as these texts exercise as the main outlet of culture and religion in India. Especially the Smrticodes which are believed to 'be written out of Vedic inspiration' to make a social order has enormously propagated the amended concepts of Hinduism so as to make it a dominant religion in the contemporary condition. And the well-known text Manu-Smrti, that is considered as the law-book of Hindus could be found as the most anti-woman Sanskritic core of Hinduism, according to PanditaRamabai, who refused to remain Hindu and converted to Christianity because of the androcentric nature of Hinduism.



**Dr. S. Maya**
Sree Kerala Varma College, Thrissur





However, there are arguments that religions always provided subordinate position to women no matter whether that is Hinduism, Islam, Christianity or any other. The most vocal example of such a view is Mary Daly, who argues that the concept of belief in a male deity leads to profound sexual inequalities. Similar forms of androcentricism of religion and culture has been of great discussion among feminist theorists. Accordingly, the lies about the nature and function of woman that are intrinsic to patriarchal religion have informed the legal, educational, political, economic, and medical/psychiatric systems of our society and are accepted as 'natural truths' by even the most modern and atheistic citizens. This stream of feminist theorizing put forward the relevance of female Goddesses and female spirituality while it upset 'God`s natural laws' on 'natural roles of the sexes' . There are opinions that women`s spirituality would help the reestablishing of collective female consciousness to develop a way of life which doesn't need hierarchy. This might change the status of women as anomalies in many cultures which have male -biased ideological foundations. There were Budhist nuns in India during BC600 such as Soma, Sumangalamata, Nandutara and Vimala who addressed women's spirituality and their status in religious matters. Their rhetorical self-deprecation echoed by many women activists and writers later on. Sumangalamata celebrated the life by becoming a homeless world-renunciation and escaping the pestle and cooking pots of the 'householder'. Soma also fought against conceptions such as the domestication of women and her

**Subordination of woman is a common feature of almost all stages of history, and is prevalent in large parts of the world. Uma Chakravarti says, the general subordination of women assumed a particularly severe form in India through the powerful instrument of religious traditions which have shaped social practices.**

cooking skill, by attacking the ideas about the 'two-finger intelligence of women'. This proves how deep is the historical root of the women's subordination inside the basic social institution named family in any religious structure. And the sub-divisions of religions called caste or similar terms develop a kind of double subordination for women. This phenomenon along with the subordination of woman based on class could generate triple subordination for her in Indian society.


#### Caste, Class, Gender and Politics

The issues on subordination have been debated under feminism concerning the concepts of caste, class and gender. Caste and Class have been ever present in the modernized Indian society that was formed after the long process of social sorting. The construction and representation of third world woman has been under discussion by various scholars in the sense that it has been reinforced by modernization process. One could easily derive an idea that the caste system prevailing in India at present might have had a reference from Manu-Smrti`schaturvarnya concept though it was positively interpreted as a system according to the job assignments. According to RomilaThaper, in the Indian situation the varna-based lineage society gave a shape and form

to caste structure and the varna system has played a vital role in the social stratifications. Then the lineage elements that structure the family and the woman's subordination in it would have greatly influenced by the text Manu -Smrti. The varnasystem defines the class concept too by fixing the job and thus income level for people.In this sense it has laid down the base for a hierarchical social structure in terms of caste, class and gender.

Subordination of woman is a common feature of almost all stages of history, and is prevalent in large parts of the world. Uma Chakravarti says, the general subordination of women assumed a particularly severe form in India through the powerful instrument of religious traditions which have shaped social practices. She puts it as a marked feature of Hindu society that its legal sanction for extreme expression of social stratification in which women and the lower castes had been subjected to humiliating conditions of existence. Her opinion strengthens the conviction that caste hierarchy and gender hierarchy are the organizing principles of brahminical social order created or propagated by texts like Manu-Smrti . She reminds about the limited focus that has left a major lacuna in our understanding of social processes which have shaped men, women and social institutions in early India. Her article is the best reference to argue that the basis of the conceptualization of woman as a subordinate being, and the foundation of gender-power -relations in the social institution family should be traced back to the early Indian society. Family and the household, being the conceptual and architectural spaces from where people get the first lessons of power relations are running basically with a male politics. May be the nature of exercising power would be different according to the class and caste to which the families belong to. But the negotiation of women to the power structures has becomes ever stronger with the discourse produced by the textual concepts, as power is inscribed in every relationship. And the patriarchal form of family model of Manu-Smrti, reflected in the present society entails the negotiating attempts of women as patriarchy is fundamentally about power relations. In patriarchy, women's interests are subordinated to that of men and which has been probed by feminist theorists. Power is the politics of everyday life, and it is exercised in social institutions including family, to maintain woman's subjugation.

Caste is a strong arena of power politics and that also is connected to the gender inequality. The social stratification in India has situated women as the points of entrance into the caste system as Uma Chakravarti said. She explains this in terms of the regulation of sexuality of women. The lower caste male whose sexuality is a threat to upper caste purity is conceived as something that has to be institutionally prevented from sexual access to women of the higher castes. At the same time according to Manu-Smrti's reference, the higher caste men are allowed to have sex or marry with a lower caste woman if needed ( see, III: 43,44 , speaking about the conditions of such inter-caste marriages). And this is akin to the fear of black male priapism and the converse exploitation of black women to service their masters, which was integral to slave society in the American South in nineteenth century. In apartheid South Africa as well, mixed marriage was prohibited by law. The anxiety about their sexuality is the reason for women are suggested to be carefully protected by her family men. This is proposed clearly in the verses of Manu-Smrti, saying, the



female should be protected by her father in her adolescence, by her husband in her youth and by the son in her old age (IX:3). Dr. Ambedkar's argument that the untouchables also had the same culture of Hindu community, verifies the fact that this kind of textual authority was followed not only by the upper caste but by the lower caste people as well. So there is a politics of tendency to control women's freedom irrespective of caste/class status in the Indian context, though the modes of control differ. The entire working of caste/class power, in the contemporary society has something in relation with the oppression of women as the subaltern, which is being addressed by feminist political movements in Indian region.

## FeministInterventions: Theoretical and Political

The constitutional equality that Indian women and women in many other countries enjoy today is the result of the political struggles by feminist women in the West, according to Ilina Sen. It is a point of debate, and it is true that the women in India were silent and passive by the cultural control for long time. Though there were many feminist attempts in India by the mid-twentieth century, the women in colonial period and earlier were under patriarchal powers. In the nineteenth and early twentieth centuries women in Europe, Britain and America faced blatant discrimination in wages, employment, education and they had to fight even for the voting right and legal equality. This fact shows to what extent women were subordinated worldwide, because of the power being invested in the men folks. Any ideologies that have come during eras to fight against oppressions have never solved the woman's issues properly. An idea of new democracy has been proposed by feminist politics raising the need for the conceptions of freedom, equality and alliance informed by a variety of political and philosophical sources. A catalogue of feminist practices of the past two decades would include entries of black, cultural, ecological, lesbian, liberal, materialist, socialist and third -world politics. And deconstructive, psychoanalytic, semiotic feminisms along with the Foucauldian, Lacanian and Marxist feminisms, have interrogated into the existing phallocentric power structure and the politics behind it.

The feminists have problematized the Marxian class concept and methodology that has deeply influenced the social stratification analysis. The gendered division of labour forming the power structure was an issue addressed by feminist during this time.It is evidential that in spite of all other social changes happened in the caste division of labour proposed by the Manu-Smrti, the gender division of labour prevalent in the present Indian society reflects the same textual ideas. This issue about the structure and function of family has been addressed by feminist politics with a critique of Marxian views of labour and labourer. VimalRanadive criticizes feminists for making the question of women's 'unpaid labour at the house' as an issue and finds their attempts to ascribe






value to it as absurd. Though there are such views that won't find any meaning in feminist discourse, sensitive explorations into these matters occurred in social thought. The most insightful arguments of this issue from within the socialist tradition are found in the works of Alexandra Kollantai. She goes a step further and view the 'double -labour' concept extended as if 'triple insupportable burden'- that are of a wage-worker, housekeeper and mother. The woman of our family model is expected to do all these three jobs at once. Given the sacramental relationship of women with house work and domestic labour, to what extent public productive labour liberates her with some power and to what extend it crushes her further, is really an open question to be deciphered. These type of problems has to be addressed within the context of the political economy of women's reproductive and domestic labour. The patriarchal monogamous family has traditionally been the most important site for women's domestic labour and reproductive labour for reasons related to norms of descent and transmission of inheritance through the male line. These sites are often organized on class and caste lines and so the political challenges to oppressive forms of caste, class and gender often overlaps. In the Indian context this is very visible though it claims a politics of the unity in diversity.

The overlapping issues of caste, class, gender and politics have made the life of women in India subjugated even at the threshold of postmodern era. The social sway of scriptures that continues to a tool of controlling women remains as a challenge for feminists in India. Even in the present context the enormous influence of brahminicalpatriarchy in the social stratification in India, is a noticeable background for the political moves against gendered oppressions. Segmentation is the basis of patriarchal socialism or capitalism-separation of women and men, of theory and practice, of learning and working, of experience and belief, of production and product, of means and ends, of mind and body, of race, of class, of age, and , interestingly enough of religion and government. The integration and recognition of relationship between all these could be the basis for the sanity and power of feminism.Integration of self-change and institutional change is the revolutionary practice to tackle with the hierarchies within politics,religion, caste, class and gender paradigms. At the same time more and more conscious social action and activist research, based on feminist politics also could be a solution for favourable social change in India.

## References:


Al-Faruqi, "Towards a New Theology for QuranicExigesis", Islamic Studies, March 1962. For some discussions on Bible and Women ,see, Jeevadhara, XXI No.122 March 1991

Ambedkar, B.R. Essays on Untouchables and Untouchability, Book-II-Social, in Vasant Moon (Compiled), Dr. BabahebAmbedkar: Writings and Speeches, Vol.5, Education Department, Govt. of Maharashtra, Mumbai, 1989

Chakravarti , Uma. Rewriting History: The Life and Times of PanditaRamabai, Kali for Women, New Delhi, 1998.

Chakravarty, Uma. 'Conceptualizing Brahminical Patriarchy in Early India: Gender, Class, Caste and State" Economic and Political Weekly.28, No.14 April 3, 1993

De Lamotte, Eugenia., Meeker, Natania., O'Barr, Jean. (eds.) Women Imagine Change: A Global Anthology of Women`s Resistance; From 600 BC to Present, Routledge, NewYork, 1997

Doniger, Wendy and Smith, Brian K. Trans.The Laws of Manu, Penguin, New Delhi, 1991

Kollantai, Alexandra.Communism and the Family, Bookmarks, London, 1984.

Menon, Nivedita.Ed. Gender and Politics in India, OUP, New Delhi, 1999

Marchand, Marianne H., Parpart, Jan L. Ed., Woman and Place: Feminism, Post-modernism and Development, Routledge, NY, 1995

Nye, Malory. Religion: The Basics, Routledge, London, 2003

Omvedt ,Gail. Dalit Visions : The Anti -Caste Movement and the Construction of an Indian Identity , Reprint. New Delhi, Orient Longman, 2006.


Spretnak,Charlene (ed). The Politics of Women`s Spirituality: Essays on the Rise of Spiritual Power Within the Feminist Movement.Anchor Press. U.S.A, 1982

Stewart R. Clegg, Frameworks of Power, Sage Publications, London, 1989

Tapan, Meenakshi. Ed. Embodiment: Essays on Gender and Identity, Oxford University Press, Delhi, 1997,245-47

Thaper, Romila. From Lineage to State, Oxford University Press,1984

Weeden, C. Feminist Practice and Post -structuralist Theory, Blackwell, Oxford, 1987



# The Struggles Against Neo liberal Policies and Communalism

**R Arun Kumar**



Your organisation or for that matter any teachers' organisation is unique

It is both a trade union, which fights for the rights of its members and

It is a coming together of professionals who shape the future of a society

* The challenges before any such organisation will be huge

The attacks on the trade union rights, particularly the right to organise, express dissent

The attacks on the pedagogy, what you teach to mould the future generations in our country

* These challenges have increased after the BJP had come to power and it is not a phenomenon confined to only our country, but now a worldwide feature. These challenges should thus be understood in the international



context.

* After the global economic crisis of 2008, in many countries austerity policies are being pursued. They are leading to an attack on the labour rights, like social welfare schemes, pensions, healthcare, wages, etc. Also they are leading to an assault on labour rights in the guise of labour reforms, i.e., on the very right to organise.

These can be seen in many countries in Europe like France, Spain, Greece, Portugal, UK…In the past few months, there were many strikes organised by teachers' organisations too, most noteworthy is the one which is still continuing in the UK.

Teachers in UK are angry that while they are being asked to take a cut in their pensions, the USS' chief executive, Bill Gavin, secured a pay rise of £82,000 this year. Many of the universities have started a building binge – gyms, amenities, shiny things dotting up all over campus. (Typical manner in which the bosses are well-paid, while the workers are squeezed. Universities are always made to spend on greenery and beautification) They are not worried that the universities themselves will collapse. Those institutions are building and buying like never before. This discrimination is forcing them to come out in bigger numbers in the struggles. That is the reason why the union in UK saw an increase in its membership too during this period.

There is no continent on the earth today, that has not witnessed a teachers' protest. In Europe, we have strikes in Italy, Cyprus; in Africa, Kenya and Nigeria; in North America, the US and Canada; in South America, Argentina. In some countries like Canada and the US, they have even defied the unions who had compromised with the government and hence called off the struggles and continued their fight.

* What is that is bringing them all into struggles? Some of the key features are

Neoliberalism
Cuts in education budget
Contract appointments and precarious employment
Rising tuition fees

New members in those unions which are militant

Members are ready to over rule the leadership and continue struggles

One of the effects of these changes is the changing relationship in the academic community – it is no longer the sacred relationship between teacher and student, the relation now is similar to the one between a salesperson and a consumer. Here, the management is the seller.

* These changes are not only effecting the academic community, but also the entire society and are sold as 'public education is failing', private education is good (Argentina).

* One such change is the understanding of the whole purpose of education – education is now no longer considered as a 'wholistic concept for acquiring knowledge'.

It is considered as a means to show the path for earning money and thus access to material needs.

* The solidarity existing within the academic community ceases to exist. In fact, various players involved or bound by the process of education cease to consider themselves even as a 'community'.

* Teachers are made to believe that bothering about the entire system of education is no longer their concern. Their major concern is to be about their jobs and related issues.

* This is a direct attack on the uniqueness of the organisation.

It makes you ignore the content part of education, whatever changes are occurring there.

Teachers are deliberately avoided from being involved in the process of framing syllabus and some experts are roped in their place.

* These kind of changes suits the interests of both those who are committed to neoliberal policies and also right reactionaries.

* Both the advocates of neoliberalism and right reactionaries have some similarities, which help us understand how their interests merge.

Both of them attack social sciences and humanities and promote technological sciences. And this is done with a purpose.

Neoliberals argue that education should be market oriented and market does not those students who pursue their degrees in social sciences or humanities. They hence argue for market oriented courses and this is obviously courses dealing with technological sciences

What is the interest of right reactionaries? They want to tamper with the social sciences syllabus and flood with all obscurantist thoughts. This helps them in influencing the future generations to their project of dividing the society on the lines of identity, either it be religious or caste or region or race or any other parochial idea.

This is the reason why we find the eagerness of RSS to immediately put into service all its personnel to use State power to re-write history with all distortions. The same is done in many Western countries too. For example the history of Second World War. They never teach the role of Soviet Union in the defeat of fascism. It is all about the landing of US forces in Dunkirk, on which a movie was also made and their role about which they teach.

These is another similarity. We recently heard a former IPS office, who happens to be minister of state in the HRD questioning the theory of evolution propounded by Darwin. We should remember that even in the US, in many educational institutions, theory of evolution is still being not taught. They resist all attempts of rationalists or refuse to see the advances in sciences which establish the validity of the theory of evolution. George Bush, was one of the presidents of the US who did not believe in this theory. This is also related to the acceptance of climate change, which is denied by Donald Trump the present US President.

* But surprisingly, and they do not see any contradiction in this – they support the advance of technology and even promote it. The reason is, it is needed to promote their concept of development. They have a flawed concept of development – mobile phones, fly-overs, skyscrapers, etc. All these need technological advances. And there is another much more important reason.

* Technology is development of productive forces, which is necessary for the advancement of capitalist interests. With every growth in technology, you can use to increase your profits and super-profits, but cutting down the involvement of human beings in production. That is where the use of Artificial Intelligence (AI) comes into play. It is intended to replace or take over many of the functions at present performed by humans.

* A related reason explains why they detest social sciences. Social sciences, deal with relations of production. They explain the



reasons for the predicament of the people, why are there inequalities, why are no employment opportunities available, why is there poverty, etc. Knowledge about these issues or answers to such questions is always a threat to the class rule. Social sciences make you question and seek answers. It develops rational thinking. Both the neoliberals and right reactionaries do not want this to happen. So the attack on social sciences.

* Hence in this background it is important for all of us to not only fight for our rights, but also for a say in the entire education system – what is being taught, how is it being taught and most importantly, what is needed for the society today.

* Here the role of teachers is very crucial. As influencers, not the influencers like Sonam Kapoor or Shobaa De, but as real influencers, teachers should question these changes and also teach students to question.

This re-establishes the bond between teachers and the students, which is needed to fight the battles we do today, even for our own sectoral demands.

* This is the strategy adopted by the teachers organisation in UK. Student organisation in the UK, National Union of Students (NUS) supported the teachers' stike. In Italy too the students have come out in support of the teachers' strike. In Genoa, some children joined teachers on the streets, holding placards that read: "Hands off my teacher".

* In Argentina, the teachers' organisation took a very novel initiative to mobilise support for its actions. For five weeks teachers in Argentina have been on strike almost continuously, using the days they do go to school to explain to students and parents the reasons for their conflict with the national government. Today, they're joined by the rest of the country's workers, in the first general strike under President Mauricio Macri.

* To confront the present challenges before Indian education system, where most or all of the problems that follow neoliberalism exist, it is



necessary to establish an organic link not only between the entire academic community, but also with the parents and the broader society in general. This is what the earlier generation of teachers in our country too did.

* Savitribhai Phule, Jyotiba Phule – started schools, fought for social reforms and it is for these activities that they are still revered.

Even during the Swadeshi movement of our freedom struggle, our freedom fighters established many National Colleges, which were not only sources of alternate education system for those who had boycotted British institutions, but were also centres where anti-colonial consciousness was instilled among the students. It is because of one such teacher that we had Bhagat Singh.

Similarly we all know the role of Surya Sen, of the Chittagong Armed Struggle fame. He was a teacher, who inspired many of his students to give their lives for the liberation of our country.

* A prominent Argentine journalist revealed a private conversation he had had with the president, in which Macri compared the teachers with the British miners of the 1980s under the government of Margaret Thatcher. The British miners' strike was a "test case" for the advance of neoliberalism in the UK. If workers lost their dispute with Thatcher, as ultimately happened, labor flexibilization and loss of rights would extend to the entire working class. The fates of the rest of country's workers are bound up with the outcome of the teachers' struggle. It is here that the Argentinian slogan is very relevant, with which I conclude: 'A teacher who fights is also teaching'. The fate of our country is similarly intrinsically bound with your struggles. The struggles against neoliberal policies and communalism should be waged hand in hand for a better future. It is for this reason, to wage them and ensure their success, we need a stronger union. Hope this conference will help in building such an union.

**It is here that the Argentinian slogan is very relevant, with which I conclude: 'A teacher who fights is also teaching'. The fate of our country is similarly intrinsically bound with your struggles. The struggles against neoliberal policies and communalism should be waged hand in hand for a better future**

# അക്കാഡമിക് കമ്മിറ്റി 2018-19

ചെയർമാൻ : ഡോ.കെ.സന്തോഷ് (വൈസ് പ്രസിഡണ്ട്, എ കെ പി സി ടി എ)
(ഡി.ബി.കോളേജ്, ശാസ്താംകോട്ട

കൺവീനർ: ഡോ.വി.പി.മാർക്കോസ് (യു. സി. കോളേജ്, ആലുവ.)

ജോയിന്റ് കൺവീനർമാർ - 1. ഡോ. ജോർജ്ജ് മാത്യു (സെന്റ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി)
2. ഡോ. ലക്ഷ്മിപ്രിയ എൻ. (എം.ജി.കോളേജ്, തിരുവനന്തപുരം)

ജില്ലാ കൺവീനർമാർ

1. കണ്ണൂർ - കാസർകോട് - ഡോ. സ്വരൺ പി.ആർ. (പയ്യന്നൂർ കോളേജ്, പയ്യന്നൂർ)
2. വയനാട് - ഡോ. ജോർജ്ജ് മാത്യു (ജോ. കൺവീനർ)
3. കോഴിക്കോട് - സുജേഷ് സി.പി. (ആർ.എസ്.എം. SNDP യോഗം കോളേജ്, കൊയിലാണ്ടി.
4. മലപ്പുറം -സാജിദ് എ. ലത്തീഫ് (എം.ഇ.എസ്.കോളേജ്, മമ്പാട്)
5. പാലക്കാട് - സജിത് വി.എസ്. (എൻ.എസ്.എസ്. എഞ്ചിനീയറിങ് കോളേജ്, പാലക്കാട്)
6. തൃശ്ശൂർ - സനന്ത് സദാനന്ദ് (എം.ഇ.എസ്.അസ്മാബി കോളേജ്, കൊടുങ്ങല്ലൂർ)
7. എറണാകുളം- ഡോ.കെ.എം.സുധാകരൻ (ശ്രീശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര)
8. കോട്ടയം - ഇടുക്കി - പോൾ വി.കാരന്താനം (സെൻറ് തോമസ് കോളേജ്, പാലാ)
9. പത്തനംതിട്ട - ഫെബു ജോർജ്ജ് മത്തായി കറിച്ചിയത്ത് (സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി)
10. ആലപ്പുഴ- രാകേഷ് ചന്ദ്രൻ എസ്.ബി. (എസ്.ഡി.കോളേജ്, ആലപ്പുഴ)
11. കൊല്ലം-അഭിലാഷ് എസ്. (എസ്.എൻ. കോളേജ്, കൊല്ലം)
12. തിരുവനന്തപുരം - ഡോ.ആർ. ബിജു (എസ്.എൻ. കോളേജ്, ചെമ്പഴന്തി)

# Vanitha Committee

Chairperson : Dr. P.K Kusalakumari
Convener : Dr.Shajitha Salim

**Area Conveners**

Dr. Jayasree Kerala University
Dr. Rani R Nair M G University
Dr.T P Nafeesa Baby Kannur University
Dr. T P Malini Calicut University

**District Conveners**

| | |
|---|---|
| C Geetha | Kannur |
| Dr. Santhi George | Waynad |
| Rehna Moideen Koya | Kozhikode |
| K M Archana | Palakkad |
| Athira Nandan | Malappuram |
| Jaya A J | Thrissur |
| Dr. Reeja Jose | Ernakulam |
| Sreekala | Pathanamthitta |
| Preethi | Kottayam |
| Priya Priyadarsan | Alappuzha |
| Devipriya D | Kollam |
| Asha | Trivandrum |

## AKPCTA SERVICE CELL

| DISTRICT | NAME | COLLEGE | |
|---|---|---|---|
| Kerala Convener | Hamza AMP | MES KVM College, Valanchery | |
| Kerala Jt. Convener | Dr. Saleem | Farook College, Ferok | 9496344660 |
| Kerala Jt. Convener | Dr. Sheeba S. | SN College, Kollam | 9496363353 |
| Kannur | Ramesh Kumar | Payyannur College | 9497599794 |
| Kozhikkode | Shinoj KM | St. Joseph Devagiri, Clt | 9446051355 |
| Wayanad | Lathish | St. Marys College, Sulthan Batheri | 9847399838 |
| Malappuram | Dr. MK George | Ayurveda College, Kottakkal | 9947049112 |
| Palakkad | Harikrishnan | NSS Engineering College, Palakkad | 9446488306 |
| Trichur | Manu KM | Sreekrishna College, Guruvayoor | 9447326490 |
| Ernakulam | Benno Mathew | Sree Sankara College, Kalady | 9995294129 |
| Kottayam | Dr. K.V. Thomas | Mariam College, Kuttikkaanam | 9446477631 |
| Pathanamthitta | Raison Sam Raj | Marthoma College, Thiruvalla | 9447525905 |
| Alappuzha | Dr. Suresh | DB College, Eramillykkara | 9567855967 |
| Kollam | Roy John | St. Stemphens College, Pathanapuram | 9447981459 |
| Trivandrum | Dr. Pramode N | NSS VTM College | 9497756779 |
| | | | 9447141841 |




# പൊതുവിദ്യാഭ്യാസത്തെക്കുറിച്ചു തന്നെ!

**വി.പി. മർക്കോസ്**
യു.സി. കോളജ്, ആലുവ



ഒരാൾ വിദ്യാഭ്യാസം നേടേണ്ടത് ആരുടെ ആവശ്യമാണ്? ആ വ്യക്തിയുടേയോ സമൂഹത്തിന്റെയോ? ഈ ചോദ്യത്തിന്റെ ഉത്തരം, പറയുന്നയാളിന്റെ കാഴ്ചപ്പാടനുസരിച്ചാണ് രൂപപ്പെടുക. വിദ്യാഭ്യാസം വ്യക്തിയുടെ ആവശ്യമാണ് എന്ന കാഴ്ചപ്പാടനുസരിച്ചാണ് ഇന്ന് കമ്പോളം അതിനെ ഒരു ചരക്കാക്കിയിരിക്കുന്നത്. പണം സമ്പാദിക്കാനുള്ള മുന്നുപാധി എന്ന നിലയിലാണ് കമ്പോളം വിദ്യാഭ്യാസത്തെ അവതരിപ്പിക്കുന്നത്. അങ്ങനെ വരുമ്പോഴാണ് 'അൺഇക്കണോമിക്' എന്ന വിശേഷണം സ്ഥാപനങ്ങളുടെ മുൻപിൽ ചേർത്ത് പ്രയോഗിക്കേണ്ടിവരുന്നത്.

എന്നാൽ വിദ്യാഭ്യാസം എന്നത് സമൂഹത്തിന്റെ ആവശ്യവും കർത്തവ്യവുമാണ് എന്ന കാഴ്ചപ്പാടിൽ വിദ്യാഭ്യാസം വ്യക്തിയുടെ അവകാശമാണ് എന്നു കാണാം. കൂടുതൽ നല്ല മനുഷ്യരെ സൃഷ്ടിക്കലാണ് വാസ്തവത്തിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെ ഏതെങ്കിലും വ്യക്തിയോ ഏതെ



കിലും വിഭാഗമോ വിദ്യാഭ്യാസം നേടാതിരിക്കുന്നത് സമൂഹത്തിന് നഷ്ടമാണ് എന്നാണ് കണക്കാക്കേണ്ടത്. സാമ്പത്തികമായ നഷ്ടമല്ല, സാംസ്കാരികമായ, രാഷ്ട്രീയമായ നഷ്ടമാണത്.

വിദ്യാഭ്യാസത്തിന്റെ മൂല്യം മനസ്സിലാക്കിയ നവോത്ഥാനനായകർ അതിന് പരമപ്രധാനമായ സ്ഥാനം തന്നെ നൽകി. അതുകൊണ്ടുതന്നെ കേരളത്തിന്റെ നവോത്ഥാനമുന്നേറ്റങ്ങൾക്ക് വിദ്യാഭ്യാസം പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. ദളിത് വിഭാഗങ്ങൾ അടക്കമുള്ള കേരളജനത ഇന്ന് വിദ്യാഭ്യാസത്തെക്കുറിച്ച് വളരെ നേരത്തേ തന്നെ കണക്കുകൂട്ടുകയും സ്വപ്നം കാണുകയും ചെയ്യുന്നവരായി നാം മാറിക്കഴിഞ്ഞു. വിദ്യാഭ്യാസത്തെ പുകഴ്ത്തിക്കൊണ്ടാണ് ലോകത്തിലെ ല്ലായിടത്തും നവോത്ഥാനം വ്യാപിച്ചത്. മാനവരാശിയുടെ, ലോകത്തിന്റെ മുന്നേറ്റം വിദ്യാഭ്യാസത്തിലൂടെയേ സാധ്യമാകൂ എങ്കിൽ വിദ്യാഭ്യാസം വ്യക്തിയുടെ ആവശ്യമല്ലല്ലോ! അത് തീർച്ചയായും ലോകത്തിന്റെ, സമൂഹത്തിന്റെ ആവശ്യമാണല്ലോ!

എല്ലാത്തരം വിവേചനങ്ങളിൽ നിന്നും സങ്കുചിതമനോഭാവങ്ങളിൽ നിന്നും പുറത്തുകടന്ന് എല്ലാവരെയും എല്ലാറ്റിനെയും സമഭാവനയോടെ നോക്കിക്കാണാൻ ശീലിപ്പിക്കുന്നതാണ് വിദ്യാഭ്യാസം. അതിനാൽ വിദ്യാഭ്യാസ പദ്ധതിയിൽ നിന്നും ആരെയെങ്കിലും മാറ്റിനിർത്താൻ പാടില്ല. മാത്രവുമല്ല സർവ്വതിനെയും ഉൾക്കൊള്ളാൻ പറ്റുന്ന പാഠ്യപദ്ധതിയും രീതിശാസ്ത്രവുമാണ് അതിനുവേണ്ടതും. ഇത്തരമൊരാശയത്തിൽ ഊന്നിക്കൊണ്ടാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസം നിലനിൽക്കുന്നത്.

കേരളത്തിൽ മതേതരത്വം ഉറപ്പിച്ചെടുത്തത് ഇവിടുത്തെ ശക്തമായ പൊതുവിദ്യാഭ്യാസപദ്ധതിയാണ് എന്ന് നിസ്സംശയം പറയാം. ജാതിക്കനുസരിച്ചുമാത്രം വിദ്യനേടിയിരുന്ന ജന്മിത്വസമ്പ്രദായത്തിൽ നിന്നും നവോത്ഥാന കാലത്ത് ആധുനിക വിദ്യാഭ്യാസത്തിന്റെ ഗുണവും മേന്മയും ജാതിക്കും മതത്തിനും അതീതമായി എല്ലാവർക്കും ലഭിക്കുകയായിരുന്നു. ദളിത് വിഭാഗ ങ്ങൾക്ക് പ്രവേശനം നിഷേധിച്ചിരുന്ന വിദ്യാഭ്യാസമേഖല അയ്യങ്കാളിയുടെയും മറ്റും നേതൃത്വത്തിൽ ഉജ്ജ്വലമായ സമരപോരാട്ടങ്ങളിലൂടെ അവർക്കും തുറന്നുകിട്ടി. എല്ലാത്തരം കുട്ടികളെയും ഒരുമിച്ച് കാണാനും ഒരുമിച്ചിരുത്തി പഠിപ്പിക്കാനും നവോത്ഥാനം നമ്മെ പഠി

**കേരളത്തിൽ മതേതരത്വം ഉറപ്പിച്ചെടുത്തത് ഇവിടുത്തെ ശക്തമായ പൊതുവിദ്യാഭ്യാസപദ്ധതിയാണ് എന്ന് നിസ്സംശയം പറയാം. ജാതിക്കനുസരിച്ചുമാത്രം വിദ്യനേടിയിരുന്ന ജന്മിത്വസമ്പ്രദായത്തിൽ നിന്നും നവോത്ഥാന കാലത്ത് ആധുനിക വിദ്യാഭ്യാസത്തിന്റെ ഗുണവും മേന്മയും ജാതിക്കും മതത്തിനും അതീതമായി എല്ലാവർക്കും ലഭിക്കുകയായിരുന്നു.**

പ്പിച്ചു. ഗുരു നിത്യചൈതന്യയതിയുടെ ഓർമ്മക്കുറിപ്പിലെ ഒരനുഭവം ഇവിടെ ഓർക്കാവുന്നതാണ്. ജയചന്ദ്രൻ (യതി) ചെറിയ ക്ലാസ്സിൽ പഠിക്കുമ്പോൾ, ക്ലാസ്സിലേക്കു വന്ന അദ്ധ്യാപകൻ കുട്ടികളുടെ മതമനുസരിച്ചുള്ള കണക്കെടുക്കുകയാണ്. മുസ്ലീംകുട്ടികൾ എഴുന്നേൽക്കാൻ പറഞ്ഞപ്പോൾ തന്റെ പ്രിയകൂട്ടുകാർ നിൽക്കുന്നതുകണ്ട് കുഞ്ഞുജയചന്ദ്രനും എഴുന്നേറ്റു. 'നീ മുസ്ലീമല്ല, ഇരിക്കെടാ', എന്നായിരുന്നു അധ്യാപകന്റെ പ്രതികരണം. ക്രിസ്ത്യൻ കുട്ടികളുടെ കണക്കെടുത്തപ്പോഴും അതുതന്നെ സംഭവിച്ചു. തന്റെ കൂട്ടുകാർ നിൽക്കുന്നതുകണ്ട് ജയചന്ദ്രനും നിന്നു. 'നീ ക്രിസ്ത്യാനിയല്ല. ഇരിക്കെടാ'. എന്ന് വീണ്ടും അധ്യാപകൻ. രണ്ടുതവണ അബദ്ധം പിണഞ്ഞതുകൊണ്ട് ഹിന്ദുകുട്ടികളെ വിളിച്ചപ്പോൾ അവൻ എണീറ്റില്ല. അപ്പോൾ അധ്യാപകൻ- 'നീ ഹിന്ദുവാണ്, എണീക്കെടാ കഴുതേ' എന്നു പറഞ്ഞു എന്നാണ് യതി ഓർമ്മിക്കുന്നത്. തൊട്ടടുത്തിരിക്കുന്നവരുടെ, കൂടെ കളിക്കുന്നവരുടെ ജാതിയോ മതമോ നമ്മൾ അറിയേണ്ടതില്ല എന്ന മഹത്തായ പാഠം ഉൾക്കൊള്ളുന്നതാണ് നമ്മുടെ പൊതുവിദ്യാഭ്യാസസമ്പ്രദായം എന്നതിനാണ് ഈ അനുഭവം അടിവരയിടുന്നത്.

മതേതരകേരളത്തെ സൃഷ്ടിക്കുന്നതിന് പൊതുവിദ്യാഭ്യാസം വഹിച്ച പങ്ക് ഏറെ പ്രധാനമാണ്. ജാതിമതവ്യത്യാസമില്ലാതെ കുട്ടികൾ ഒരുമിച്ചിരുന്ന് പഠിച്ചു കൊണ്ടാണ് പുതിയൊരു സമൂഹത്തെ നാം വാർത്തെടുത്തത്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന് വിള്ളൽ വീഴ്ത്തിക്കൊണ്ട് സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇവിടെ തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. പക്ഷേ ഫലങ്ങൾ നമ്മൾ കണ്ടു തുടങ്ങി. വിദ്യാഭ്യാസരംഗത്തെ സമകാലാനുഭവങ്ങൾ നമ്മെ ആശങ്കപ്പെടുത്തുന്നവയാണ്. വീട്ടിലെ മൂത്തകുട്ടിയെ അടുത്തുള്ള ക്രിസ്ത്യൻ കന്യാസ്ത്രീകൾ നടത്തുന്ന സിബിഎസ്ഇ സ്കൂളിൽ വിട്ട ഒരു സുഹൃത്ത് ഇളയകുട്ടിയെ ദൂരെയുള്ള ഹിന്ദുസ്കൂളിൽ ചേർത്തു. മൂത്തയാളെ ചേർക്കുമ്പോൾ ദൂരെയുള്ള സ്കൂളിൽ ഇളയ ആളെ ചേർക്കുന്നതിന് അവർക്കുണ്ടായിരുന്ന ന്യായം- അവിടെയാകുമ്പോൾ 'നമ്മുടെ കാര്യങ്ങളൊക്കെ പഠിപ്പിക്കും' എന്നതുമാത്രമാണ്. പന്ത്രണ്ടാംക്ലാസ്സുവരെ സ്വകാര്യ (പബ്ലിക്) സ്കൂളിൽ പഠിച്ച ഒരു പെൺകുട്ടി മതപരമായ ജീവിതമാണ് ഏറ്റവും നല്ലത് എന്ന് പറഞ്ഞ അനുഭവം ഇതിനോട് ചേർത്ത് വെച്ച് വായിക്കേണ്ടതാണ്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസമേഖലക്ക് പുറത്തുള്ളവയാണ് ഈ രണ്ടനുഭവങ്ങളും. ജാതിയും മതവുമല്ല മനുഷ്യരാണ് പ്രധാനം എന്ന് കരുതുന്ന പൊതുവിദ്യാഭ്യാസസങ്കല്പങ്ങളെയും സ്ഥാപനങ്ങളെയും നമ്മൾ കൈയൊഴിഞ്ഞാൽ നാളെ ഇവിടെ ജാതിമതശരീരങ്ങൾ മാത്രമേ ഉണ്ടാകൂ, മനുഷ്യരുണ്ടാകില്ല എന്ന് ഓർക്കേണ്ടതുണ്ട്. നല്ല മനുഷ്യരെ സൃഷ്ടിക്കാനുള്ള പ്രക്രിയയിൽ ലാഭനഷ്ടങ്ങൾ സമ്പത്തിന്റെ അടിസ്ഥാനത്തിലല്ല കണക്കാക്കേണ്ടത്. ഓരോ ശിശുവിനെയും സമ്പൂർണ്ണമനുഷ്യത്വത്തിലേക്കു നയിക്കാൻ ഉപയോഗിക്കുന്ന തുകയും ഊർജ്ജവും ചെലവിന്റെ ഇനത്തിലല്ല കണക്കാക്കേണ്ടത്. ഒരാളെ വിദ്യാഭ്യാസ പ്രക്രിയയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിൽ അത് സമൂഹത്തിന്റെ, ലോകത്തിന്റെ നഷ്ടമായി കണക്കാക്കണം. ഇവിടെ വിദ്യാഭ്യാസമെന്നത് പൊതുവിദ്യാഭ്യാസം മാത്രമാണെന്ന് നാം തിരിച്ചറിയുകയും വേണം.

'കോമ്രേഡ് ഇൻ അമേരിക്ക' എന്ന സിനിമയിൽ ദുൽഖർസൽമാന്റെ ഒരു സംഭാഷണമുണ്ട്. ഇവിടെ നിന്ന് സൗജന്യമായി വിദ്യാഭ്യാസം നേടിയിട്ട് ഒരു മൾട്ടിനാഷണൽ കമ്പനിയുടെ അടിമയാകാൻ വിദേശത്തേക്കുപോകുന്നത് നല്ലതല്ല എന്ന് അർത്ഥം വരുന്ന സംഭാഷണമാണത്. മുൻപ് പറഞ്ഞതുപോലെ ധനവും ഊർജവും സമയവും ധാരാളം ചെലവഴിച്ചാണ് സമൂഹം ഓരോരുത്തരെയും വിദ്യാഭ്യാസം ചെയ്യിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ സാമൂഹികമാനം നാം കാണാതെ പോകരുത്. വിദ്യാഭ്യാസം നേടാൻ പണം മുടക്കുന്ന വിദ്യാർത്ഥിക്ക് പണത്തോടാവും പ്രതിബദ്ധത എന്ന് നാം പറയാറുണ്ടല്ലോ. പ്രതിബദ്ധത പണത്തോടല്ല, സമൂഹത്തോടാണ് വേണ്ടത് എന്ന് അറിയാവുന്ന സമൂഹം അതുകൊണ്ടുതന്നെ വിദ്യാഭ്യാസം പരമാവധി സൗജന്യമായിത്തന്നെ നൽകുന്നു. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കൾ നാളത്തെ സമൂഹം തന്നെയാണ്. അനുഭവങ്ങളുടെ തരവും എണ്ണവും വർധിക്കുന്നത് കൂടുതൽ വിശാലമായി ലോകത്തെ കാണാൻ ഒരാളെ പ്രേരിപ്പിക്കും. സമൂഹത്തിന്റെ വിവിധ തലങ്ങളിൽപ്പെട്ട കുട്ടികൾ ഒരുമിച്ച് ഇടപഴകുമ്പോൾ അവർക്കുണ്ടാകുന്ന അനുഭവങ്ങളുടെ വൈവിധ്യം വൈയക്തികമായും സാമൂഹികമായും അവരെ കൂടുതൽ കരുത്തുള്ളവരാക്കിത്തീർക്കും. അവരുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും കൂടുതൽ യാഥാർത്ഥ്യബോധത്തോടെ ഉള്ളതാവാൻ അതവരെ സഹായിക്കും. മണ്ണിൽ വേരുകളുള്ള സ്വപ്നം കാണാൻ നമ്മുടെ കുട്ടികൾ അതുവഴി ശീലിക്കും.

കഴിഞ്ഞ ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് ഏഴാം ക്ലാസ്സിലെ മലയാളം പാഠപുസ്തകത്തെ സംബന്ധിച്ച് ഒരു തർക്കം ഉണ്ടായി. 'മതമില്ലാത്ത ജീവൻ' എന്ന പേരിൽ ഒരു പാഠം പാഠപുസ്തകത്തിൽ ചേർത്തതിനെ ചൊല്ലിയായിരുന്നു തർക്കം. മകനെ സ്കൂളിൽ ചേർക്കാൻ വരുന്ന രക്ഷിതാവും സ്കൂൾ ഹെഡ്മാസ്റ്ററും തമ്മിലുള്ള സംഭാഷണം എന്ന നിലയിൽ തയ്യാറാക്കിയിട്ടുള്ള പാഠത്തിൽ കുട്ടിയുടെ മതം ഏതാണെന്നു ഹെഡ് മാസ്റ്റർ ചോദിക്കുമ്പോൾ മതമില്ല എന്ന് രക്ഷിതാവ് മറുപടിപറയുന്നു. തുടർന്ന് അവർ തമ്മിൽ നടക്കുന്ന ചെറിയ സംഭാഷണം. മതമില്ലാതെയും സമൂഹത്തിൽ ജീവിക്കാം എന്ന സന്ദേശം നൽകുന്ന പാഠമാണത്. ഈ പാഠം പുസ്തകത്തിൽ നിന്നു നീക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അന്ന് കേരളത്തിലുടനീളം സമരവും പ്രക്ഷോഭങ്ങളും നടക്കുകയുണ്ടായി. ഒടുവിൽ ആ പാഠം പിൻവലിക്കപ്പെട്ടു. പിൻവലിച്ചത് ശരിയോ തെറ്റോ എന്നല്ല ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്. മറിച്ച് പാഠ്യപദ്ധതിയിൽ പ്രവേശിക്കാനുള്ള സമൂഹത്തിന്റെ സാധ്യതയെ ആണ് എടുത്തുകാണിക്കുന്നത്. പാഠ്യപദ്ധതി നിർണ്ണയത്തിൽ ഇടപെടുവാനുള്ള സാധ്യതയും അവസരവും സമൂഹത്തിന് നൽകിക്കൊണ്ടാണ് പൊതുവിദ്യാഭ്യാസം നിലകൊള്ളുന്നത്. ഇതു പറയുമ്പോൾ സമാനമായ ഒരു സംഭവം എറണാകുളത്തെ ഒരു സ്വകാര്യ സ്കൂളിലും ഉണ്ടായത് പറയേണ്ടതുണ്ട്. രണ്ടുവർഷം മുമ്പ് പീസ് ഇന്റർനാഷണൽ എന്ന പബ്ലിക് സ്കൂളിലെ രണ്ടാംക്ലാസ് പാഠപുസ്തകത്തിൽ മതം മാറ്റത്തെക്കുറിച്ചുള്ള പാഠം ഉൾപ്പെട്ടു എന്നത് ശ്രദ്ധക്കപ്പെട്ടു. വളരെക്കാലമായി നിലനിന്നിരുന്ന പാഠമായിരുന്നത്രേ അത്. അതിനെ സംബന്ധിച്ച് ചില



തർക്കങ്ങളും സംവാദങ്ങളും ഒക്കെ ഉണ്ടായതായി മാധ്യമങ്ങൾ പറയുകയുണ്ടായി. എന്നാൽ അതിനുശേഷം എന്താണ് സംഭവിച്ചതെന്ന് കൃത്യമായി ആരും പറയുകയുണ്ടായില്ല. പാഠം നീക്കി എന്നൊരു പ്രതീതിയാണ് പൊതുവെ ഉണ്ടായിരിക്കുന്നത് എന്ന് മാത്രം അറിയാം.

ഇവിടെയാണ് പാഠ്യപദ്ധതിയെക്കുറിച്ച് നാമാലോചിക്കേണ്ടത്. നമ്മുടെ കുട്ടികൾ എൽ.കെ.ജി. മുതൽ പഠിക്കുന്ന സ്വകാര്യ (പബ്ലിക്) സ്കൂളുകളിലെ പാഠ്യപദ്ധതി ആരാണ് നിശ്ചയിക്കുന്നത്. സിബിഎസ്ഇ എന്നാൽ സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ എന്നാണ്. അതായത് 9,10 ക്ലാസ്സുകളിലേക്കുമാത്രമാണ് ബോർഡ് പാഠ്യപദ്ധതി നിശ്ചയിക്കുന്നത്. അപ്പോൾ എൽ.കെ.ജി മുതൽ 8-ാം ക്ലാസ്സുവരെയുള്ള പാഠ്യപദ്ധതി ആരാണ് ഉണ്ടാക്കുന്നത്? മതജാതി കച്ചവടസംഘങ്ങൾ നടത്തുന്ന സ്കൂളുകളിൽ എന്തുതരം താല്പര്യ ങ്ങളാവും സംരക്ഷിക്കപ്പെടുന്നത്? ഇതൊക്കെ നിയന്ത്രിക്കാനോ നിർണയിക്കാനോ എന്തെങ്കിലും സംവിധാനം ഉണ്ടോ? ഇല്ല എന്നതാണ് വാസ്തവം.

പൊതുവിദ്യാഭ്യാസസമ്പ്രദായത്തിലെ പാഠ്യപദ്ധതി തയ്യാറാക്കുന്നതും നിർണയിക്കുന്നതും എത്രമാത്രം കരുതലോടെയും സുതാര്യതയോടെയും ആണെന്നും എത്രമാത്രം ജനാധിപത്യപരമായിട്ടാണ് അത് നിർവ്വഹിക്കപ്പെടുന്നത് എന്നും നാം തിരിച്ചറിയേണ്ടതുണ്ട്. വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന പ്രഗത്ഭരായ ആളുകളെ തെരഞ്ഞെടുത്ത് ഓരോ വിഷയത്തിനും ഓരോ സംഘം രൂപീകരിച്ച് പലതവണ യോഗം ചേർന്ന് പലഘട്ടങ്ങളിലായി തയ്യാറാക്കി പലരോടും ചർച്ചചെയ്താണ് കേരളപാഠ്യപദ്ധതി തയ്യാറാക്കുന്നത്. കുട്ടികളുടെ പ്രായവും കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷവും ചരിത്രവും എല്ലാം പരിഗണിച്ചാണ് പാഠ്യപദ്ധതി തയ്യാറാക്കുന്നത്. ലോകത്തിലെ തന്നെ മികച്ച വിദ്യാഭ്യാസസിദ്ധാന്തങ്ങളുടെ പിന്തുണയോടെയാണ് പാഠ്യപദ്ധതി തയ്യാറാക്കുന്നത് എന്നത് എടുത്തുപറയേണ്ട സംഗതിയാണ്.

കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിൽ പാഠ്യപദ്ധതിമാത്രമല്ല രീതി ശാസ്ത്രവും ഏറ്റവും പുതിയതായിരിക്കും. കുട്ടികളുടെ പ്രായവും ഗ്രഹണശേഷിയും കണക്കിലെടുത്ത് ഓരോ വിഷയത്തിന്റെയും അധ്യയനരീതിശാസ്ത്രവും പ്രത്യേകം തയ്യാറാക്കിയാണ് പൊതുവിദ്യാഭ്യാസപദ്ധതി രൂപപ്പെടുത്തുന്നത്.

**സമൂഹത്തിന്റെ വിവിധ തലങ്ങളിൽപ്പെട്ട കുട്ടികൾ ഒരുമിച്ച് ഇടപഴുകമ്പോൾ അവർക്കുണ്ടാകുന്ന അനുഭവങ്ങളുടെ വൈവിധ്യം വൈയക്തികമായും സാമൂഹികമായും അവരെ കൂടുതൽ കരുത്തുള്ളവരാക്കിത്തീർക്കും. അവരുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും കൂടുതൽ യാഥാർത്ഥ്യബോധത്തോടെ ഉള്ളതാവാൻ അതവരെ സഹായിക്കും. മണ്ണിൽ വേരുകളുള്ള സ്വപ്നം കാണാൻ നമ്മുടെ കുട്ടികൾ അതുവഴി ശീലിക്കും.**

വിഷയഗ്രഹണത്തിന് ഏറ്റവും ഉചിതമെന്ന് തെളിയിക്കപ്പെട്ടിട്ടുള്ള രീതിയാണ് ഇവിടെ സ്വീകരിക്കുന്നത്. ഗണിതപഠനം വെറും കണക്കുകൂട്ടലല്ല എന്നും യുക്തിപരമായ ചിന്താശേഷിയെ വളർത്തിയെടുക്കലാണ് എന്നും തിരിച്ചറിഞ്ഞു കൊണ്ടാണ് പൊതുവിദ്യാഭ്യാസത്തിൽ പാഠ്യപദ്ധതിയും രീതിശാസ്ത്രവും രൂപപ്പെടുത്തുന്നത്. പുറമേ നിന്നുനോക്കുമ്പോൾ നിസ്സാരം എന്നു തോന്നാമെങ്കിലും വളരെ ഗൗരവപൂർവ്വം തയ്യാറാക്കിയിട്ടുള്ള പദ്ധതിയാണത്. ക്ലാസ് മുറികളിലും ലാബുകളിലും ലൈബ്രറികളിലും മാത്രം ഒതുങ്ങിനിൽക്കാതെ പുറത്തിറങ്ങി നേരിട്ട് അനുഭവങ്ങൾ നേടുന്നവിധം പരിസരങ്ങളോടും സമൂഹത്തോടും ജീവിതത്തോടും നേരിട്ട് സംവദിക്കുന്ന പാഠ്യപദ്ധതിയാണ് ഇവിടെയുള്ളത്. അതുകൊണ്ടാണ് ഇന്ത്യയിലെ തന്നെ മികച്ചപാഠ്യപദ്ധതിയായി നമ്മുടെ പൊതുവിദ്യാഭ്യാസം നിലനിൽക്കുന്നതും.

ങ്ഗൂഗി വാ തിയോംഗിയുടെ 'മനസ്സിന്റെ അപകോളനീകരണം' എന്ന പുസ്തകത്തിൽ മാതൃഭാഷാ വിദ്യാഭ്യാസത്തിന്റെ അനിവാര്യതയെ വിശദമാക്കുന്നുണ്ട്. അന്യഭാഷയിലൂടെ വിദ്യാഭ്യാസം നേടാൻ നിർബ്ബന്ധിക്കപ്പെടുന്ന കുട്ടികളുടെ ആഫ്രിക്കൻ അനുഭവങ്ങൾ അദ്ദേഹം അവിടെ വിവരിക്കുന്നുണ്ട്.

അപകർഷതാബോധവും ആത്മപുച്ഛവും അവരെ അടിമകളാക്കി മാറ്റുന്നത് എങ്ങനെയെന്ന് സ്വന്തം അനുഭവം വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നുണ്ട്. റോബർട്ട്ഫിലിപ്സന്റെ 'ഭാഷാസാമ്രാജ്യത്വം' (Linjutsiic imperialism) എന്ന കൃതിയിൽ ഭാഷ ഉപയോഗിച്ച് യൂറോപ്പ് എങ്ങനെയാണ് ലോകത്തെ കീഴടക്കുന്നത് എന്ന് തെളിവുകൾ സഹിതം വിവരിക്കുന്നുണ്ട്. വിദ്യാഭ്യാസം മാതൃഭാഷയിലൂടെ ആയിരിക്കണം എന്ന ആശയമാണ് പുരോഗമന പക്ഷത്തുനിൽക്കുന്ന എല്ലാ ചിന്തകരും മുന്നോട്ടുവെക്കുന്നത്. ലോകവുമായി ബന്ധപ്പെടാൻ എത്ര ഭാഷവേണമെങ്കിലും പഠിക്കുന്നതു നല്ലതാണ്. കേരളത്തെ സംബന്ധിച്ച് അത് ഇംഗ്ലീഷ് ആണ് എന്ന കാര്യത്തിൽ തർക്കമില്ല. അതുകൊണ്ടുതന്നെ ഇംഗ്ലീഷ് കാര്യക്ഷമമായി നമ്മുടെ കുട്ടികളെ പഠിപ്പിക്കേണ്ടതുമാണ്. ഒരു ഭാഷ എന്ന നിലയിലാണ് അതു പഠിപ്പിക്കേണ്ടത്. ഒരു വിഷയവും അന്യഭാഷയിൽ പഠിപ്പിക്കരുത് എന്നതാണ് വിദ്യാഭ്യാസ ചിന്തകരുടെ കാഴ്ചപ്പാട്. വിഷയങ്ങൾ മനസ്സിലാക്കുവാനും അറിവിനെ അനുഭവ മാക്കി മാറ്റുവാനും മാതൃഭാഷയിലൂടെ മാത്രമേ കഴിയൂ എന്നതാണ് അതിനു കാരണം. മാതൃഭാഷയിലൂടെ വിദ്യ അഭ്യസിക്കുന്ന വിദ്യാർത്ഥി സ്വന്തം നാടിനോടും സംസ്കാരത്തോടും ചേർന്നു നിൽക്കുകയും താൻ ഉദ്പ്പാദിക്കുന്ന അറിവ് സ്വന്തം നാടിനോട് ചേർത്ത് വെക്കുകയും ചെയ്യും. അന്യഭാഷയിലൂടെയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് വൈകാരികമായ/സൗന്ദര്യാത്മകമായ പക്വത നൽകില്ല എന്നതാണ് സത്യം. സൗന്ദര്യാത്മകമായ വിദ്യാഭ്യാസം മാതൃഭാഷാ വിദ്യാഭ്യാസമാണ്. നമ്മുടെ പൊതുവിദ്യാഭ്യാസം മാതൃഭാഷയിലായതിന്റെ കാരണം അതാണ്. എന്നാലിന്ന് പൊതുവിദ്യാലയങ്ങളിൽ പോലും ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ഏറിവരുന്നു എന്നത് ആശങ്കാജനമായ കാര്യമാണ്.

ആലപ്പുഴജില്ലയിലെ കലവൂരിനടുത്തുള്ള മാരാരിക്കുളം തെക്ക് പഞ്ചായ ത്തിലെ പ്രീതികുളങ്ങര സ്കൂൾ ഒരു മാതൃകയാണ്. ടാഗോർ മെമ്മോറിയൽ പഞ്ചായത്ത് ലോവർ പ്രൈമറി സ്കൂൾ എന്നാണ് അതിന്റെ പേര്. ഒന്നാം ക്ലാസിലേക്ക് കുട്ടികൾ വരാതായതോടെ ഇംഗ്ലീഷ് മീഡിയത്തിലേക്ക് മാറാൻ പഞ്ചായത്തിനുമേൽ വലിയ സമ്മർദ്ദമുണ്ടായി. അധ്യാപകരും നാട്ടുകാരും നിർബന്ധിച്ചിട്ടും മാതൃഭാഷയെ കൈവിടാൻ പഞ്ചായത്ത് തയ്യാറായില്ല. പകരം അവർ ചെയ്തത് ഇംഗ്ലീഷിന് പ്രത്യേകം പരിശീലനം നൽകുകയാണ്. അധ്യാപകരക്ഷാകർതൃസമിതിയുടെ





യും പഞ്ചായത്തിന്റെയും ഒരുമിച്ചുള്ള പ്രവർത്തനം ആലപ്പുഴജില്ലയിലെ മികച്ച സ്കൂൾ എന്ന പദവിയിലേക്ക് പ്രീതികുളങ്ങര സ്കൂളിനെ ഉയർത്തി. തോമസ് ഐസക്ക് എം.എൽ.എ. സ്കൂളിൽ വരികയും കുട്ടികൾ അദ്ദേഹത്തെ ഇംഗ്ലീഷിൽ ഇന്റർവ്യൂ നടത്തുകയും ചെയ്തതോടെ നവമാധ്യമങ്ങളിലും സ്കൂൾപ്പെരുമ നിറഞ്ഞു. എല്ലാ സൗകര്യങ്ങളോടും കൂടിയ ഹൈടെക് ക്ലാസ് മുറികൾ പ്രീതികുളങ്ങര സ്കൂളിനെ വേറിട്ടതാക്കി. ഇന്ന് ആ സ്കൂളിൽ ഒന്നാം ക്ലാസിലേക്ക് പ്രവേശനം കിട്ടാൻ കുട്ടികൾ കാത്തുനിൽക്കേണ്ട അവസ്ഥയാണുള്ളത്. ഓരോ ക്ലാസ്സിലേയും കുട്ടികൾ ഘട്ടം ഘട്ടമായി നേടേണ്ട നൈപുണികൾ നേരത്തെ നിശ്ചയിക്കുകയും അവ നേടുന്നതിന് ഓരോരുത്തരെയും പ്രാപ്തരാക്കുകയും ചെയ്യുകയായിരുന്നു അവിടുത്തെ അധ്യാപികമാർ ചെയ്തത്. ഓരോ ഘട്ടം കഴിയുമ്പോഴും രക്ഷിതാക്കൾക്ക് കുട്ടികളുടെ നൈപുണി പരീക്ഷിക്കാവുന്നതാണ്. ചിട്ടയായ പ്രവർത്തനം കൊണ്ടും ഇംഗ്ലീഷ് പഠനത്തിനായുള്ള പ്രത്യേക പരിശീലനം കൊണ്ടും കുട്ടികൾ മിടുക്കരായി മാറി. പഠനം അവർക്ക് ഒരിക്കലും ഭാരമായില്ല. മാതൃകാ സ്കൂൾ എന്ന പദവി സ്കൂളുകൾക്ക് യഥാർത്ഥത്തിൽ നൽകാമെങ്കിൽ പ്രീതികുളങ്ങര സ്കൂളാണ് അതിന് ഏറ്റവും അർഹം. മാതൃഭാഷാ വിദ്യാഭ്യാസമാണ് യഥാർത്ഥ വിദ്യാഭ്യാസം എന്ന് തിരിച്ചറിയുന്ന എത്ര പഞ്ചായത്തുകൾ നമുക്കുണ്ട് എന്നത് വളരെ കാതലായ ഒരു ചോദ്യമായി ഇന്ന് അവ ശേഷിക്കുന്നു.

**വാസ്തവത്തിൽ പൊതുവിദ്യാലയങ്ങളുടെ മികവ് അക്കാദമികവുമായ സാംസ്കാരികവുമായ മികവാണ്. പാഠ്യപദ്ധതിയിലും രീതിശാസ്ത്രത്തിലും പുലർത്തുന്ന നിതാന്ത ജാഗ്രത ആ മികവിനെ സ്ഥിരമാക്കി നിർത്തുകയും ചെയ്യും. പരിമിതികളും കുറവുകളും എല്ലായിടത്തും എന്നതുപോലെ പൊതുവിദ്യാഭ്യാസ രംഗത്തും ഉണ്ട്. അവയെ പരിഹരിച്ച് മുന്നോട്ടുപോകാനാണ് നാം ശ്രമിക്കേണ്ടത്.**

ആദിവാസിമേഖലയിലെ സ്കൂളുകളിൽ നിന്ന് കുട്ടികൾ നിരന്തരമായി കൊഴിഞ്ഞു പോകുന്നത് ഒരു സ്ഥിരം കാഴ്ചയാണ്. അപമാനം സഹിക്കവയ്യാതെയാണ് പലപ്പോഴും അവർ പഠിത്തം ഉപേക്ഷിക്കുന്നത്. ഗോത്രവിഭാഗങ്ങളുടെ ഭാഷയേയും സംസ്കാരത്തേയും പരിഹസിച്ചും പുച്ഛിച്ചുമാണ് നാം അവരെ നേരിടുന്നത്. മലയാളത്തിലൂടെയുള്ള പഠനം അവർക്ക് അന്യഭാഷാപഠനം തന്നെയാണ്. മലയാളത്തിലൂടെയുള്ള പഠനം മലയാളികൾക്ക്

വളരെ എളുപ്പവും നിസ്സാരവുമായതിനാൽ ഗോത്രവിഭാഗങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് നമുക്ക് മനസ്സിലാകുകയേയില്ല. അപ്പോൾപ്പിന്നെ പഠനം ഉപേക്ഷിക്കുകയല്ലാതെ അവർക്ക് വേറെ വഴിയില്ല എന്നു വരുന്നു. എന്നാൽ ഇന്ന് പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി ആദിവാസിമേഖലകളിൽ 'ഗോത്രബന്ധു' എന്നൊരു പദ്ധതി ഇടതുസർക്കാർ നടപ്പാക്കിയിരിക്കുന്നു. ഗോത്രവിഭാഗങ്ങൾ പഠിക്കുന്ന സ്കൂളുകളിൽ അവരുടെ വിഭാഗങ്ങളിലുള്ളവരെ തന്നെ മെന്റർമാരായി നിയമിച്ചുകൊണ്ടാണ് സർക്കാർ പദ്ധതി നടപ്പാക്കിയത്. അവരുടെ ഭാഷയിൽ തന്നെ അവരെ പഠിപ്പിക്കുക എന്നതാണ് അവരോട് ചെയ്യാൻ കഴിയുന്ന മിനിമം നീതി എന്ന് ഇന്ന് നാം തിരിച്ചറിയുന്നു. മാതൃഭാഷാ വിദ്യാഭ്യാസത്തിന്റെ മൂല്യം ഒരിക്കൽ കൂടി തെളിയിക്കപ്പെടുകയാണിവിടെ.

കുട്ടികളുടെ അവകാശങ്ങളെ നിഷേധിച്ചുകൊണ്ടാണ് നമ്മുടെ നാട്ടിലെ സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തിക്കുന്നത്. മാതൃഭാഷയിൽ പഠിക്കാനുള്ള അവകാശം യുനെസ്കോ മുന്നോട്ടുവെച്ചിട്ടുള്ള ബാലാവകാശങ്ങളിൽ ഒന്നാണ്. ഏറ്റവും ആദ്യം ലംഘിക്കപ്പെടുന്നത് ഈ അവകാശം തന്നെയാണ്. പിന്നീട് മാതൃഭാഷയിൽ സംസാരിക്കരുത് എന്ന നിയമത്തിലൂടെ കുട്ടികളുടെ പ്രാഥമികമായ അവകാശങ്ങളെത്തന്നെ നാം നിഷേധിക്കുന്നു. ക്രൂരമായ ശിക്ഷാവിധികൾകൊണ്ട് കുട്ടികളെ പീഡിപ്പിക്കുന്നത് മറ്റൊരുവശം. എറണാകുളത്ത് പനങ്ങാടുള്ള ശ്രീശ്രീരവിശങ്കർ വിദ്യാമന്ദിർ സ്കൂളിൽ വർധിപ്പിച്ച ഫീസ് അടയ്ക്കാൻ തയ്യാറാകാതിരുന്ന കുട്ടികളെ നിർബ്ബന്ധപൂർവ്വം ടി.സി. കൊടുത്തത് ഏറ്റവും പുതിയവാർത്തായണ്. ടി.സി. രജിസ്ട്രേഡ് തപാലിൽ കുട്ടികൾക്ക് വീട്ടിലേക്ക് അയച്ചുകൊടുക്കുകയായിരുന്നത്രേ! 2017 ജനവരിയിൽ പൊന്നാനിയിലുള്ള കെ.എം.എം.ഇംഗ്ലീഷ് മീഡിയം സ്കൂളിലെ 37കുട്ടികളെ ലാബിൽ പൂട്ടിയിട്ടതിന്റെ വാർത്തയും നമ്മൾ കണ്ടതാണ്. പട്ടിക്കൂട്ടിലടക്കുക, കൈപൊക്കിച്ചുമരിന് അഭിമുഖമായി നിർത്തുക, ഇംപോസിഷൻ എഴുതിക്കുക, എന്നിങ്ങനെ പട്ടാളക്യാമ്പിൽപോലും കേട്ടിട്ടില്ലാത്ത ശിക്ഷാവിധികളാണ് ശിശുക്കളുടെ മേൽ നമ്മൾ നടപ്പിലാക്കുന്നത്. മലയാളത്തിൽ സംസാരിച്ചതിന്റെ പേരിൽ ശിക്ഷിക്കപ്പെടുന്ന ഒരു കുട്ടിക്ക് മലയാളത്തോടും മലയാളികളോടും എന്തു മനോഭാവമായിരിക്കും രൂപപ്പെടുക എന്ന് നമ്മൾ ആലോചിച്ചു നോക്കേണ്ടതാണ്.

വാസ്തവം ഇങ്ങനെയൊക്കെയാണെങ്കിലും ഇംഗ്ലീഷ് മീഡിയം സ്വകാര്യ സ്കൂളുകളെ ആരാധനയോടെ നോക്കുന്നവരായിത്തന്നെയാണ് നമ്മൾ ജീവിക്കുന്നത്. സാമ്രാജ്യത്വത്തിന്റെ ആശ്രിത ദാസന്മാരും ദാസികളുമായി യജമാനനെപ്പോലെയാകാൻ മക്കളെ പരിശീലിപ്പിക്കുന്ന അടിമവർഗ്ഗമാണ് നാം. മറ്റൊരു ഭാഷയിലൂടെ വികസിക്കാം എന്നത് മൂന്നാം ലോകരാജ്യങ്ങളുടെ അഥവാ ഒരു കാലത്ത് യൂറോപ്പിന്റെ കോളനികളായിരുന്ന രാജ്യങ്ങളുടെ മാത്രം സ്വപ്നമാണ് എന്ന വസ്തുതയെ സൗകര്യപൂർവ്വം നാം മറക്കുകയാണ്. നമ്മുടെ കുട്ടികൾ കാര്യങ്ങൾ മനസ്സിലാക്കണമെന്നോ കൂടുതൽ നല്ല മനുഷ്യരാകണമെന്നോ അല്ല, ഇംഗ്ലീഷ് സംസാരിക്കുന്ന, പണം സമ്പാദിക്കുന്ന ജീവികളായിത്തീരണമെന്നാണ് നമ്മൾ കരുതുന്നത്. അതുകൊണ്ടാണ് കേരളത്തിലെ എസ്.എസ്.എൽ.സി പരീക്ഷാഫലം വരുമ്പോൾ നമ്മൾ പരിഹാസശരങ്ങളുമായി ചാടിവീഴുന്നത്. എന്നാൽ ഇതേ വിജയശതമാനം തന്നെയുള്ള സി.ബി.എസ്.ഇ.ഫലത്തിൽ ഒരപാകവും നമ്മൾ കാണുന്നുമില്ല. അത് അർഹമായ വിജയമെന്നും കേരള സിലബസിലുള്ളത് അനർഹമായ വിജയമെന്നുമാണ് നമ്മുടെ കണക്കുകൂട്ടൽ. എത്ര യുക്തിരഹിതമായ കണക്കാണത് എന്ന് അല്പമൊന്നാലോചിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. പക്ഷേ ഒരിക്കലും നാമതിനു മെനക്കെടുകയില്ല. മറ്റെല്ലാ സംവിധാനങ്ങളിലും സർക്കാർ മേഖലയെ ഒന്നാമതായി എണ്ണുന്നവരാണ് നമ്മൾ. തൊഴിൽ വിദ്യാഭ്യാസമടക്കമുള്ള ഉന്നതവിദ്യാഭ്യാസത്തിന് ആദ്യം തെരഞ്ഞെടുക്കുക സർക്കാർ സ്ഥാപനമാണല്ലോ. പക്ഷേ സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നേരേ തിരിച്ചാണ് നമ്മുടെ മനോഭാവം. അവിടെയെത്തുമ്പോൾ-നല്ല കെട്ടിടമില്ല, സൗകര്യങ്ങളില്ല, അധ്യാപകരില്ല, ഉള്ളവർ പഠിപ്പിക്കില്ല, കുട്ടികൾ കോപ്പിയടിക്കും, ഉഴപ്പും, നിയന്ത്രണമില്ല... എന്തെല്ലാം കുറ്റങ്ങളും കുറവുകളുമാണ് നാം പെട്ടെന്നുതന്നെ കണ്ടുപിടിക്കുന്നത്.

വാസ്തവത്തിൽ പൊതുവിദ്യാലയങ്ങളുടെ മികവ് അക്കാദമികവും സാംസ്കാരികവുമായ മികവാണ്. പാഠ്യപദ്ധതിയിലും രീതിശാസ്ത്രത്തിലും പുലർത്തുന്ന നിതാന്ത ജാഗ്രതയും മികവിനെ സ്ഥിരമാക്കി നിർത്തുകയും ചെയ്യും. പരിമിതികളും കുറവുകളും എല്ലായിടത്തും എന്നതുപോലെ പൊതുവിദ്യാഭ്യാസ രംഗത്തും ഉണ്ട്. അവയെ പരിഹരിച്ച് മുന്നോട്ടുപോകാനാണ് നാം ശ്രമിക്കേണ്ടത്. അല്ലാതെ അതിന്റെ പേരിൽ പൊതുവിദ്യാഭ്യാസപദ്ധതിയെ ഉപേക്ഷിച്ചുപോകലല്ല. അങ്ങനെ ഉപേക്ഷിച്ചാൽ നമുക്കുതന്നെയാണ് നഷ്ടം, നമ്മുടെ നാടിനാണ് നഷ്ടം. ലോകത്തിനുതന്നെയാണ് നഷ്ടം! കുറവുകളുടെ കണക്കെടുത്താൽ സ്വകാര്യപബ്ലിക് സ്കൂളുകളിലാണ് അത് കൂടുതൽ എന്ന് മനസ്സിലാക്കാം. നല്ല ശമ്പളമോ മറ്റ് സേവനവ്യവസ്ഥകളോ ഇല്ലാതെ മിക്കവാറും അടിമകളെപ്പോലെ പണിയെടുക്കുന്നവരാണ് അവിടുത്തെ അധ്യാപകർ എന്നത് പകൽപ്പോലെ വ്യക്തമായ കാര്യമാണ്. അതുകൊണ്ടുതന്നെ ഒരുനിർവ്വാഹവുമില്ലെങ്കിൽ മാത്രമാണ് ആളുകൾ അത്തരം സ്കൂളുകളിൽ അധ്യാപകരായി പോകുന്നത്. എന്തുതരം പ്രതിബദ്ധതയാവും സ്കൂളും പാഠ്യപദ്ധതിയും രീതിശാസ്ത്രവും അവിടുത്തെ കുട്ടികൾക്ക് കൈമാറുന്നത്?


ലോകത്തിന്റെ മാറുന്ന പരിതസ്ഥിതിയിൽ നിരന്തരം പോരാടുന്നവരായി, ചിന്തിക്കുന്നവരായി സൃഷ്ടിക്കുന്നവരായി നമ്മുടെ മക്കൾ മാറിയില്ലെങ്കിൽ അവർ കമ്പോളത്തിന്റെ അടിമകളായി മാറുന്നത് നമുക്ക് കാണേണ്ടിവരും. അതിന്റെ ലക്ഷണങ്ങൾ എല്ലായിടത്തും കണ്ടുതുടങ്ങിയിട്ടുമുണ്ട്. അന്യന്റെ വാക്കുകൾ സംഗീതം പോലെ ശ്രവിക്കുന്ന കാലത്തെ സൃഷ്ടിക്കാൻ നമ്മുടെ മക്കളെ പ്രാപ്തരാക്കേണ്ടതുണ്ട്. അവർ കൂടുതൽ നല്ല മനുഷ്യരാകട്ടെ, വിവേചനങ്ങളില്ലാതെ സഹജീവികളെ കാണാൻ അവർ ശീലിക്കട്ടെ. സ്വതന്ത്രമായ ലോകത്തേക്ക് അവർ പറന്നുകയറട്ടെ, അവർക്കതിനുള്ള ചിറകും ആകാശവും നൽകും എന്നുറപ്പുള്ള വിദ്യാഭ്യാസം തന്നെ അവർക്കായി നമുക്ക് നൽകാം.

# ദലിത് ശരീരവും ഭാഷയും സമകാലിക മലയാള സിനിമയിൽ

ഡോ. രാജേഷ് എം.ആർ
കേരളവർമ്മ കോളേജ്, തൃശ്ശൂർ



ആഗോളവൽക്കരണകാലത്ത് ഭാഷയിലും സംസ്കാരത്തിലും വലിയമാറ്റങ്ങളാണല്ലോ വന്നുകൊണ്ടിരിക്കുന്നത്. സാങ്കേതികതയും നവമാധ്യമങ്ങളുമെല്ലാം ഈ മാറ്റത്തിന്റെ വേഗത കൂട്ടുന്നതിൽ പങ്ക് വഹിക്കുന്നുണ്ട്. ഭാഷയുടെ പ്രതിരോധസ്വഭാവവും വൈവിധ്യങ്ങളും ഇന്നു പഠനവിധേയമാക്കുന്നുണ്ട്. രണ്ടായിരത്തിനുശേഷം മലയാള സിനിമയിലെ ഭാഷണത്തിലും ദൃശ്യഭാഷയിലും ഇതുപ്രകടമായികാണുന്നുണ്ട്. സമകാലിക മലയാള സിനിമയിലെ ദലിത് ശരീരത്തിന്റെയും ഭാഷയുടെ വൈവിധ്യത്തെയും രാഷ്ട്രീയത്തെയും അടയാളപ്പെടുത്തുകയാണ് പഠനലക്ഷ്യം. ശരീരം എന്നത് ഒരു വ്യവഹാരമാണ്. സവിശേഷമായ അർത്ഥ സൂചനകൾ ഉൾക്കൊള്ളുന്ന ഒരു സങ്കല്പനമാണല്ലോ ശരീരം (body). ശരീര രാഷ്ട്രീയ (body Politics) മെന്നത് ശരീരത്തെ ഒരു സൂചകമായെടുത്ത് സാംസ്കാരിക വിശകലനം ചെയ്യുന്ന പ്രക്രിയയാണ്. ശരീരങ്ങളുടെ മേൽ പ്രയോഗിതമാകുന്ന കൊത്തുപണികളിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന രണ്ടുതരം ആത്മബോധങ്ങൾ മാത്രമാണ് ആൺ-പെൺ ലിംഗപദവികൾ എന്ന് ജൂഡിത്ത് ബട്ലർ പറയുന്നു. ദലിത് ശരീരവും ഒരു സാമൂഹ്യ നിർമ്മിതിയാണ്. കറുത്ത ശരീരത്തെ അത് ദലിതായി ചിഹ്നവത്കരിക്കുന്നു. കറുപ്പിന് ദലിതത്വവുമായി സമൂഹം കല്പ്പിക്കുന്ന ബന്ധമേയുള്ളൂ.എങ്കിലും പൊതുവ്യവഹാരങ്ങളിൽ, ജനപ്രിയ



സിനിമകളിൽ കറുത്തശരീരം ദലിതായി ചിത്രീകരിക്കപ്പെടുന്നു. മലയാള സിനിമയിലെ ദലിത് ശരീരവും ഭാഷയും എന്തൊക്കെ സാംസ്കാരിക നിർമ്മിതികളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതെന്നാണ് പ്രബന്ധം അന്വേഷിക്കുന്നത്. കമ്മട്ടിപ്പാടം, ഒഴിവുദിവസത്തെ കളി എന്നീ സിനിമകൾ അടിസ്ഥാനമാക്കിയാണ് ഈ പ്രബന്ധം മുന്നോട്ടുപോകുന്നത്.

ആഗോളവത്കരണവും വിവരസാങ്കേതിക വിദ്യയുമെല്ലാം മലയാള ഭാഷയുടെ വൈവിധ്യങ്ങളെയാണ് ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത്. മലയാളത്തിന്റെ മരണമല്ല പല മലയാളത്തിന്റെ ഉയിർത്തെഴുന്നേല്പാണ് ഇപ്പോൾ നടക്കുന്നത്. സൈബർ മലയാളം, വാഹനമലയാളം, ചാനൽമലയാളം എന്നിങ്ങനെ മലയാളം വൈവിദ്ധ്യമായി മാറിക്കൊണ്ടിരിക്കുന്നു. മലയാള സിനിമയിലെ ഭാഷയിലും (ദൃശ്യഭാഷയും സംഭാഷണവുമെല്ലാം) ഇത്തരം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ആഗോളീകരണം വിപണിയുടെ വ്യാപനമാണെന്നറിയാമല്ലോ. ഇത്തരമൊരു സാഹചര്യത്തിൽ സിനിമയിലെ ശരീരവും ഭാഷയുമെല്ലാം എപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന നോക്കാം.

ചേതനാപൂർണ്ണമായ ചലിതമായ ഒരു മനുഷ്യവസ്തുവാണ് ശരീരമെന്ന പറയാം. ശരീരത്തെ ചേതനാരഹിതമായും ജഡവസ്തുവായും കാണുന്ന സമീപനം ആധുനിക നാഗരികതയിലുണ്ട്. അതിഭൗതീകചിന്തകളിൽ നിഷ്ക്രിയമാക്കപ്പെട്ട ശരീരത്തെ സക്രിയമാക്കി തീർക്കുകയാണ് ഇന്ന് ചെയ്യേണ്ടതാണ്. ശരീരം മറ്റു ശരീരങ്ങളുമായി വ്യവഹാരത്തിലേർപ്പെടുമ്പോഴാണ് അത് സക്രിയമാകുകയോ നിഷ്ക്രിയമാകുകയോ ചെയ്യുന്നത്. ശരീരം ബയോളജിക്കൽ മാത്രമാണ് എന്ന പറയാതെ ഒരു സാമൂഹ്യ നിർമ്മിതിയാണ്, ചിഹ്നവസ്തുവാണ് എന്ന പറയുന്നതായിരിക്കും കുറെക്കൂടി ഉചിതം. " ശരീരത്തെപ്പറ്റി ഒരാൾ ചിന്തിക്കുമ്പോഴും എഴുതുമ്പോഴും തന്നിൽ നിന്ന വ്യത്യസ്തമായതും താനല്ലാത്തതുമായ ഒരു വസ്തുവായി ഉടലിനെ സമീപിക്കുകയാണുണ്ടാവുന്നത്. ഞാൻ എന്നത് അവിടെ ശരീരമായി മാറുന്നതിനുപകരം ശരീരത്തെ ഞാൻ വഹിക്കുന്ന ഒരു വസ്തുവെപ്പോലെ സമീപിക്കപ്പെടുന്നു. ഒരാൾ തന്നെപ്പറ്റി ശരീരത്തിൽ നിന്ന വ്യത്യസ്ത ആത്മമായിക്കാണുന്നുള്ള പ്രവണതയാണ് ആധുനിക സംസ്കാരത്തിലുടനീളം കണ്ടുവരുന്നത്"1. ശരീരമെന്നത് വേറൊന്നായി ചിന്തയിൽ കടന്നുവരുന്നു. എന്നാൽ ശരീരത്തിനുമേൽ സംസ്കാരം നടത്തുന്ന കൊത്തുപണികളാണ് സ്വത്വത്തെ നിർണ്ണയിക്കുന്നത്.

"ശരീരത്തിൻമേൽ അധികാര ശക്തികളാൽ കോറിവരയ്ക്കപ്പെടുന്ന ആലേഖനങ്ങൾക്കനുസരിച്ച് (bodily inscriptions) ആത്മത്തിനു രൂപമാറ്റം വരികയും ശരീരം ഓരോരോ കർതൃത്വങ്ങളായി പ്രവർത്തിക്കുകയും ചെയ്യുന്നു. പുരുഷന്മാർ, സ്ത്രീകൾ, കീഴാളർ, തൊഴിലാളികൾ, പുരോഹിതർ, പടയാളികൾ തുടങ്ങിയ എല്ലാ കർതൃത്വങ്ങളും ശരീരങ്ങളെ ശിക്ഷണം ചെയ്തുകൊണ്ട് വാർത്തെടുക്കുന്ന കർതൃരൂപങ്ങളാണ്"2. ഇത്തരത്തിൽ നോക്കുമ്പോൾ ദലിത് ശരീരമെന്നതും സമൂഹത്തിലെ അധികാര ശക്തികൾ വിവിധ ബലതന്ത്രങ്ങളുടെ ഭാഗമായി കോറിവരയ്ക്കപ്പെട്ട കർതൃത്വങ്ങളാണെന്ന് പറയാം. മലയാള സിനിമയിൽ ഇപ്രകാരം ദലിത് ശരീരവും ഭാഷയും എപ്രകാരമാണ് ആലേഖനം ചെയ്യപ്പെട്ടതെന്ന് നോക്കാം.

## കമ്മട്ടിപ്പാടം - കറുത്ത ശരീരത്തിന്റെ ഭാഷ


കമ്മട്ടിപ്പാടം എന്ന ദേശത്ത് ജനിച്ച് വളർന്ന് ഗുണ്ടകളായി മാറിയ മൂന്ന ചെറുപ്പക്കാരിലൂടെ കൊച്ചിയുടെ ചരിത്രം പറയുകയാണ് കമ്മട്ടിപ്പാടം. മേൽ ജാതിക്കാരനെന്ന തോന്നുന്ന കൃഷ്ണന്റെ ഓർമ്മകളിലൂടെയാണ് സിനിമ മുന്നോട്ട് പോകുന്നത്. ചുരുളൻ മുടിയും പല്ലുന്തിയ കറുത്തശരീരങ്ങളുമായി ഇതിലെ രണ്ട് പ്രധാന കഥാപാത്രങ്ങളായ ബാലനും ഗംഗയും പ്രത്യക്ഷപ്പെടുന്നു. അതിഭാവുകത്വത്തോടെ, അമിത വൈകാരിക അഭിനയത്തോടെയാണ് ഈ ദലിത് ശരീരങ്ങൾ അവതരിപ്പിക്കപ്പെടുന്നത്. ദലിതരെ സംബന്ധിച്ച് 'ഉന്നം, വൈകാരികപ്രകടനങ്ങളാണ് ഇവർ മുന്നോട്ടുവയ്ക്കുന്നതെന്ന പൊതുബോധത്തെയാണ് സിനിമ പിന്തുടരുന്നത്. ഒരു ഗാങ്സ്റ്റർ സിനിമയുടെ ഫോർമുലയിലൂടെയാണ് ഈ സിനിമ സഞ്ചരിക്കുന്നതെങ്കിലും ജാതിയുടെ രാഷ്ട്രീയം ഇവിടെ പറയാതെ പറയപ്പെടുന്നുണ്ട്. കറുത്തശരീരങ്ങൾ എറണാകുളത്തിന്റെ വികസനത്തിന്റെ ഭാഗമായി പിന്തള്ളപ്പെട്ടവരാണ് എന്നാണ് കമ്മട്ടിപ്പാടം എന്ന ദേശചരിത്രത്തിലൂടെ ആവിഷ്ക്കരിക്കുന്നത്. സിനിമയിലെ പ്രധാനവില്ലനായ സുരേന്ദ്രന്റെ ജാതി (മേനോൻ) പറയുമ്പോൾ നായകനായ കൃഷ്ണന്റെ ജാതി പറയാതെ പറയുകയും ചെയ്യുന്നു. പാവപ്പെട്ട ദലിത് കൂട്ടുകാരെ രക്ഷിക്കാൻ ശ്രമിക്കുന്ന, അവർക്കുവേണ്ടി പ്രതികാരം ചെയ്യുന്ന മേൽജാതിക്കാരനായി കൃഷ്ണൻ അവതരിപ്പിക്കപ്പെടുന്നു. നിഷ്കളങ്കമായ പെരുമാറ്റച്ചട്ടങ്ങളോ നാട്യങ്ങളോ ഇല്ലാത്ത കടിച്ചുകുത്താടി നടക്കുന്ന ഗംഗയിലൂടെ ദലിത് ശരീരത്തിന്റെ സാമ്പ്രദായിക, സ്റ്റീരിയോ ടൈപ്പ് ചിത്രം തന്നെയാണ് സംവിധായകൻ ആവിഷ്കരിച്ചിരിക്കുന്നത്. കറുത്ത മേൽജാതിക്കാരും വെളുത്ത ദലിതരും ഒരുപാടുള്ള കേരളത്തിൽ ഇന്നും ക... ജാതിയെ റെപ്രസെന്റ് ചെയ്യ... ഉന്തിയപല്ലിലൂടെയും അല്ലെങ്കി... ലൗഡ്ആയ ബോഡി ലാംഗ്വേ...



ലൂടെയും മാനറിസത്തിലൂടെയും ജാതി സ്റ്റീരിയോടൈപ്പുകൾ നില നിർത്തപ്പെടുന്നുവെന്ന്" ശ്രീരിത നിരീക്ഷിക്കുന്നുണ്ട്. ദലിത് ശരീരം, ഭാഷാ സംസ്കാരം എന്നിവയെ കുറിച്ച് ചില പൊതു ധാരണകൾ നിലവിലുണ്ട്. " ദലിതർ, അബോർ ജിനൽസ്, കറുത്തവർഗക്കാർ എന്നി വരെയൊക്കെയാണ് വംശീയമായ (Ethnic) പ്രത്യേകതയുള്ളവരായി അടയാളപ്പെടുത്തുന്നത്. അവരുടെ ശരീരം, ഭാഷ, സംസ്കാരം എല്ലാം നമ്മളിൽ നിന്നും വ്യത്യസ്തം ഉള്ളതാ യി കാണുന്നു. ഈ വ്യത്യാസങ്ങളെ എതിർനിർത്തിയാണ് വെള്ളക്കാ രുടെയും സവർണ്ണരുടെയും ശരീരം, ഭാഷ, സംസ്കാരം എന്നിവ സ്വാ ഭാവികമായും (പ്രകൃതി ദത്തമായും) മനുഷ്യരുടെ സാധാരണത്വമായും നിർമ്മിക്കുന്നത്. കമ്മട്ടിപ്പാടം എന്ന സിനിമയിലെ ദലിത് ശരീരങ്ങ ളുടെയും, സംസ്കാരത്തിന്റെയും എന്നിവയിലൂടെ നടുവിൽ കുടുങ്ങി പ്പോയ ദുല്ലറിന്റെ കഥാപാത്രം ഈ വ്യത്യാസങ്ങളുടെയും സാധാ രണത്വത്തിന്റെയും നിർമ്മിതിയെ വളരെ വ്യക്തമായി വെളിവാക്കുന്നു. കമ്മട്ടിപ്പാടം യഥാർത്ഥം ആയി മാ റുന്നത് (ആഘോഷിക്കപ്പെടുന്നത്) ദലിതരുടെ ജീവിതത്തിന്റെ ചിത്രീ കരണത്തിലാണ്. എന്നാല് ഈ യഥാതഥമായ ആഖ്യാനത്തില് ഒതു ങ്ങാതെ നിൽക്കുന്നത് ദുല്ലർ മാത്രമാ ണ് എന്നത് ഈ യഥാതഥം എന്ന അവകാശവാദത്തിലെ/ ആഘോ ഷിക്കലിലെ രാഷ്ട്രീയത്തെ വ്യക്ത മാക്കുന്നു വെന്ന്"4 അജിത് കുമാർ എ.എസ് അഭിപ്രായപ്പെടുന്നുണ്ട്. പ്രകൃതിദത്തം, വംശീയം എന്നതോ ന്നുന്ന ചില ഘടകങ്ങളെ, കൊത്തു പണികളെ വരേണ്യ സംസ്കാരം യഥാർത്ഥമായി കാണുന്നിടത്താണ് ദലിത്ഹിംസ നടക്കുന്നതെന്നാ ണ് ഈ വാദം വിരൽചൂണ്ടുന്നത്. ദലിത് ശരീരത്തിൻമേൽ നടത്തുന്ന ഇത്തരത്തിലുള്ള വംശീയമുദ്രകൾ യഥാതഥമാണെന്നും അതുകൊ ണ്ട് അവയിൽ നിന്ന് അവർക്ക് മോചനമില്ലായെന്നും സിനിമ പറ ഞ്ഞുവയ്ക്കുന്നു. ദലിതരുടെ ജീവിതം മറ്റുള്ളവർക്കുവേണ്ടി തല്ലുണ്ടാക്കാ നും മരിക്കാനുമാണെന്ന ആശയം സിനിമയും പിന്തുടരുന്നുണ്ടെന്ന് വേണമെങ്കിൽപറയാം.

മലയാള സിനിമയിൽ ദലിത് ശരീരങ്ങൾ ഗുണ്ടകളായോ, നായ കന്റെ കൂട്ടാളികളായോ, അപ്രധാന കഥാപാത്രങ്ങളായോ മാത്രമാണ് പ്രത്യക്ഷപ്പെട്ടിരുന്നത്. എന്നാൽ ഇന്ന് ജനപ്രിയ/ സമാന്തര സിനിമ കളെല്ലാം ദലിത് കഥാപാത്രങ്ങളെ സ്വീകരിക്കുന്നുണ്ട്, പ്രതിനിധാനം ചെയ്യുന്നുണ്ടെന്ന് പറയാം. സമൂഹ ത്തിൽ ദലിത് വൈജ്ഞാനികതയും പ്രസ്ഥാനങ്ങളും മുന്നേറ്റം തുടരുന്ന സാഹചര്യത്തിൽ സിനിമയിലും ഇവരെ ആവിഷ്ക്കരിക്കേണ്ടതായി വരുന്നു. മലയാള സിനിമ പിന്തുട രുന്ന വാർപ്പ് മാതൃകയുടെ മറ്റൊരു രീതിയായി 'കമ്മട്ടിപ്പാട'ത്തെയും കാണാം. പരാജയപ്പെട്ട ദലിതരുടെ ജീവിതത്തെ സഹാനുഭൂതിയോടെ കാണുന്ന ഒരു മധ്യവർഗ സൗന്ദര്യ ബോധം സമൂഹത്തിൽ നിലനിൽ ക്കുന്നുണ്ട് രോഹിത്ത് വെമുലയുടെ ആത്മഹത്യയ്ക്കുശേഷം ഈയൊരു ബോധത്തെ നാം സൂക്ഷ്മമായി വിലയിരുത്തിയതാണ്. കമ്മട്ടിപ്പാ ടത്തെ ദലിതര് കൊച്ചിയുടെ വിക സനത്തിനു മുന്നിൽ പരാജയപ്പെട്ടവ രാണ്. അവരുടെ ശരീരം കേവലം തിന്നാനും കുടിക്കാനും ആടാനും തല്ലാനും വേണ്ടിമാത്രമുള്ളതാണ്. നാഗരികവികസനത്തിലേക്ക് പ്രവേശനമില്ലാത്തവരാണ് ഇവർ. " നഗരം ആധുനികവല്ക്കരിക്കുന്ന തോടെ ഇല്ലാതാവുന്നവരായാണ് ദളിതരെ ഇതിൽ കാണിക്കുന്നത്.

**മലയാള സിനിമയിൽ ദലിത് ശരീരങ്ങൾ ഗുണ്ട കളായോ, നായകന്റെ കൂട്ടാളികളായോ, അപ്ര ധാനകഥാപാത്രങ്ങളായോ മാത്രമാണ് പ്രത്യക്ഷപ്പെട്ടി രുന്നത്. എന്നാൽ ഇന്ന് ജനപ്രിയ/ സമാന്തര സിനിമകളെല്ലാം ദലിത് കഥാപാത്രങ്ങളെ സ്വീകരി ക്കുന്നുണ്ട്, പ്രതിനിധാനം ചെയ്യുന്നുണ്ടെന്ന് പറയാം. സമൂഹത്തിൽ ദലിത് വൈജ്ഞാനികതയും പ്രസ്ഥാനങ്ങളും മുന്നേറ്റം തുടരുന്ന സാഹചര്യത്തിൽ സിനിമയിലും ഇവരെ ആവിഷ്ക്കരിക്കേണ്ടതാ യി വരുന്നു.**





മറ്റു സമുദായങ്ങൾ ആധുനികത യോട് ഇടപെട്ടു സ്വന്തം ജീവിതം മാറ്റി മറിക്കുമ്പോൾ ദലിതർക്ക് ആധുനികയിടത്ത് പൊരുതിനിൽ ക്കാൻ കഴിയുകയില്ല എന്നതാണ് ഈ സിനിമയുടെയും വ്യവഹാരം. സമകാലീന ദലിത് വ്യവഹാരങ്ങൾ ദലിതരെ കുറിച്ചും ദലിത് രാഷ്ട്രീയ ത്തെ കുറിച്ചും പുതിയ പ്രമേയങ്ങളും രാഷ്ട്രീയശൈലികളും ആവിഷ്ക്കരി ക്കുമ്പോൾ ഇപ്പോഴും ദലിതരെ കുറി ച്ചുള്ള ഭൂതകാല ഗൃഹാതുരത്വത്തിൽ, ജാതിയെ ഭൂതകാലത്തെ ഒന്നായി കാണുന്ന ലിബറൽ ജാതിവിരുദ്ധ വ്യവഹാരത്തിൽ അഭിരമിക്കുക യാണ് ലിബറൽ പുരോഗമനക്കാ രെന്ന്"5 അജിത്കുമാർ എ.എസ് നിരീക്ഷിക്കുന്നുണ്ട്. ദലിതരുടെ, ജാതിയുടെ രാഷ്ട്രീയത്തെ സൂക്ഷ്മവി ശകലനത്തിനു വിധേയമാക്കാതെ കേവലം ഗൃഹാതുരത്വത്തോടെ സമീപിക്കുന്ന സൗന്ദര്യാനുഭൂതിയെ യാണ് ഇവിടെ വിമർശിക്കുന്നത്.

ക്രിസ്ത്യൻ / ദലിത് വിഭാഗ ത്തിൽപ്പെട്ട മെലിഞ്ഞുനീണ്ട സ്ത്രീക ളുടെ ശരീരത്തിനെയാണ് ഇവിടെ സുന്ദരികൾ എന്ന് പറയുന്നത്. മലയാളസിനിമയിലെ ഇടുത്ത സ്ത്രീ ശരീരങ്ങൾക്കു ബദലായിട്ടാണ് ഇത്തരമൊരു ശരീരപ്രതിനിധാനം 'കമ്മട്ടിപ്പാട'ത്തിൽ കാണാനാകുന്ന ത്. എന്നാൽ ശരീരസൗന്ദര്യത്തിൽ 'കൃഷ്ണൻ' വേറിട്ടുനിൽക്കുന്നുണ്ട്. "നി

സുന്ദരനല്ലേ" എന്ന് ഗംഗ എന്ന കഥാപാത്രം കൃഷ്ണനോട് പറയുന്നുണ്ട്. ജാതി ചിഹ്നങ്ങൾ പ്രകടനതലത്തിൽ പ്രത്യക്ഷപ്പെടാത്ത കൃഷ്ണനെയാണ് ദലിത് കഥാപാത്രങ്ങളുടെ അപരത്വത്തെ സ്ഥാപിക്കുന്നതിന് സിനിമ ഉപയോഗിക്കുന്നതെന്ന് പറയാം. ഇത്തരത്തിൽ കമ്മട്ടിപ്പാടത്തിൽ പ്രതിനിധാനം ചെയ്യപ്പെടുന്ന ദലിത് ശരീരം വൈവിധ്യമായ നിരവധി അർത്ഥതലങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ടെന്ന് പറയാം.



## കമ്മട്ടിപ്പാടത്തിലെ ഭാഷ

സിനിമയിലെ ഭാഷയെ വളരെ വൈവിധ്യമുള്ളതായും നിരവധി അർത്ഥോൽപാദനക്ഷമതയുള്ളതായും മനസ്സിലാക്കാം. സംഭാഷണം, പശ്ചാത്തലസംഗീതം, ഗാനം, ആഖ്യാനം, ദൃശ്യസംവിധാനം, സാങ്കേതികത എന്നിങ്ങനെ നിരവധി കാര്യങ്ങൾ സിനിമയുടെ ഭാഷയിൽ അടങ്ങിയിരിക്കുന്നുണ്ട്. കൃഷ്ണൻ എന്ന കഥാപാത്രത്തിന്റെ രേഖീയമല്ലാത്ത ഓർമ്മകളിലൂടെയാണ് സിനിമ മുന്നോട്ട് പോകുന്നത്. ഫ്ളാഷ്ബാക്ക് ഭാഷാരീതിയാണ് സിനിമ അവലംബിക്കുന്നതെന്ന് പറയാം. അതോടൊപ്പം ഒരു ദേശത്തിന്റെ ചരിത്രം പറയുന്നമാതിരിയുള്ള സംഭവങ്ങൾ സിനിമയിൽ കടന്നുവരുന്നു. ഹെലിക്യാംഷോട്ടിലൂടെ കമ്മട്ടിപ്പാടമെന്ന ദേശത്തിലേക്ക് പ്രേക്ഷകൻ സഞ്ചരിക്കുകയാണ്. പുറമേ നിന്നുള്ള ഒരു കാഴ്ചയായി സിനിമയിലെ ഭാഷ മാറുന്നുണ്ട്. റിയലിസത്തിന്റെ ശൈലിയിലാണ് താൻ ഈ സിനിമ ചെയ്തിരിക്കുന്നതെന്ന് സംവിധായകൻ രാജീവ് രവി തന്നെ സമ്മതിക്കുന്നുണ്ട്. എന്നാൽ റിയലിസം പ്രധാനമായും സിനിമയിൽ ചുറ്റികറങ്ങുന്നത് ദലിത് ആൺ ശരീരങ്ങളിലാണെന്ന വിമർശനം ഉയർന്നിട്ടുണ്ട്. ഫ്രാങ്ക്ഫർട്ട് ചിന്തകനായ തിയഡോർ അഡോണയുടെ അഭിപ്രായപ്രകാരം കല പ്രതിരോധത്തിന്റെ അരങ്ങാണെന്നും ആയതിനാൽ യാഥാർത്ഥ്യത്തിൽ നിന്ന് വേർതിരിഞ്ഞാണ് കല നിൽക്കുന്നതെന്നുമാണ്. കലയെ യാഥാർത്ഥ്യമായി കാണുന്നതോടെ വിമർശനത്തിനുള്ള ഇടം നഷ്ടപ്പെട്ടേക്കാം എന്ന ആശയമായിരിക്കാം ഒരുപക്ഷേ അഡോണോ കരുതിയിരിക്കുന്നത്. അതിനാൽ സിനിമയിലെ 'റിയലിസം' വിമർശന വിധേയമാക്കുകയാണ് വേണ്ടത്.

പശ്ചാത്തലസംഗീതം സിനിമയുടെ വൈകാരിക നിമിഷങ്ങൾക്ക് ശക്തികൂട്ടുന്നതിനാണല്ലോ ഉപയോഗിക്കുന്നത്. ബാലനും കൂട്ടരും ബൈക്ക് ഓടിക്കാൻ പഠിക്കുമ്പോൾ പശ്ചാത്തലത്തിൽ റെഗെ സംഗീതത്തിന്റെ ശൈലിയാണ് കേൾക്കുന്നത്. സർവ്വദേശീയമായ ഒരു കറുത്ത വർഗ വാർപ്പുമാതൃകയിലേക്ക് എളുപ്പം പുലയരെ ചുരുക്കാൻ ഇതുമൂലം പറ്റുന്നുവെന്ന് അജിത് കുമാർ എ.എസ്. അഭിപ്രായപ്പെടുന്നു 6. ഗംഗയും ബാലനും ജീവിതം അടിച്ചുപൊളിക്കുന്നത് മൈക്കൽ ജാക്സണിലും എ.ആർ. റഹ്മാനിലുമാണെങ്കിലും ജീവിതം അവസാനിക്കുമ്പോൾ പുലയപ്പാട്ടിന്റെ പശ്ചാത്തലസംഗീതം ആവശ്യമായി വരുന്നു. ജീവിതം-പാശ്ചാത്യം, മരണം-പാരമ്പര്യം എന്നിങ്ങനെയാണത്. പശ്ചാത്തലസംഗീത ഭാഷയിലൂടെ ദലിത് ജീവിതത്തിന്റെ ചില വൈരുദ്ധ്യങ്ങൾ അഴിഞ്ഞുവീഴുന്നതായും സന്ദിഗ്ധമാകുന്നതായും കാണാം.

മലയാള സിനിമയിലെ വള്ളുവനാടൻ വരേണ്യ ഭാഷയിൽ നിന്ന് വ്യത്യസ്തമായ ഒരു സംഭാഷണ ശൈലിയാണ് കമ്മട്ടിപ്പാടത്തിൽ കാണുന്നത്. ' ഗംഗേടാ, ഞാൻ പോണേണ്, പണി പാളിന്ന് തോന്നണ്, 'എന്നിങ്ങനെയുള്ള കൊച്ചി പ്രാദേശിക ഭാഷാശൈലി മലയാള സിനിമയിലേക്ക് കടന്നുവരികയാണ്. " അക്കാണും മാമലയൊന്നും നമ്മുടേതല്ലെൻമകനേ, ഇക്കായല് കയവും കരയും ആരുടെയുമല്ലെൻ മകനേ" എന്ന നാടൻപാട്ട് ശൈലിയുള്ള കവിതയും സിനിമയിലെ ഭാഷയുടെ വൈവിധ്യത്തെ തന്നെയാണ് അടയാളപ്പെടുത്തുന്നത്.


നോൺലീനിയറായ ആഖ്യാനത്താൽ ഭൂതവും വർത്തമാനവും കൂടികലരുന്ന ഒരു ഭാഷയാണ് സിനിമയിൽ രൂപപ്പെടുന്നത്.

## ഒഴിവുദിവസത്തെ കളി - ഒളിച്ചു വയ്ക്കുന്ന ജാതിശരീരങ്ങൾ

കേരളത്തിൽ ജാതിചിന്തയുണ്ടോയെന്ന ചോദ്യം പ്രസക്തമാണ്. നവോത്ഥാന കേരളം ജാതിയേയും മതത്തെയും മാറ്റിമറച്ച് പുതിയൊരു ലോകമാണ് നിർമ്മിച്ചെടുത്തിരുന്നത് എന്ന ചിന്ത ഇന്നിപ്പോൾ അപ്രസക്തമാണ്. ആധുനിക കേരളം ജാതിശരീരത്തെ (കീഴാള ശരീരത്തെ) ഒളിപ്പിച്ച വച്ചിരിക്കുകയായിരുന്നു. ചരിത്രത്തിലുടനീളം ചാതുർവാർണ്യത്തിന്റെ കളികളാണ് കാണുന്നത്. അറിവിന്റെ കുത്തകാവകാശം കൈ

ളിലെ സവർണ്ണതയേയും (ജെനിറൊവീന) ദലിത് / കീഴാള ശരീരങ്ങളുടേയും സ്വഭാവങ്ങളുടേയും സ്റ്റീരിയോടൈപ്പിംഗിനേയും (സുജിത് പാറയിൽ) വിശദമായി കൈകാര്യം ചെയ്യുന്ന പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. കറുപ്പ് നിറത്തെയും രൂപത്തെയും ദൃശ്യവത്കരിക്കുന്നതിലെ ശരീരരാഷ്ട്രീയം ആസ്വാദനയിടങ്ങളിലെ സങ്കല്പങ്ങളും അനുഭവങ്ങളുമായി നടത്തുന്ന പൊരുത്തപ്പെടലുകളെ കുറിച്ച്; കലാഭവൻ മണി, ചെമ്പൻ വിനോദ്, ജോസ് തുടങ്ങിയ നടന്മാരുടെകഥാപാത്രങ്ങളെ മുൻനിർത്തി സുജിത്പാറയിലും എൻ.വി. സജീഷും മുന്നോട്ട് വയ്ക്കുന്ന വാദങ്ങൾ ശ്രദ്ധയർഹിക്കുന്നതാണ് " ഒഴിവുദിവസത്തിലെ കളിയിൽ ദാസൻ എന്ന കഥാപാത്രമാണ് ദലിത് എന്നതിനെ പ്രതിനിധാനം

ഗിക്കുന്നത്. രാഷ്ട്രീയ പ്രബുദ്ധരും സാമൂഹിക വിമർശകരും ആയിരിക്കെ തന്നെ ദലിതരോടും സ്ത്രീകളോടും ജന്തുക്കളോടുമെല്ലാം ഹിംസാത്മക സ്വഭാവം കാണിക്കുന്ന ആളുകളാണിവർ. ഒരു തെരഞ്ഞെടുപ്പ് ദിവസം ഉല്ലസിക്കാനായി ഇരുൾ മൂടിയ വനമേഖലയിൽ ഒഴിഞ്ഞ കെട്ടിടത്തിലെത്തിയ ഇവരിലൂടെ ചാതുർവർണ്ണ്യത്തിന്റെ ആധുനിക ഭാഷ്യമാണ് സിനിമ മുന്നോട്ടുവെയ്ക്കുന്നത്. ജാതി എന്നത് സമൂഹത്തിൽ നിന്ന് പുറത്തുപോകാത്ത ഒരു ഭീകരജീവിയാണെന്ന് അത് ഓർമ്മപ്പെടുത്തുന്നു. തികച്ചും ശ്രേണീകൃതമായ സാമൂഹ്യ ഉച്ചനീചത്വ വ്യവസ്ഥയായ വർണ ജാതിയിൽ നിന്ന് പുറത്തുകടക്കുകയെന്നതാണ് നവോത്ഥാനം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ജാതിയെ വർഗം എന്ന മറയ്ക്കുള്ളിൽ



യ്യാളിയിരുന്ന ബ്രാഹ്മണൻ അധികാരശ്രേണിയിൽ വിരാജിക്കുമ്പോൾ കയ്യൂക്കും അധികാര ഇച്ഛയും ഉള്ള ക്ഷത്രിയൻ ഭരണാധികാരിയാകുന്നു. ഇവരോട് ഒട്ടി നിൽക്കുന്ന വൈശ്യർ വ്യാപാര സാമ്പത്തിക മേഖലകൾ കയ്യടക്കുന്നു. ശൂദ്രർ അടിമപ്പണി ചെയ്യാൻ വേണ്ടിമാത്രം ജനിച്ചവരാണെന്ന് മുദ്രകുത്തപ്പെടുന്നു. ഇവിടെ ദലിത് ശരീരം ഇത്തരത്തിൽ കീഴായ്മയെ അടയാളപ്പെടുത്തുന്നതും മർദ്ദനവും ചൂഷണവും പേറുന്നവയാണ്.

കുറച്ചുകാലം മുമ്പുവരെ മലയാളം സിനിമയിലെ ജാതിയെ സംബന്ധിച്ചുള്ള ചർച്ചകൾ ദലിത് പ്രാതിനിധ്യത്തിന്റെ അഭാവവുമായി ബന്ധപ്പെട്ട് മാത്രം ഒതുങ്ങിയിരുന്നതായി കാണാം. എന്നാൽ അടുത്തിടെയായി നായകവേഷങ്ങ

ചെയ്യുന്നത്. എത്‌നിക് മുദ്രകൾ കാര്യമായി ശരീരത്തിൽ ചാർത്താത്തകഥാപാത്രമാണെങ്കിലും കറുപ്പ് നിറം അയാളിൽ കാണാം. കറുത്ത, താരതമ്യേന വണ്ണമുള്ള ശരീരപ്രകൃതമുള്ളവനായിട്ടാണ് ദാസൻ അവതരിപ്പിക്കപ്പെടുന്നത്. ചക്കയിടാനും കോഴിയെകൊല്ലാനുമൊക്കെയാണ് ദാസനെ ഇതിൽ ഉപയോഗിക്കുന്നത്. ദലിത് ശരീരങ്ങളുടെ ഉപയോഗസാദ്ധ്യത ഇത്തരത്തിൽ ഭൗതികമായ കായികമായ പ്രവർത്തികളിലും, ക്രിയകളിലുമാണ്. എന്നാൽ സാംസ്കാരികമായ, അധികാര പരമായ മറ്റു കാര്യങ്ങളിൽ വർത്തമാനം പറയാൻ, ഇടപെടാൻ മറ്റുജാതിക്കാർ വേണമെന്ന ആശയവും ഈ സിനിമയിൽ കാണാം.സിനിമയിൽ കാണുന്ന അഞ്ചുപേരും വൈവിധ്യമാർന്ന ശരീരഭാഷയാണ് ഉപയോ

ഒളിപ്പിച്ചുവച്ചിരിക്കുകയായിരുന്നു നവോത്ഥാന കാലമെന്ന് ഇന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. ജാതി കേരളത്തിൽ പ്രത്യക്ഷതലത്തിൽ കാണുന്നില്ലായെങ്കിലും അബോധത്തിൽ അത് ആഴ്ന്നുകിടക്കുന്നുണ്ട്. പ്രണയത്തിലും വിവാഹത്തിലും ജോലിയിലുമെല്ലാം അത് കടന്നുവരുന്നുണ്ട്. ജനാധിപത്യത്തിന്റെ മറ്റു സമസ്ത മണ്ഡലങ്ങളിലും (തെരഞ്ഞെടുപ്പ്, സ്ഥാനമാനങ്ങൾ, പുരസ്കാരങ്ങൾ എന്നിങ്ങനെ) ജാതിയുടെ അധികാരം പ്രവർത്തിക്കുന്നതായി കാണാം. ഇതിലെ ദാസൻ ആധുനിക ഭരണനിർവ്വഹണ, ജനാധിപത്യ ക്രമത്തിൽ ജീവിക്കുന്നവനാണ്. ദാസനിൽ ജാതി ചിഹ്നങ്ങൾ കാണുന്നില്ലായെന്നത് തന്നെമുതലാളിത്ത, ഭരണകൂട വ്യവസ്ഥയ്ക്ക് കീഴിലാണ് ഞാൻ എന്ന ചിന്ത മൂലമായേക്കാം.



ഭരണകൂടം ബ്രാഹ്മണ്യ,കോർപ്പറേറ്റ്
സമവാക്യങ്ങൾക്കകത്ത് പ്രവർ
ത്തിക്കുന്ന വ്യവസ്ഥയാകുമ്പോൾ
ദലിതന് അവന്റെ സ്വത്വത്തിനെ
അതിനനുസരിച്ച് പാകപ്പെടുത്തേ
ണ്ടതായി വരുന്നു. ദാസനെപ്പോലെ
ഗീത എന്ന വേലക്കാരിപ്പെൺകുട്ടി
യും നവചതുർവർണ്യ വ്യവസ്ഥയുടെ
പീഢനമേൽക്കുന്നുണ്ട്. ദലിത്
സ്ത്രീയുടെ ശരീരത്തിൽ പ്രവേശി
ക്കുവാനുള്ള ധർമ്മന്റെ താല്പര്യം
അങ്ങേയറ്റം ജനാധിപത്യവിരുദ്ധ
മാണെന്ന് പറയേണ്ടതില്ലല്ലോ.
ഈ സംഭവങ്ങളെല്ലാം നടക്കുന്നത്
'തെരഞ്ഞെടുപ്പ്' എന്ന ജനാധിപത്യ
പ്രക്രിയ നടക്കുന്ന ദിവസമാണെ
ന്നാം ഓർക്കുക. ഓരോ തെരഞ്ഞെടു
പ്പും കീഴാളരെ കൊലക്കയറിലേക്ക്
കൊണ്ടുപോകുവാനുള്ള കളികൾ
മാത്രമാണെന്നാണ് ഈ സിനിമ
ഓർമ്മപ്പെടുത്തുന്നത്.

സിനിമയിലെ മറ്റുകഥാപാ
ത്രങ്ങളുടെ ശരീരഭാഷയും ശ്രദ്ധി
ക്കേണ്ടതാണ്. തിരുമേനി ന്യായാ
ധിപൻ ആകുന്നതു പൂണൂലിന്റെ
ബലത്താലാണ്. ബ്രാഹ്മണ്യത്തിന്റെ
ചിഹ്നമാണ് അയാൾക്ക് മൂലധനം.
അതിനാൽ കളിയിൽ അയാൾ
ന്യായാധിപൻ ആകുന്നു. സവർണ്ണ
ഫാസിസ്റ്റിന്റെ എല്ലാ ശരീരഭാഷം
ഉൾക്കൊള്ളുന്ന ധർമ്മപാലനാണ്
രാജാവിന്റെ റോൾ ആടുന്നത്.
കാവിനിറത്തിലുള്ള ഒരു തോർത്ത്
ഇയാൾ അണിയുന്നത് ശ്രദ്ധിക്കേ
ണ്ടതാണ്. വർത്തമാന ഇന്ത്യയിൽ
ആര്യബ്രഹ്മണിക ഫാസിസം
അതിന്റെ തേർവാഴ്ച നടത്തിക്കൊ
ണ്ടിരിക്കുകയാണ്. അതുകൊണ്ട്
അത്തരമൊരു ആശയത്തെ ഓർ
മ്മപ്പെടുത്തുന്നതാണ് ധർമ്മപാ
ലന്റെ വ്യക്തിത്വം. അശോകന്റെ
കാഴ്ചപ്പാടിൽ സ്ത്രീയെ ലൈംഗിക
തയിലൂടെ കീഴ്പ്പെടുത്തുന്നതാണ്
ആണത്തം. വയലൻസിനെ ഇഷ്ട
പ്പെടുന്ന അശോകനാണ് കളിയിൽ
പോലീസ് കഥാപാത്രമണിയുന്നത്.
വിനയൻ വ്യവസ്ഥയ്ക്കനുസരിച്ച്
സ്വഭാവം മാറ്റുന്നവനാണ്. സർക്കാർ
ഉദ്യോഗസ്ഥന്റെ എല്ലാറ്റിനോടും
സമരസപ്പെടാനുള്ള ശീലം അയാൾ
ക്കുണ്ട്. പുരോഗമന ആശയം പറയു
മെങ്കിലും അവസരവാദം അയാളിൽ
ഒളിഞ്ഞിരിക്കുന്നു. മന്ത്രിയായത് വി
നയൻ തന്നെയാണ്. ഇത്തരത്തിൽ
ഓരോ കഥാപാത്രങ്ങളുടെയും ശരീ
രത്തെ, ഭാഷയെ അധിശപ്രത്യയശാ
സ്ത്രത്തെ സൂചിപ്പിക്കുവാൻ ഇവിടെ
ഉപയോഗിച്ചിരിക്കുന്നു. ദലിത് വി
രുദ്ധമായ ബ്രാഹ്മണ്യ ഭരണകൂടത്തി
ന്റെ വർത്തമാന സംസ്കാരത്തെ
ഓർമ്മപ്പെടുത്തുമ്പോഴാണ് ഒഴിവു
ദിവസത്തെ കളി കാര്യമാകുന്നത്,
രാഷ്ട്രീയമായി മാറുന്നത്.

**ഏകനായക നോട്ടകോണുകളോ ക്യാമറയുടെ ഫോക്കസോ നാം കാണുന്നില്ല. എല്ലാവരേയും ഒരുമിച്ചു കാണാവുന്ന വിധത്തിൽ 'റിയലിസ്റ്റി'ക്കായ ഒരു ക്യാമറ. സിനിമയുടെ രാഷ്ട്രീയം തുറന്നു പറച്ചിലിലൂടെ അല്ലാതെ വളരെ ഗോപ്യമായും സൗന്ദര്യമായും ആവിഷ്ക്കരിച്ചിരിക്കുന്നു. വൻ സിദ്ധാന്തങ്ങളോ മുദ്രാവാക്യങ്ങളോ ഉപയോഗിക്കാതെ നവബ്രാഹ്മണിക ഫാസിസത്തിന്റെ സമകാലിക ദലിത് വിരുദ്ധമുഖം തുറന്നു കാണിക്കുന്നതാണ് ഈ സിനിമ.**

## ഒഴിവുദിവസത്തെ കളിയിലെ ഭാഷ

രേഖീയമായ കഥാഖ്യാനത്തി
ലൂടെ സിനിമ രൂപപ്പെടുന്നത്.
സ്ലോ പേസും ഫാസ്റ്റ്പേസും സം
ഭാഷണത്തിൽ മുന്നോട്ട് പോകുന്ന
രംഗങ്ങളുമാണ് ഈ സിനിമയിൽ
കാണുന്നത്. ആരെയും പൊട്ടിച്ചിരി
പ്പിക്കുന്നഹാസ്യവും ചിന്തിപ്പിക്കുന്ന
സറ്റയറും ഒത്തുചേർന്നിരിക്കുന്ന
രീതിയിലാണ് സിനിമയുടെ ഭാഷ
രൂപപ്പെട്ടിരിക്കുന്നത്. വൻതാര നിര
യില്ലാതെ ആദ്യമായി സിനിമയിൽ
അഭിനയിച്ച നടൻമാർതന്നെ വളരെ
സ്വാഭാവികമായി അവരുടെ അഭിന
യം സമർത്ഥമായി കാഴ്ചവച്ചിരിക്കു

ന്നു. ഏകനായകനോട്ടകോണുകളോ ക്യാമറയുടെ ഫോക്കസോ ഈ സിനിമയുടെ ഭാഷയിൽ നാം കാണുന്നില്ല. എല്ലാവരെയും ഒരു കിപ്പ കാണാവുന്ന വിധത്തിൽ 'റിയലിസ്റ്റിക്കായ ഒരു ക്യാമറ ഫ്രെയിമാണ് ഇതിലുള്ളത്. സിനിമയുടെ രാഷ്ട്രീയം ഇതാണ് പറച്ചിലിലൂടെ അല്ലാതെ വളരെ ഗോപ്യമായും സൗന്ദര്യമായും ആവിഷ്കരിച്ചിരിക്കുന്നു. വൻ സിദ്ധാന്തങ്ങളോ മുദ്രാവാക്യങ്ങളോ ഉപയോഗിക്കാതെ സവർണ്ണ മൗലിക ഫാസിസത്തിന്റെ സമകാലിക ദലിത് വിരുദ്ധതയും ഇവിടെ കാണിക്കുന്നതാണ് ഈ സിനിമ.

സ്വാഭാവികമായ സംഭാഷണ രീതിയാണ് ഇതിലുപയോഗിച്ചിരിക്കുന്നത്. അധികാരത്തിന്റെ ശ്രേണീകരണത്തിനനുസരിച്ച് കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലെ ടോണുകളിൽ മാറ്റം വരുത്തിയിരിക്കുന്നു. വളരെ ദീർഘമായ ഷോട്ടുകൾ സിനിമയിലെ ഭാഷയെ റിയലിസത്തോട് ബന്ധിപ്പിക്കുന്നു. ദലിത് കഥാപാത്രമായ ദാസന്റെ സംഭാഷണങ്ങളിൽ സമ്പ്രദായികമായ, മാനകഭാഷയാണ് കാണുന്നത്. പൊതുസമൂഹത്തിൽ വ്യവഹരിക്കുന്ന ദാസന്റെ സംഭാഷണം പ്രാദേശികമായ സ്വത്വസവിശേഷതകൾ ഉൾക്കൊള്ളുന്നതല്ല. മധ്യവർഗ സർക്കാർ സൗന്ദര്യാനുഭൂതിയോട് ചേർന്നു നിൽക്കുന്ന സംഭാഷണമാണ് അയാളിലുള്ളത്. എന്നാൽ വേലക്കാരിയായ ഗീതയിൽ തിരുവനന്തപുരം പ്രാദേശികവാമൊഴി കുറച്ചൊക്കെ കാണാനുണ്ട്. അക്കാദമികമായ വിദ്യാഭ്യാസമോ മധ്യവർഗ സമൂഹവുമായുള്ള ബന്ധമോ സാംസ്കാരിക ഔന്നത്യമോ 'കറഞ്ഞ' യാളെന്ന രീതിയിലാണ് ഗീത അവതരിപ്പിക്കപ്പെടുന്നതെന്നു കരുതാം. സ്റ്റെഡികാമിൽ തീർത്ത ഷോട്ടാണ് ഈ സിനിമയുടെ ഭാഷയിലെ പ്രധാന സവിശേഷത. സിനിമയുടെപകുതിയിൽ കൂടുതൽ ഈ സ്റ്റെഡികാം ഷോട്ടാണ് കാണുന്നത്. ദലിത് വിരുദ്ധപ്രവർത്തനങ്ങൾ നമുക്കു ചുറ്റുമാണ് ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന പ്രതീതി ഇത്തരം ക്യാമറ ചലനം വഴി നിർമ്മിക്കപ്പെടുന്നുണ്ട്.

ചുരുക്കത്തിൽ സമകാലിക ദലിത് പ്രതിനിധാന സിനിമകളിലെ ശരീരം, ഭാഷ എന്നിവയെക്കുറിച്ചാണ് ഇവിടെ വിശദീകരിച്ചത്. ജനപ്രിയ സിനിമയുടെ വ്യാകരണ ഉപയോഗിച്ച് നിർമ്മിക്കപ്പെട്ട കമ്മട്ടിപ്പാടം സിനിമയിൽ ദലിതരുടെ ശരീരം എത്നോഗ്രാഫിക് (വംശീയത) മെറ്റീരിയൽ, ദൃശ്യവസ്തുക്കപ്പെട്ടിട്ടാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇത് ദലിതർ ഇങ്ങനെ യഥാർത്ഥ്യമാണ് എന്ന മിഥ്യാധാരണ ഉണ്ടാക്കിയെടുക്കുന്നു. ദലിതരിൽ നിന്ന് വ്യത്യസ്തമായി കറ്റ് കഥാപാത്രങ്ങളുടെ സൗന്ദര്യം, സ്വഭാവം സ്വാഭാവികമായി സ്വീകരിക്കുകയും ചെയ്യുന്നു. എന്നാലിതും സംസ്കാരത്തിൽ ഒരു മിഥ്യയെ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. കൊച്ചിയിലെ കീഴാള ഭാഷയുടെ, പ്രാദേശിക ഭാഷയുടെ ശൈലീകൃത രൂപം സ്വീകരിക്കുക വഴി വളരെപ്പെട്ടെന്ന് ദലിത് ഭാഷയെ ഏകതാനകമാക്കുന്നു. ദലിത്ഭാഷയുടെ വൈവിധ്യത്തെയാണ് ഇവിടെ ഇല്ലായ്മ ചെയ്യുന്നത്. സിനിമാറ്റിക് ഭാഷയിൽ നോൺലീനിയർ ആഖ്യാനരീതിയും വയലൻസും വളരെ സമർത്ഥമായി ഉപയോഗിക്കുന്നു. സവർണ്ണമധ്യവർഗ നായക കേന്ദ്രിതമായി ദലിത് ദേശത്തെയും ചരിത്രത്തെയും പുനരാവിഷ്കരിക്കുന്ന കമ്മട്ടിപ്പാടത്തിൽ പൊതുബോധത്തിന്റെ ദലിത് സങ്കല്പങ്ങൾ തന്നെയാണ് മുന്നിട്ട് നിൽക്കുന്നത്.

സമാന്തര സിനിമയുടെ പരീക്ഷണോന്മുഖമായ വഴിയിലൂടെയാണ് 'ഒഴിവു ദിവസത്തെ കളി'യുടെ സഞ്ചാരമെന്ന് പറയാം. താരപരിവേഷമില്ലാത്ത നടന്മാർ, സ്വാഭാവികമായി വർത്തമാനം പറയുന്ന ഒരു ആവിഷ്കരണരീതി ഇതിൽ കാണാം. സവർണ്ണന്റെ മാസ്കുലിൻ സൗന്ദര്യമോ ഹീറോയിസമോ ഈ സിനിമയിൽ കാണുന്നില്ല. ജനപ്രിയ കച്ചവടതന്ത്രങ്ങൾ ഈ സിനിമയിൽ ബോധപൂർവ്വം കടന്നുവരുന്നില്ലായെന്ന ശ്രദ്ധിക്കേണ്ടതാണ്. കേരളീയ സംസ്കാരത്തിലെ അബോധത്തിലെ ജാതിചിന്തകളാണ് ഈ സിനിമയിലെ ദൃശ്യഭാഷയിൽ കാണുന്നത്. കേരളത്തിൽ ജാതിചിന്തയെന്നത് പെട്ടെന്ന് കാണുന്നതല്ല, അദൃശ്യമാണെന്ന ചിന്ത ഈ സിനിമ മുന്നോട്ടുവയ്ക്കുന്നുണ്ട്. മധ്യവർഗ സവർണ്ണ-കോർപ്പറേറ്റ് സൗന്ദര്യബോധത്തിനനുസരിച്ചും രാഷ്ട്രീയത്തിനനുസരിച്ചും ദലിതുകൾ തങ്ങളുടെ സ്വത്വത്തെ മറച്ചുകയോ വൈവിധ്യമാക്കുകയോ ചെയ്യുന്ന പ്രവണതയുമുണ്ടെന്ന് 'ഒഴിവു ദിവസത്തെ കളി' സൂചന നൽകുന്നുണ്ട്.

**ആഗോളവത്കരണവും വിവരസാങ്കേതിക വിദ്യയുമെല്ലാം മലയാള ഭാഷയുടെ വൈവിധ്യങ്ങളെയാണ് ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത്. മലയാളത്തിന്റെ മരണമല്ല ഉയിർത്തെഴുന്നേല്പാണ് ഇപ്പോൾ നടക്കുന്നത്. സൈബർ മലയാളം, വാഹനമലയാളം, ചാനൽ മലയാളം എന്നിങ്ങനെ മലയാളം വൈവിധ്യമായി മാറിക്കൊണ്ടിരിക്കുന്നു. മലയാള സിനിമയിലെ ഭാഷയിലും (ദൃശ്യഭാഷയും സംഭാഷണവുമെല്ലാം) ഇത്തരം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു**

ഗ്രന്ഥസൂചി


1. എബി കോശി, 2017, ശരീരം, താക്കോൽ വാക്കുകൾ- വിചാരമാതൃകകൾ. കേരളീയ നോട്ടങ്ങൾ, അജു കെ.നാരായണൻ (എഡിറ്റർ), ഭൂമിമലയാളം, മലയാളവിഭാഗം, യുസി കോളേജ്, ആലുവ

2. എബി കോശി, 2017, ശരീരം, താക്കോൽ വാക്കുകൾ, അജു കെ.നാരായണൻ (എഡിറ്റർ), ഭൂമി മലയാളം, മലയാളവിഭാഗം, യുസി കോളേജ്, ആലുവ.

3. ശ്രീജിത. 25 മെയ് 2016, കമ്മട്ടിപാടം: കറുപ്പിന്റെ ദൃശ്യപാഠങ്ങൾ, ഉത്തരകാലം വെബ്മാഗസിൻ.

4. അജിത്കുമാർ എ.എസ്., 2016 മെയ് 28,കമ്മട്ടിപ്പാടം ഒരു എത്നോഗ്രാഫിക് ഹിംസ, കാമ്പസ് എ ലൈവ്.

6. അജിത്കുമാർ എ.എസ്., 2016 മെയ് 28, കമ്മട്ടിപ്പാടം ഒരു എത്നോഗ്രാഫിക് ഹിംസ, കാമ്പസ് എ ലൈവ്.

7. ജെനി റൊവീന, 2011, തെമ്മാടികളും തമ്പുരാക്കന്മാരും മലയാള സിനിമയും ആണത്തങ്ങളും, സബ്ജക്റ്റ് ആൻഡ് ലാംഗ്വേജ് പ്രസ്സ് .

# കേൾക്കുന്നില്ലേ....... ഭൂമിയുടെ ദീനരോദനം?

വീണ്ടും ഒരു പരിസ്ഥിതി ദിനം കൂടി. ജൂൺ 5-ന് ആചരിക്കുന്ന ലോക പരിസ്ഥിതി ദിനത്തേയും , ജൂൺ 8-ന് ആചരിക്കുന്ന ലോക സമുദ്രദിനത്തേയും കൂട്ടിയിണക്കിക്കൊണ്ട് ഈ വർഷം യു. എൻ തെരഞ്ഞെടുത്ത പരിസ്ഥിതി ദിന മുദ്രാവാക്യം- ' പ്ലാസ്റ്റിക്കിനെതിരെ പോരാടൂ.... അതു വഴി ആരോഗ്യമുള്ള സമുദ്രത്തെ സംരക്ഷിക്കൂ... പ്രോത്സാഹിപ്പിക്കൂ.. എന്നുള്ളതാണ്.

പ്ലാസ്റ്റിക് മാലിന്യം ഒരു പകർച്ചവ്യാധിയാണ്. ഓരോ ദിവസവും ഭൂമിക്കുമേൽ നമ്മൾ വലിച്ചെറിയുന്ന അത്തരം മാലിന്യം ഒരിക്കലും നശി



ക്കുന്നില്ല എന്ന സത്യം അറിഞ്ഞുകൊണ്ട് തന്നെ നമ്മൾ നിർബാധം പ്ലാസ്റ്റിക് ഉപയോഗം തുടരുന്നു. മഴവെള്ളത്തിലൂടെയും മറ്റും ഇത് സമുദ്രത്തിൽ ചെന്നവസാനിക്കുന്നു. ഇത്തരം പ്ലാസ്റ്റിക് മാലിന്യം ലക്ഷക്കണക്കിന് കടൽ പക്ഷികളുടേയും, കടൽ സസ്തനികളുടേയും നാശത്തിന് കാരണമാകുന്നു. ഈ ഭൂമിയുടേയും , പ്രകൃതി വിഭവങ്ങളുടേയും സുസ്ഥിര വികസനത്തിന് നമ്മൾ മാറി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇത്തരം മാലിന്യം പുനഃരുപയോഗിക്കാൻ കഴിയാത്തതിനാ

**ഡോ. ജിജികുമാരി ടി.**
സെന്റ്പയസ് ടെൻത് കോളേജ്,
രാജപുരം





പ്ലാസ്റ്റിക് ഭീകരതയ്ക്കെതിരെ ബോധവത്കരണത്തിനായി ഫിലിപ്പീൻസിൽ നിർമിച്ച ഇൻസ്റ്റലേഷൻ

ൽ. ഈ വിപത്തിൽ നിന്നും രക്ഷ നേടുന്നതിന് പ്ലാസ്റ്റിക് ഉപേക്ഷിച്ചേ മതിയാവൂ.

പ്രതിവർഷം 500 ബില്യൺ പ്ലാസ്റ്റിക് ബാഗുകൾ ഉപയോഗിക്കുന്നുണ്ട് എന്നാണ് സൂചിപ്പിക്കുന്നത്. ഇതിൽ 13 മില്യൺ ടൺ പ്ലാസ്റ്റിക്കും സമുദ്രത്തിലേക്കാണ് എത്തിച്ചേരുന്നത്. ഇത്രയും പ്ലാസ്റ്റിക് ഉൽപ്പാദിപ്പിക്കാൻ 17 മില്യൺ ബാരൽ എണ്ണയാണ് ഉപയോഗിക്കുന്നത് എന്നറിയുമ്പോൾ തന്നെ എത്ര മാത്രം പ്രകൃതി വിഭവം ഇത്തരം വസ്തുക്കൾ ഉണ്ടാക്കാൻ നമ്മൾ പ്രകൃതിയെ ചൂഷണം ചെയ്യുന്നുണ്ടെന്നോർത്താൽ നന്ന്. കഴിഞ്ഞ പത്ത് വർഷക്കാലം കൊണ്ട് നമ്മൾ ഉണ്ടാക്കിയ പ്ലാസ്റ്റിക്, കഴിഞ്ഞ നൂറ്റാണ്ടിൽ ഉണ്ടാക്കിയ പ്ലാസ്റ്റിക്കിനേക്കാൾ കൂടുതലാണ് എന്ന് കണക്കുകൾ കാണിക്കുമ്പോൾ തന്നെ പ്ലാസ്റ്റിക് ഉപയോഗത്തിന്റെ വ്യാപ്തി വ്യക്തമാകുന്നു. ഇതിൽ 50% പ്ലാസ്റ്റിക്കും ഒരു തവണ മാത്രം ഉപയോഗിച്ച് കളയുന്നവയാണ്. ഓരോ മിനുട്ടിലും ഒരു മില്യൺ പ്ലാസ്റ്റിക് കപ്പികളാണ് നമ്മൾ വാങ്ങിക്കുന്നത്. 2016-ൽ ഏതാണ്ട് 480 മില്യൺ കുടിവെള്ള കപ്പികളാണ് ലോകത്ത് വിറ്റഴിഞ്ഞത്. നമ്മൾ ഉണ്ടാക്കുന്ന മൊത്തം മലിനീകരണത്തിന്റെ 10% വും പ്ലാസ്റ്റിക്ക് മാലിന്യമാണ്.

പരിസ്ഥിതിയിൽ പ്ലാസ്റ്റിക് ഏകദേശം 500 വർഷം നിലനിൽക്കും. പുതിയ പ്ലാസ്റ്റിക് ഉണ്ടാക്കുന്നതിന് വേണ്ടുന്ന ഊർജ്ജത്തേക്കാൾ 88% കുറവ് ഊർജ്ജം മാത്രമേ അവ പുനഃരുപയോഗിക്കാൻ ആവശ്യമുള്ളൂ. കൂടാതെ ഒരു ടൺ പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്യുമ്പോൾ, 1000 മുതൽ 2000 വരെ ഗാലൺ സ് ഗാസോലിൻ നമ്മുക്ക് സംരക്ഷിക്കാൻ പറ്റും.

പ്ലാസ്റ്റിക് ഉൽപാദനത്തിൽ മുഖ്യ പങ്ക് വഹിക്കുന്നത്. അതായത് മൊത്തം പ്ലാസ്റ്റിക് ഉൽപാദനത്തിന്റെ 28% വും ചൈനയിലാണ് ഉൽപാദിപ്പിക്കുന്നത്. യൂറോപ്യൻ രാജ്യങ്ങൾ 18.5% വും, കാനഡ , മെക്സിക്കോ, അമേരിക്ക എന്നീ രാജ്യങ്ങൾ 18.5 %വും, ചൈന ഒഴികെയുള്ള മറ്റ്ഏഷ്യൻ രാജ്യങ്ങൾ ചേർന്ന് 21 % വും , മിഡിൽ ഈസ്റ്റ് രാജ്യങ്ങളും, ആഫ്രിക്കയും ചേർന്ന് 7.3% വും , ലാറ്റിൻ അമേരിക്ക 4.4%വും, സോവിയറ്റ് യൂണിയനിൽ നിന്ന് സ്വതന്ത്രമായ രാജ്യങ്ങൾ 2.6% വും പ്ലാസ്റ്റിക് ഉൽപാദിപ്പിക്കുന്നു.


പുനഃരുപയോഗിക്കാൻ കഴിയില്ലെങ്കിൽ, പ്ലാസ്റ്റിക് ഉപയോഗം ഉപേക്ഷിക്കൂ... ഇതിനായി പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കാൻ ഇപ്പോൾ ഹരിത മിഷൻ പദ്ധതിയിലൂടെ സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. എങ്കിലും ചില മുൻകരുതലുകൾ നമ്മൾ എടുത്തേ പറ്റൂ. അതായത്, ഡിസ്പോസിബിൾ പ്ലാസ്റ്റിക് ഉപയോഗിക്കാതിരിക്കുക, ഒറ്റ തവണ ഉപയോഗയോഗ്യമായ പാക്കിംഗ് സംവിധാനം ഉപേക്ഷിക്കുക, ആഗോളതലത്തിൽ പ്ലാസ്റ്റിക് പ്രോട്ടോക്കോൾ ഉണ്ടാക്കുക, റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക്കിന് ആവശ്യമായ കമ്പോളങ്ങൾ സൃഷ്ടിക്കുക, മാലിന്യശേഖരണവും, സംസ്കരണവും കൂടുതൽ മികവുറ്റതാക്കുക, പുനഃരുപയോഗം നടത്താൻ പറ്റുന്ന പ്ലാസ്റ്റിക് ഉപയോഗിക്കുക, ഇതിന് വളരെ കൃത്യമായ നിയമാവലി കൊണ്ടുവരിക എന്നിവ നമ്മുക്ക് പ്രാവർത്തികമാക്കാവുന്ന സംഗതികളാണ്.

ഈ വർഷത്തെ പരിസ്ഥിതി ദിനത്തിൽ നമ്മുക്ക് പ്രതിജ്ഞ എടുക്കാം- ഭൂമിയുടെ നാഡി ഞരമ്പും, ഓക്സിജൻ വാഹികളും, അനേകം ജീവജാലങ്ങൾക്ക് ഭക്ഷണവും ,തരുന്നതായി പ്രവർത്തിക്കുന്ന സമുദ്രങ്ങളെ സംരക്ഷിക്കാം... പ്ലാസ്റ്റിക്കിന്റെ അമിതോപയോഗം അവസാനിപ്പിക്കുന്നതിലൂടെ .

സംസ്ഥാന ഗവൺമെന്റ് രണ്ട് വർഷമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഹരിത മിഷൻ പദ്ധതിയിലൂടെയും , തദ്ദേശസ്വയംഭരണ പദ്ധതിയായ ശുചിത്വമിഷൻ പ്രവർത്തനത്തിലൂടെയും നമ്മൾ കൈ കോർത്താൽ ഭൂമിദേവിയ പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും മോചിപ്പിക്കാനാവും.... മോചിപ്പിച്ചേ മതിയാവൂ.

# മൊബൈൽഫോൺ റേഡിയേഷനും യാഥാർത്ഥ്യവും

ശാസ്ത്രവഴി



കഴിഞ്ഞ കുറച്ചുവർഷങ്ങൾക്കിടയിൽ നമ്മുടെ നാട്ടിൽ മൊബൈൽ ഫോണുകൾക്കൊപ്പം തന്നെ വളർന്നുവന്ന ഒന്നാണ് മൊബൈൽപ്പേടി. മാറിയ ജീവിതരീതികൾക്ക് അനുസരിച്ച് വർദ്ധിച്ചു വരുന്ന, 'ജീവിതശൈലീരോഗങ്ങൾ'എന്ന ഓമനപ്പേരിൽ വിളിക്കുന്ന രോഗങ്ങൾ ഉൾപ്പെടെ നാട്ടിലെ സകല ആരോഗ്യപ്രശ്നങ്ങൾക്കും മൊബൈൽ ഫോണുകളെയും മൊബൈൽ ടവറുകളെയും വില്ലൻ വേഷം കെട്ടിക്കുന്ന പ്രവണതയാണ് കണ്ടു വരുന്നത്. "അഞ്ചു പാരസെറ്റമോൾ ഗുളിക കൊടുത്താൽ എലി ചത്തുപോകും, അതുകൊണ്ട് പാരസെറ്റമോൾ എന്നത് എലിവിഷമാണ് എന്ന് മനസിലാക്കാം" എന്ന 'Health tip' ചൂടപ്പം പോലെ ഷെയർ ചെയ്യപ്പെടുന്ന ഈ നാട്ടിൽ ഈ മൊബൈൽപ്പേടിയിലെ നെല്ലും പതിരും വേർതിരിക്കുന്നത് ശ്രമകരവുമാണ്, ആവശ്യവുമാണ്. പ്രത്യേകിച്ചും മൊബൈൽ സാങ്കേതികവിദ്യയുടെ പ്രചാരവും സ്വാധീനവും നാൾക്കുനാൾ വലിയ നിരക്കിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ.


മൊബൈൽപ്പേടി എന്നാൽ അടിസ്ഥാനപരമായി വിവരകൈമാറ്റത്തിന് മൊബൈൽ ഹാൻഡ്സെറ്റുകളും ബെയിസ് സ്റ്റേഷനുകളും (ടവറുകൾ) ഉപയോഗിക്കുന്ന ഇലക്ട്രോ-മാഗ്നെറ്റിക് റേഡിയേഷനോടുള്ള ഭയമാണ് ഉദ്ദേശിച്ചത്. 'റേഡിയേഷൻ' എന്ന പേര് തന്നെ ഒരു സാധാരണക്കാരനിൽ പേടി ഉണ്ടാക്കാൻ പോന്നതാണ്. എന്നാൽ സൂര്യപ്രകാശവും, ട്യൂബ് ലൈറ്റിന്റെ പ്രകാശവും എന്നുവേണ്ട മെഴുകുതിരിയുടെ വെട്ടം പോലും അടിസ്ഥാനപരമായി ഈ 'റേഡിയേഷൻ' തന്നെയാണ് എന്ന് നമ്മൾ ഓർക്കേണ്ടതുണ്ട്. പരസ്പരപൂരകമായി മാറിക്കൊണ്ടിരിക്കുന്ന വൈദ്യുത ഫീൽഡിന്റെയും കാന്തിക ഫീൽഡിന്റെയും ഒരു

**വൈശാഖൻ തമ്പി**
എൻ.എസ്.എസ്. കോളേജ്, ചേർത്തല





'പരേഡ്' ആണ് ഇലക്ട്രോ-മാഗ്നെറ്റിക് റേഡിയേഷൻ എന്ന് പറയാം. ഈ പരസ്പരപൂരകമായ മാറ്റത്തിന്റെ നിരക്ക് (അല്ലെങ്കിൽ ഫ്രീക്വൻസി) അനുസരിച്ച് അവയെ പല ഗ്രൂപ്പുകളാക്കി തിരിച്ചിട്ടുണ്ട്. ഏറ്റവും ഫ്രീക്വൻസി കുറഞ്ഞ റേഡിയോ തരംഗങ്ങൾ ഒറ്റത്തും ഏറ്റവും ഫ്രീക്വൻസി കൂടിയ ഗാമാ വികിരണങ്ങൾ മറ്റേ അറ്റത്തും വരത്തക്കരീതിയിൽ ഇലക്ട്രോ-മാഗ്നെറ്റിക് തരംഗങ്ങളെ ക്രമീകരിക്കുന്നതിനെ ഇലക്ട്രോ-മാഗ്നെറ്റിക് സ്പെക്ട്രം എന്ന് വിളിക്കും. ഫ്രീക്വൻസി കൂടുന്നതിന് അനുസരിച്ച് ഒരു റേഡിയേഷന്റെ 'ശക്തി' (energy content) കൂടും. ഇങ്ങനെ കൂടിയ ഊർജനിലയുള്ള റേഡിയേഷന് ഒരു ആറ്റത്തിലെ ഇലക്ട്രോണുകളെ തട്ടി തെറിപ്പിക്കാനും ആ ആറ്റത്തെ അയോണീകരിക്കാനും (ionize) ഉള്ള ശേഷിയുണ്ടാവും. തന്മാത്രകളിൽ ആറ്റങ്ങളെ തമ്മിൽ ചേർത്ത് നിർത്തുന്ന രാസബന്ധനങ്ങളെ (chemical bonds) പൊട്ടിക്കാൻ ഇത് മതിയാകും. ഈ കഴിവിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രോ-മാഗ്നറ്റിക് സ്പെക്ട്രത്തെ രണ്ടു ഭാഗങ്ങളായി വേർതിരിക്കാം- Ionizing radiations എന്നും non-ionizing radiations എന്നും. ഇതിൽ റേഡിയോ തരംഗങ്ങൾ മുതൽ അൾട്രാ-വയലറ്റ് വികിരണങ്ങളുടെ ഒരു ഭാഗം വരെ ഉള്ള വികിരണങ്ങൾക്ക് Ionizing power ഇല്ല. അൾട്രാ-വയലറ്റിൽ തന്നെ ഫ്രീക്വൻസി കൂടിയ UV-B, UV-C റേഡിയേഷൻ മുതൽ മുകളിലോട്ട് X-റേകളും ഗാമ വികിരണങ്ങളുമാണ് ionizing power ഉള്ള ഇലക്ട്രോമഗ്നെറ്റിക് റേഡിയേഷനുകൾ. ഈ വികിരണങ്ങൾ ശരീരകലകളിലെ തന്മാത്രകളിലെ രാസബന്ധങ്ങൾ പൊട്ടിക്കാൻ ശേഷിയുള്ളവ ആയതിനാൽ അപകടകാരികളാണ്. ക്യാൻസർ ചികിത്സയിൽ റേഡിയേഷൻ തെറാപ്പി എന്ന പേരിൽ ക്യാൻസർ കലകളെ നശിപ്പിക്കാൻ ഉപയോഗിക്കുന്നത് അയണൈസിങ് റേഡിയേഷൻ ആണ്. എക്സ്-റെ എടുക്കുന്നതിൽ കർശനമായ നിയന്ത്രണങ്ങൾ നിലവിലുള്ളതും ഇതേ കാരണം കൊണ്ട് തന്നെ. എന്നാൽ മൊബൈൽ ഫോണുകളും മറ്റ് റേഡിയോ ഫ്രീക്വൻസി ഉപകരണങ്ങളും ഉപയോഗിക്കുന്നത് non-ionizing radiation ആണ് എന്നത് പ്രത്യേകം ശ്രദ്ധിക്കണം. അവയ്ക്ക് രാസബന്ധനം പൊട്ടിക്കാനോ അയോണൈസേഷൻ പ്രഭാവം ഉണ്ടാക്കാനോ ഉള്ള ശേഷിയില്ല. ഇവയ്ക്ക് കടന്നുപോകുന്ന മാധ്യമത്തെ ചൂട് പിടിപ്പിക്കാനുള്ള ശേഷിയുണ്ടാവാം (thermal effect). ഈ റേഡിയേഷൻ ആഗിരണം ചെയ്യപ്പെടുമ്പോ തന്മാത്രകൾ സ്വയം കമ്പനം ചെയ്യാൻ തുടങ്ങുന്നതാണ് ഇതിന് കാരണം. ഈ തത്വമാണ് ഒരു മൈക്രോ വേവ് ഓവനിൽ ഉപയോഗിക്കുന്നത്.



അയണൈസേഷൻ പവർ ഇല്ലെങ്കിൽ കൂടി എല്ലാത്തരം റേഡിയേഷനുകളും ഒരു നിശ്ചിത അളവിൽ ഊർജം വഹിക്കുന്നതുകൊണ്ട് അവ നമ്മുടെ ശരീരവുമായി എങ്ങനെ പ്രതിപ്രവർത്തിക്കുന്നു എന്നതു പരിശോധിക്കേണ്ടതുണ്ട്.റേഡിയോ ഫ്രീക്വൻസി ഉള്ള വികിരണങ്ങളെ ഒരു പരിധി വരെ നമ്മുടെ ശരീരം ആഗിരണം ചെയ്യാറുണ്ട്. ഈ ആഗിരണത്തിന്റെ തോത് SAR (Specific Absorption Rate) എന്ന അളവിലാണ് പൊതുവേ പറയുന്നത്. ഒരു പരിധിയിൽ കൂടുതൽ ഊർജം ആഗിരണം ചെയ്യപ്പെടുന്നത് ശരീരകലകൾക്ക് ദോഷകരമായേക്കാം എന്നതിനാൽ ഇന്ത്യ ഉൾപ്പെടെ നിരവധി രാജ്യങ്ങൾ നിയമം മൂലം റേഡിയോ സാങ്കേതികവിദ്യയിൽ SAR-നു ഒരു ഉയർന്ന പരിധി നിഷ്കർഷിക്കുന്നുണ്ട്. ഇന്നുവരെ നടത്തിയിട്ടുള്ള ശാസ്ത്രീയ പഠനങ്ങളിൽ നിന്നുള്ള നിഗമനങ്ങളെ ആധാരമാക്കി, റേഡിയോ സാങ്കേതിക മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പൊതുജനത്തിനും ബാധകമായ SAR പരിധിയെ സംബന്ധിച്ച മാർഗരേഖകൾ പുറത്തിറക്കിയിട്ടുള്ളത് രണ്ട് അന്തർദേശീയ സംഘടനകളാണ്- International Commission on Non-Ionizing Radiation Protection (ICNIRP) യും Institute of Electrical and Electronics Engineers (IEEE) യും. ലോകാരോഗ്യ സംഘടന ഔദ്യോഗികമായി അംഗീകരിച്ച

ഈ മാർഗരേഖകൾ അനുസരിച്ചാണ് സർക്കാരുകൾ ഫോൺ കമ്പനികൾക്ക് നിബന്ധനകൾ വെക്കുന്നതും അതനുസരിച്ചാണ് അവർ ഫോണുകൾ പുറത്തിറക്കുന്നതും. SAR-ന്റെ ഉയർന്ന പരിധി രാജ്യങ്ങൾക്കനുസരിച്ച് മാറും. 2008-ൽ ICNIRP മാർഗരേഖ അനുസരിച്ച് ഇന്ത്യ സ്വീകരിച്ച SAR പരിധി, ഇന്ത്യയിലെ ടെലികോം ഉപയോഗത്തിന്റെ അത്ഭുതപൂർവമായ വളർച്ചയെ തുടർന്ന ടെലികമ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റ് (DoT) ഒരു മുൻകരുതൽ എന്ന നിലയിൽ 2012-ൽ പത്തിലൊന്നായി താഴ്ത്തിയിട്ടുണ്ട്. ICNIRP value തന്നെ ഒരു reduction factor കൂടി ഉൾപ്പെടുത്തിയാണ് നിശ്ചയിച്ചിരിക്കുന്നത്. അതായത് യഥാർത്ഥ്യത്തിൽ സുരക്ഷിതമായ മൂല്യത്തെക്കാൾ 50 മടങ്ങ് ചെറിയ മൂല്യമാണ് ICNIRP അവരുടെ ഉന്നത പരിധിയായി നിശ്ചയിച്ചിരിക്കുന്നത്. DoT ലെവൽ അതിലും താഴെയാണെങ്കിൽ കൂടി ആ ലെവലിൽ കൂടുതൽ റേഡിയേഷൻ പുറപ്പെടുവിക്കുന്ന റേഡിയോ സാങ്കേതികവിദ്യകൾക്ക് ഇന്ത്യയിൽ പ്രവർത്തനാനുമതി ഇല്ല. ഇപ്പോൾ ഇന്ത്യയിലെ SAR പരിധി 1.6 W/kg ആണ്. ഇന്ന് നമ്മൾ ഉപയോഗിക്കുന്ന എല്ലാ മൊബൈൽ ഫോണുകളുടെയും SAR value ഇതിനേക്കാൾ വളരെ താഴെയാണ്. (ഒരു ഫോണിന്റെ SAR അറിയുവാൻ http://www.sarvalues.com എന്ന് വെബ്സൈറ്റിൽ പോയാൽ സാധിക്കും). ഈ ലെവലിൽ റേഡിയേഷനുകൾക്ക് അയണൈസേഷൻ സ്വഭാവം ഇല്ല എന്ന് മാത്രമല്ല, thermal effect എന്ന നിലയിൽ മനുഷ്യശരീരത്തിൽ അതിനുണ്ടാക്കാൻ കഴിയുന്ന താപവർദ്ധനവ് വളരെ ചെറുതാണ്.

തലയോട് ചേർത്ത് മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് തലച്ചോറിലും മറ്റും ക്യാൻസർ ഉണ്ടാക്കുമെന്ന് പരക്കെ പറയപ്പെടുന്നുണ്ട് എങ്കിലും ഇന്നിതുവരെ നടന്ന പഠനങ്ങൾ ഒന്നും തന്നെ മൊബൈൽ റേഡിയേഷൻ ക്യാൻസർ ഉണ്ടാക്കുമെന്ന് തെളിയിച്ചിട്ടില്ല. DNA-യിൽ ഉണ്ടാകുന്ന മാറ്റങ്ങളാണ് ക്യാൻസർ വികാസം പ്രാപിക്കുന്നതിന് പ്രധാന കാരണം. എന്നാൽ മൊബൈൽ ഫോൺ വികിരണങ്ങൾക്ക് DNA യിൽ മാറ്റം വരുത്താനുള്ള ശേഷിയില്ല എന്ന് ഇതിനകം പറഞ്ഞല്ലോ. മൊബൈൽ ഫോൺ



ഉപയോഗം ക്യാൻസർ ഉണ്ടാക്കിയതായി ചില പഠനങ്ങൾ തീർച്ചയായും പുറത്തുവന്നിട്ടുണ്ട്. പക്ഷേ വിദഗ്ധ പരിശോധനയിൽ ഈ പഠനങ്ങളിൽ എല്ലാം ഒരുപാട് അപാകതകൾ കയറിക്കൂടിയിട്ടുണ്ട് എന്നാണ് മനസിലാക്കിയിട്ടുള്ളത്. കൃത്യമല്ലാത്ത വിവര ശേഖരണം, വിശ്വാസയോഗ്യമല്ലാത്ത വിവരങ്ങൾ, പക്ഷപാതപരമായ അനുമാനങ്ങൾ, മുൻവിധിയോടെയുള്ള സമീപനങ്ങൾ തുടങ്ങി നിരവധി കാരണങ്ങൾ അതിനു പിന്നിൽ ഉള്ളതായി വിദഗ്ധർ പറയുന്നു. ലോകാരോഗ്യ സംഘടനയുടെ (WHO) ഭാഗമായ International Agency for Research on Cancer (IARC) മൊബൈൽ വികിരണങ്ങളെ Group 2B എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. "ഒരുപക്ഷേ ക്യാൻസർ ഉണ്ടാക്കാൻ സാദ്ധ്യതയുള്ള" (possibly carcinogenic) വസ്തുക്കളാണ് ഈ വിഭാഗത്തിൽ ഉള്ളത്. എന്നാൽ ഇതിനോടൊപ്പം തന്നെ, "മൊബൈൽ വികിരണങ്ങൾ ക്യാൻസറിനോ മറ്റെന്തെങ്കിലും രോഗങ്ങൾക്കോ കാരണമാകുന്നു എന്ന് കൃത്യമായി തെളിയിക്കുന്ന ഒരു പഠനഫലവും പുറത്തുവന്നിട്ടില്ല" എന്ന് WHO കൂട്ടിച്ചേർക്കുന്നു. കഴിഞ്ഞ 30 വർഷങ്ങൾക്കിടെ പുറത്തിറങ്ങിയ 25,000-ഓളം ഗവേഷണ പ്രബന്ധങ്ങളെ സൂക്ഷ്മമായി വിലയിരുത്തിയ

**'റേഡിയേഷൻ' എന്ന പേര് തന്നെ ഒരു സാധാരണക്കാരനിൽ പേടി ഉണ്ടാക്കാൻ പോന്നതാണ്. എന്നാൽ സൂര്യപ്രകാശവും, ട്യൂബ് ലൈറ്റിന്റെ പ്രകാശവും എന്നുവേണ്ട മെഴുകുതിരിയുടെ വെട്ടം പോലും അടിസ്ഥാനപരമായി ഈ 'റേഡിയേഷൻ' തന്നെയാണ് എന്ന് നമ്മൾ ഓർക്കേണ്ടതുണ്ട്.**

ശേഷമാണ് WHO ഇത് പറയുന്നത്. മൊബൈൽ ഫോൺ ഉപയോഗിക്കുന്ന ഫ്രീക്വൻസിയുടെ പ്രത്യേകത കൊണ്ട് തൊലിക്കപ്പുറം ശരീരത്തിന്റെ ഉള്ളിലേക്ക് ഏതാനും മില്ലിമീറ്ററുകൾക്ക് അപ്പുറം ഉള്ളിലേക്കു കയറാൻ ഈ റേഡിയേഷനു കഴിയുകയില്ല. അതുകൊണ്ട് തന്നെ ജൈവശാസ്ത്രീയമായി തലച്ചോർ പോലുള്ള ആന്തരികാവയവങ്ങൾക്ക് എന്തെങ്കിലും ദോഷം വരുത്താൻ ഇവയ്ക്ക് കഴിയുമെന്ന് വിശ്വസിക്കാനാം ബുദ്ധിമുട്ടുണ്ട്.

ഒരു മൊബൈൽ ഫോൺ സാധാരണഗതിയിൽ പുറത്തേയ്ക്ക് റേഡിയേറ്റ് ചെയ്യുന്ന പവർ ഏതാണ്ട് ഒരു വാട്ട് (1 W) ആണ്. മൊബൈൽ ടവർ ആണെങ്കിൽ ഇത് 100 W അട്ടപ്പിച്ച് വരും. സ്രോതസ്സിൽ നിന്നുള്ള അകലം കൂടുന്നതിനനുസരിച്ച് ഈ പവർ വളരെ പെട്ടെന്ന് കുറഞ്ഞുകൊണ്ടേയിരിക്കും. സ്രോതസ്സിൽ നിന്നുള്ള ദൂരത്തിന്റെ വർഗത്തിന് വിപരീത അനുപാതത്തിലാണ് ഫീൽഡിന്റെ ശക്തി ഉണ്ടാകുക (power attenuation). അതുകൊണ്ട് തന്നെ ഒരു മൊബൈൽ ടവർ താഴെ മണ്ണിനടുത്ത് ഉണ്ടാക്കുന്ന ഫീൽഡിന്റെ ശക്തി, നമ്മുടെ കൈയിലുള്ള മൊബൈൽ ഫോൺ ഉണ്ടാക്കുന്ന ഫീൽഡിനെക്കാൾ വളരെ ദുർബലമായിരിക്കും. (ഇതേ കാരണം കൊണ്ട് മൊബൈലിൽ ഇയർ ഫോണുകൾ ഉപയോഗിക്കുന്നത് ശരീരത്തിൽ ഏൽക്കുന്ന റേഡിയേഷന്റെ അളവ് വളരെയധികം കുറയ്ക്കും) മൊബൈൽ ഹാൻഡ്സെറ്റിനെ അപേക്ഷിച്ച് ടവറുകളെ കൂടുതൽ 'പാവങ്ങളാക്കുന്ന' മറ്റൊരു കാര്യം, ടവറിന്റെ കവറേജ് മോശമാണ് എങ്കിൽ (റെയ്ഞ്ച് കുറഞ്ഞ സ്ഥലം) അവിടെ കമ്യൂണിക്കേഷൻ സാധ്യമാകാൻ മൊബൈൽ ഫോണിന് കൂടുതൽ പവർ പുറത്തേയ്ക്ക് റേഡിയേറ്റ് ചെയ്യേണ്ടി വരും എന്നതാണ്. ഇത് ശരീരത്തിന് ഏൽക്കുന്ന റേഡിയേഷന്റെ അളവ് കൂട്ടുകയാണ് ചെയ്യുന്നത്. അതായത് നല്ല കവറേജ് ഉള്ള സ്ഥലത്താണ് നമ്മൾ കുറവ് റേഡിയേഷന് വിധേയരാകുന്നത് എന്നർത്ഥം. മൊബൈൽ ടവറുകൾ എന്തോ ചെകുത്താന്റെ കോട്ടയാണ് എന്ന് ധരിച്ച്, "എന്റെ ഫോണിന് റെയിഞ്ച് വേണം, പക്ഷേ എന്റെ പറമ്പിൽ മൊബൈൽ ടവർ പാടില്ല" എന്ന് ചിന്തിക്കുന്ന നമ്മൾ ഇത് ബാധകമല്ല. ഫ്രീക്വൻസി കുറവായതുകൊണ്ട് മൊബൈൽ വികിരണങ്ങളെക്കാൾ കൂടുതൽ നമ്മുടെ ശരീരം ആഗിരണം ചെയ്യുന്നത് ടി.വി, എഫ്.എം. വികിരണങ്ങളെയാണ് എന്നതാണ് മറ്റൊരു കാര്യം. മൊബൈൽ ഫോണിനെക്കാൾ പതിറ്റാണ്ടുകൾ മുന്നേ റേഡിയോയും ടി.വിയും ഉപയോഗിച്ച് തുടങ്ങിയ നമ്മൾ അതിന്റെ പേരിൽ ഒരു ആരോഗ്യപ്രശ്നത്തെക്കുറിച്ചും ഇത്രയും കോലാഹലങ്ങൾ ഉണ്ടാക്കിയിട്ടില്ല. ഇന്നാകട്ടെ WiFi പോലുള്ള വയർലെസ് സാങ്കേതികവിദ്യകളും നമ്മൾ സർവസാധാരണമായി ഉപയോഗിക്കുന്നു. ഒപ്പം ടി.വി, റേഡിയോ, റെഫ്രിജറേറ്റർ എന്നിങ്ങനെ നിരവധി സ്രോതസ്സുകൾ മൊബൈൽ ഫോണുകളെക്കാൾ കൂടുതൽ വികിരണോർജ്ജം പുറപ്പെടുവിക്കുന്നുണ്ട്. അടുത്തുകൂടി പോകുന്ന 110 KV പവർ ലൈൻ ഒരു മൊബൈൽ ടവറിനെക്കാൾ പതിൻമടങ്ങ് ശക്തിയുള്ള ഇലക്ട്രോ-മാഗ്നെറ്റിക് ഫീൽഡ് ഉണ്ടാക്കുന്നുണ്ട്. എന്നാൽ ഇതെല്ലാം തന്നെ അനുവദനീയമായ റേഡിയേഷൻ ലിമിറ്റിനു വളരെ താഴെയാണ്.

ആശുപത്രി, വിമാനം തുടങ്ങിയ സ്ഥലങ്ങളിലെ കമ്യൂണിക്കേഷൻ ഉപകരണങ്ങളുമായും പെയ്സ്മേക്കർ പോലുള്ള ആരോഗ്യപരിരക്ഷാ ഉപകരണങ്ങളുമായും മൊബൈൽ വികിരണങ്ങൾ interfere ചെയ്യാൻ സാധ്യതയുണ്ട് എന്നതിനാൽ അവിടങ്ങളിൽ മൊബൈൽ ഫോണിന് നിയന്ത്രണങ്ങൾ ആവശ്യമാണ്. എന്നാൽ ഇത്രയും പറഞ്ഞതിൽ നിന്നും പരക്കെ പ്രചരിപ്പിക്കപ്പെടുന്നപോലെ ഒരു "ഭീകരവസ്തു" അല്ല മൊബൈൽ ഫോൺ എന്നാണ് അനുമാനിക്കേണ്ടത്. ഇത്രയും നാൾ വിശദമായ പഠനങ്ങൾ നടന്നിട്ടും ഗുരുതരമായ ഒരു ആരോഗ്യ പ്രശ്നവും മൊബൈൽ ഫോൺ റേഡിയേഷൻ ഉണ്ടാക്കുന്നതായി അസന്നിഗ്ദ്ധമായി തെളിഞ്ഞിട്ടില്ല എങ്കിൽ പോലും ഒരു മുൻകരുതൽ എന്ന നിലയിൽ ഇതിന്റെ ഉപയോഗം കഴിയുന്നത്ര കുറയ്ക്കുന്നതാണ് നല്ലത് എന്ന് പല രാജ്യങ്ങളും നിഷ്കർഷിക്കുന്നു. ഇതേ അർത്ഥത്തിൽ തന്നെയാണ് IARC അതിനെ "possibly carcinogenic" എന്ന വിഭാഗത്തിൽ പെടുത്തിയിരിക്കുന്നതും. നാളെ എന്തെങ്കിലും മൊബൈൽ ഫോണിന് റേഡിയേഷൻ കാരണം ഒരു അപകടവശം ഉണ്ട് എന്ന് തെളിയിക്കപ്പെട്ടാൽ, എന്തായാലും അന്ന് മൊബൈൽ ഫോണിന്റെ ഒപ്പം തന്നെ നമ്മുടെ മറ്റ് പല നിത്യോപയോഗ വസ്തുക്കളും പടിക്ക് പുറത്താവും. എന്നാൽ മൊബൈൽപ്പേടി ഒരു അന്ധവിശ്വാസം പോലെ പടരുന്നതായാണ് കാണപ്പെടുന്നത്. പർവതീകരിക്കപ്പെട്ട അപകട സൂചനകളുമായി ഒരുപാട് പേർ ഇത് പരക്കെ പ്രചരിപ്പിക്കുന്നുമുണ്ട്. മൊബൈൽ വികിരണം കുറയ്ക്കുന്ന ഉപകരണങ്ങളുടെ വിൽപ്പന എന്ന രൂപത്തിൽ ഒരു വിപണനസാധ്യത കൂടി ഇവയിൽ ചിലതിന്റെ പിന്നിലുണ്ട്. മൊബൈൽ ഫോണിനെക്കാൾ പല മടങ്ങ് അപകടകാരികളായ സാഹചര്യങ്ങൾ കീടനാശിനികൾ, ഭക്ഷണത്തിലെ മായം ചേർക്കൽ, വനനശീകരണം, വായു-ജല-ശബ്ദ മലിനീകരണം, മണലെടുപ്പ്, വാഹനങ്ങൾ പുറത്തുവിടുന്ന പുക തുടങ്ങിയ രൂപങ്ങളിൽ നമ്മൾ നേരിടുന്നുണ്ട് എന്നതിനാൽ തന്നെ മൊബൈൽ ഫോണുകളുടെയും ടവറുകളുടെയും സത്യാവസ്ഥ മനസിലാക്കാതെയുള്ള ഈ പേടിയുടെ ആവശ്യമില്ല.

വാൽക്കഷണം: ചുണ്ടിൽ പുകയുന്ന സിഗററ്റുമായി മൊബൈൽ ടവറിനെതിരേ സമരം ചെയ്യുന്ന പൊതുജനം ഒരു രസകരമായ കാഴ്ചയാണ്.

അവലംബങ്ങൾ


1. http://www.who.int/features/qa/30/en/

2. http://www.who.int/mediacentre/factsheets/fs193/en/index.html

3. http://www.cancer.gov/cancertopics/factsheet/Risk/cellphones

4. http://articles.economictimes.indiatimes.com/2013-01-31/news/36658996_1_icnirp-cell-phone-towers-bioinitiative-report

5. http://www.who.int/peh-emf/about/WhatisEMF/en/index3.html

6. http://www.slideshare.net/ypatnayak/myths-about-cell-tower-radiations-unleashed

7. http://en.wikipedia.org/wiki/Mobile_phone_radiation_and_health




# റൂസയും കേരളത്തിലെ എയ്ഡഡ് കോളേജുകളും

ഡോ. എം.ബി. ഗോപാലകൃഷ്ണൻ
മാർതോമ കോളേജ്, ചുങ്കത്തറ



കേരളത്തിലെ 102 എയ്ഡഡ് കോളേജുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസയിൽ നിന്നും രണ്ട് കോടി രൂപ വീതം സാമ്പത്തികസഹായം ലഭിക്കും. കോളേജുകളുടെ പശ്ചാത്തല വികസന ഗ്രാന്റ് (Infrastructure Grant to Colleges) വിഭാഗത്തിൽപ്പെടുത്തിയാണ് സംസ്ഥാനത്തെ 102 കോളേജുകൾക്ക് രണ്ട് കോടി രൂപ വീതം നൽകാൻ മെയ് 25ന് ചേർന്ന റൂസയുടെ പ്രോജക്ട് അപ്രൂവൽ ബോർഡ്(PAB) യോഗം തീരുമാനിച്ചത്. റൂസ രണ്ടാം ഘട്ടത്തിന്റെ സഹായമാണിത് .ഒന്നാംഘട്ടത്തിൽ സംസ്ഥാന സർവ്വകലാശാലകൾക്കും ഗവൺമെൻറ് കോളേജുകൾക്കും മാത്രമാണ് റൂസ ധനസഹായം നൽകിയിരുന്നത്.

റൂസയുടെ സാമ്പത്തികസഹായത്തിന് എയ്ഡഡ് കോളേജുകളെക്കൂടി പരിഗണിക്കണമെന്ന് എകെപിസിടിഎ ശക്തമായി ആവശ്യപ്പെട്ടിരുന്നു. സംഘടനയുടെ ഇടപെടലിന്റെ കൂടി ഫലമായി റൂസയിൽ നിന്നുള്ള സാമ്പത്തിക സഹായത്തിനായി എയ്ഡഡ് കോളേജുകളെ കൂടി പരിഗണിക്കാൻ ബഹുമാനപ്പെട്ട സ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽഡിഎഫ് ഗവൺമെന്റ് തീരുമാനിക്കുകയായിരുന്നു. ഈ തീരുമാനം റൂസയുടെ പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിച്ചു. തൽ ഫലമായിട്ടാണ് ഇപ്പോൾ കേരളത്തിലെ 102 എയ്ഡഡ് കോളേജുകൾകൂടി റൂസ പദ്ധതികളുടെ സാമ്പത്തികസഹായത്തിന് അർഹമായത്.



## എന്താണ് റൂസ

രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (RUSA)ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. National Higher Education Mission എന്ന് ഭാഷാന്തരീകരണം നടത്താൻ കഴിയുന്ന റൂസ SSA, RMSA എന്നിവപോലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മിഷനാണ്. 12,13 പദ്ധതിക്കാലത്തേക്കു ലക്ഷ്യം വച്ചുകൊണ്ടാണ് റൂസ സൃഷ്ടിക്കപ്പെട്ടത്. 2013 ഒക്ടോബറിൽ കേന്ദ്ര ക്യാബിനറ്റ് റൂസക്കു അംഗീകാരം നൽകി. 2014 ജനവരിയിൽ കേരളം റൂസയിൽ അംഗമായി. ലക്ഷദ്വീപ് ഒഴികെ 35 സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും ഇപ്പോൾ റൂസയിൽ പങ്കാളികളാണ്.

പതിമൂന്നാം പദ്ധതിയുടെ അവസാനത്തോടെ റൂസ രണ്ടാംഘട്ടം താഴെ പറയുന്നവ ലക്ഷ്യംവയ്ക്കുന്നു

a) സംസ്ഥാനത്തിന്റെ ജിഡിപിയുടെ(GSDP) 2 ശതമാനമെങ്കിലും ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കു വേണ്ടി ചിലവഴിക്കുക.

b) 2020 മാർച്ചോടുകൂടി സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും നാക് (NAAC) ന്റെ അക്രെഡിറ്റേഷനു വിധേയമാക്കുക.

c) അധ്യാപക വിദ്യാർത്ഥി അനുപാതം 1:15 ആക്കുക.

d) ഗ്രോസ് എൻറോൾമെൻറ് റേഷ്യോ (GER)2022 ഓടെ 32 ശതമാനമാക്കി ഉയർത്തുക.

**Quality, Access, Equity എന്നീ മധുരമനോജ്ഞ പദങ്ങളെ മുൻനിർത്തി നവലിബറൽ സാമ്പത്തികനയങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കാനുള്ള ഏജൻസിയാണ് റൂസ എന്ന് പ്രഥമ വിശകലനത്തിൽ തന്നെ മനസ്സിലാകും.**

e) യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ എണ്ണം 200 ആയി ചുരുക്കുക

ദേശീയതലത്തിൽ റൂസയുടെ പ്രവർത്തന ഘടന 4 തലങ്ങളിലാണ്

a) നാഷണൽ മിഷൻ അതോറിറ്റി (NMA)- കേന്ദ്ര മാനവ വിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലുള്ള ഈ അതോറിറ്റിയാണ് റൂസയുടെ നയരൂപീകരണം നടത്തുന്നത്

b) പ്രോജക്ട് അപ്രൂവൽ ബോർഡ് (PAB) -കേന്ദ്രഗവൺമെന്റ് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അധ്യക്ഷനായ ഈ ബോർഡിൽ യുജിസി ചെയർമാൻ ,എഐസിടിഇ ചെയർമാൻ തുടങ്ങിയവർ അംഗങ്ങളാണ്. സംസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും പ്രോജക്ടുകൾ വിലയിരുത്തുന്നതും അംഗീകരിക്കുന്നതും പി എ ബി യാണ്.

c) നാഷണൽ പ്രോജക്ട് ഡയറക്ടറേറ്റ് (NPD)-ഉന്നതവിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള എൻ പി ഡിക്കാണ് പ്രോജക്ട് ഫണ്ട് മാനേജ്മെന്റിന്റെ ഉത്തരവാദിത്വം

d) ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (TSG)- NMA,PAB,NPD എന്നിവയ്ക്ക് വേണ്ട മാനേജീരിയൽ, പ്രൊഫഷണൽ സഹായങ്ങൾ നൽകുന്നത് ടി എസ് ജി ആണ്

## റൂസയും കേരളവും

സംസ്ഥാനതലത്തിൽ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന് പുറമെ ദ്വിതല ഘടനയാണ് നിലവിലുള്ളത്.

1. സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടറേറ്റ് (SPD) കേരളത്തിലെ ബഹു. വിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡയറക്ടറും , കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കോ -ഓർഡിനേറ്ററുമായ പ്രൊജക്റ്റ് ഡയറക്ടറേറ്റ് നിലവിലുണ്ട്. മുൻപ് റൂസ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിലായിരുന്നു പ്രവർത്തിച്ചിരുന്നത്.

2. ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (TSG) - സയൻസ്, ആർട്സ്, കോമേഴ്സ്, എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലയിലെ പ്രഗത്ഭർഉൾപ്പെട്ടതാണ് TSG.

വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് നിർമ്മിക്കാൻ സ്ഥാപനങ്ങളെ സഹായിക്കുക, റൂസ പദ്ധതികളുടെ മേൽനോട്ടവും, വിലയിരുത്തലും നടത്തുക,പ്രൊജക്റ്റ് മോണിറ്ററിങ് യൂണിറ്റ് ആയി പ്രവർത്തിക്കുക എന്നിവയാണ് TSG യുടെ പ്രധാന പ്രവർത്തനങ്ങൾ. റൂസയുടെ സംസ്ഥാന ഡയറക്ടറേറ്റ് കേന്ദ്രഗവണ്മെന്റിന് സമർപ്പിക്കുന്ന എല്ലാ പദ്ധതി നിർദേശങ്ങളും TSG അംഗീകരിക്കണം.

കേരളസർക്കാർ നാമനിർദേശം ചെയ്ത യൂണിവേഴ്സിറ്റി | കോളേജ് അധ്യാപകർ അടങ്ങുന്ന 20 അംഗ TSG ആണ് നിലവിലുള്ളത്.

റൂസ ഒന്നാം ഘട്ടത്തിൽ കേരളത്തിലെ 6 സർവകലാശാലകൾക്ക് 20 കോടി വീതവും, 15 ഗവണ്മെന്റ് കോളേജുകൾക്ക് 2 കോടി രൂപ വീതവും നൽകി. 60 : 40 എന്ന അനുപാതത്തിലാണ് കേന്ദ്രവും കേരളസംസ്ഥാനവും റൂസ ഫണ്ട് വീതം വെക്കുന്നത്. റൂസയിൽ നിന്ന് പശ്ചാത്തല വികസന ഗ്രാന്റ് ലഭിക്കുന്ന തുക കോളേജുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കും, അറ്റകുറ്റ പണികൾക്കും, പുതിയ സാധനങ്ങൾ, ബുക്കുകൾ, ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും ഉപയോഗിക്കാം. റൂസ ഒന്നാം ഘട്ടത്തിലെ നിബന്ധന അനുസരിച്ച നിർമ്മാണ പ്രവർത്തനങ്ങൾക്ക് പരമാവധി 35% തുകയും, അറ്റകുറ്റ പണികൾക്ക് 35% തുകയും, പുതിയ സാധനങ്ങൾ വാങ്ങിക്കുന്നതിന്ന് 30% തുകയും ഉപയോഗിക്കാം.

റൂസയുടെ മാർഗ്ഗനിർദേശപ്രകാരം നിർമ്മാണ പ്രവർത്തനങ്ങളിൽ ആൺകുട്ടികൾക്കും,പെൺകുട്ടികൾക്കും ഉള്ള ഹോസ്റ്റൽ,ശുചിമുറികൾ,ക്ലാസ്റൂമുകൾ,ലബോറട്ടറികൾ, കമ്പ്യൂട്ടർ സെന്ററുകൾ,കാന്റീൻ,കോമൺ റൂം എന്നിവ ഉൾപ്പെടുത്താം.

**ഓരോ പ്രോജെക്റ്റിന്റെയും 40% തുക സംസ്ഥാന ഗവണ്മെന്റ് നല്കണമെന്ന് നിഷ്കർഷിക്കുമ്പോഴും, പ്രോജക്റ്റിന്റെ തിരഞ്ഞെടുപ്പ്, പ്രോജക്റ്റിന്റെ മാനദണ്ഡങ്ങൾ എന്നിവ പൂർണമായും കേന്ദ്രഗവണ്മെന്റ് കയ്യടക്കി വെച്ചിരിക്കുന്നത് ഈ പദ്ധതിയുടെ ജനാധിപത്യവിരുദ്ധതയും വിളിച്ചോതുന്നു.**

അറ്റകുറ്റപണികൾ/ നിലവിലുള്ള സൗകര്യങ്ങൾ വർധിപ്പിക്കുന്ന വിഭാഗത്തിൽ അക്കാഡമിക് കെട്ടിടങ്ങളുടെയും, ഭരണവിഭാഗം കെട്ടിടങ്ങളുടെയും, ഹോസ്റ്റൽ, ശുചിമുറി, ലൈബ്രറി,ക്ലാസ്റൂം,ഓഡിറ്റോറിയം,ലബോറട്ടറി,കാന്റീൻ,കംപ്യൂട്ടർ സെന്റർ എന്നിവയുടെ അറ്റകുറ്റപണികൾക്കും, നിലവിലുള്ള വർധിപ്പിക്കുന്നതിനും ഉപയോഗിക്കാം. കൂടാതെ, ക്യാമ്പസ്സിന്റെ സൗന്ദര്യവത്ക്കരണം, കുടിവെള്ള വിതരണം, അഴുക്കുചാൽ നിർമ്മാണം,ജലസംരക്ഷണം,ഊർജോത്പാദനം തുടങ്ങിയവയ്ക്കുവേണ്ടിയും ഉപയോഗിക്കാം.

പുതിയ സാധനങ്ങൾ വാങ്ങുന്ന വിഭാഗത്തിൽ സ്പോർട്സ് ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ, ലബോറട്ടറി ഉപകരണങ്ങൾ, ലൈബ്രറി ബുക്കുകൾ, ജേർണലുകൾ,ഇ-ജേർണലുകൾ എന്നിവ വാങ്ങുന്നതിനു വേണ്ടി ഉപയോഗിക്കാം.

## ഉപസംഹാരം

Quality,Access,Equity എന്നി മധുരമനോജ്ഞ പദങ്ങളെ മുൻനിർത്തി നവലിബറൽ സാമ്പത്തികനയങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കാനുള്ള ഏജൻസിയാണ് റൂസ എന്ന് പ്രഥമ വിശകലനത്തിൽത്തന്നെ മനസ്സിലാകും.സ്വാശ്രയമേഖലയിലേക്കു അനാസ്യൂതമായി ഫണ്ട് ഒഴുക്കാനാണ് റൂസ അതിന്റെ പല പദ്ധതികളിലൂടെയും (components) ശ്രമിക്കുന്നത്. കോളേജുകളെ ഓട്ടോണോമിസ് കോളേജുകളായി പരിവർത്തനം ചെയ്യാനുള്ള വ്യഗ്രതയും റൂസ പ്രകടിപ്പിക്കുന്നു.

ഓരോ പ്രോജെക്റ്റിന്റെയും 40% തുക സംസ്ഥാന ഗവണ്മെന്റ് നല്കണമെന്ന് നിഷ്കർഷിക്കുമ്പോഴും, പ്രോജക്റ്റിന്റെ തിരഞ്ഞെടുപ്പ്, പ്രോജക്റ്റിന്റെ മാനദണ്ഡങ്ങൾ എന്നിവ പൂർണമായും കേന്ദ്രഗവണ്മെന്റ് കയ്യടക്കി വെച്ചിരിക്കുന്നത് ഈ പദ്ധതിയുടെ ജനാധിപത്യവിരുദ്ധതയും വിളിച്ചോതുന്നു.

# The Dignified Distance

**Jaison Jose**
**St. Aloysius College, Thrissur**



"Sir, it's me, Sheena." I was about to pay my bill at the cash counter of a mall in the city when my phone rang. The number was unfamiliar, not from my contact list.

"Sir, I have some good news to crack..." the young female voice sounded pleasant and excited.

"Sir, the girls' wing of our NCC got first place in the republic day parade!"

Oh, it was the evening of January 26, and it must be quite steam fresh piece of news regarding the march past of the afternoon in the city square. The college team has won first prize at the intercollegiate level in the Republic Day parade that was conducted in the afternoon at the city square!

I told her that I was busy at that moment and that I would call her after awhile for further details.

I was happy, not just because the NCC brought laurels for the college; I was happy at the call from Sheena, her first ever call to me, because we had become friends just a day before and still she cared to ring me up, so promptly, to crack the good news.

I noticed her quite accidently the previous day.

It was the evening and the sunlight was fading, and we were rather anxious to take Paul Sir out, in a convoy. Yet I noticed her in the bus shelter just outside the college gate, a rather tall girl with light brown complexion.

She was standing all alone, apparently waiting for a bus. It could be tough at that time. Situated in a serene locale

off the city, there are just a few buses plying to that area and quite impulsively I stopped the car and beckoned to her when I recognised her as a student in one of the second year UG classes that I taught.

As she was coming rather quickly to the side window, I noticed through the mirror that she walked clumsily with an apparent limp.

"Why are you so late to go home?" I ask her.

"Sir, we had NCC parade after the classes."

"Fine, but where are your other NCC friends?" I ask her again.

"They have left, sir. The next bus comes only after thirty minutes, so they would walk up to the next junction to catch a bus...I got my ankle sprained during the parade and cannot walk properly. That's why I am waiting for the bus all alone here." She added after a pause.

"Where do you live?" I ask her further.

"At Thalore." She replies.

It is pretty far and she will have to change another bus from the city to reach her home.

"I shall be going home along that route .Should I give you a lift?"

Her face brightened up. "Sure Sir!"

I was about to open the rear door for her when she came and opened the front door and occupied the seat beside me.

These post modern children are smarter than we imagine, I thought with an uncertain smile.

"Do you have a mobile phone with you?" I ask her. She nods. "Call your mom and I would like to inform her before I give a lift to you... a girl student."

I knew it was a bit regressive sort of formality, to inform a parent before giving a lift to one your students in your car, just because it was a girl. But that would be quite prudent primarily because it is still the same old country that we live and no overnight miracle has happened so far to transform this ancient land into a progressive, liberal place, as far as inter- sex relationships are concerned. Secondly because, under the circumstances it would be quite necessary to do so, considering what happened to Paul Sir right this forenoon.

The students were so beastly with him; I need not take any risk for another student!

They sat in front of the department demanding an apology from him, the whole day long, shouting slogans at their teacher.

And what was his crime?

He just questioned a pair of students, a boy and a girl, sitting in unrestrained physical intimacy in the corridor right in front of his department in the college. He told them it was not very decent to do so in the corridor of a college when many others, including the teachers passed through that area.

That triggered the student unrest.

The students maintained a totally different version regarding the incident. He was accused of moral policing. They were angry at the authoritarian way he dealt with the students just for 'a silly matter' like that. They argued that he found fault with the students because of his regressive thinking. The angry students shouted that they were no longer mere kids and knew how to behave in a college campus that is meant for the grown up men and women students.

Probably the generation gap is a solid reality. Did anybody think earnestly to recollect how our generation reacted to issues at the volcanic age of late teens? Probably we had more regard for our teachers then; but, did we have more patience than these youngsters, our students, when we were at their age?

It is tough to assess things, especially at crises. Yet, the issue snow balled into such dimensions that they began a sit-in protest right in front of the Geology department. The principal was out of station and the senior teachers talked to the students. They were adamant; they wanted an apology from Paul Sir.

The staff considered the matter and decided that the teaching community should not yield to such an unreasonable demand from the students and yielding to their pressure would demoralise the teaching community. Maintaining the discipline and decorum of the campus is the duty a teacher, and what was done by Paul Sir was right.

Thus the standoff continued all through the forenoon and afternoon. Most of the professors visited Paul sir in his department as a gesture of solidarity. Many of us sat in the Geology department proclaiming physical solidarity to our colleague. It was only late in the evening, after the intervention from many quarters that the sit- in protest was withdrawn.

Some of us show leniency to them. That is the problem; they should be dealt with sternly!

We need to teach these hooligans a lesson!

We should be tough to them, all of us. That is the way they should learn to respect their teachers!

Never trust them; they don't deserve a friendly treatment!

The teachers waiting in the Geology department were rather sour in spirits. Opinions were bitter and merciless; probably it was only natural at that hour of apprehension and shame for the teaching fraternity.

Probably they are right, I thought. They are no longer the innocent kids of the school. They have grown up far too enough and have their views and their politics. One needs to maintain a dignified distance from the students in a college, after all. Yes, a dignified distance with some subtle indifference.

When Paul Sir finally came out from the department late after the regular class hours, all of us decided to take him out from the campus in a convoy, a dozen of our cars lined up before and after his car to drive through the campus, to show what

we could do to our brethren in the hour of need. It was an occasion, a bit tense and emotionally charged, where allegiances were clearly defined and boarders were neatly drawn between us and them.

I was almost at the end of the convoy and it was just as we pulled out of the campus that I chanced to notice the girl standing alone in the bus shelter.

Even now I have no clear notion why I stopped my car for that girl, after hours of anger and shame that we had just lived through.

......and Sheena sitting beside me looked straight into my eyes and smiled broadly.

"Could I know why you wish to talk to my mom right now, sir?" she asks me politely.

"Let me tell her that I am giving a lift t to her daughter at this hour of the evening. I cannot do it without intimating her." My reply was rather curt.

"You are welcome to talk to my mom at any time, sir. But you need not call her over phone for such a silly matter. She knows me well and the boys of my class usually give me a lift. You are my teacher and naturally she will have no objection to the lift." She tells me gently but firmly.

The innocent yet authoritative tone in which she told me somehow convinced me that I didn't need to call her mom.

As we drove through the dusk, I talked to her. We had to cover over ten miles before we reached Thalore.

"It would be dark by the time we reach Thalore. Should I drop you at your home?"

"No sir, my home is in a by lane, just a few yards away from the highway. You would find it difficult to take a U turn in our narrow lane. You may just drop me at the junction." She tells me gently.

"Won't the people at the junction notice that somebody drops you.... in his car.... at sundown? They won't know that I am your teacher. In case somebody reports it to your father, how will he react to that?" I felt awkward at that mean question at her, but it rolled out from my lips just like that at that time, probably the collective shame we had just lived through has taken its toll.

"My papa doesn't dare to interfere in my affairs!" came the cool answer from Sheena.

Then she began to open up, just in that unrestrained adolescent fashion- up, close and intimate that only a teenager can confide to someone she trusted. Within that half an hour or so that we took to reach Thalore, Sheena unravelled a brief but telling picture of her family before me.

She told me how her mother was a patient suffering from chronic rheumatism, how her papa who worked as a porter in the city was an irresponsible drunkard, and how she had to cook, wash, clean and do most of the household chores before she started to college every day. How she had to go for shopping and other such chores all alone and how she had to extract money out of her father by threat, melodrama or even a bit of violence.

..... It could have sounded rather phoney if it were a television serial. But it was not the sentimental stuff of the TV people, but a warm reality, fresh from the mouth of that battered girl.

"I don't give a damn to what the folks mumble behind my back. It is not them but me who am running the family in any case." Even the anger and protest in her tone was elegantly restrained.

We were at the edge of the highway right before the by lane to her home. We reached rather too fast! I was so totally absorbed in her narrative..

She thanked me and got down from the car with a smile that radiated relief and gratitude.

"Will... you be able to.... take part in tomorrow's parade?" I asked her rather timidly through the window.

"Oh, it is nothing sir! A hot water sponge after rubbing some pain balm tonight will take away the sprain by tomorrow morning." She beamed confidently as my car began to pull off from the brief halt at her bus stop.

I could not resist feeling great respect for that girl with unkempt hair and weather beaten features. At this tender age, she looks after her sick mother, ropes in her errant father, runs errands and fends for the family- almost single handed!

I am not sure whether some of my colleagues had noticed my offering a lift to a student, that too on the same day when such unfortunate things happened between the students and us. But by the time I left Sheena at Thalore, I felt I was prepared to answer any remark, comment or advice.

...And I felt a mild jump in my heart when I talked to her after coming out of the mall, congratulating her and her team for their performance in the NCC parade. How so quickly, I wondered, all the embitterment of the previous day had evaporated into thin air as I talked to her over phone. Like mist in the bright morning sun! True, there are times when you feel momentarily that you are winged and weightless, poised for a flight.

Suddenly I felt I heard the booming voice of Vareed Master thumbing on my shoulders to say 'Well done, my son!' as I scraped my chalk pencil to write successfully my first ever letter of the alphabet on the slate. I re-lived the surge of warm pride and joy that a tiny tot had experienced at that compliment, decades back sitting in the first grade of our village school.

Our students have made us all proud; they are our students after all.... I repeated awkwardly to myself as I walked towards my car in the parking lot.

I felt the cool evening air pouring in through the side windows soothing my brows as my car sped past the lamp posts that lined up the main road on both sides pouring in hazy lamplight against the darkling night air.

# ജാതിയി-
# ല്ലാത്തവൾ

മണ്ണിലൊട്ടുതറച്ച വേരുകൾക്ക്
ജാതിയില്ലായിരുന്നു.
വെള്ളമായിരുന്നു മതം....
മഴയായിരുന്നു വരം...


ആറാൾച്ചുറ്റ് കനം
ആറായിരം ശിഖരം
ലക്ഷോപലക്ഷം
ജീവികൾക്കഭയം.
വായുവായിരുന്നു പ്രാണൻ....
പ്രേമമായിരുന്നു കാതൽ....

താഴെനിന്ന്
മുകളിലേക്ക് നോക്കിയാൽ
ആകാശം മാത്രം.
മുകളിൽ നിന്ന്
താഴേക്ക് നോക്കിയാൽ
മൺപാടം മാത്രം.

ഇല്ലാത്ത കാട്ടുകളിൽ
ജാതിയെന്ന വിഷവൃക്ഷം
നട്ടുവളർത്തിയ
കൊടുംപാപം.

ഇലയും പൂവും തിന്ന
പുഴുവിനു മേൽ
പരിമളം പെയ്ത്
വേരോളം നാരോളം
നരകമൊരുക്കി
നാടെങ്ങും!

കാനേഷുമാരിപ്പുസ്തകത്തിൽ
ജാതിയില്ലാത്തവളുടെ
പേരു ചേർക്കാത്തതിനാൽ
ശൂന്യതയുടെ ചേരിയിൽ
വിത്തും വളവുമില്ലാതെ
സത്യങ്ങൾ
മുളയ്ക്കാതെ കിടക്കുന്നു!




**ആര്യാഗോപി**
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്,
കോഴിക്കോട്







# റസൂലൻ ബായ്: നഷ്ടഗാനത്തിന്റെ ഓർമ്മകൾ

**ഡോ. എൻ. രേണുക**
എൻ.എസ്.എസ്. കോളേജ്
ചേർത്തല



അതിജീവനം എന്ന പ്രയോഗത്തിൽ തന്നെ അനുരഞ്ജനങ്ങളും സംഘർഷങ്ങളും മറഞ്ഞിരിക്കുന്നുണ്ട്. തവൈയ്ഫുകൾ നിർഭയരായിരുന്നു. കാരണം ചരിത്രത്തിന്റെ വിരുദ്ധ ചലനങ്ങൾക്ക് വഴിപ്പെട്ടും പ്രതിരോധിച്ചും സ്വന്തം കുലത്തിന്റെ ഭൂതകാലം വിസ്മരിച്ചും, പല രീതികളിൽ അവർ അതിജീവിച്ചു. എന്നിട്ടും ചില ശബ്ദങ്ങൾ, വിഷാദാത്മകമായ ഈണങ്ങൾ കാലം കടന്നെത്തുന്നു. ആ ശബ്ദങ്ങൾക്കും ഈണങ്ങൾക്കും പുറകെയുള്ള തിരച്ചിലാണ് ഇന്ത്യൻ സംഗീതചരിത്രത്തിലെ ദുരന്തം നിറഞ്ഞ വശങ്ങളെ വെളിപ്പെടുത്തുന്നത്. അതിസങ്കീർണ്ണമായ ഹിന്ദുസ്ഥാനി സംഗീതചരിത്രത്തിൽ നടന്ന ചില ഗതിമാറ്റങ്ങളിലേയ്ക്ക് ശ്രദ്ധതിരിക്കുവാൻ അപൂർവ്വവും വികാരസാന്ദ്രവുമായ ചില ശബ്ദങ്ങൾക്ക് കഴിഞ്ഞെന്നിരിക്കും. ചരിത്രത്തിന്റെ ആഹ്വാനമാണത്. റസൂലൻബായ് എന്ന ഗായികയുടെ ജീവിതവും സംഗീതവും മരണവുമെല്ലാം സാംസ്കാരിക ചരിത്രത്തിന്റെ ദൃഢമായ കണ്ണിയായിത്തീരുന്നത് എങ്ങനെയെന്ന് അന്വേഷിച്ചാൽ തികച്ചും നാടകീയമായ മുഹൂർത്തങ്ങൾ കണ്ടെത്താനാകും.

ആയിരത്തിത്തൊള്ളായിരത്തിരണ്ടിൽ ഉത്തർപ്രദേശിലെ മിർസാപൂർ ഉള്ള കച്ച്ബസാറിലെ ഒരു ദരിദ്രകുടുംബത്തിലാണ് റസൂലൻബായ് ജനിക്കുന്നത്. സംഗീതം കുലത്തൊഴിലായിരുന്നതിനാൽ അമ്മയിൽ നിന്നു തന്നെ ക്ലാസ്സിക്കൽ രാഗങ്ങളെല്ലാം റസൂലൻബായ് പഠിച്ചുകഴിഞ്ഞിരുന്നു. അഞ്ചാം വയസ്സുമുതൽ ഉസ്താദ് ഷമ്മുഖാൻ സാരംഗിവാദകരായ ആഷിക്ഖാൻ, ഉസ്താദ് നൈജുഖാൻ, എന്നിവരിൽ നിന്ന് റസൂലൻബായ് സംഗീതം ഔദ്യോഗികമായി അഭ്യസിച്ചുതുടങ്ങി. ദാദ്ര, പൂർബീഗീത്, കാജ്രി, ചൈത്തി എന്നീ സംഗീതരൂപങ്ങൾ അഭ്യസിച്ചിരുന്നുവെങ്കിലും ബനാറസ് ഘരാന ഠുമ്രിയിലാണ്



റസൂൽബായിയുടെ സംഗീതാഭിരുചികൾ അതിന്റെ മോഹനകാലം സാർത്ഥകമാക്കിയത്. തവെയ്ഫ് സംസ്കാരത്തിന്റെ സ്വാഭാവികമായ തുടർച്ചയെന്ന നിലയിൽ ആദ്യകാലങ്ങളിൽ പ്രഭുമന്ദിരങ്ങളിലും ക്ഷണിക്കപ്പെട്ട സദസ്സുകളിലുമാണ് സംഗീതം അവതരിപ്പിച്ചുതുടങ്ങിയത്. മനോധർമ്മപ്രധാനങ്ങളായ നൃത്തരൂപങ്ങളിൽ (മുജ്റ) ആണ് ഠുമ്രികൾ ഉപയോഗിക്കപ്പെട്ടത്. ഠുമ്രിയുടെ വൈകാരിക പ്രധാന്യം അതാണ്. ക്ലാസ്സിസിസത്തിന്റെ എല്ലാ ഭാവരൂപങ്ങൾക്കും ശൈലീകൃതമായ ആഖ്യാനങ്ങൾക്കും ഇടയിലൂടെ പാട്ടുകാർ അതിഗാഢമായ റൊമാന്റിക് മൂഡുകളും പ്രസരിപ്പിച്ചു. പിന്നീട് ബനാറസ് ഠുമ്രി ഇന്ത്യയിലെ തന്നെ ഏറ്റവും സ്വീകാര്യമായ സംഗീതരൂപമായി മാറി.

പത്തൊൻപതാം നൂറ്റാണ്ടിലും അതിനുമുമ്പും തവെയ്ഫുകളാണ് ഹിന്ദുസ്ഥാനി സംഗീതത്തിന്റെ ഘടനയെ രൂപപ്പെടുത്തിയതും നിർണ്ണയിച്ചതും. അതുവഴി ക്ലാസ്സിക്കൽ സംഗീതപദ്ധതിയിലെ വ്യതിരിക്ത സംസ്കാരത്തെയാണ് ഇവർ പ്രതിനിധാനം ചെയ്തത്. റസൂലൻബായ് താരസ്ഥായിയിൽ ബനാറസിലെ തവെയ്ഫുകളുടെ വിസ്മൃതമായ ഭൂതകാലത്തെയും അഭിരതികളെയും കാല്പനികമായി വീണ്ടെടുത്തു.

"hi Thaiyya Motiya Hirayi Gail Rama" I have lost the Pearl from my nose pin, where shall I go in search of it? എന്ന വരികൾ ശ്രദ്ധേയമാണ്. കാത്തിരിപ്പിന്റെ അസഹ്യതകളും നിസ്സഹായതകളുമുള്ള വേദനാജനകമായ ഏകമുഖതയുള്ള സംഗീതമായി റസൂലൻബായിയുടെ ശബ്ദം നീണ്ടുപോകുന്നു. തിരിച്ചറിയപ്പെടാതെ പോയ അനുരാഗത്തിന്റെ വിഹ്വലതകൾ കലർന്ന വിഷാദത്തിന്റെ വന്യവും കാതരവുമായ ആവിഷ്കാരത്തിൽ വാക്കുകളുടെ അർത്ഥങ്ങൾക്ക് പുതിയ സാന്ദ്രത കൈവന്നു. ഠുമ്രി അടിമുടി പ്രണയാവിഷ്കാരത്തിന്റെ ഭൂമികയായിത്തീർന്നു. ഭക്തിയുടെ കാപട്യം പുരളാത്ത പ്രണയം. എത്നോ മ്യൂസിക്കോളജിസ്റ്റായ പീറ്റർ മാനുവൽ പറയുന്നത് ശ്രദ്ധേയമാണ്. റസൂലൻബായ് നിരവധി സംഗീതരൂപങ്ങൾ പാടിയിരുന്നുവെങ്കിലും പ്രാദേശിക സംസ്കൃതിയിലേക്ക് താഴ്ന്നുപോയ ഗാനരൂപങ്ങൾക്കൊപ്പം ഠുമ്രിയെയും അവർ തെരഞ്ഞെടുത്തു. കാരണം ശോകം ഘനീഭവിച്ചുകിടക്കുന്ന റസൂലൻബായിയുടെ ശബ്ദം ഏകപക്ഷീയമായ പ്രണയാനുഭവത്തെ ഉൾക്കൊള്ളാൻ പര്യാപ്തമായിരുന്നു. പ്രശസ്തചിത്രകാരിയായ അമൃതാഷെർഗിലിനു സമർപ്പിക്കപ്പെട്ട 'A Poem of Yello Sadness എന്ന കവിതയിൽ ഉർദു കവിയായ ജയന്ത് പാർമർ അമൃതയുടെ നിറക്കൂട്ടുകളിലെ വിഷാദത്തെ 'Like the Sadness in the Songs of Rasoolan Bai' എന്നാണ്. പിന്നീട് റസൂലൻബായിയുടെ ശിഷ്യ നൈനാദേവിയുടെ ശിഷ്യയും ഗവേഷകയുമായ വിദ്യാറാവു പറയുന്നുണ്ട്: റസൂലൻബായ് ഠുമ്രിയെക്കുറിച്ച് എപ്പോഴും പറഞ്ഞിരുന്നത് 'Sahuliyat' എന്നായിരുന്നുവെന്ന്. അതായത് സഹജഭാവത്തിലുള്ളത്. വികാരങ്ങളിൽ തീരം തകർത്തുവരുന്ന പ്രകൃതിയുണ്ട്. ഠുമ്രി റസൂലൻബായിയുടെ ഇഷ്ടസംഗീതരൂപമായി വരുന്നത് ശബ്ദത്തിന്റെ അനായോജ്യതകൊണ്ടും ജനിതകവഴികളുടെ പ്രേരണകൊണ്ടുമായിരിക്കണം.

തവെയ്ഫുകളുടെ പരമ്പരയിലെ അവസാനകണ്ണിയെന്ന നിലയിൽ റസൂലൻബായിയുടെ സംഗീതജീവിതം കൂടുതൽ വിശകലനങ്ങൾ അർഹിക്കുന്നുണ്ട്. ബൃഹത്തായ നൃത്ത-സംഗീതപദ്ധതികളുടെയും ജീവിതശൈലികളുടെയും കാലം അവരിലൂടെ അസ്തമിക്കുകയുമായിരുന്നു. 1948 ആയപ്പോഴേയ്ക്കും റസൂലൻബായ് 'മുജ്റ' എന്ന നൃത്തരൂപത്തിനുവേണ്ടിയുള്ള 'ഠുമ്രി' അവസാനിപ്പിച്ചുവെന്നും തവെയ്ഫുകളുടെ ഗൃഹമായിരുന്ന 'ഗീവേമ്' എന്നറിയപ്പെട്ട വീട്ടിൽ നിന്നു പുറത്തുകടന്നുവെന്നും തന്റെ സംഗീതത്തെ റെക്കോർഡിംഗ് മേഖലയിലേയ്ക്ക് വിടർത്തിയെന്നും ജീവചരിത്രങ്ങൾ പറയുന്നുണ്ട്. നാല്പത്തിയാറാം വയസ്സിൽ ബനാറസ്സിലെ സിൽക്ക് വ്യാപാരിയെ വിവാഹം ചെയ്തു. അതിൽ ഒരു പുത്രനുണ്ടായതായും പറയപ്പെടുന്നു. പിന്നീട് എന്തുകൊണ്ടോ ഭർത്താവും മകനും ഉപേക്ഷിച്ചുപോവുകയും റസൂലൻബായ് അലഹാബാദിലേക്ക് തിരിച്ചുവരികയും ചെയ്തു. ലഖ്നൗവിലെയും അല

**ഇരുപതാം നൂറ്റാണ്ടിന്റെ മധ്യം വരെ കൊട്ടാരനർത്തകികളും തവെയ്ഫുകളുമായിരുന്നു ഇന്ത്യയിലെ പ്രൊഫഷണൽ വനിതാ സംഗീതജ്ഞകൾ. കലയിലും സാഹിത്യത്തിലും വിദഗ്ദ്ധരായിരുന്ന വിദ്യാസമ്പന്നകളായിരുന്നു അവർ.**

ഹാബാദിലെയും എഐആർ-ൽ 1972വരെ പാടിയിരുന്നതായി സൂചനകളുണ്ട്. 1969ൽ ഗുജറാത്തിൽ ഉണ്ടായ ഹിന്ദുമുസ്ലീം വർഗീയ കലാപത്തിൽ റസൂലൻബായിയുടെ വീട് കത്തിപ്പോയി. കടുത്ത ദാരിദ്ര്യത്തിലും ഒറ്റപ്പെടലിലും സുവർണ്ണ കാലത്തിന്റെ ഓർമകളിലുമായി 1974ൽ റസൂലൻബായിയുടെ ജീവിതം അവസാനിച്ചു. ഹിന്ദുസ്ഥാന സംഗീതചരിത്രത്തിലെ ഇതരഗായികമാരെ അപേക്ഷിച്ച് ചുരുങ്ങിയതും ഉപരിപ്ലവവുമായ ജീവിതപരാമർശങ്ങൾ മാത്രമാണ് റസൂലൻബായിയെക്കുറിച്ചുള്ളത്. വിരളമായ റെക്കോർഡുകളും. സെബാദിവാൻ സംവിധാനം ചെയ്ത ാവല ീവേല്യ ിഴ എന്ന ഡോക്യുമെന്ററി ഫിലിം ആണ് കുറച്ചെങ്കിലും റസൂലൻബായ് എന്ന ഗായികയെ വ്യക്തിപരമായി അഭിമുഖീകരിക്കുന്നത്. അവിടെയും റസൂലൻബായ് എന്ന ഗായിക ഒരു വ്യക്തിയായി ഉയരുന്നില്ല. വിസ്മൃതിയിലാണ്ട സംഘസത്തയുടെ ശബ്ദം... ഹിന്ദുസ്ഥാനി സംഗീതചരിത്രത്തിലെ ഗായികമാരുടെ വർഗവിഭജനം എന്ന വിഷയത്തിലൂന്നിയുള്ള അന്വേഷണങ്ങൾ 1935ൽ റസൂലൻബായ് പാടി റെക്കോർഡ് ചെയ്ത ഠുമ്രിയിൽ എത്തിച്ചേരുകയായിരുന്നു. പിന്നീട് ഒരിക്കൽ പോലും അവർ പാടിയിട്ടില്ലാത്ത ആ നഷ്ടഗാനത്തിന് പിറകെയുള്ള തിരച്ചിൽ... ശബ്ദവും നിശ്ശബ്ദതയും മാറിമാറി പ്രതിഫലിക്കുമ്പോൾ റസൂലൻബായിയുടെ ജീവിതം ഒരുപാട് ചോദ്യങ്ങൾ അവശേഷിപ്പിക്കുന്നുണ്ട്. തമസ്കൃതമായ സംസ്കാരത്തിന്റെയും കലയിലെ ശുദ്ധാശുദ്ധ സങ്കല്പങ്ങളുടെയും ദേശീയതാ പ്രസ്ഥാനത്തിന്റെയും ഒക്കെ മുനമ്പുകളിലൂടെ സഞ്ചരിച്ച തന്റെ പാരമ്പര്യത്തിന്റെയും സംഗീതത്തിന്റെയും ഭാവിയെക്കുറിച്ചുള്ള നിരാശാജനകമായ ആശങ്കകൾ, ബോധ്യങ്ങൾ...

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യം വരെ കൊട്ടാരനർത്തകികളും തവെയ്ഫുകളുമായിരുന്നു ഇന്ത്യയിലെ പ്രൊഫഷണൽ വനിതാസംഗീതജ്ഞകൾ. കലയിലും സാഹിത്യത്തിലും വിദഗ്ധരായിരുന്ന വിദ്യാസമ്പന്നകളായിരുന്നു അവർ. സെബാദിവാൻ തന്റെ ഡോക്യുമെന്ററിയ്ക്ക് വേണ്ടിയുള്ള വസ്തുതകൾ ശേഖരിയ്ക്കുവാൻ എട്ടുവർഷത്തോളം അലഞ്ഞു. 'Lost Thumri' അന്വേഷിച്ചുള്ള അവരുടെ യാത്രയിൽ നിരവധി അടരുകൾ തുറന്നുവന്നു. തവെയ്ഫുകളുടെ ജീവിതശൈലി, പ്രൗഢമായ ദിനങ്ങൾ, സംഗീതം, നൃത്തം, അരികുകളിലേയ്ക്കുള്ള പലായനം, ഗാന്ധിയുടെ നിസ്സ



ഹക രണ

പ്രസ്ഥാനവുമായുള്ള തവെയ്ഫുകളുടെ ഒത്തുചേരൽ, അവർ നൽകിയ സംഭാവനയോട് മഹാത്മാഗാന്ധി

**1947 മുതൽ തവെയ്ഫുകളുടെ ഗൃഹങ്ങൾ അടച്ചുപൂട്ടിത്തുടങ്ങി. ഭൂരിപക്ഷവും വീടില്ലാത്തവരായി. അടഞ്ഞ സദസ്സുകളിൽ നിന്ന് സംഗീതവുമായി അവർ തുറന്ന വേദികളിലെത്തി. റേഡിയോയിലും പൊതുസദസ്സുകളിലും പാടാൻ നിർബന്ധിതരായി. ജീവിതം വഴിമുട്ടി പലരും അഭയംതേടി അലയുകയായിരുന്നു. നിരവധി പേർ പുതിയ തൊഴിലിടങ്ങൾ തേടിപ്പോയി. എന്നിട്ടും 'തവെയ്ഫ്' എന്ന മുദ്ര സ്വാതന്ത്ര്യാനന്തരവും ഗായികമാരെ വേട്ടയാടി.**

പുലർത്തിയ വിമുഖത എന്നിങ്ങനെ അനേകം യാഥാർത്ഥ്യങ്ങൾ കണ്ടെടുക്കുന്നുണ്ട്. റസൂലൻബായ് പാടിയ ആ ഠുമ്രി ഏതായിരുന്നു? പിന്നീട് അവർ എന്തുകൊണ്ട് അതു പാടിയില്ല? വളരെക്കാലത്തിനുശേഷം അത് പാടിയപ്പോൾ ഏതു പദമാണ് തിരുത്തപ്പെട്ടത്? പദങ്ങൾ രാഷ്ട്രീയ രൂപകങ്ങളായി പരിണമിക്കുന്നതെന്തുകൊണ്ട്?

1935ലാണ് റസൂലൻബായ് ഭൈരവി ഠുമ്രി റെക്കോർഡ് ചെയ്തത്. അതിങ്ങനെയായിരുന്നു.

"Lagat Jobanwa ma chot,
Phool gendwa na Maar"
(My breasts are wounded,
don't throw flowers at me)

പിന്നീട് റസൂലൻബായ് ആ വരികൾ ആവർത്തിച്ചിട്ടില്ല. കാലങ്ങൾക്കുശേഷം ആ വരികൾ ഇങ്ങനെ കേട്ടു. "Lagat Karejwa ma chot, Phool gendwa na maar" (My heart is wounded, don't throw flowers at me) 'മുലകൾ' 'ഹൃദയ'മായി പരിവർത്തിച്ചു. പദങ്ങൾ സാംസ്കാരിക വിനിമയങ്ങളുടെ ഇടനാഴികളിൽ വർത്തിക്കുന്നു. നിഷ്കളങ്കമായ സ്ഥാനവിപര്യയങ്ങളല്ല ഈ ഠുമ്രിയിലുള്ളത്. Jobanwa' യുടെ തിരോധാനവും 'Karejwa' യുടെ കടന്നുവരവും നിസ്സാരമല്ല. പദങ്ങളിൽ സാംസ്കാരികമായ ഗൂഢാലോചനകളുണ്ട്. തവെയ്ഫുകളുടെ സദാചാരവിരുദ്ധമായ ജീവിതമെന്ന പുതിയ ദേശരാഷ്ട്രത്തിന്റെ യുക്തികൾകൊണ്ട് ഇടച്ചുനീക്കുന്നതാണ് ഈ ഗാനത്തിൽ കാണുന്നത്. അവർ പ്രതിനിധീകരിച്ച കലാരൂപങ്ങൾ, ശൈലികൾ, ജീവിതസങ്കല്പങ്ങൾ, സമ്പ്രദായങ്ങൾ, ഗൃഹങ്ങൾ, സൗന്ദര്യാഭിരുചികൾ, ലൈംഗീകസ്വത്വങ്ങൾ അങ്ങിനെ എല്ലാത്തിനുമുകളിലും നിയന്ത്രണങ്ങൾ വന്നു. പ്രണയം-രതി കലർപ്പില്ലാത്ത ഭക്തിയായി രൂപാന്തരപ്പെടുകയായിരുന്നു. സ്വാതന്ത്ര്യാനന്തരം ഉണ്ടായ ഇന്ത്യയുടെ സാംസ്കാരികസംക്രമണത്തിൽ ഹൈന്ദവനിഷ്ഠവും പുരുഷാധിഷ്ഠിതവുമായ മനോഭാവങ്ങൾ ഉണ്ടായിരുന്നു. പിന്നീട് വന്ന സംഗീതചരിത്രത്തിലെ പലരും തവെയ്ഫുകളുടെ കാല്പനിക സംഗീതത്തെ തരംതാണ കൊട്ടാരസംഗീതമായി അധിക്ഷേപിച്ചുവെന്നു പറയുന്നുണ്ട്.


സ്ത്രീലൈംഗികതയെയും ശരീര

ത്തെയും അവിശുദ്ധതയോടെ സമീപിക്കുന്ന സദാചാരസങ്കല്പങ്ങളാണ് സംഗീതത്തിന്റെ മേഖലയിൽ 'ഭക്തി'യെ അലൗകികതയോടെ പ്രതിഷ്ഠിച്ചത്. രതിനിഷ്ഠമായ കണ്ണുകളിലൂടെ സ്ത്രീയെ പ്രണയരഹിതമായ ശരീരം മാത്രമായി കാണുന്ന കലാസങ്കല്പങ്ങളുടെ മേച്ചിൽപ്പുറങ്ങളിലാണ് ഇന്ത്യയുടെ ഭാവനാരൂപപടങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്.

ദേശം റസൂലൻബായിയെപ്പോലുള്ള ഗായികമാരെ മറന്നു. തവെയ്ഫുകളുടെ സംഗീതം അവയുടെ വികാരാവേഗം കൊണ്ടും കാല്പനികമായ ആവിഷ്കാരങ്ങൾ കൊണ്ടും മാത്രമല്ല ഓർമിക്കപ്പെടേണ്ടത്. തവെയ്ഫുകളോടും കലാരൂപങ്ങളോടും വാദ്യങ്ങളോടുമൊപ്പം 'ഠുമ്രി' എന്ന രൂപവും ഭീഷണികൾ നേരിട്ടു. ഇത്തരം സാംസ്കാരികവും സംഗീതാത്മകവുമായ സന്ദിഗ്ദ്ധതകൾ അനുഭവിച്ചിരുന്ന കാലത്താണ് റസൂലൻബായ് ജീവിച്ചിരുന്നത്. പ്രഭുഭരണത്തിന്റെ അന്ത്യത്തോടെ പുതിയ പ്രവിശ്യകളും മധ്യവർത്തിസമൂഹങ്ങളും വളർന്നുവന്നു. അവരുടെ ജാതിബോധങ്ങളും സദാചാരബദ്ധമായ ജീവിതസങ്കല്പങ്ങളും നീതിബോധവും 'ഠുമ്രി'യിൽ ഉൾച്ചേർന്നിരുന്ന 'സന്ദർഭ'ത്തെയും 'പ്രമേയ'ത്തെയും സംശയത്തോടെ വീക്ഷിച്ചു. കീഴ്മേൽ മറിച്ചു. സ്വകാര്യതയും സദാചാരസങ്കല്പങ്ങളും ഠുമ്രിയുടെ പരിണാമത്തിൽ നിർണ്ണായകഘടകങ്ങളായി വർത്തിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലം ഹിന്ദുസ്ഥാന സംഗീതത്തെ നവീകരിക്കുവാൻ ശ്രമിച്ച വിഷ്ണുദിഗംബർ പലൂസ്കറും വിഷ്ണുനാരായണൻ ദാക്ത്ഖാണ്ഡെയും ഇന്ത്യയുടെ സംഗീതത്തെ അപനിർമ്മിക്കുന്നതിൽ വലിയ സ്ഥാനം വഹിച്ചിട്ടുണ്ട്. സ്ഥാപനവത്കൃതവും ശാസ്ത്രീയവുമായ അവരുടെ സംഗീതബോധ്യങ്ങളിൽ കാല്പനികാസ്തിത്വമുണ്ടായിരുന്നു, അയഞ്ഞ ധാർമ്മികതയുടെ ചുരുളുകളിൽ നിന്നു വന്ന കാമനകളുടെ ശോകസാന്ദ്രതകൾക്കു വലിയ സ്ഥാനം ലഭിച്ചില്ല. കലയുടെ ശുദ്ധീകരണപ്രക്രിയയിൽനിന്നു തവെയ്ഫുകളുടെ സംഗീതവും ഠുമ്രിയുടെ രത്യാത്മകഭാവനകളും സ്വാഭാവികമായി നിരാകരിക്കപ്പെടുകയുമായിരുന്നു.

1947 മുതൽ തവെയ്ഫുകളുടെ ഗൃഹങ്ങൾ അടച്ചുപൂട്ടിത്തുടങ്ങി. ഭൂരിപക്ഷവും വീടില്ലാത്തവരായി. അടഞ്ഞ സദസ്സുകളിൽ നിന്ന് സംഗീതവുമായി അവർ തുറന്ന വേദികളിലെത്തി. റേഡിയോയിലും പൊതുസദസ്സുകളിലും പാടാൻ നിർബന്ധിതരായി. കാരണം ജീവിതം വഴിമുട്ടി പലരും അഭയംതേടി അലയുകയായിരുന്നു. നിരവധി പേർ സംഗീതം ഉപേക്ഷിച്ച് പുതിയ തൊഴിലിടങ്ങൾ തേടിപ്പോയി. എന്നിട്ടും 'തവെയ്ഫ്' എന്ന മുദ്ര സ്വാതന്ത്ര്യാനന്തരവും ഗായികമാരെ വേട്ടയാടി. എ.ഐ.ആറിന്റെ അക്കാലത്തെ സ്ത്രീവിരുദ്ധനയങ്ങൾ മനുഷ്യത്വരഹിതങ്ങളായിരുന്നുവെന്ന് ചരിത്രസൂചനകളുണ്ട്. ഒറ്റയ്ക്ക് ജീവിക്കുന്ന സ്വതന്ത്രരായ സ്ത്രീകളോട് സമൂഹം പുലർത്തുന്ന വൈരാഗ്യം തന്നെയായിരുന്നു ഇതിനടിസ്ഥാനം. അവിവാഹിതകളായ തവെയ്ഫുകളെ പാടാൻ അനുവദിച്ചില്ല. വിവാഹസർട്ടിഫിക്കറ്റ് ഹാജരാക്കിയവരെ മാത്രം ഠുമ്രി പാടാൻ അനുവദിച്ചു. അപ്പോഴും അവർക്ക് പ്രവേശിക്കുവാൻ പ്രത്യേകം വാതിലുകൾ ഉണ്ടായിരുന്നു. അൻവാരിബായ് എന്ന ഗായിക ഇത്തരം നയങ്ങളോട് കലഹിച്ചിരുന്നതായി രേഖകളുണ്ട്. നാല്പത്തിയാറാം വയസ്സിൽ റസൂലൻബായ് എന്തുകൊണ്ട് ഒരു വിവാഹത്തിന് തയ്യാറായി? എന്തുകൊണ്ട് മരണത്തോളം ഒറ്റപ്പെട്ടു ജീവിച്ചു? എന്നെല്ലാം ചിന്തിക്കുമ്പോൾ ചില സാംസ്കാരിക സഹചര്യങ്ങൾ തെളിഞ്ഞുവരുന്നു.

അലഹാബാദിലെ റേഡിയോ സ്റ്റേഷന് സമീപത്ത് റസൂലൻബായ് ചെറിയ ചായക്കട നടത്തിയിരുന്നു. ചിലപ്പോഴെങ്കിലും എഐആറിന്റെ വലിയ ഹാളിൽ അനേകം ഠുമ്രിഗായികമാരുടെ ചിത്രങ്ങൾക്കിടയിൽ തന്റെ ചിത്രവും കാണുമ്പോൾ അവർ പറയുമായിരുന്നു. "They are all devis; I am the last bai left". റസൂലൻബായ് അടക്കമുള്ള തവെയ്ഫ് കലാകാരികൾ അതിജീവിച്ചോ?



റസൂലൻബായിയെക്കുറിച്ച് സബ ദിവാൻ ചെയ്ത ഡോക്യുമെന്ററിയുടെ കവർ.



# Thoothukudi 22 May 2018

A melange of women, men and children
find their last weapon – shout
at the innocent sky on empty stomachs.

There is a factory that spits black smoke
and yellow sputum. Their air loses life;
their wells and rivers sweat poison.

The pride that hunger and thirst hurts
drives them to courage. They want
to bring the powers to their knees.

A smile spreads across the rulers' faces
that decides whom it should feed
the bullets bought at a Sterlite price.

The guns that point at women's breasts
and men's heads have tunnel vision.
They can't see the people but only their parts.

**S. K. Prathap**
**S.N. College, Kollam**





# കുടുംബവ്യവസ്ഥയിലെ യജമാനമനോഭാവമാണ് ദുരഭിമാനക്കൊലകളുണ്ടാക്കുന്നത്

കെവിന്റെ കൊലപാതകം വളരെ ശക്തമായ ഒരു മുന്നറിയിപ്പാണ്. അതു ഇന്ത്യയിൽ മറ്റിടങ്ങളിൽ നടക്കുന്ന ദുരഭിമാനക്കൊലയിൽ നിന്നും തികച്ചും വ്യത്യസ്തമാകുന്നിടത്താണ്, ഈ കൊലപാതകം കൂടുതൽ കടുത്ത മുന്നറിയിപ്പായി മലയാളിയുടെ അഭിമാനത്തിനുമേൽ വലിയ ചോദ്യമുയർത്തുന്നത്. ഉത്തരേന്ത്യയിൽ ദുരഭിമാന കൊല ഒരു സാമുദായിക പ്രശ്നമാകുമ്പോൾ, ഇവിടെ അതു തികച്ചും ഒരു കുടുംബപ്രശ്നമാണ് എന്നു നാം തിരിച്ചറിയേണ്ടതുണ്ട്. രണ്ടു വ്യത്യസ്ത സമുദായാംഗങ്ങൾ, പരസ്പരം ബന്ധമുള്ളവർ എന്നു കൂട്ടിച്ചേർക്കേണ്ടതുണ്ട്, ഒന്നിച്ചു ചേർന്നാണ് ഈ ദുരഭിമാന കൊല ആസൂത്രണം ചെയ്തത്. ഇതൊരു കുടുംബത്തിന്റെ അഭിമാനത്തിനേൽക്കുന്ന ക്ഷതത്തിൽ നിന്നാരംഭിക്കുകയും, അതിലേറെ ഭീകരമായ ദുരന്തത്തിലേക്ക് രണ്ടു വ്യക്തികളും, അതിനെ ചുറ്റിപ്പറ്റിയുള്ള ഒരുപാട് കുടുംബങ്ങളും സമൂഹവും എത്തിപ്പെടുകയും ചെയ്യുന്നതിന്റെ പേടിപ്പെടുത്തുന്ന അവസ്ഥാന്തരമാണ്.

ഈ കൊലപാതകത്തെത്തുടർന്ന് നടന്ന ചർച്ചകളിൽ നല്ലൊരു ശതമാനവും രാഷ്ട്രീയ വിവാദമായത് ഒരു സമൂഹമെന്ന നിലയിൽ നമ്മൾ നേരിടുന്ന മറ്റൊരു പ്രതിസന്ധി വെളിവാക്കുന്നു. നമ്മുടെ രാഷ്ട്രീയ അവബോധം മറ്റു പലതലങ്ങളിലുമുണ്ടാവേണ്ട ദർശനത്തെ അതിമാരകമായ രീതിയിൽ അപായപ്പെടുത്തുന്നുണ്ട്. സാമൂഹിക, മാനസിക വ്യവഹാരങ്ങളും അതിനേക്കുറിച്ചുള്ള പഠനങ്ങളും പൂർണമായും അവഗണിക്കപ്പെടുന്നത്, ഈ ഒരു പ്രത്യേക സാഹചര്യത്തിലാണ്.

കെവിൻ എന്ന യുവാവ്, മിശ്രവിവാഹിതരായ (ക്രിസ്ത്യൻ--മുസ്ലീം അച്ഛനും അമ്മയും എന്നു കൂടുതൽ കൃത്യമായി) മാതാപിതാക്കൾക്കുണ്ടായ പെൺകുട്ടിയുമായി പ്രണയത്തിലാകുന്നു. ആൺകുട്ടിയുടെ വീട്ടുകാർ ഇതൊന്നുമറിയുന്നില്ല. പെൺകുട്ടിയുടെ വീട്ടുകാർ ഇതറിയുകയും ബന്ധത്തിൽ നിന്നും പിന്മാറണമെന്നു കുട്ടിയെ നിർബന്ധിക്കുകയും ചെയ്യുന്നു. തന്റെ സ്നേഹത്തിൽ നിന്നും പിന്മാറാൻ തയ്യാറാകാതിരിക്കുന്ന പെൺകുട്ടിയെ പെട്ടെന്ന് കല്യാണം കഴിച്ചു വിടാൻ വീട്ടുകാർ വാശി കാണിക്കുകയും കോളേജിലേക്കെന്നു പറഞ്ഞ് വീട്ടിലേക്കിറങ്ങുന്ന പെൺകുട്ടി കാമുകനുമായി ജീവിക്കാൻ തീരുമാനിക്കുന്നു.

**ആര്യാഗോപി**
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്,
കോഴിക്കോട്



മലയാളത്തിലിറങ്ങിയിട്ടുള്ള നൂറു കണക്കിനു സിനിമകളുടെ കഥ പോലെ സ്വഭാവികമായ ഒന്നാണ് ഇതുവരെയുള്ള സംഭവങ്ങളെല്ലാം. പിറ്റേന്ന കെവിൻ കൊല്ലപ്പെട്ടില്ലായിരുന്നുവെങ്കിൽ ഈ സംഭവം മലയാളിയുടെ പൊതുബോധത്തെ ഒരു തരത്തിലും ബാധിക്കില്ലായിരുന്നു.

ഇവിടെയാണ് നേരത്തെ സൂചിപ്പിച്ച കപടമനോഭാവത്തിന്റെ അപകടം നിൽക്കുന്നത്. ഇവിടെ മൂന്നു പ്രധാന കാര്യങ്ങളാണ് നമ്മൾ സൂക്ഷ്മമായി വിലയിരുത്തേണ്ടത്. 1. കൊലപാതകത്തിലേക്ക് നയിച്ച സാഹചര്യം, 2. കൊലപാതകത്തിൽ ജാതി, മത, സാമുദായിക വിശ്വാസങ്ങളുടെയും പണത്തിന്റെയും പങ്ക്, 3. കൊലപാതകത്തിനു ശേഷമുണ്ടായ പൊതുപ്രതികരണം.

ഇവിടെ ജാതിയേക്കാൾ മലയാളിയുടെ കുടുംബ വ്യവസ്ഥയുള്ളിലെ ദുരഭിമാനത്തെ രണ്ടു കൈയും നീട്ടി സമ്മതിക്കാൻ തയാറായി നിൽക്കുന്ന നമ്മുടെ മനസിനെ നാം കാണേണ്ടതുണ്ട്. ഒരു പക്ഷേ, വിവാഹം പോലെ നമ്മുടെ പൊള്ളത്തരത്തെ എടുത്തു കാണിക്കുന്ന മറ്റൊരു കാര്യവും ഉണ്ടായിരിക്കില്ല. ജാതിയുടെയും മതത്തിന്റെയും കണക്കു നോക്കി, കിട്ടാവുന്ന സ്വത്തിന്റെയും സ്ത്രീധനത്തിന്റെയും അളവു നോക്കി മാത്രം തീരുമാനിക്കുന്ന വിവാഹങ്ങൾ മനസു കൊണ്ട് യാതൊരു സങ്കോചവുമില്ലാതെ അംഗീകരിക്കുന്ന നമ്മുടെ സമൂഹമനസാക്ഷിയെ ചോദ്യം ചെയ്യാൻ പോലും നമ്മൾ തയാറാകുന്നില്ലെന്നിടത്താണ് ഇതിന്റെ ഭീകരത നാം ഏറ്റവും രൂക്ഷമായി തിരിച്ചറിയേണ്ടത്. കല്ല്യാണ സദ്യ നടത്താൻ വധുവിന്റെ വീട്ടിൽ നിന്നും പൈസ കണക്കു പറഞ്ഞു വാങ്ങുന്നതിലും ഇല്ലാത്ത പൈസ കടംവാങ്ങി സ്വർണക്കട ശരീരത്തിൽ ഏറ്റി നടക്കുന്നതിലും നമുക്ക് അപമാനമില്ലെന്നു മാത്രമല്ല അതൊരു വലിയ ബഹുമതിയായി നമ്മൾ കൊണ്ടു നടക്കുകയും പൊതുസഭകളിൽ വീമ്പു പറയുകയും ചെയ്യും. കെവിന്റെ കൊലപാതകത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ മേൽപ്പറഞ്ഞ ആർഭാടങ്ങൾ ലഭിക്കാതെ പോകുന്നുവെന്ന ദുരഭിമാനത്തിൽ നിന്നാണ് ഉരുവം കൊള്ളുന്നത്. തന്റെ മകൾ/അനിയത്തി തനിക്കു നിഷേധിക്കുന്ന പൊങ്ങച്ചം പറയാനുള്ള അവസരമാണ് ആ അച്ഛനെയും അമ്മയേയും ചേട്ടനേയും കൊലയാളിയാക്കുന്നത്. അമ്മ മുസ്ലീമും അച്ഛൻ ക്രിസ്ത്യാനിയുമായ ഒരു കുടുംബത്തിൽ പോലും ഇത്തരം കളങ്ങളുടെ നിരർത്ഥകത മനസിലാകാതെ പോകുന്നതിന്റെ യഥാർത്ഥ കാരണം നമ്മൾ എല്ലാ വീട്ടിലും എപ്പോഴും ശരിയെന്നു വിശ്വസിക്കുന്ന വിവാഹാനുബന്ധ അന്ധവിശ്വാസങ്ങളാണ്. ഇപ്പോഴും സ്ത്രീക്ക് യഥാർത്ഥ സ്വതന്ത്ര്യം നൽകാൻ കഴിയാത്ത മലയാളിയുടെ മനസാണ് ഈ കൊലപാതകത്തിന്റെ യഥാർത്ഥ കാരണമെന്നു തിരിച്ചറിയുന്നതിൽ നിന്ന് ഈ സംഭവത്തിന്റെ പിന്നാലെയുണ്ടായ രാഷ്ട്രീയ വിവാദങ്ങൾ നമ്മളെ അകത്തി നിറുത്തിയെന്നതിലാണ് നാം ഏറെ സൂക്ഷിക്കേണ്ടത്.

നീനവിന്റെ കുടുംബം മലയാളിയുടെ ഓരോ കുടുംബത്തിന്റെയും പ്രതിനിധിയാണ്. എന്തു കൊണ്ടാണ് പ്രണയം ഇത്രയും രൂക്ഷമായി എതിർക്കപ്പെടുന്നത്? ഇതു മതത്തിന്റെയും ജാതിയുടെയുമൊക്കെ അപ്പുറത്തുള്ള ഒരധികാരമനോഭാവത്തിന്റെ ഫലമാണ് എന്നു തോന്നുന്നു. തന്റെ മകൾ/മകൻ തന്റെ തീരുമാനങ്ങൾ മാത്രം അനുസരിക്കണമെന്ന യജമാന മനോഭാവത്തിൽ നിന്നുമുള്ള പ്രണയത്തോടുള്ള ആത്യന്തികമായ എതിർപ്പാരംഭിക്കുന്നത്. ഈ യജമാന മനോഭാവം സ്ത്രീകളുടെ കാര്യത്തിലാവുമ്പോൾ കൂടുതൽ രൂക്ഷമാകുന്നു.

> **ജാതിയുടെയും മതത്തിന്റെയും കണക്കു നോക്കി, കിട്ടാവുന്ന സ്വത്തിന്റെയും സ്ത്രീധനത്തിന്റെയും അളവു നോക്കി മാത്രം തീരുമാനിക്കുന്ന വിവാഹങ്ങൾ മനസു കൊണ്ട് യാതൊരു സങ്കോചവുമില്ലാതെ അംഗീകരിക്കുന്ന നമ്മുടെ സമൂഹമനസാക്ഷിയെ ചോദ്യം ചെയ്യാൻ പോലും നമ്മൾ തയാറാകുന്നില്ലെന്നിടത്താണ് ഇതിന്റെ ഭീകരത നാം ഏറ്റവും രൂക്ഷമായി തിരിച്ചറിയേണ്ടത്.**

കണക്കു പറഞ്ഞ്, അളന്നു നോക്കി മാർക്കറ്റിൽ നല്ല വിലകിട്ടുന്ന ഒരു സാധനമാണ് ഓരോ യുവാവും യുവതിയും എന്ന സാമൂഹിക വ്യവസ്ഥ നിലനിൽക്കുന്ന കാലത്തോളം ഈ 'അവസ്ഥയ്ക്ക്' മാറ്റമുണ്ടാകുമെന്ന് കരുതാനാകില്ല. ഈ സംഭവത്തിൽ മതത്തിന്റെ വ്യത്യാസമില്ലായെന്നതാണ് നാം തിരിച്ചറിയേണ്ട കാര്യം. നമ്മുടെ കുടുംബ വ്യവസ്ഥിയുള്ളിൽ നിൽക്കുന്ന അഭിപ്രായ സ്വതന്ത്ര്യമില്ലായ്മയും, നമ്മുടെ സമൂഹ സാഹചര്യങ്ങളിൽ എല്ലാവരും ചേർന്നുണ്ടാക്കിയെടുത്തിട്ടുള്ള സ്വതന്ത്ര്യമില്ലായ്മയും ചേർന്നാണ് ഇത്തരമൊരു കൊലപാതകം ഉണ്ടാക്കുന്നത്.

കേരളത്തിലെ നല്ലൊരു ശതമാനം പ്രണയബന്ധങ്ങളിലും ഇതൊക്കെ നടക്കുന്നുണ്ടെന്ന് നാം കണ്ടില്ലെന്ന് നടിക്കുന്നത് ഒരു സൗകര്യമാണ്. കെവിനെ കൊല്ലണമെന്ന് പ്രതികൾക്ക് പദ്ധതിയുണ്ടായിരുന്നോയെന്ന് കേട്ട കഥയിൽ സംശയമുണ്ട്. അങ്ങനെയൊരു അന്ത്യമുണ്ടായിരുന്നില്ലെങ്കിൽ ഈ സംഭവം നേരത്തെ പറഞ്ഞതു പോലെ സാധാരണമായ ഒരു പ്രണയ സംഭവമായി മാത്രം അവസാനിക്കുമായിരുന്നു. ഇതിനു പിന്നിലെ യഥാർത്ഥ സാമൂഹിക സാഹചര്യങ്ങൾ ആലോചിക്കാൻ നമുക്കേറെയൊന്നും താൽപര്യമില്ലായിരുന്നുവെന്നത് ഇപ്പോഴും മറക്കാനാകില്ല. ഈ കൊലപാതകത്തിൽ നമ്മൾ കൊണ്ടു നടക്കുന്ന ആചാരങ്ങൾക്കും സമ്പ്രദായങ്ങൾക്കും വിശ്വാസങ്ങൾക്കുമൊക്കെ പങ്കുണ്ടെന്ന് സമ്മതിക്കാതിരിക്കാൻ ഈ പ്രശ്നത്തെ രാഷ്ട്രീയവത്ക്കരിച്ചതു കൊണ്ട് സാധിച്ചുവെന്നത് ഒരു സൗകര്യമായി.

പുണർന്നു പെറുമെല്ലാമൊ-
രിനമാം, പുണരാത്തത്
ഇനമല്ലി, നമാമിങ്ങൊ-
രിണയാർന്നൊത്തു കാണ്മതും.

മനുഷ്യത്വമാണ് മനുഷ്യന്റെ ജാതിയെന്ന് ജാതിലക്ഷണമെന്ന കൃതിയിൽ ശ്രീ നാരായണഗുരു പറഞ്ഞിട്ട് വർഷങ്ങൾ കഴിഞ്ഞു. അതു തിരിച്ചറിയാൻ നാമിനിയും എത്രകാലമെടുക്കുമെന്നു കണ്ടുതന്നെയറിയണം.

# കാഴ്ചയുടെ നവതരംഗവും കബനിയുടെ മുറിവും

**കെ പി ജയകുമാർ**
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്,
കോഴിക്കോട്



അധിനിവേശാനന്തര ഇന്ത്യൻ ചരിത്ര സംഭവവികാസങ്ങളുടെ പൊതുചരിത്രത്തിന്റെ ഭാഗമാണ് കേരളത്തിന്റെ എഴുപതുകൾ. അടിയന്തിരാവസ്ഥയുടെയും നീതിനിഷേധത്തിന്റെയും മർദ്ദനത്തിന്റെയും മറക്കാനാവാത്ത മുറിവുകളിലൂടെയാണ് എഴുപതുകളുടെ ചരിത്രം ഓർത്തെടുക്കുന്നത്. അടിയന്തിരാവസ്ഥക്കെതിരായ സാഹിത്യ-ചലച്ചിത്ര പ്രതികരണങ്ങൾ എഴുപതുകളിൽ തന്നെ പുറത്തുവന്നിരുന്നു.

എഴുപതുകൾ കാഴ്ചയുടെ വിഭജനത്തിന്റെ കാലം കൂടിയാണ്. അറുപതുകളുടെ ചലച്ചിത്രങ്ങൾ നൽകിയ ഊർജ്ജവും അതിവൈകാരികവുമായ സിനിമാധാരയിൽ നിന്നും ഒരു മാറി നടത്തം. തകഴി, ഉറൂബ്, ബഷീർ, പൊൻകുന്നം വർക്കി, തോപ്പിൽ ഭാസി തുടങ്ങിയവരുടെ രചനകളെ ആസ്പദമാക്കി പുറത്തുവന്ന അമ്പതുകളിലെയും അറുപതുകളിലെയും സിനിമകളിൽ ഗണ്യമായിരുന്ന അധഃസ്ഥിത- പിന്നോക്ക- കാർഷിക ജീവിതത്തിന്റെ ധാര മുറിയുന്നു. നാഗരികവും അർദ്ധ നാഗരികവുമായ മധ്യവർഗ്ഗ പരിസരങ്ങളിലേക്ക് ചലച്ചിത്ര പ്രമേയങ്ങൾ കുടിയേറിത്തുടങ്ങി. മലയാളത്തിലെ നവതരംഗ/ സമാന്തര സിനിമകളുടെ ഗണ്യമായ കടന്നുവരവും എഴുപതുകളിലാണ് ആരംഭിക്കുന്നത്.

തീരെ പ്രസാദാത്മകമല്ലാത്ത മാനസികാവസ്ഥയിലൂടെയാണ് എഴുപതുകളുടെ സമൂഹം കടന്നുപോയത്. അതുകൊണ്ടുതന്നെ നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി, മൂലധനം തുടങ്ങിയ ചിത്രങ്ങൾ സാധ്യമാക്കിയ 'വിപ്ലവോൻമുഖ'മായ പരിസമാപ്തികൾ എഴുപതുകളിലെ ചലച്ചിത്രങ്ങൾക്ക് സാധ്യമായിരുന്നില്ല. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഉൽകണ്ഠകളും, വ്യവസ്ഥിതിയിൽ സ്വാധീനം ചെലുത്താൻ കഴിയാ

ത്രങ്ങൾ സർ റിയലിസ്റ്റിക് ആഖ്യാനംകൊണ്ട് ചലച്ചിത്രഭാവുകത്വത്തെ അട്ടിമറിച്ചു. ജോർജ്ജിന്റെ എട്ടോളം സിനിമകൾ പുറത്തുവന്നത് എഴുപതുകളിലാണ്.

എഴുപതുകളിലും പിന്നീട്ടും മലയാള ചലച്ചിത്രത്തെ പ്രചോദിപ്പിച്ച പ്രമേയമായിരുന്ന തീവ്ര ഇടതുപക്ഷം. അപരന്റെ ശബ്ദം സംഗീതം പോലെ ആസ്വദിക്കാനാവുന്ന കാലത്തിനുവേണ്ടിയുള്ള സ്വപ്നം സംഘർഷമായി നിറിപ്പിടിച്ച ഒരുകാലത്തിലൂടെ നമ്മുടെ ചരിത്രം കടന്നുപോയിട്ടുണ്ട്. പീഡനവും രക്തസാക്ഷിത്വവും ചവിട്ടിയരക്കപ്പെട്ട ശരീരങ്ങളും കൊണ്ട് ചരിത്രത്തെ മുഖരിതമാക്കിയ ആ തീക്ഷ്ണ യൗവ്വനത്തിന് വളരെ നീണ്ടകാലത്തിന്റെ ആയുസ്സുണ്ടായിരുന്നില്ല. എന്നാൽ പിൽക്കാല സാമൂഹിക -സാംസ്കാരിക ജീവിതത്തെ ദീർഘമായി സ്വാധീനിക്കുന്നതായിരുന്ന കേരളത്തിലെ നക്സലൈറ്റ് കാലം. പീഡാത്മകമായ ഭൂതകാലത്തെ ചരിത്രത്തിലേക്ക് തിരികെ കൊണ്ടുവരുകയും ഓർമ്മകളെ പുനരാനയിക്കുകയും ചെയ്യുന്ന നിരവധി സിനിമകൾ മലയാളത്തിൽ എഴുപതുകളിലും എൺപതുകളിലും ഈ ദശകത്തിലും ഉണ്ടായി.

പ്രമേയ പരിചരണത്തിലും ദൃശ്യഭാഷയിലും സമാന്തര സിനിമകളോട് ആഭിമുഖ്യം പുലർത്തിയ 'കബനി നദി ചുവന്നപ്പോൾ' (പി എ ബക്കർ 1975), യാഗം (ശിവൻ,1980) 'അമ്മ അറിയാൻ' (ജോൺ എബ്രഹാം 1986), 'അപരാഹ്നം' (എം പി സുകുമാരൻ നായർ 1990), ഇടങ്ങിയ ചിത്രങ്ങൾ തീവ്ര ഇടതുപക്ഷ രാഷ്ട്രീയ (അവർ കൊണ്ടുനടന്ന) സ്വപ്നങ്ങളും പീഡനങ്ങളും ആത്മസംഘർഷങ്ങളും ദൃശ്യവൽക്കരിക്കുകയും



തെ പോകുന്നതിലെ നിസ്സഹായതയും, വിശ്വാസ രാഹിത്യവും, അന്യതാബോധവും സാമൂഹ്യ മധ്യവർഗ്ഗബോധത്തെ ആഴത്തിൽ നിർണ്ണയിച്ച അനുഭവങ്ങളായിരുന്നു. മലയാള ചലച്ചിത്രത്തിന് അന്നോളം അപരിചിതമായിരുന്ന വ്യക്തിപരവും സാമൂഹികവും ദാർശനികവുമായ മേഖലകളിലേക്ക് സിനിമ കടന്നുചെന്നു. പ്രണയവും അതിന്റെ ധർമ്മസങ്കടങ്ങളും തീവ്രമായി ആവിഷ്ക്കരിക്കുന്ന അടൂരിന്റെ സ്വയംവരം, മാറിമറിയുന്ന ജീവിതാവസ്ഥകളിൽ ഒറ്റപ്പെട്ടുപോകുന്ന നാട്ടിൻ പുറത്തിന്റെ ദുരന്തം കാഴ്ചപ്പെടുത്തുന്ന എം ടിയുടെ നിർമ്മാല്യം, പുരുഷന്റെ അലസതയും സ്ത്രീയുടെ നിസഹായതയും പ്രമേയമാവുന്ന കെ പി കുമാരന്റെ അതിഥി, പഴയ തലമുറയുടെ പരാജയവും പുതിയ തലമുറയുടെ കുറ്റപ്പെടുത്തലുകളും അനാസക്തിയും ആവിഷ്കരിക്കുന്ന അരവിന്ദന്റെ ഉത്തരായനം, ഫ്യൂഡൽ കുടുംബ വ്യവസ്ഥകളിൽ ഒറ്റപ്പെടുന്ന വ്യക്തിയുടെ ദാർശനിക വ്യഥകൾ ആവിഷ്കരിക്കുന്ന കെ. ആർ മോഹനന്റെ അശ്വത്ഥാമാവ്, മധ്യവർഗ നാഗരിക യുവത്വത്തിന്റെ പരാജയവും ആത്മസംഘർഷങ്ങളും കൊണ്ടുവരുന്ന രവീന്ദ്രന്റെ ഇനിയും മരിച്ചിട്ടില്ലാത്ത നമ്മൾ, രാഷ്ട്രീയ സന്ദിഗ്ധതയും ശത്രുവിന് കൂട്ടുനിൽക്കേണ്ടിവരുന്ന അവസ്ഥയും ഒരുമിച്ച് നേരിടുന്ന കർഷകന്റെ ജീവിത സംഘർഷം പ്രമേയമാക്കിയ

ജോൺ എബ്രഹാമിന്റെ ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ, സഹജീവികൾക്കായി ജീവിച്ച് മരിക്കുന്നവരുടെ രാഷ്ട്രീയം അടയാളപ്പെടുത്തുന്ന കബനി നദി ചുവന്നപ്പോൾ, കലാ-കച്ചവട സിനിമകൾക്ക് മധ്യത്തിലാണ് കെ ജി ജോർജ്ജിന്റെ സ്ഥാനം. സ്വപ്നാടനം പോലെയുള്ള ചലച്ചി

**പുതിയ കാലത്തിന്റെ രാഷ്ട്രീയവും നൈതികവുമായ മുല്യങ്ങളിലുടെ സമൂഹത്തെ മാറ്റിത്തീർക്കുന്നതിനുള്ള യത്നങ്ങളിൽ ഭരണകൂടവും കുടുംബവുമടക്കമുള്ള സാമൂഹ്യ സ്ഥാപനങ്ങളിൽനിന്നും ഏറ്റുവാങ്ങേണ്ടിവന്ന കഠിനമായ പീഡനങ്ങൾ കബനിയുടെ പ്രമേയ ശരീരത്തെ എഴുപതുകളുടെ രാഷ്ട്രീയ ചരിത്രവുമായി ബന്ധിപ്പിക്കുന്നു.**




മണിമുഴക്കം

പ്രായോഗികമായ അതിന്റെ പരാജയത്തെ വിമർശിക്കുകയുമായിരുന്നു. 'ഇത്തിരിപ്പൂവേ ചുവന്നപൂവേ' (ഭരതൻ 1984), 'പഞ്ചാഗ്നി', (ഹരിഹരൻ 1986) 'ആരണ്യകം', (ഹരിഹരൻ 1988) തുടങ്ങിയ ജനപ്രിയ സിനിമകൾ വിപ്ലവത്തിന് ഒരു മിത്തിന്റെ പരിവേഷം നൽകി. ജനപ്രിയകലയുടെ എല്ലാ വിപണി സമവാക്യങ്ങളും സമന്വയിക്കുന്നതായിരുന്നു ഈ സിനിമകൾ. സമാന്തര-മുഖ്യധാരാ വ്യവച്ഛേദങ്ങൾ ഇല്ലാതാവുകയും(?) കല/കമ്പോള ദ്വന്ദ്വങ്ങൾ അപ്രസക്തമാവുകയും ചെയ്ത ഘട്ടത്തിലാണ് ഷാജിയുടെ 'പിറവിയും'(1988), രാജീവ് വിജയരാഘവന്റെ 'മാർഗ്ഗവും'(2003) , മധുപാലിന്റെ തലപ്പാവും (2008) കാഴ്ചപ്പെടുന്നത്. ചരിത്രത്തെയും സാമൂഹ സ്മൃതികളെയും പുനരാനയിക്കുകയായിരുന്നു ഈ സിനിമകളും. ഒരു തീവ്രകാലത്തിന്റെ ഓർമ്മകളെ പിടിച്ചെടുക്കുന്ന ചലച്ചിത്രങ്ങൾ എന്ന നിലക്കാണ് നക്സലൈറ്റ് സിനിമകൾ പ്രസക്തമാവുന്നതും പ്രശ്നവൽക്കരിക്കപ്പെടുന്നതും.

'കബനീനദി'യിൽ നിന്നും 'അപരാഹ്ന'ത്തിലെത്തുമ്പോൾ കാലഘട്ടത്തിനും അതുയർത്തിയ പ്രത്യയശാസ്ത്ര സംവാദത്തിനും മാറ്റം സംഭവിക്കുന്നു. കബനീനദി ചുവന്നപ്പോൾ പുറത്തുവന്ന് രണ്ടര പതിറ്റാണ്ടിനുശേഷം നിർമ്മിച്ച മാർഗം, ചരിത്രപരമായ പുതിയ സാഹചര്യത്തിൽ നിന്നുകൊണ്ട് എഴുപതുകളെ വായിക്കാനുള്ള ശ്രമമാണ്. മൂന്നു തലമുറകളുടെ ആഖ്യാനമായും ഈ സിനിമകളെ കാണാം. കബനീനദി, സംഘഗാനം തുടങ്ങിയ എഴുപതുകളിലെ നക്സലൈറ്റ് സിനിമകൾ ചരിത്രത്തെ അതിന്റെ തന്നെ വർത്തമാനത്തിൽ നിന്നുകൊണ്ട്

**എഴുപതുകളിലും പിന്നീടും മലയാള ചലച്ചിത്രത്തെ പ്രലോഭിപ്പിച്ച പ്രമേയമായിരുന്നു തീവ്ര ഇടതുപക്ഷം. അപരന്റെ ശബ്ദം സംഗീതം പോലെ ആസ്വദിക്കാനാവുന്ന കാലത്തിനുവേണ്ടിയുള്ള സ്വപ്നം സംഘരോഷമായി നീറിപ്പിടിച്ച ഒരുകാലത്തിലൂടെ നമ്മുടെ ചരിത്രം കടന്നുപോയിട്ടുണ്ട്. പീഡനവും രക്തസാക്ഷിത്വവും ചവിട്ടിയരക്കപ്പെട്ട ശരീരങ്ങളും കൊണ്ട് ചരിത്രത്തെ മുഖരിതമാക്കിയ ആ തീഷ്ണ യൗവ്വനത്തിന് വളരെ നീണ്ടകാലത്തിന്റെ ആയുസുണ്ടായിരുന്നില്ല.**

ആവിഷ്കരിക്കുന്നു. രണ്ടാം തലമുറയിലെത്തുമ്പോൾ ചലച്ചിത്രകാരന്റെ മുൻഗണനകൾക്ക് മാറ്റം സംഭവിക്കുന്നു. തീവ്രഇടതുപക്ഷ പ്രത്യയശാസ്ത്രത്തിന്റെ പ്രായോഗികതയിലുള്ള വിമർശനവും നിരാശയും അമ്മ അറിയാൻ, അപരാഹ്നം തുടങ്ങിയ സിനിമകളിൽ വായിക്കാം. എൺപതുകളുടെ ഒടുവിലും ഈ ദശകത്തിലും പുറത്തുവന്ന പിറവി, മാർഗം എന്നീ ചിത്രങ്ങളിൽ ആഖ്യാനത്തിന്റെ 'മുൻഗണനകൾ' മാറിമറിയുകയും കലാകാര(രി)ന്റെ ചിന്ത/സങ്കൽപ്പങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം ലഭിക്കുകയും ചെയ്യുന്നു.

അധസ്ഥിത ജനതയുടെ ജീവിതത്തെ അഭ്രപാളികളിൽ ആവിഷ്കരിച്ച പി എ ബക്കർ എഴുപതുകളിലെ നവതരംഗത്തെ രാഷ്ട്രീയവത്ക്കരിച്ചു. ജനപ്രിയ -സമാന്തര സിനിമകൾക്ക് അന്യമായ അടിസ്ഥാന ജീവിത പരിസരങ്ങളിലേയ്ക്കാണ് പി എ ബക്കർ കടന്നുചെല്ലുന്നത്. മധ്യവർഗ്ഗ ജീവിതാനുഭവങ്ങളുടെ വൃത്തപരിധിക്കു പുറത്തുള്ള ലോകവും ജീവിതവും തന്റെ സിനിമയിൽ ഉടനീളം ബക്കർ ആവിഷ്കരിച്ചു.

എഴുപതുകളുടെ രണ്ടാം പകുതിയിലാണ് ബക്കറുടെ ശ്രദ്ധേയമായ ചലച്ചിത്രങ്ങൾ പുറത്തുവരുന്നത്. അടിസ്ഥാന ജനതയുടെ ജീവിതയാഥാർത്ഥ്യങ്ങളിലേയ്ക്ക് കാഴ്ചയെ തിരിച്ചുവെച്ച ബക്കർ ചിത്രങ്ങൾ,




എഴുപതുകളിലെ നവതരംഗ/ സമാന്തര സിനിമകളിൽ നിന്നും പ്രമേയത്തിലും ആഖ്യാനത്തിലും അകലം പാലിക്കുന്നു. പ്രാന്തവൽക്കരിക്കപ്പെട്ട ജനതയുടെ ജീവിതമായിരുന്നു ബക്കർ ചിത്രങ്ങളുടെ ലോകം. അനാഥാലയത്തിൽ നിന്നും പുറത്തിറങ്ങി സ്വന്തം ജീവിതം കണ്ടെത്താൻ ശ്രമിക്കുന്ന യുവാവിന്റെ കഥയായാണ് മണിമുഴക്കം (1976). അനാഥത്വം എന്ന അവസ്ഥയുടെ ആവിഷ്കാരമായിരുന്നു അത്. ചുവന്നവിത്തുകൾ (1977) സമൂഹത്തിന്റെ പുറംപോക്കുകളിൽ കഴിയുന്ന മനുഷ്യരുടെ കഥയാണ്. സമൂഹം ഹീനമായി ഉപയോഗിക്കുകയും അതേസമയം ഇല്ലെന്നു നടിക്കുകയും സദാചാരത്തിന്റെയും മാന്യതയുടെയും പുറംപോക്കിൽ തള്ളുകയും ചെയ്യുന്ന ഒരു വേശ്യയാണ് ഈ ചിത്രത്തിലെ നായിക. വർഗ്ഗ സമൂഹത്തെയും അതിലെ വൈരുദ്ധ്യങ്ങളെയും ഒരന്യാപദേശ കഥയുടെ രൂപത്തിൽ അവതരിപ്പിക്കുന്ന ചിത്രമാണ് സംഘഗാനം (1987). പീഡിതർ, വിപ്ലവകാരികൾ, സ്വന്തം ശരീരം വിൽക്കേണ്ടിവരുന്ന സ്ത്രീകൾ, തൊഴിലാളികൾ, ഭൂമിയും സ്വത്തും ഇല്ലാത്തവർ, സ്വന്തം വർഗ്ഗത്തെ കണ്ടെത്താൻ അലയുന്നവർ... അങ്ങനെ വിപുലവും വ്യത്യസ്തവുമായിരുന്ന ബക്കർ കണ്ടെത്തിയ പ്രമേയങ്ങൾ.

എഴുപതുകളുടെ മലയാള സിനിമാ ചരിത്രത്തിൽ സവിശേഷ പ്രാധാന്യമുള്ള ചിത്രമാണ് കബനീ നദി ചുവന്നപ്പോൾ. ചിത്രം കൈകാര്യം ചെയ്ത പ്രമേയമോ, അതിന്റെ നിർമ്മാണത്തിലും പ്രദർശനത്തിലുമുടനീളം നിറഞ്ഞു നിന്ന അനിശ്ചിതത്വങ്ങളോ മാത്രമല്ല, സിനിമ എന്ന ഉൽപ്പന്നം അതിന്റെ മുറിവുകളോടെ ചരിത്രത്തെ അസ്വസ്ഥമാക്കുന്നു. സാമൂഹികമായ 'അവസ്ഥകൾക്കെതിരായ' എല്ലാപ്രവർത്തനവും, ചിന്തകൾ പോലും നിരീക്ഷിക്കപ്പെടുകയും വേട്ടയാടപ്പെടുകയും ചെയ്തിരുന്ന കാലത്തിന്റെ ആസന്ന സംഭാഷണമാണ് പി എ ബക്കറുടെ ആദ്യ ചിത്രം കബനീനദി ചുവന്നപ്പോൾ (1975). ഒരു കാലഘട്ടത്തിന്റെ രാഷ്ട്രീയ സാമൂഹികാവസ്ഥയുടെ ചരിത്രരേഖയായും ഓർമ്മപ്പെടുത്തലായും ഈ ചിത്രത്തെ കാണാനാവും. പ്രമേയത്തിനപ്പുറം സിനിമാനിർമ്മാണത്തിന്റെ രാഷ്ട്രീയമാണ് കബനിയെ വ്യത്യസ്ഥമാക്കുന്നത്. ഇടതുപക്ഷ തീവ്രവാദം കേരളത്തിന്റെ സാമൂഹികഘടനയിൽ നടത്തിയ ഇടപെടലുകളെ എഴുപതുകൾ മുതലുള്ള ചലച്ചിത്രങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്. ദേശീയ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ട നാളുകളിലാണ് കബനീനദി ചുവന്നപ്പോൾ പുറത്തുവരുന്നത്. ഇടതുപക്ഷ തീവ്രവാദമായിരുന്നു കബനിനദിയുടെ ആസന്നപ്രേരണ. കലാകാരൻമാരും ബുദ്ധിജീവികളും രാഷ്ട്രീയക്കാരും സ്വയം വരിച്ച മൗനത്തിലോ അസ്തിത്വവ്യഥയിലോ അഭയം തേടിയപ്പോൾ വർത്തമാന സാമൂഹ്യാവസ്ഥയെ മുഖാമുഖം നേ

**1976ലെ മികച്ച രണ്ടാമത്തെ ചിത്രത്തിനുള്ള അവാർഡ് കബനീനദി ചുവന്നപ്പോൾ കരസ്ഥമാക്കി. ഏറ്റവും നല്ല സംവിധായകനുള്ള അവാർഡ് പി എ ബക്കറിനും ലഭിച്ചു. എല്ലാത്തരത്തിലുമുള്ള സുരക്ഷിതത്വത്തിന്റെയും പ്രണയത്തിന്റെയും ഏറ്റെടുക്കലിന്റെയും പ്രശ്നങ്ങൾ ഈ സിനിമ കൈകാര്യം ചെയ്യുന്നുണ്ട്.**

രിടുകയായിരുന്നു ഈ ചലച്ചിത്രം. ജനതയുടെ സ്വാതന്ത്ര്യ സ്വപ്നങ്ങളെ അടിച്ചമർത്തുക എന്നതായിരുന്നു ഭരണകൂടം അതിന്റെ ആഭ്യന്തര വൈരുദ്ധ്യങ്ങളെ മറച്ചുവെക്കുന്നതിന് കണ്ടെത്തിയ മാർഗ്ഗം. ഭരണവർഗ്ഗ മൂല്യബോധങ്ങൾ പുനരുത്പാദിപ്പിക്കുന്ന, അതിന്റെ താല്പര്യങ്ങളെ വിമർശിക്കാത്ത വിനോദോപാധികൾക്കപ്പുറം മാധ്യമപ്രവർത്തനവും കലയും ചലച്ചിത്രവുമൊന്നും അക്കാലത്ത് സാധ്യമായിരുന്നില്ല എന്നതാണ് കബനി നദിയുടെ നിർമ്മാണത്തെ കൂടുതൽ പ്രതിലോമമാക്കുന്നത്.



കബനിയിലെ നായകനായ ഗോപി ഒരു വിപ്ലവകാരിയാണ്. പൊലീസ് വേട്ടയാടുന്ന അയാൾ നാടുവിട്ട് നഗരത്തിലെത്തി തന്റെ പൂർവ്വ കാമുകിയുടെ അടുത്ത് അഭയം തേടുന്നു. നായകനും  പൂർവ്വകാമുകിയും തമ്മിലുള്ള ഈ സമാഗമം ഒരു പ്രണയകഥയുടെ സാധ്യത നൽകുന്നു. എന്നാൽ പ്രണയത്തിന്റെ അതിവൈകാരികതകൾ ഒഴിവാക്കി പ്രമേയത്തിന്റെ അനുഭവ പാഠം കാഴ്ചയിലേക്ക് പകർത്താനാണ് ചലച്ചിത്രം ശ്രമിച്ചിരിക്കുന്നത്. ഗോപിയും  കാമുകിയും തമ്മിലുള്ള സംഭാഷണങ്ങളിലൂടെയാണ് സിനിമയുടെ രാഷ്ട്രീയം സംവാദാത്മകമാവുന്നത്. ഒടുവിൽ പൊലീസിനെ ഭയന്ന് കാമുകിയുടെ വീട്ടിൽ നിന്നും രക്ഷപ്പെടുന്ന നായകൻ പൊലീസിന്റെ വെടിയേറ്റുമരിക്കുന്നു. നിലനിൽക്കുന്ന വ്യവസ്ഥകളോട് പോരാടുകയും അപരന്റെ വാക്കുകൾ സംഗീതം പോലെ ആസ്വദിക്കുകയും ചെയ്യുന്ന ഒരു കാലത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ കൊണ്ടുനടക്കുന്ന കഥാപാത്രമാണ് ഗോപി. പ്രണയവും വിമോചന സ്വപ്നങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലിൽ സംഘർഷത്തിലാകുന്ന വ്യക്തി ജീവിതത്തിന്റെ സവിശേഷമായൊരന്തരീക്ഷം ഈ ചിത്രത്തിലുണ്ട്. രണ്ടുതരം പീഡനങ്ങളിലൂടെ കടന്നുപോകുന്ന ശരീരമാണയാളുടേത്. ഒന്ന് സൗഖ്യങ്ങളെ പ്രണയത്തെപ്പോലുംനീട്ടിവയ്ക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്ന ശരീരത്തിന്റെ ആത്മപീഡ. രണ്ട് ഭരണകൂടത്തിന്റെ മർദ്ദനോപകരണങ്ങളിൽ നിന്നും ശരീരം ഏറ്റു വാങ്ങുന്ന പരസഹസ്രം പീഡനങ്ങൾ.

1976ലെ മികച്ച രണ്ടാമത്തെ ചിത്രത്തിനുള്ള അവാർഡ് കബനീ നദി ചുവന്നപ്പോൾ കരസ്ഥമാക്കി. ഏറ്റവും നല്ല സംവിധായകനുള്ള അവാർഡ് പി എ ബക്കറിനും ലഭിച്ചു. എല്ലാത്തരത്തിലുമുള്ള സുരക്ഷിതത്വത്തിന്റെയും  പ്രണയത്തിന്റെയും ഏറ്റെടുക്കലിന്റെയും പ്രശ്നങ്ങൾ ഈ സിനിമ കൈകാര്യം ചെയ്യുന്നുണ്ട്. വിദ്യാസമ്പന്നമായ മധ്യവർഗ്ഗത്തിന്റെ അസ്തിത്വ പ്രശ്നങ്ങൾ  കബനീ നദിയിൽ പ്രവർത്തനക്ഷമമാണ്. പുതിയ കാലത്തിന്റെ രാഷ്ട്രീയവും നൈതികവുമായ മൂല്യങ്ങളിലൂടെ സമൂഹത്തെ മാറ്റിത്തീർക്കുന്നതിനുള്ള യത്നങ്ങളിൽ ഭരണകൂടവും കുടുംബവുമടക്കമുള്ള സാമൂഹ്യ സ്ഥാപനങ്ങളിൽനിന്നും ഏറ്റുവാങ്ങേണ്ടിവന്ന കഠിനമായ പീഡനങ്ങൾ കബനിയുടെ പ്രമേയശരീരത്തെ എഴുപതുകളുടെ രാഷ്ട്രീയ ചരിത്രവുമായി ബന്ധിപ്പിക്കുന്നു. പ്രണയത്തിന്റെ ആത്മസംഘർഷത്തിന്റെയും പീഡനനത്തിന്റെയും ഇടയിൽ വ്യക്തിയുടെ/ പൗരന്റെ ഭാഗധേയത്തെ സംബന്ധിക്കുന്ന പ്രശ്നം ഉന്നയിക്കപ്പെടുന്നുണ്ട്. സ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന തീവ്രമായ അഭിവാഞ്ഛകളും മനുഷ്യരുടെ വിമോചന സ്വപ്നങ്ങളും അണയാതെ നിർത്താൻ മോഹിക്കുന്ന വിപ്ലവോന്മുഖമായ രാഷ്ട്രീയ ഭാഗധേയമാണ് കബനീ നദി വിഭാവനം ചെയ്യുന്നത്. എഴുപതുകളിലെ രാഷ്ട്രീയ കാലം അത് സ്വപ്നത്തിൽ വഹിച്ചിരുന്നു. അധികാരത്തിന്റെ പ്രത്യയശാസ്ത്രത്തിനെതിരായ ഒരു പ്രതി സംസ്കാരത്തിന്റെ സാധ്യതകളിലേക്കായിരുന്നു ഈ കാഴ്ചയുടെ ഊന്നൽ.

അടിയന്തിരാവസ്ഥയായിരുന്നില്ല കബനിയുടെ ഇതിവൃത്തം. എന്നാൽ നിർമ്മാണത്തിന്റെ ഓരോ മുഹൂർത്തവും അടിയന്തിരാവസ്ഥയിലൂടെ കടന്നുപോയി. സുദീർഘമായ പ്രയത്നങ്ങൾക്കും പൊലീസ് പീഡനങ്ങൾക്കും ശേഷമാണ് ചിത്രീകരണം പൂർത്തിയായത്. എഡിറ്റങ്ങിനുശേഷം സെൻസർ ബോർഡിന് സമർപ്പിച്ച ചിത്രത്തിൽ നിന്നും ആയിരത്തി എണ്ണൂറ് അടി സെൻസർ ബോർഡ് നീക്കം ചെയ്തു. ചിത്രത്തിന്റെ അതി പ്രധാന ഭാഗങ്ങളെല്ലാം നീക്കം ചെയ്യപ്പെട്ടു. കബനി നദിയുടെ കാഴ്ചയ്ക്ക് അസ്വാഭാവികതയും ഒരുതരം യാന്ത്രികതയും ദുരൂഹതയുമൊക്കെ ആരോപിക്കപ്പെട്ടത് ഈ പശ്ചാത്തലത്തിലാണ്. തിയേറ്ററിൽ പ്രദർശിച്ചപ്പോൾ പൊലീസ് നേരിട്ട് ഇടപെട്ട് അവർക്ക് തോന്നിയതെല്ലാം ചിത്രത്തിൽ നിന്നും വെട്ടിമാറ്റി. സിനിമയുടെ സമഗ്രതക്കും വിഷയ തീവ്രതക്കുമൊക്കെ ഇത് ഭംഗമുണ്ടാക്കി. അംഗഭംഗം വന്ന ഒരു ചലച്ചിത്ര ശരീരമായാണ് കബനീ നദി ചുവന്നപ്പോൾ മലയാള ചലച്ചിത്ര ചരിത്രത്തിൽ ഇന്നും നിലനിൽക്കുന്നത്.

# കാലവർഷം

അടഞ്ഞു കിടന്ന
മനസ്സിന്റെ ജാലകത്തിൽ
ഓർമ്മകൾ കാറ്റായി വന്നു തട്ടി .
കാലം നരകളായി
ഉള്ളിൽ കടിയേറി.

2

അന്നേരമകലെ...
വിഷാദത്തിന്റെ ചുമരിൽ
ചാരി നിന്നൊരുവൾ
ഒരു സ്നേഹമരത്തണൽ
സ്വപ്നം കണ്ടു.

3

"തിരിച്ചറിവുകൾ പതിയെ
തിരിച്ചുവരവുകളാകേ",
നഗരമദ്ധ്യത്തിലെ പഴയ നരച്ച സ്വപ്നം
ഗ്രാമഹൃദയത്തിൽ ഒരു പാട്ട് തേടി.

4

പോക്കുവെയിലിന്റെ
ഒഴിഞ്ഞ താളുകളിൽ
മറവിയുടെ മഴ
ജീവിതമെഴുതി.


ദിവ്യ എൻ.
ശ്രീകേരളവർമ്മ കോളേജ്,
തൃശ്ശൂർ






# ലോകം റഷ്യയിലെത്തുമ്പോൾ

ഈ പന്തുരുളും കാലത്ത് ലോകത്തിന്റെ കണ്ണുകൾ റഷ്യയിലേക്ക നോക്കിയിരുപ്പതിൽ അദ്ഭുതത്തിനവകാശമില്ല. ഈയെഴുത്തിന്റെ നേരത്ത് ആദ്യറൗണ്ട് പിന്നിടുമ്പോൾ വാണവരും വീണവരും ഏറെ. ജപ്പാൻ ചരിത്രത്തിലാദ്യമായി മാന്യമായ കളിയിലൂടെ രണ്ടാം റൗണ്ട് താണ്ടുന്ന കളിക്കൂട്ടമായി. ചാമ്പ്യന്മാരുടെ ഗർവ്വോടെയെത്തിയ ജർമ്മനി ആവനാഴിയിലെ ആയുധങ്ങളും ഗുരു ജോകിം ലോയുടെ തലച്ചോറിലെ തന്ത്രങ്ങളും പോരാതെ ലോകഫുട്ബോളിലെ താരതമ്യേന കുഞ്ഞുങ്ങളായ ദക്ഷിണകൊറിയയോട് ആയുധം വെച്ച് കീഴടങ്ങി കുടുംബത്തേക്ക മടങ്ങി. പതിവുതെറ്റിക്കാതെ ആരാധകരെ മുള്ളിലിരുത്തി മെസ്സിപ്പട റോഹോയെന്ന രക്ഷകന്റെ കൈപ്പിടിച്ച് രണ്ടാം റൗണ്ടിലെത്തി. ഇത്തവണത്തെ ഫിഫ ലോകകപ്പിൻറെ ആദ്യ റൗണ്ടിലെ ആരവങ്ങൾ കെട്ടടങ്ങുമ്പോൾ ആചാരവിചാരങ്ങളിൽ മുൻതവണകളിലെ പോലെ തന്നെ വിസ്മയകാഴ്ച്ചകൾ നിറച്ചുകൊണ്ടാണ് ലോകകപ്പ് രണ്ടാം റൗണ്ടിലേക്കെത്തുന്നത്. ഇനിയെത്തുന്നത് ഒരുപക്ഷേ സമനിലകുരുക്കുകളും അഞ്ചടിയോടെയുള്ള സമനില പൊളിക്കലും ദ്രുതമരണത്തോടൊപ്പമുള്ള കൂട്ടക്കരച്ചിലും അപ്രതീക്ഷിത വിജയങ്ങളുടെ ആരവങ്ങളുമായിരിക്കാം. ഈ കുറിപ്പ് വായനക്കാരിലേക്കെത്തുമ്പോഴേക്കും ഒരു പക്ഷേ പുതിയ ഫുട്ബോൾ മന്നനെ അവരോധിച്ചതിൻറെ ആഹ്ലാദത്തിലായിരിക്കാം ലോകം.

നാലുവർഷത്തിലൊരിക്കൽ നടക്കുന്ന ഈ ലോകകപ്പുത്സവത്തെ മാനവകുലത്തിന് ഇത്രമേൽ

**ഡോ. സോണി ജോൺ**
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട





പ്രിയപ്പെട്ടതാകുന്നതെന്താണ്? ലോകമെമ്പാടുമുള്ള ഫുട്ബോൾ ആരാധകർ മതിമറന്നാഘോഷിക്കാൻ ഈ കളിക്കെന്താണിത്ര പ്രത്യേകത? സ്വന്തം രാജ്യം ഒരിക്കലും പങ്കെടുക്കാൻ സാധ്യതയില്ലെങ്കിലും മുക്കിലും മൂലയിലും തങ്ങളുടെ ഇഷ്ട ടീമുകളുടെ കൊടിയും തോരണങ്ങളും കെട്ടി അലങ്കരിച്ചും പ്രിയ താരങ്ങളുടെ ഭീമൻ കട്ടൌട്ടുകൾ ഉയർത്തിയും ഈ കൊച്ചു കേരളത്തിലും ഫുട്ബോൾ കമ്പക്കാർ ലോകകപ്പാഘോഷിക്കുമ്പോൾ ഇതൊരു വെറും കളിയല്ലെന്നും മനുഷ്യ സമൂഹത്തിൽ ആഴത്തിൽ വേരോട്ടമുള്ള ചില ഘടകങ്ങൾ ഈ കളിയിൽ അടങ്ങിയിട്ടുണ്ടെന്നും വേണം മനസ്സിലാക്കുവാൻ.

കളികളുടെ രാജാവാണ് ഫുട്ബോൾ. ലോകത്ത് ഏറ്റവും കൂടുതൽ മനുഷ്യർ കളിക്കുകയും വീക്ഷിക്കുകയും ആസ്വദിക്കുകയും പിന്തുടരുകയും ചെയ്യുന്ന കളി. ലോകത്തെ മുഴുവൻ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ കെൽപ്പുള്ള കളി. ഭാഷക്കും വർണ്ണത്തിനും ദേശാതിർത്തികൾക്കും ജാതിക്കുമൊന്നും തടയിടാൻ കഴിയാത്ത ആവേശവും അനുഭവവും. ഒരുപക്ഷേ എല്ലാ സ്പോർട്സുകൾക്കും ഇത്തരത്തിലൊരു സവിശേഷതയുണ്ട്. ക്രിക്കറ്റു മാത്രമാണ് ഇന്ത്യയെ ഭാഷക്കും ദേശത്തിനും ജാതിക്കും അതീതമായി ഒന്നിപ്പിക്കുന്നൊരു ഘടകമെന്ന് ഒരു പണ്ഡിതൻ പറഞ്ഞതോർമ്മയിലെത്തുന്നു. ഇന്ത്യയെക്കുറിച്ചാപ്പറഞ്ഞത് ശരിയെന്നതുപോലെതന്നെയാണ് ലോകത്തിനാകമാനം ഫുട്ബോളും. മാത്രമല്ല ഫുട്ബോളിലിപ്പറഞ്ഞ സവിശേഷത തികച്ചും സാർവത്രികവും കൂടുതൽ ആഴത്തിലും പരപ്പിലും നിലനിൽക്കുന്നതും പരക്കെ സ്വീകാര്യവുമാണ്.

അതു തന്നെയാണോ ഒളിമ്പിക്സിനുപോലുമില്ലാത്ത രീതിയിൽ ഫുട്ബോൾ ലോകകപ്പിനെ പിൻതുടരാൻ ജനസാമാന്യത്തെ പ്രേരിപ്പിക്കുന്നത്. ഫുട്ബോൾ എന്ന കളിയെ ആഴത്തിൽ പഠിക്കുമ്പോഴറിയാം ആ കളിയുടെ വന്യമായ സൌന്ദര്യവും കരുത്തും പോരാട്ടവീര്യവുമെല്ലാം. അതിനുമപ്പുറം ജനപദങ്ങളുടെ പരിഷ്കൃത പോരാട്ട ചരിത്രത്തിൽ സ്ഥാനം പിടിച്ച വേറൊരു കളിയില്ല. ശത്രുവിൻറെ ഭൂമികയിലേക്കിരച്ചുകയറി എതിരാളിയെ നിറയൊഴിക്കുന്ന പോരാളികളുടെ അതേ പോരാട്ട വീര്യം തന്നെയാണ് ഫുട്ബോൾ കളിക്കാരനും പ്രകടിപ്പിക്കുന്നത്. വായുവിൽ നിന്നും തൊടുത്തുവിടുന്ന മിസൈലുകളെപോലെ ഗോളിനെ ലക്ഷ്യം വെച്ചുള്ള ഹെഡ്ഢറുകളും ആകാശത്തിലൂടെ ചീറിപാഞ്ഞുവരുന്ന മിസൈലുകളെ പ്രതിരോധിക്കുന്ന തരത്തിലുള്ള ഹെഡ്ഢറുകളും കരയിൽ നിന്നും തൊടുത്തുവിടുന്ന മിസൈൽ കണക്ക് ലക്ഷ്യത്തിലേക്കുള്ള അടികളും ഒരുപക്ഷേ ഒരു ഫുട്ബോൾ മത്സരത്തെ ആധുനിക യുദ്ധത്തിനു സമാനമാക്കുന്നുണ്ടെന്നു പറഞ്ഞാൽ ചിലരെങ്കിലും അതിൽ അതിശയോക്തികണ്ടേക്കാം. പക്ഷേ ഈ ലളിതമായ കാൽപന്തുകളിക്ക് ഒരു തീവ്ര പോരാട്ടത്തിൻറെ ചേരുവകൾ സൃഷ്ടിച്ചെടുത്ത് രക്തരൂക്ഷിതമായ ഒരു യുദ്ധത്തിൻറെ പ്രതീതി കളിക്കാരിലും കാണികളിലും വിശ്വസിപ്പിച്ചെടുക്കാൻ കഴിയുന്നുണ്ടെന്ന കാര്യത്തിൽ അതിശയോക്തിയൊന്നുമില്ല. സ്പോർട്സിൻറെ ഈ 'വിശ്വസിപ്പിച്ചെടുക്കൽ' (make belief) തന്നെയാണ് ആധുനിക കാലഘട്ടത്തിലെ ഏറ്റവും വലിയ വിനോദോപാധിയായി സ്പോർട്സിനെ, അതിൽ തന്നെ പ്രത്യേകമായി ഫുട്ബോളിനെ, മാറ്റിയെടുക്ക

ന്നതും. ഈ വിശ്വസിപ്പിച്ചെടുക്കൽ ഏറ്റവും കരുത്തോടെയും യഥാർഥ്യബോധത്തോടെയും അവതരിപ്പിക്കപ്പെടുന്ന കായിക വിനോദം ഒരുപക്ഷേ ഫുട്ബോളാണെന്നത് ഫുട്ബോളിൻറെ ജനപ്രിയതക്കുള്ള ഏറ്റവും കാതലായ കാരണങ്ങളിൽ ഒന്നാണ്. ഈ വിശ്വസിപ്പിച്ചെടുക്കലിൽ ഒരു കളിക്കാരൻറെ കാലുകളും തോളും തലയും കൈമുട്ടുകളും ആയുധങ്ങളായി മാറുകയും തികച്ചും ഒരു പരിഷ്കൃത കായിക വിനോദമായി (പോരാട്ടമായി) ഫുട്ബോൾ രൂപാന്തരപ്പെടുകയും ചെയ്യുന്നു. ആ പരിഷ്കൃത രൂപാന്തരത്തിൽ കളിക്കളത്തിനു പുറത്ത് ശിക്ഷാർഹമായ ആക്രമണോത്സുകമായ ചില ചെയ്തികൾ പ്രതീകത്മകമായി മഞ്ഞ, ചുവപ്പ് ചീട്ടുകളിലേക്കൊതുങ്ങുകയും കൊന്നു തീർക്കാനുള്ള തീവ്രതയോടെ എതിർപോസ്റ്റിലേക്കു പന്തുകൊണ്ടുതിർക്കുന്ന പ്രഹരങ്ങൾ ജനസഹസ്രങ്ങളാൽ ആഹ്ലാദാരവങ്ങളോടെ എതിരേൽക്കപ്പെടുകയും ചെയ്യുന്നു. സഹസ്രാബ്ദങ്ങളോളം നായാട്ടു നടത്തി ഇരതേടി ജീവിച്ചുപോന്നിരുന്ന മനുഷ്യൻറെ ജനിതിക ഘടനയിൽ രൂഢമൂലമായ പല അഭിനിവേശങ്ങളുടെയും അവതരണത്തിനുള്ള ഇറസ്സാണ് സ്പോർട്സ്, അതിൽ തന്നെ മനുഷ്യകുലത്തിനേറ്റവും പ്രിയപ്പെട്ടതാകട്ടെ ഫുട്ബോളും.

ആധുനിക മനുഷ്യനിലേക്കുള്ള പരിവർത്തനത്തിൽ ഏറ്റവും നിർണ്ണായക ഘട്ടമായിരുന്നു നാൽക്കാലിയിൽ നിന്നും ഇരുകാലിയിലേക്കുള്ള മാറ്റവും തുടർന്ന് മനുഷ്യൻറെ അടിസ്ഥാന ചലന രീതിയിൽ വന്ന മാറ്റവും. അതിനെ തുടർന്ന് കാലുകളുടെ ഉപയോഗത്തിലും കാലുകളുപയോഗിച്ച് പരിസ്ഥിതിയിലെ വിവിധ വസ്തുക്കളെ പ്രയോചനപ്പെടുത്തുന്ന രീതിയിലും കാതലായ മാറ്റം ഉരുത്തിരിഞ്ഞുവരികയും ചെയ്തു. അതിൽതന്നെ നിലത്തു കിടക്കുന്ന കാലുപയോഗിച്ച് തട്ടിമാറ്റാവുന്ന ഒരു വസ്തുവിനെ കാലുകൊണ്ട് തട്ടിമാറ്റി തടസമകറ്റുന്നത് ഏറ്റവും ലളിതവും സാർവത്രികവുമായ ഒരു രീതിയായി തീർന്നിട്ടുണ്ടാവാം. ഇന്നും താഴെ കിടക്കുന്ന കാലുകൊണ്ട് തട്ടിമാറ്റാവുന്ന ഒരു വസ്തുവിനെ കനിഞ്ഞെടുക്കാതെ കാലുകൊണ്ട് തട്ടിമാറ്റുന്നതും ദൂരേക്ക് തട്ടിത്തെറിപ്പിക്കുന്നതും സർവ്വസാധാരണമായ ഒരു പ്രവർത്തിയാണ്. കാലുകളുടെ



FIFA WORLD CUP
RUSSIA 2018

ഇത്തരത്തിലുള്ള പ്രയോജനപ്പെടുത്തലിൻറെ സ്വാഭാവിക പരിവർത്തനത്തിൻറെയും അവയെ പ്രയോജനപ്പെടുത്തിയുള്ള കളികളുടെ പരിണാമത്തിൻറെയും അനന്തരഫലമാണ് ഇന്ന് മാനവർക്ക് ഏറ്റവും പ്രിയങ്കരമായ ഈ കാൽപ്പന്തുകളി എന്നു നിസംശയം പറയാം.

ഇന്നത്തെ കളിയുഗത്തിൽ ഫുട്ബോൾ വെറുമൊരു കളിയല്ല. ഇംഗ്ലണ്ടിലെ പുൽമേടുകളിൽ പിറവിയെടുത്ത ആധുനിക ഫുട്ബോൾ ഇന്ന് അന്തസ്സുള്ളൊരു തൊഴിലും ശതകോടികളുടെ വാണിജ്യവുമാണ്. 14 ബില്ല്യൺ ചെലവഴിച്ച് റഷ്യയിൽ അരങ്ങേറുന്ന ലോക ഫുട്ബോൾമാമാങ്കം മാനവകുലത്തിൻറെ ഏറ്റവും പ്രിയപ്പെട്ട ഒരു കളിയുത്സവം മാത്രമല്ലെന്നു സാരം. റഷ്യയിൽ പ്രതിഭ തെളിയിക്കുന്ന കിരീടം വെക്കാത്ത ഫുട്ബോൾ രാജകുമാരന്മാരെ കാത്ത് പണസഞ്ചിയും കിലുക്കി യൂറോപ്പിലെ സമ്പന്നരായ ഫുട്ബോൾ ക്ലബ്ബുകൾ ഇപ്പോൾ സ്റ്റേഡിയങ്ങളിൽ ഉലാത്തുന്നുണ്ടാവും. മഹാരാജാക്കന്മാർക്കും രാഷ്ട്രതന്ത്രജ്ഞർക്കും മഹായുദ്ധങ്ങൾക്കും കഴിയാത്തത്, ഈ ഭൂഗോളത്തെ മുഴുവൻ ഒന്നിപ്പിക്കാൻ ഈ കാൽപ്പന്തുകളിക്ക് കഴിയുന്നുണ്ടെങ്കിൽ അതു തന്നെയാണ് ഈ കളി പ്രേക്ഷകർക്ക് നൽകുന്ന പരമാനന്ദം. വിജയസോപാനത്തിലേറുന്നത് ഏതു രാജ്യവുമായിക്കോട്ടെ സുവർണ്ണ പാദുകമണിയുന്നത് ഏതു രാജകുമാരനെങ്കിലും ആവട്ടെ. ഈ പന്തുരുണ്ടുകൊണ്ടേയിരിക്കണം ഈ കളിതുടർന്നുകൊണ്ടേയിരിക്കണം, ലോകത്തിനു വിനോദത്തിൻറേയും ആനന്ദത്തിൻറേയും സമാധാനത്തിൻറേയും പുതു പാതകൾ തുറന്നു തരുന്നതിനായി.



# സാഹിത്യഭാവനയുടെ കുത്തകാവകാശം

**ഡോ. എ.സി. ശ്രീഹരി**
പയ്യന്നൂർ കോളേജ്



ഭാവനാത്മകസാഹിത്യം ബൗദ്ധികസ്വത്തവകാശനിയമപരിധിയിൽപ്പെടുന്നതായി ആദ്യമാരും കരുതിയിരുന്നില്ല. പാറ്റന്റ്നിയമങ്ങളുടെ പുതിയ കാലത്താണ് ആളുകൾ ഇതേക്കുറിച്ച് ബോധവാന്മാരാകുന്നത്. സ്വകാര്യസ്വത്തുസമ്പാദനം ഒരേയൊരു ലക്ഷ്യമാവുകയും പൊതുമേഖലകൾ അവഗണിക്കപ്പെടുകയും ചെയ്യുമ്പോൾ സാഹിത്യസൃഷ്ടികളുടെമേൽ പണമിറക്കുന്ന പ്രസാധകർ ലാഭം കൊയ്യാനിടവരും.

പുതിയൊരാശയം അതിന്റെ ആവിഷ്കാരം ഒക്കെ ഒരാൾ നടത്തുമ്പോൾ എങ്ങനെയാണ് പൊതുസമൂഹത്തിനു അവ പ്രാപ്യമാകുന്നത്? തന്റെ സ്വകാര്യസ്വത്തിന്റെ ഭാഗം അയാൾ പൊതുജനത്തിനായി പങ്കുവെച്ചുകൊടുക്കുമ്പോൾ എന്ത് പ്രതിഫലമാണ്, സംരക്ഷണമാണ് പകരമായി നല്കേണ്ടത്, എത്രകാലത്തേക്ക്, എത്രയളവിൽ, ഏതൊക്കെ സംഗതികളാണ് സംരക്ഷിക്കപ്പെടേണ്ടത്? എഴുത്തുകാരുടെ ആവിഷ്കാരസ്വാത

ന്ത്യവുമായി ഏതളവുവരെയാണിവ ഉപനം ചെയ്യപ്പെടേണ്ടത് എന്നൊക്കെ അക്കാദമികമായിത്തന്നെ പഠനം നിർവഹിക്കപ്പെടുന്നുണ്ട് ഇപ്പോൾ.

മുതലാളിത്തത്തിന്റെ സ്വകാര്യവത്കരണവ്യവസ്ഥിടയിൽ പൊതുസ്ഥലത്തിന്റെ നിർമ്മിതി ആശയാവിഷ്കാരത്തിന്റെ ആർക്കും ഇടപെടാവുന്ന ഒരു മേഖല- അസാധ്യമാവുന്നുണ്ട്. എഴുത്തുകാർക്ക് തങ്ങളുടെ രചനകൾക്ക്മേൽ താത്കാലികമായി ഒരു കുത്തകാവകാശം നല്കുകയും സ്വകാര്യസ്വത്തുപോലെ അവയുടെ പുനരുത്പാദനം, വിതരണം, രൂപാന്തരീകരണം മുതലായവയ്ക്ക് വഴിയൊരുക്കുകയും ചെയ്യുന്നുണ്ട് ബൗദ്ധികസ്വത്താവകാശനിയമങ്ങൾ.

ശാസ്ത്രത്തിന്റെ മേഖലകളിൽ കണ്ടുപിടിത്തങ്ങളുടെ പാറ്റന്റ് 20 വർഷംകൊണ്ട് പ്രായേണ ചെറിയ കാലയളവിൽ അവസാനിക്കുന്നുണ്ട് പടിഞ്ഞാറൻ നാടുകളിൽ. സർഗാത്മകരചനകളുടെ പകർപ്പവകാശമാവട്ടെ, കുറേക്കൂടി കാലത്തേക്ക്, 70-95 വർഷങ്ങൾ നിലനില്ക്കുന്നതായിക്കാണാം, പലയിടങ്ങളിലും. പക്ഷേ, പകർപ്പവകാശകാലാവധി കഴിയുമ്പോൾ ഒരു കൃതി പൊതുസമൂഹത്തിന്റെ കൂട്ടുസ്വത്തായി മാറുന്നു. ആശയങ്ങളുടെ സംരക്ഷണമാണ് പാറ്റന്റ് സംരക്ഷിക്കുന്നതെങ്കിൽ മൗലികാവിഷ്കാരങ്ങളുടെ സംരക്ഷണമാണ് പകർപ്പവകാശനിയമങ്ങൾ കാംക്ഷിക്കുന്നതെന്ന് പറയാം. പകർപ്പവകാശം അവസാനിക്കുന്ന വഴിക്ക് ഒരു കൃതി വീണ്ടും പൊതുമുതലാകുന്നു. അതിന്റെ വ്യാപ്തി കൂട്ടലാവുകയേ ഇതുവഴിയുണ്ടാവൂ. പകർപ്പവകാശമുള്ള കൃതിതന്നെ പല വികസിതരാജ്യങ്ങളിലും നിരൂപണത്തിനും അധ്യയനത്തിനും ഗവേഷണത്തിനും വേണ്ടി പുനഃപ്രസിദ്ധീകരിക്കപ്പെടാറുണ്ട്. പാരഡീകരിക്കാൻ പോലും പകർപ്പവകാശം ബാധ്യതയാവാറില്ല.

ഇങ്ങനെ പ്രസിദ്ധീകരിക്കപ്പെടുന്നില്ലെങ്കിൽ ഒരു സമൂഹത്തിന് ഒരു സാഹിത്യകൃതികൊണ്ടും പ്രയോജനം കിട്ടാതെ പോകും. പ്രസിദ്ധീകൃതകൃതികളും കണ്ടുപിടിത്തങ്ങളുമൊക്കെ ഇങ്ങനെ സാമൂഹ്യശ്രദ്ധയോ ഉപയോഗമോ ലഭിക്കാതെ പോകാനിടവരുന്നത് ആർക്കും ഗുണകരമല്ല. കൃതികൾ വിലയ്ക്കു വാങ്ങാം, വില്ക്കാം, കടം കൊടുക്കാം/വാങ്ങാം, നശിപ്പിക്കാം. പക്ഷേ പൊതുജനത്തിനു പകർപ്പവകാശം മാത്രമില്ല. ഗ്രന്ഥകർത്താവിന്റെയോ പ്രസാധകന്റെയോ കുത്തകയാണത് എന്ന് വരുന്നത് പൊതുവ്യവഹാരങ്ങളെ നിർവീര്യമാക്കുകയും ആശയങ്ങളുടെ സ്വകാര്യവത്കരണത്തിനിടയാക്കുകയും ചെയ്യും. വ്യക്തിപ്രതിഭ എന്നത് സാഹിത്യരചനാപ്രവർത്തനത്തെ നിഗൂഢവത്ക്കരിക്കാനുള്ള ഒരു സങ്കല്പമായി മാറും. സാഹിത്യകൃതികളുടെ നിർമ്മാണത്തിൽ സമൂഹത്തിനുള്ള പങ്ക് മറച്ചുവെയ്ക്കപ്പെടുന്നു. മൗലികത എന്ന ആശയം ഉയർത്തിക്കാട്ടി പൊതുജനത്തെ സൃഷ്ടിയുടെ സമഷ്ടിയിൽ നിന്നും പുറത്താക്കുന്നു. പക്ഷേ, താത്ക്കാലികമായി മാത്രം നിലനില്ക്കുന്ന ഈ കുത്തകാവകാശം ചൂണ്ടുന്നത് പില്ക്കാലത്ത് സമൂഹത്തിൽ വിലയിക്കേണ്ടുന്ന കൃതി അതിന്റെ നിർമ്മാണത്തിനു മുമ്പേ നിലവിലുണ്ടായിരുന്ന കൃതികളേയോ കണ്ടുപിടിത്തങ്ങളേയോ ഉപജീവിച്ച് തന്നെയാവണം ഉണ്ടായത് എന്നതിലേക്കാണ്. പുനരുപയോഗത്തിനും പുതുക്കിപ്പണിയലുകൾക്കും വശംവദമാകുന്ന കൃതി കർത്താവിൽ കവിഞ്ഞ് കർമ്മത്തിന്റെ പ്രക്രിയകളിലേക്ക്

**ആധുനികാനന്തരകാലഘട്ടം പകർപ്പവകാശത്തെ ലംഘിക്കുന്നു. സ്വകാര്യവ്യക്തിതന്നെ ഛിന്നഭിന്നമായിപ്പോകുന്നു. അച്ചടിച്ച കൃതിയോടൊപ്പംതന്നെ അവയുടെ വെർച്വൽ രൂപങ്ങളും പ്രചരിക്കുന്നു. ജനാധിപത്യത്തിന്റെ വീണ്ടെടുപ്പൊന്നുമല്ല പക്ഷേ ഇത്. അതിന്റെ ബ്ലാങ്ക് പാരഡിയാണ് സംഭവിക്കുന്നത്.**






ശ്രദ്ധയാകർഷിക്കുന്നു. രചന സാമൂഹികമാണ്, സ്വകാര്യമല്ല തന്നെ എന്ന് അടിവരയിടുന്നു. കർത്താവ് സർവ്വശക്തനാവുന്ന കാലത്താണ് കൃതികളുടെ പകർപ്പവകാശം അനിവാര്യമാകുന്നത്. സ്വയം പര്യാപ്തനും സ്വകാര്യസ്വത്തുടമസ്ഥനും സാമ്പത്തികസ്വാശ്രയത്വമുള്ളവനുമായ കർത്താവ്, പ്രസാധകൻ വായനക്കാരെ പുറത്തുനിർത്തുന്നു. പണം കൊടുത്തു വാങ്ങി വായിക്കേണ്ടുന്ന ചരക്കായി കൃതിയെ കണക്കാക്കുന്ന ഒരു മുതലാളിത്തവ്യവസ്ഥയിലാണ് ഇത് സാധ്യമാവുന്നത്. അച്ചടിക്കും ആധുനികതയ്ക്കും മുമ്പ് ഇങ്ങനെയൊരു പ്രശ്നം ഉണ്ടായിരുന്നില്ല എന്നും ഓർക്കാം. കൂട്ടകൃഷിയുടെ കാലത്ത് കൃതിയിൽ സ്വതന്ത്രമായി ഇടപെടാൻ സഹൃദയന് അവകാശമുണ്ടായിരുന്നു. നാടൻ കലാസാഹിത്യരൂപങ്ങളുടെ സ്വതന്ത്രചലനം ഇത് അടയാളപ്പെടുത്തുന്നു. പറച്ചിലിന്റെ കാലത്തെ കഥയും ഈ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു.

ആധുനികാനന്തരകാലഘട്ടം പകർപ്പവകാശത്തെ ലംഘിക്കുന്നു. സ്വകാര്യവ്യക്തിതന്നെ ഛിന്നഭിന്നമായിപ്പോകുന്നു. അച്ചടിച്ച കൃതിയോടൊപ്പംതന്നെ അവയുടെ വെർച്വൽ രൂപങ്ങളും പ്രചരിക്കുന്നു. ജനാധിപത്യത്തിന്റെ വീണ്ടെടുപ്പൊന്നുമല്ല പക്ഷേ ഇത്. അതിന്റെ ബ്ലാങ്ക് പാരഡിയാണ് സംഭവിക്കുന്നത്. അതേസമയം, വളരെ സങ്കീർണ്ണമായ പാഠാന്തരങ്ങളും, കർതൃസ്ഥാനങ്ങളുമൊക്കെയുള്ള സാംസ്കാരികോത്പന്നമായി കൃതിയെ കാണാനുള്ള പ്രവണതയുമുണ്ട്. മൗലികപ്രതിഭയെ നിയമപരവും സാമ്പത്തികവും സാംസ്കാരികവുമായ ഘടനകൾ എങ്ങനെയാണ് നിലനിർത്തുന്നതെന്നും അതന്വേഷിക്കുന്നുണ്ട്. ഇത് ആധുനികതയുടെ അഹംഭാവത്തെ തകർക്കുന്നു. പകർപ്പവകാശത്തിനെയും അതിന്റെ സാംസ്കാരികബന്ധങ്ങളേയും വിസ്തരിക്കുന്നതാണ് മിഷേൽ ഫൂക്കോയുടെ "എന്താണ് കർത്താവ്"എന്ന ചോദ്യം. എഴുത്തുകാരൻ എന്ന മിത്തിനെ പൊളിച്ചടുക്കാൻ ഈ കൃതി മതിയായി. ബാർത്തിന്റെ "എഴുത്തുകാരന്റെ മരണം"മറ്റൊരു തരത്തിൽ ഈ പ്രശ്നത്തെ അഭിസംബോധന ചെയ്യുന്നതായിരുന്നു. സ്വകാര്യബൗദ്ധികസ്വത്തവകാശവാദത്തെ പൊളിക്കുന്നതാണ് ദറിദയുടെ ആശയങ്ങൾ. ആശയം/ആവിഷ്കാരം, എഴുത്തുകാർ/വായനക്കാർ, മൗലികം/പകർപ്പ് തുടങ്ങിയ വൈരുദ്ധ്യങ്ങൾക്കിടയിലുള്ള അന്തരാളയാഥാർത്ഥ്യങ്ങളെ പുറത്തെടുക്കാനാണ് ദറിദ ശ്രമിക്കുന്നത്.




**എഴുത്തുകാർക്കും പ്രസാധകർക്കും ഇനി പണ്ടേപോലെ ശൗര്യം നടിക്കാനാവില്ല എന്നർത്ഥം. ക്രിയാത്മകവായന എന്ന സങ്കല്പവ്യാപനത്തോടെ വായനക്കാരുടെ ഉത്തരവാദിത്തം കൂടുകയും ചെയ്യുന്നു. ഫ്രീ സോഫ്റ്റ് വെയർപോലെ ആർക്കും ഉപയോഗിക്കാൻ സാധിക്കുന്ന രചനകൾ വ്യാപരിക്കുന്ന കാലം ദൂരത്തല്ല.**




രചനാവേളയിൽ എഴുത്തുകാരുടെ കൂട്ടായ്മ സൃഷ്ടിക്കുന്ന ഇടസ്ഥിനെക്കുറിച്ചുള്ള ചർച്ചകളിലേക്ക് അത് നീളുന്നു. ജനതയെ സാംസ്കാരികമായ നിയന്ത്രണങ്ങൾക്ക് വിധേയമാക്കാനാണ് ഇത്തരം പകർപ്പവകാശനിയമങ്ങൾ നടപ്പിലാക്കുന്നത് എന്നുവരെ വാദിക്കപ്പെട്ടു. വായുവിൽ നിന്നും വിഭൂതിയെടുക്കുന്നതുപോലെയുള്ള മാജിക്കായി സാഹിത്യരചനകളെ കാണുന്നതിൽനിന്നും മാർക്സിസ്റ്റ് ചിന്തകർ വായനക്കാരെ മോചിപ്പിച്ചു. Playwright എന്ന പോലെ copy right നെ copywright എന്നും copywrights and wrongs എന്നും copy left and right എന്നൊക്കെയാക്കി എഴുത്തിന്റെ കുത്തകവത്ക്കരണത്തിനെ ചെറുക്കുന്ന പ്രവണത അടുത്തകാലത്തുണ്ടാകുന്നത് ശ്രദ്ധേയമാണ്. എഴുത്തുകാർക്കും പ്രസാധകർക്കും ഇനി പണ്ടേപോലെ ശൗര്യം നടിക്കാനാവില്ല എന്നർത്ഥം. ക്രിയാത്മകവായന എന്ന സങ്കല്പവ്യാപനത്തോടെ വായനക്കാരുടെ ഉത്തരവാദിത്തം കൂടുകയും ചെയ്യുന്നു. ഫ്രീ സോഫ്റ്റ് വെയർപോലെ ആർക്കും ഉപയോഗിക്കാൻ സാധിക്കുന്ന രചനകൾ വ്യാപരിക്കുന്ന കാലം ദൂരത്തല്ല. ജനാധിപത്യത്തിനും അതിന്റെ പാരഡി രചിക്കുന്ന മാർക്കറ്റ് മുതലാളിത്തത്തിനുമിടയിലെ അന്തരാളസ്ഥലിയിൽ (liminal space) അംഗങ്ങളാവുന്ന എഴുത്തുകാർക്കും വായനക്കാർക്കും പരസ്പരം യോജിച്ചുപോകാവുന്ന കാലം വന്നിരിക്കുന്നു. അതിനായി സ്വയം തയ്യാറെടുക്കയേ ഇനി വേണ്ടൂ.

ഗ്രന്ഥാവലംബം

Saint-Amour, Paul K. The Copywrights: Intellectual Property and the literary Imagination. London: Cornel University Press, 2003.

# എന്റെ അമ്മ ഹിന്ദു

ദിവസങ്ങൾക്ക് ശേഷം അയാൾ ചന്ദ്രനേയും നക്ഷത്രങ്ങളേയും കാണുകയാണ്. ഇതുവരെ അയാൾ എവിടെയായിരുന്നു. താഴെ .... താഴെ.... ഒരു പക്ഷേ..... വളരെ ആഴത്തിൽ...... അവിടെ കുഴികളൊക്കെ മനുഷ്യരക്തംകൊണ്ട് നിറഞ്ഞിരിക്കുകയായിരുന്നു. വെടിയുണ്ടകളുടെ ചാറ്റൽമഴയിലായിരുന്നു അയാൾ കൈ കഴുകിയിരുന്നത്. പക്ഷേ........... പക്ഷേ......... അയാൾ താഴെയായിരുന്നില്ല. അയാൾ പുതിയ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുകയായിരുന്നു. രാജ്യത്തിനു മുമ്പിൽ മറ്റൊന്നും നോക്കാനില്ല; സ്വന്തം കാര്യംപോലും നാലു ദിവസമായി അയാൾ എവിടെയായിരുന്നു? അയാൾ എവിടെയും ഇല്ലായിരുന്നു. ഗുജറാം വാലാ, വജീറാബാദ്, ലാഹോർ! അയാളും ........ മൈലുകളോളം ചീറിപാഞ്ഞ ട്രക്കും! അയാൾ എത്രദൂരം കറങ്ങി ? ഇതൊക്കെ ആർക്കുവേണ്ടി? രാജ്യത്തിനുവേണ്ടി, ജാതിക്കുവേണ്ടി, പിന്നെ......? പിന്നെ തനിക്ക് വേണ്ടി! ഇല്ല, അയാൾക്ക് സ്വയം അത്ര പ്രണയമില്ല. നീണ്ടുകിടക്കുന്ന റോഡിൽനിന്നുകൊണ്ട് ദൂരെ ഗ്രാമങ്ങളിലെ തീജ്വാലകളെ നോക്കുകയായിരുന്നോ? നിലവിളി ശബ്ദങ്ങൾ അയാൾക്ക് പുതിയതല്ല. തീ പടരുമ്പോൾ കരച്ചിൽ ഉയരുന്നതിൽ പുതുമയൊന്നും ഇല്ല.

അയാൾ തീ കണ്ടിട്ടുണ്ട്, തീയിൽ വെന്തുരുകുന്ന പുരുഷന്മാരേയും, സ്ത്രീകളേയും, കുട്ടികളേയും കണ്ടിട്ടുണ്ട്. രാത്രി മുഴുവൻ തീജ്വാലകളിലമർന്ന് രാവിലെ ചാരക്കൂമ്പാരമായി തീർന്ന തെരുവുകളിലെ കരിഞ്ഞ ജഡങ്ങൾ കണ്ടിട്ടുണ്ട്.

അയാൾ അത്കണ്ട് തെല്ലുപോലും പരിഭ്രമിച്ചോ? എന്തിന് പരിഭ്രമിക്കണം? രക്തച്ചൊരിച്ചിലല്ലാതെ സ്വാതന്ത്ര്യം കിട്ടില്ല; രക്തച്ചൊരിച്ചിലല്ലാതെ വിപ്ലവം വരില്ല. ഈ വിപ്ലവത്തിൽനിന്നാണ് അയാളുടെ ചെറിയ രാജ്യം ഉണ്ടായിരിക്കുന്നത്. അതെ; രാത്രിയും പകലുമെല്ലാം ഒന്നായിരിക്കുന്നു. അയാളുടെ കണ്ണുകളിൽ ഉറക്കക്ഷീണമുണ്ട്. പക്ഷേ, അയാൾക്ക് ലാഹോറിലെത്തണം. അതും കൃത്യസമയത്തുതന്നെ.

ഒരു കാഫിറും ജീവിച്ചിരിക്കരുത്. ഈ നേർത്ത തണുപ്പുള്ള രാത്രിയിലും കാഫിറുകളെ കുറിച്ചോർത്തപ്പോൾ ആ പട്ടാളക്കാരന്റെ കണ്ണിൽ രക്തചരവി പടർന്നു.

പെട്ടെന്ന് മുറിഞ്ഞുപോയ താളം വീണ്ടെടുത്ത് ട്രക്ക് അതിവേഗത്തിൽ കുതിച്ചുപാഞ്ഞു. .................. മരണത്തിന്റെ മടിത്തട്ടിലേക്ക് ഒതുങ്ങിക്കൂടിയ ഗ്രാമം. ഇളകിയാടുന്ന വയലേലകൾക്കുചുറ്റും ശവക്കൂമ്പാരങ്ങൾ...... ഇടയ്ക്കിടെ ദൂരെനിന്നും കേൾക്കുന്ന 'അല്ലാഹു അക്ബർ' 'ഹരഹര മഹാദേവ' ധ്വനികൾ ഹാ......


ഡോ. അജിത മേനോൻ
എൻ.എസ്.എസ്. കോളേജ്
മഞ്ചേരി




പിടിക്ക്...... പിടിക്ക്............... കൊല്ല്! യൂനസ്ഖാൻ ഇതൊക്കെ കേട്ടുകൊണ്ടിരുന്നു.

ഇതൊന്നും അയാളിൽ ഒരു ചലനവും ഉണ്ടാക്കിയില്ല. അയാൾ നിശ്ശബ്ദനായിരുന്നു. ഒരു പുതിയ മുഗൾ സുൽത്താന്റെ ആഭിജാത്യവും ഐശ്വര്യവും അയാൾ തന്റെ കണ്ണുകളിലൂടെ കാണുകയായിരുന്നു.

ചന്ദ്രൻ താഴേക്ക് ഇറങ്ങിക്കൊണ്ടിരുന്നു. പാൽനിലാവിന് നീലനിറം കൈവന്നപോലെ ഒരുപക്ഷേ ഭൂമിയിലെ രക്തം മുകളിൽ വിഷമായി പടർന്നതാവാം.

"നോക്കൂ...... ഒന്നു നിർത്തൂ....." യൂനസ് ഖാന്റെ കൈകൾ ബ്രേക്കിട്ടു.

ഇത്...... ഇതെന്താണ്? ഒരു കുഞ്ഞുനിഴൽ! നിഴലല്ല..... രക്തത്തിൽ കതിർന്ന സൽവാറിനുള്ളിൽ ബോധരഹിതയായി ഒരു പെൺകുഞ്ഞ്!

അയാൾ താഴെയിറങ്ങുന്നു. ആക്രമിക്കപ്പെട്ടവളാണ്. പക്ഷെ അയാൾ ട്രക്ക് നിർത്തിയത് എന്തിനാണ്? ശവങ്ങൾക്കുവേണ്ടി അയാൾ എപ്പോഴെങ്കിലും വണ്ടി നിർത്തിയിട്ടുണ്ടോ? പക്ഷെ..... ഇതൊരു മുറിവേറ്റ പെൺകുട്ടി..... അതിന് അയാൾക്കെന്താണ്? അയാൾ ഇത്പോലെ മുറിവേറ്റ സ്ത്രീകളുടെ കുമ്പാരങ്ങൾ എത്രയോ കണ്ടിരിക്കുന്നു...... പക്ഷേ..... ഇല്ല അയാൾ ആ കുഞ്ഞിനെ കോരിയെടുത്തു. ഒരു പക്ഷേ..... രക്ഷപ്പെട്ടെങ്കിൽ.......... അയാൾ എന്തിനാണ് ഇങ്ങനെ ചെയ്യുന്നത്? അയാൾക്ക് സ്വയം ഒന്നും മനസ്സിലായില്ല...... എന്തായാലും ഇവളെ ഇവിടെ ഉപേക്ഷിക്കാൻ വയ്യ........ കാഫിർ ആണെങ്കിലും......

ദൃഢമായ കൈകളിൽ ബോധമറ്റു കിടക്കുന്ന പെൺകുട്ടി! അയാൾ അവളെ സീറ്റിൽ കിടത്തി. അവളുടെ കണ്ണുകൾ അടഞ്ഞിരുന്നു. കറുത്തിരുണ്ട തലമുടി രക്തംകൊണ്ട് നനഞ്ഞിരുന്നു. മുഖത്ത്...... വിളറിയ മുഖത്ത് ചോരത്തുള്ളികൾ......

യൂനസ്ഖാന്റെ വിരലുകൾ കുഞ്ഞിന്റെ മുടിയിൽ തഴുകിയപ്പോൾ മുടിയിലെ രക്തം അയാളുടെ വിരലുകളിൽ പടർന്നു. ഇല്ല..... യൂനസ്ഖാൻ ഒരിക്കലും ഇത്രയും തരളിതനായിട്ടില്ല. ഇത്രയും ദയ, ഇത്രയും കനിവ്.... അയാളുടെ കൈകളിലേക്ക് എവിടെനിന്നാണ് വന്നത്? അയാൾക്ക് സ്വയം മനസ്സിലാക്കാനായില്ല.

അവളെ മുറിവേൽപ്പിച്ച അവളുടെ സഹോദരനെ കൊന്ന അതേ മതത്തിലെ ഒരാളുടെ കൈകളാണ് അവളെ തലോടുന്നതെന്ന് അവൾക്ക് അറിയില്ലല്ലോ.

യൂനസ് ഖാന്റെ കൈകളിൽ പെൺകുട്ടി ഒന്നുമറിയാതെ കിടന്നു. അയാളുടെ കണ്ണുകളിൽ ക്രൂരതയായിരുന്നില്ല മറിച്ച് ആർദ്രതയായിരുന്നു. ദൂരെ ദൂരെ തണുത്ത.... തീർത്തും തണുത്ത ഒരു വൈകുന്നേരം അയാളുടെ കൈകളിൽ പന്ത്രണ്ടു വയസ്സുള്ള സുന്ദരിയായ സഹോദരി നൂറിനെ ഏൽപ്പിച്ചിട്ടാണ് അയാളുടെ അമ്മ മരിച്ചത്.

വിറയ്ക്കുന്ന കാറ്റിൽ അയാളുടെ പൂപോലുള്ള കൊച്ചനുജത്തി കല്ലറകളുള്ളിൽ ഈ ലോകത്തെക്കുറിച്ചൊന്നും അറിയാതെ..... അങ്ങനെ.... ആ പഴയ ഓർമ്മകളിൽ യൂനസ്ഖാന്റെ മനസ്സും ബുദ്ധിയും മരവിച്ചു നിന്നു.

ഇന്ന് അത്പോലെ...... തീർത്തും അത്പോലെത്തന്നെ അയാളുടെ കൈകളിൽ...... പക്ഷേ...... ആ പഴയ യൂനസ്ഖാൻ ഇന്നെവിടെയാണ്? എവിടെ......എവിടെ?

യൂനസ്ഖാന് അയാൾ സ്വയം ഇളകുന്നത്പോലെയും, ആടുന്നത് പോലെയും അനുഭവപ്പെട്ടു. അയാൾ എത്ര നേരം ചിന്തിച്ചുകൊണ്ടിരിക്കും? അയാൾക്ക് പോകണം, കുട്ടികളുടെ മുറിവുകൾ..... ഒരിക്കൽ കൂടി അവളെ തഴുകിക്കൊണ്ട് ആദരവോടെയും, നനവാർന്ന സ്നേഹത്തോടെയും അയാൾ കുട്ടിയെ കിടത്തി, വേഗത്തിൽ ട്രക്ക് സ്റ്റാർട്ട് ചെയ്തു. പെട്ടെന്ന് ഓർമ്മയിൽ മിന്നിയ ഒരു കർത്തവ്യത്തിന്റെ വെളിപാടായിരുന്നു അത്. അയാൾ മുമ്പേ പോകേണ്ടതായിരുന്നു. അവളുടെ മുറിവുകളെ സുഖപ്പെടുത്തിയാൽ ..... ഒരു പക്ഷേ അവൾ രക്ഷപ്പെട്ടെങ്കിൽ..... വേഗം...........



വേഗം............ ഇനിയും വേഗം......... ട്രക്ക് പാഞ്ഞുപൊയ്ക്കൊണ്ടിരുന്നു. അയാൾ ആലോചിക്കുകയായിരുന്നു. ഇതെന്താണ്? ഈ ഒരു പെൺകുട്ടിക്ക് വേണ്ടി എന്തിന്? ആയിരക്കണക്കിനാളുകൾ മരിച്ചു കഴിഞ്ഞു. ഇത് പകരത്തിന് പകരമാണ്. ഇത് രാജ്യത്തിനായുള്ള പോരാട്ടമാണ്. ഇവിടെ ഹൃദയത്തിന്റെ ശബ്ദം കേൾക്കാതിരിക്കണം. മിണ്ടാതിരിക്ക്..... നിഷ്കളങ്കരായ ഈ പിഞ്ചു കുഞ്ഞുങ്ങളുടെ ബലിക്ക് രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടിയൊഴുകുന്ന ചോരയുമായി എന്ത് ബന്ധം? ഈ പിഞ്ചുബാലിക ഒന്നുമറിയാതെ..... ബോധശൂന്യയായി.

ലാഹോർ എത്താറായി. റോഡിനടുത്തുകൂടി കടന്നുപോകുന്ന റെയിൽ പാളങ്ങൾ. ഇപ്പോൾ ട്രക്ക് ലാഹോറിന്റെ വീഥികളിലാണ്. അയാൾ അവളെ എവിടെ കൊണ്ടുപോകും? മേയോ ഹോസ്പിറ്റൽ..... ഡോ. ഗംഗാറാം.....? എന്തിന് ഗംഗാറാം......? യൂനസ് ഖാൻ സ്വയം അത്ഭുതപ്പെട്ടു. അയാൾക്ക് അവളെ തിരിച്ചുകൊടുക്കാൻ പോകുകയാണോ? ഇല്ല.....ഇല്ല..... അവളെ അയാൾക്കൊപ്പം നിർത്തും. ട്രക്ക് മെയോ ഹോസ്പിറ്റലിന് മുമ്പിൽ നിന്നു. കുറച്ചുസമയം കഴിഞ്ഞ് അയാൾ ഉത്കണ്ഠയോടെ ഡോക്ടറോട് പറഞ്ഞു, ഡോക്ടർ, എങ്ങിനെയെങ്കിലും രക്ഷപ്പെടുത്തണം. ഇവളെ എനിക്ക് പൂർണ്ണ ആരോഗ്യത്തോടെ വേണം." കൂടുതൽ ഉത്തേജിതനായി, "ഡോക്ടർ.... ഡോക്ടർ..... " അയാൾക്ക് സ്വയം നിയന്ത്രിക്കാനായില്ല.

'യെസ്.... യെസ്.... ഇവളെ രക്ഷിക്കാൻ ഞാൻ ആവുന്നത്ര പരിശ്രമിക്കാം.'

കുട്ടിയെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. യൂനസ്ഖാൻ ഡ്യൂട്ടിയിലായിരുന്നു. പക്ഷേ, തീർത്തും അന്യമനസ്കനായി....

ലാഹോറിലെ വീതികൂടിയ റോഡുകളിൽ അവിടവിടെയായി രാത്രിയിലെ തീയിന്റെ പുക ഉയർന്നുകൊണ്ടിരുന്നു. ഇടയ്ക്കിടക്ക് പേടിച്ചരണ്ട ആളുകളെ നിറച്ച വണ്ടികൾ ജവാൻമാരോടൊപ്പം പോയ്ക്കൊണ്ടിരുന്നു. അവിടവിടെ ചവറുകൂമ്പാരം പോലെ ശവശരീരങ്ങൾ കൂടികിടക്കുന്നു. ഒഴിഞ്ഞ റോഡിൽ പലയിടത്തും നഗ്നരായ സ്ത്രീ ശരീരങ്ങൾ..... ഉയർന്നുകേൾക്കുന്ന ശബ്ദകോലാഹലങ്ങൾ...... ഇന്നലെവരെ ശക്തിയുണ്ടായിരുന്ന അയാളുടെ കൈകൾ ശിഥിലമായിരിക്കുന്നു. അയാൾ വീട്ടിലേക്കെത്താൻ ധൃതിയിൽ പോകുന്നതുപോലെ ഹോസ്പിറ്റലിലേക്കു പോയി.



അപരിചിതയായ ഒരു പെൺകുട്ടിയ്ക്കുവേണ്ടി അയാൾ എന്തിനാണ് പരിഭ്രമിക്കുന്നത്? ആ പെൺകുട്ടി മുസ്ലിം അല്ല.... ഹിന്ദുവാണ് ഹിന്ദു. വാതിലിനിടുത്തുനിന്ന് കട്ടിലുവരെ അയാൾക്ക് ഒരുപാട് ദൂരം അനുഭവപ്പെട്ടു. നീണ്ട... നീണ്ട... കാൽവെപ്പുകൾ.....

ഇരുമ്പുകട്ടിലിൽ കുട്ടി കിടക്കുന്നു. വെള്ളത്തുണികൊണ്ട് തലയിൽ ബാൻഡേജുണ്ട്. ഏതോ ഭയാനക ദൃശ്യത്തിന്റെ പേടിയിൽ കണ്ണുകൾ ഇപ്പോഴും അടച്ചിരിക്കുന്നു. നിഷ്കളങ്കമായ ആ സുന്ദര മുഖത്ത് പേടിയുടെ ഭയാനകമായ നിഴൽ......

യൂനസ്ഖാൻ അവളെ എന്തു വിളിക്കും? അവളോട് എന്തു പറയും? 'നൂറൻ' എന്ന പേര് ചുണ്ടുകളിൽ കുടുങ്ങിക്കിടക്കുന്നു. അയാൾ കൈ നീട്ടി മുറിവേറ്റ ആ കുഞ്ഞു തലയിൽ തൊട്ടു...... പിന്നെ കോമളമായ കൊച്ചു വിരലുകളിലും കനത്ത ശബ്ദം അയാളുടെ തൊണ്ടയിൽ കുടുങ്ങി കിടന്നു.

പെട്ടെന്ന് കുട്ടി ഞെളികി. വേദനയോടെ അബോധാവസ്ഥയിൽ എന്തോ പിറുപിറുത്തു. 'ക്യാമ്പ്...... ക്യാമ്പ്.......... ക്യാമ്പ്....... എത്തി. ഓടിക്കോ........... ഓടിക്കോ..........."

"ഒന്നുമില്ല.......... ഒന്നുമില്ല....... നോക്ക്......... കണ്ണുതുറക്ക്......"

'തീ.... തീ... വെടിയുണ്ട... മിലട്ടറി....'

കുട്ടി അയാളെക്കണ്ട് പേടിച്ച് അലറിക്കരഞ്ഞു. 'ഡോക്ടർ... ഡോക്ടർ.. അവളെ നോൽമലാള്ളൂ....'

ഡോക്ടർ അനുഭവത്തിന്റെ വെളിച്ചത്തിൽ പറഞ്ഞു, 'നിങ്ങളെ അവൾ ഭയപ്പെടുന്നു. കാരണം അവൾ കാഫിറാണ്".

'കാഫിർ... യൂനസ്ഖാന്റെ കാതിൽ അത് മുഴങ്ങിക്കൊണ്ടിരുന്നു. കാഫിർ...കാഫിർ... താനെന്തിനാണ് ഇവളെ രക്ഷിച്ചത്? കാഫിർ... ഇല്ല... ഞാനിവളെ എന്റെ കൂടെ നിർത്തും.

അങ്ങനെ ആ രക്തപങ്കിലമായ രാത്രി കഴിഞ്ഞുപോയി. അയാൾ ചഞ്ചലമായ മനസ്സോടെ ഡ്യൂട്ടിക്ക് പോയി. അവൾ ഹോസ്പിറ്റലിൽ കിടന്നു. അവൾ സുഖപ്പെട്ടു. യൂനസ്ഖാൻ ഇന്നവളെ കൊണ്ടുപോകും. ഡ്യൂട്ടികഴിഞ്ഞ് മടങ്ങിവന്ന് അയാൾ വാർഡിലേക്ക് ചെന്നു.

അവൾവലിയ കണ്ണുകൾ വിടർത്തി അയാളെ നോക്കി. അവളുടെ കണ്ണുകളിൽ പേടിയുണ്ട്, വെറുപ്പുണ്ട്, ഉത്കണ്ഠയുണ്ട്.

അയാൾ അവളുടെ തലയിൽ തലോടി. അവൾ വിറച്ചു. അയാൾ കഴുത്ത് ഞെരിക്കുമെന്ന് അവൾ ഭയപ്പെട്ടു. അവൾ കണ്ണുകൾ ഇറുക്കിയടച്ചു. അവൾ എവിടെയാണ്? അവൾക്കൊന്നും മനസ്സിലായില്ല. ഈ



പട്ടാളക്കാരൻ? ആ ഭീകരരാത്രി...

അവളുടെ സഹോദരൻ... സഹോദരന്റെ തല ദൂരെ തെറിച്ചു വീണത് അവൾ ഒരു ഞെട്ടലോടെ ഓർത്തു. യൂനസ്ഖാൻ അവള നോക്കി മൃദുവായി പറഞ്ഞു,: 'ശരിയായില്ലേ... ഇനി വീട്ടിലേക്ക് പോകാം'.

അവൾ പേടിച്ച് തലയാട്ടി, 'വോ... വോ.... വീട് എവിടെ? എന്നെ നിങ്ങൾ കൊല്ലും..!

അയാൾ അവളിൽ നൂറിനെ കാണാനാഗ്രഹിച്ചു. പക്ഷേ. ഇത് നൂറല്ല--- അയാളെ കാണുമ്പോൾ ഭയപ്പെടുന്ന ഏതോ ഒരു കുട്ടിയാണ്. അവൾ പേടിച്ച് വിക്കി വിക്കി പറഞ്ഞു, ' വീട്ടിലല്ലാ... എന്നെ ക്യാമ്പിലേക്ക് വിട്ടു.. ഇവിടെ എന്നെ കൊല്ലും... എന്നെ കൊല്ലും'.

യൂനസ്ഖാന്റെ മുഖം കനിഞ്ഞു. ആ കണ്ണുകളിൽ ഒരു സൈനികന്റെ ക്രൂരതയില്ല, ശക്തിയില്ല, അധികാരമില്ല....... ആ കണ്ണുകളിൽ ... നിസ്സഹായത.... വിവശത.

അയാൾ കാരുണ്യത്തോടെ അവളെ നോക്കി. ഇവളെ ആര് രക്ഷിക്കും?

അയാൾ തിരിച്ചറിയാനാകാത്ത ഏതോ സ്നേഹമഴയിൽ നനഞ്ഞുകൊണ്ടിരുന്നു.

യൂനസ്ഖാൻ പുഞ്ചിരിയോടെ ഒരിക്കൽകൂടി അവളെ തലോടി, 'നോക്ക്... ഒന്നും പേടിക്കാ... ഞാൻ നിന്റെ സ്വന്തമാണ്". ട്രക്കിൽ അയാളോടൊപ്പമിരുന്ന് അവൾ ആലോചിച്ചുകൊണ്ടിരുന്നു. എപ്പോഴെങ്കിലും തരം കിട്ടുമ്പോൾ അയാൾ അവളെ കൊല്ലും. തോക്കുകൊണ്ടോ... കഠാര കൊണ്ടോ.. അവൾ അയാളുടെ കൈയ്യിൽ പിടിച്ചു. 'ഖാൻ... എന്നെ കൊല്ലരുത്... കൊല്ലരുത്. 'അവള് വല്ലാതെ പേടിച്ചിരിക്കുന്നുവെന്ന് അവളുടെ വിളറിയ മുഖം വിളിച്ചു പറയുന്നുണ്ടായിരുന്നു.

ഖാൻ അവളുടെ തലയിൽ തലോടിക്കൊണ്ട് പറഞ്ഞു, 'ഇല്ല.. ഒന്നുമില്ല. ഒട്ടും പേടിക്കണ്ടാ... നീ എന്റെ സ്വന്തം കുട്ടിയല്ലേ?'. അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞു, 'എന്നെ വിട്ടു... എന്നെ ക്യാമ്പിൽ വിട്ടു...'.

ഖാൻ അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. 'കരയല്ലേ.. നീ എന്റെ കുട്ടിയായി എന്റെ വീട്ടിൽ വളരും. പേടിക്കണ്ടാ...'

'വേണ്ടാ... അവൾ ഖാന്റെ നെഞ്ചിൽ കുഞ്ഞിക്കൈകൾകൊണ്ട് ഇടിച്ചുകൊണ്ടു പറഞ്ഞു', നിങ്ങൾ മുസ്ലീമാണ്. നിങ്ങൾ...'

പെട്ടെന്ന് അവൾ വെറുപ്പോടെ പൊട്ടിത്തെറിച്ചു, 'എന്റെ അമ്മ എവിടെയാണ്?

എന്റെ സഹോദരൻ എവിടെ?
എന്റെ സഹോദരി എവിടെ....?

----------


(ഈവർഷത്തെ ജ്ഞാനപീഠ പുരസ്കാര ജേതാവായ ഹിന്ദി എഴുത്തുകാരി ശ്രീമതി കൃഷ്ണാ സോബ്തിയുടെ 'മേരി മാ കഹാം' എന്ന കഥയുടെ മലയാള പരിഭാഷ)

# നേരേ പറയലിന്റെ പരിച്

പ്രതീതിസുഭഗത്വം എന്ന പദം അറുപഴഞ്ചനാണ്; വിശേഷിച്ച് പ്രതീതിയാഥാർഥ്യങ്ങളുടെ ആധുനികാനന്തരകാലത്ത്. എങ്കിലും യാഥാർഥ്യത്തിന്റെ പലതരം തോന്നലുകൾക്കിടയിൽ ഒന്നിന് സുഭഗത്വമുണ്ടായാൽ എങ്ങനെയിരിക്കും? അതായത് ഒരു പാഠത്തിന്റെ പരശ്ശതം വിപുലനങ്ങളിൽ ഒന്ന് എഴുന്നുനിന്ന്, സത്വരപരിഗണനയ്ക്ക് നമ്മെ നിർബന്ധിക്കുന്ന സന്ദർഭം. ആ നിർബന്ധിക്കലിനു പിന്നിൽ അധികാരത്തിന്റെ ബലതന്ത്രങ്ങളൊന്നും പ്രവർത്തിക്കുന്നില്ലെന്നും കരുതുക. ഒരു രസികൻ എങ്ങനെയാകും അതിനോടു പ്രതികരിക്കുക? രചനാമൂലകങ്ങളെയെല്ലാം അനായാസമായ നിവേദനപടുതയോടെ, കട്ടു പിടിച്ചുനിർത്താതെ ഒന്നിനു പിന്നാലെ ഒന്ന് എന്ന ക്രമത്തിൽ; എന്നാൽ ഗാഢത അഴിഞ്ഞുപോകാതെ, അനുഗാമിയെ അനിവാര്യമായ ചിത്തവിസ്താരത്തിൽ കൊണ്ടെത്തിക്കുംവിധം ഒരുക്കിയെടുക്കുമ്പോളാണ് അത്തരമൊരു സൗഭാഗ്യമുണ്ടാകുന്നത്. ഭാരതീയസാഹിത്യമീമാംസകന്മാർ ഈ സദുദ്യമത്തിന്റെ ഫലത്തിന് 'പ്രസാദം' എന്നു പേരിടുന്നു. അങ്ങനെയായാൽ 'അനേന ന വിനാ സത്യം സ്വദതേ കാവ്യപദ്ധതി:' (ഇതുകൂടാതെ കാവ്യപദ്ധതി സത്യമായും ആസ്വാദ്യമാനമാകുന്നില്ല) എന്ന് വാമനനോളം ഊന്നിയില്ലെങ്കിലും അനുവാചകന് പരാഭവങ്ങളുണ്ടാകാനിടയില്ല. ഈ നിർമാണവിദ്യയിൽ അതിന്റെ സംഘാടകന് - അയാൾ കവിയാകാം, നോവലിസ്റ്റാകാം, ചിത്രകാരനാകാം, പാട്ടുകാരനാകാം - മുൻവിധികളില്ല. പലർ പലമാതിരി പറഞ്ഞിട്ടുള്ള കാര്യം അക്ലിഷ്ടമായി, സുഗ്രഹമായി, സരളമായി പുതിയ


**ഡോ. ജി. ശ്രീജിത്**
മലബാർ ക്രിസ്ത്യൻ കോളേജ്,
കോഴിക്കോട്



മട്ടിൽ പരിചയപ്പെടുത്തുന്നുവെന്നുമാത്രം. 'ആവിദ്വദംഗ നാബാല-/പ്രതീതാർഥം പ്രസാദവത്' എന്ന് ഭാമഹാചാര്യൻ[2] നിരീക്ഷിച്ചതോടെ അതിനൊരു ജനാധിപത്യവത്കരണവും നടന്നുവെന്ന് പറയാം. പുതിയ കവികളിൽ ശ്രദ്ധേയനായ മോഹനകൃഷ്ണൻ കാലടിയുടെ എഴുത്തുകൾ ഇപ്രകാരത്തിലാണ് വായനക്കാരെ വന്നു തൊടുന്നത്.

ഈ പ്രബന്ധം പരിഗണിക്കുന്ന മോഹനകൃഷ്ണന്റെ പുസ്തകം 2011 ജനുവരിയിൽ ഡി. സി. ബുക്സ് ആദ്യപതിപ്പായി പുറത്തിറക്കിയ പാസഞ്ചർ ആണ്. 'ഞെക്കുവിളക്ക്' മുതൽ 'തുളസിത്തിരി' വരെ 47 കവിതകൾ. സമാഹാരത്തിലെ മിക്ക കവിതകളുടെയും ശീർഷകങ്ങൾ തന്നെ പ്രമേയസ്പഷ്ടതയുള്ളവയാണ്; 'ഞെക്കുവിളക്ക്', 'മാമ്പഴപ്പാത', 'ഒറ്റയുറുമ്പൻ', 'മഴയോൻ', 'മലർവാകച്ചോട്ടിൽ', 'ഓണപ്പിറ്റേന്ന്', 'തൊടിയിലെ മാവ്', 'മരക്കൂട്ടം', 'തുമ്പക്കാലം', 'തച്ചന്റെ പുഴ', 'വിലങ്ങനെ', 'പാസഞ്ചർ', 'തുളസിത്തിരി' എന്നിങ്ങനെ. സ്പഷ്ടത ഒരു ശാഠ്യമല്ല. പക്ഷേ അതുള്ളിടത്ത് തന്മയീഭവനയോഗ്യതയുണ്ടെന്നതാണ് കാര്യം. പുതിയ കാലത്ത് പങ്കാളിത്ത(ജമ്പശേരശ്രുമശേീ)ത്തിലൂടെ ആവിഷ്കാരത്തിൽ വിലയിക്കാൻ ധാരാളം സ്വാതന്ത്ര്യമുണ്ടല്ലോ. അങ്ങനെയാണ് വായനക്കാർ പാസഞ്ചർ അനുഭവിക്കുന്നത്.

സമാഹാരത്തിലെ 'മാമ്പഴപ്പാത' എന്ന കവിതയിൽ നാം ഇങ്ങനെ വായിക്കുന്നു;

നാലുവരിപ്പാതയുടെ/നടുക്കു വീണ മാങ്ങ

നല്ലപോലെ മൂത്തിരുണ്ട്/ചോത്തുരുണ്ട മാങ്ങ

ഓടി വന്നെടുത്തതില്ല/പൃതിയെന്ന കുട്ടി

പാറിവന്ന് കൊത്തിയില്ല/പേടിയെന്ന കാക്ക

വാസനിക്കാൻ സംശയിക്കാൻ/കാറ്റ് മാറി നില്ക്കെ,

വീണ്ടെടുക്കാൻ വിരലെഴാതെ/മാവ് തേങ്ങി നില്ക്കെ

"കണ്ടതാദ്യം", "കണ്ടതാദ്യം"/"കല്ലെറിഞ്ഞതാദ്യം"

വീമ്പിളക്കി വന്ന വെയിൽ/പല്ലിളിച്ചു നില്ക്കെ...

കവിതയിലെ പാത നാട്ടുവഴിയല്ല, നഗരത്തിന്റെ ഭാവവിസ്തൃതിയുള്ള 'ഫോർ ലൈൻ' ആണ്. നാട്ടിൻപുറത്ത് നിരത്തിൽ വീഴുന്ന മാങ്ങ എത്ര പെട്ടെന്നാണ് ആരെങ്കിലും എടുത്തുകൊണ്ടുപോവുക! എന്നാൽ ഉപചാരങ്ങൾ വരുന്നതോടെ ശീലശുദ്ധി വരും. പുതിയൊരുതരം തൊട്ടുകൂടായ്മ ആധിപത്യം നേടും. കാക്കയും കാറ്റും വെയിലുമെല്ലാം അത്തരം പുതിയ സന്ദർഭങ്ങളിൽ അറച്ചുനിന്നേക്കും. അങ്ങനെയാണ് കവിതയിൽ, ആരും എടുക്കാതെ കിടന്ന മാങ്ങയെ ഒച്ചയില്ലാതെ വന്ന പലതരം വണ്ടികൾ ആശ്ലേഷിക്കുന്നത്; ഓട്ടോറിക്ഷാ, മണൽലോറി, ജീപ്പ്, ബൈക്ക്, ബസ്സ് തുടങ്ങിയവ. ഗ്രാമ-നഗരങ്ങളുടെ അടിപിടിയായി ഈ രചനയെ വേണമെങ്കിൽ പരിഗണിക്കാം. അക്കാരണം കൊണ്ടുതന്നെ നമുക്കു നഷ്ടമാകുന്ന ഇഷ്ടകാലങ്ങളുടെ കാല്പനികോദ്വേഗമായും അതിനെ വ്യാഖ്യാനിക്കാം. പി. പി. രാമചന്ദ്രൻ എഴുതിയ 'മാമ്പഴക്കാല'ത്തിന്റെ തുടർച്ചയായും 'മാമ്പഴപ്പാത' പ്രത്യക്ഷപ്പെട്ടേക്കാം. ഈ നിരീക്ഷണങ്ങൾക്കെല്ലാം വ്യാപ്തി നല്കുംവിധം വിവൃതമായൊരു ഘടനയിലാണ് കവിതയുടെ നില. കൂടാതെ, ആഖ്യാനത്തിൽ ആകെപ്പാടെയുള്ള അർഥവൈമല്യം - ഉപയോഗമുള്ള പദങ്ങളുടെ മാത്രം യോജനം - വായനക്കാരനെ അവനറിയാതെ കീഴ്പ്പെടുത്തുന്നുമുണ്ട്.

'ഒറ്റയുറുമ്പൻ' എന്ന കവിതയും ആരംഭിക്കുന്നത് നടുറോഡിനെക്കുറിച്ച് പറഞ്ഞുകൊണ്ടാണ്. ഇവിടെ ഒരു പൊക്ലിനാണ് നിരത്തിലുള്ളത്. മണ്ണുമാന്തിയന്ത്രം. കാണാവുന്ന മൺകൂനകളെല്ലാം ഇടിച്ചുനിരത്തി താണ്ഡവമാടുന്ന ആ യന്ത്രത്തിന്റെ നീളമേറിയ കയ്യിലേയ്ക്ക് ഒരു കുഞ്ഞുറുമ്പ് കയറിച്ചെന്ന്, തന്റെ മണങ്ങളും പരിചയങ്ങളും തകർത്തതിലുള്ള പ്രതികാരബോധത്തോടെ ആഞ്ഞാഞ്ഞു കടിക്കുന്നു. യന്ത്രത്തിന് അതൊരിക്കിളി മാത്രം. പിന്നെ കഥയെന്തോ? യന്ത്രത്തിന്റെ പക്ഷപാതരാഹിത്യവും സുബലതയും കുഞ്ഞുറുമ്പിന്റെ കളിമേടയെ കനവാക്കിയെന്ന് കവി നിശ്വസിക്കുന്നു. ഏതു പാഴ്ത്തരിയെയും വിണ്ണിലേയ്ക്കുയർത്താൻ ശേഷിയുള്ളത് ഈശ്വരനാണെന്നു കൂടി ഇവിടെ ഓർക്കാവുന്നതാണ്. ഇരട്ടിച്ച മഞ്ജരിയിലുള്ള ഈ രചന നമ്മെ ആലോചനാമഗ്നരാക്കുകയല്ല, ഒരു അതിപരിചിതാനുഭവത്തിൽ കൊണ്ടുചെന്നുനിർത്തുകയാണ് ചെയ്യുന്നത്.

നമ്മുടെ അനുഭവങ്ങളിലെ നേർത്ത ഒരിഴയാണ് 'തൊടിയിലെ മാവ്' എന്ന കവിതയും. നിറയെ പൂത്തുനില്ക്കുന്ന മാവും കണ്ണുതട്ടുതെന്ന മുത്തച്ഛന്റെ ഓർമപ്പെടുത്തലും നാമോരോരുത്തരിലും കണ്ണിമാങ്ങ കഴുകാതെ

തിന്നാന പൊണ്ണനാറുവാകാനും പച്ചമാങ്ങ കടിച്ച് പുളിച്ച് കാട്ടുന്ന മരഞ്ചാടിയാകാനും അണ്ണിക്കുട്ടി കടിച്ചിടുന്ന താല്ലാറിക്കൊട്ടനാകാനുമുള്ള ത്വരയും നമ്മെ ഗൃഹാതുരരാക്കിയേക്കും. മഴക്കാറ് കാണുമ്പോൾ മുത്തച്ഛൻ പൂത്തതെല്ലാം കൊഴിയുമെന്ന തത്വജ്ഞാനവും പരിചയപ്പെടുത്തുന്നു. എത്ര തലയുയർത്തി നിന്നാലും ഒരിക്കൽ 'മുളയിൽ കേറി മാവിൽ ചാടേണ്ടി വരു'മല്ലോ?3

"എനിക്ക് കാറ്റാവണം

എല്ലാവരും കൂടി മാവിൽ കേറ്റിയ കാറ്റ്

പുളിയുറുമ്പ് കടിച്ച്, തൊലിയുരഞ്ഞ്,

പഴുത്തതെല്ലാം താഴേയ്ക്കിട്ടു കൊടുത്ത്,


ഒടുവിലിറങ്ങാനറിയാതെ

മുകളിലിരുന്ന് കരയുന്ന കാറ്റ്"

എന്ന് പറഞ്ഞുനിർത്തുന്ന മോഹനകൃഷ്ണൻ മനുഷ്യന് അഭികാമ്യമായ പ്രാപ്തിസ്ഥാനങ്ങൾകൂടി ഉറപ്പിക്കുന്നുണ്ട്. അസഹ്യതകൾ മുഴുവൻ ഏറ്റുവാങ്ങി, പഴുത്തതെല്ലാം താഴേയ്ക്കിട്ടുകൊടുത്തുകൊണ്ടുള്ള കരച്ചിലിന് അനാദിയായ ഒരു വിശുദ്ധിയുണ്ട്. ഈ കവിതയുടെ വായനയിൽ ഇടയ്ക്കെങ്ങോ ഇടശ്ശേരിയുടെ 'പൂത്തമാവിനെപ്പറ്റി' മുഴങ്ങിക്കേട്ടു; മുമ്പു പറഞ്ഞ രാമചന്ദ്രനും ഇടശ്ശേരിയും മോഹനകൃഷ്ണനും ഉരുവപ്പെട്ടത് അയലിടങ്ങളിലാണല്ലോ.

കാല്പനികതയുടെ പച്ചപ്പും മണവും നിറഞ്ഞുനില്ക്കുന്ന 'പാസഞ്ചർ'




ആധുനികതയുടെ അതിവേഗയാത്രകളിൽനിന്ന് നാം നേടിയ മരവിപ്പുകളിൽ പുതിയ കവിത നടത്തുന്ന 'പതിഞ്ഞോട്ട'മാണ്. പ്രണയം ഒരു പാസഞ്ചർ വണ്ടിയാണെന്ന് പ്രസ്താവിച്ചുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. അതിന്റെ താളവട്ടത്തിൽ പ്രവേശിച്ച്, പ്രമാണങ്ങളുമായി തന്മയീഭവിച്ച് മെല്ലെമെല്ലെ അനുഭൂതിസാന്ദ്രമായ വികാരതീക്ഷ്ണതയിൽ വേണമെങ്കിൽ നമുക്ക് എത്തിച്ചേരാം. അങ്ങനെ,

കുറേച്ചെല്ലുമ്പോൾ

സന്ധ്യയാകും,

രാത്രിയാകും.

സമയമില്ലാത്ത സമയമാകും.

രണ്ടുപേർ മാത്രമാകും.

അത്തരം ഏകാന്തതയാണ്, ഒരൊറ്റ നിശ്ചലബിന്ദുവാണ് ഏതൊരു വികാരത്തെയും ദീപ്തമാക്കുന്നത്. പിന്നെ തീവണ്ടിയും പാലവുമൊന്നുമില്ല; രണ്ടുപേർ മാത്രമുള്ള ജീവിതം മാത്രം. പിന്നെ,

കാക്കത്തൊള്ളായിരം കാളവണ്ടികൾ

കുട്ടിച്ചലടിപ്പിച്ച കാലത്തിനെ

കടന്നുപോകാനനുവദിക്കുക

കടന്നുപോകാനനുവദിക്കുക.

മന്ദംമന്ദം തന്നെ കാലവും കടന്നുപോയ്ക്കൊള്ളട്ടെ, പ്രണയം അതിന്റെ അച്ചുകൂടത്തിൽനിന്ന് പറന്നുകഴിഞ്ഞിരിക്കുന്നു. എത്രയോ മാതിരികളിൽ അത്യുജ്ജ്വലങ്ങളായ പ്രണയകവിതകൾ നാം വായിച്ചിരിക്കുന്നു. മോഹനകൃഷ്ണന്റെ ഈ രചന ചിലപ്പോൾ അവയിൽ കയറിക്കൂടിയേക്കാം.

പാസഞ്ചർ എന്ന സമാഹാരം നമ്മെ ഓർമിപ്പിക്കുന്നത് പാരമ്പ്യത്തിന്റെ അതിസാധാരണതയെക്കുറിച്ചുതന്നെയാണ്. പലരും പാടിയതുതന്നെ പുതിയ കവികൾ നമുക്ക് വച്ചുനീട്ടുന്നു. അവ ചിലപ്പോൾ നാം പാരഡികളായി വായിക്കുന്നു. മറ്റുചിലപ്പോൾ വർത്തമാന പാരമ്പ്യമായി നമുക്കു തോന്നുന്നു. ഇനിയും ചിലപ്പോൾ വൈലോപ്പിള്ളി ഉന്നയിച്ചതുപോലെ, മർത്ത്യായുസ്സിൽ സാരമായ ചില മുന്തിയ സന്ദർഭങ്ങൾ നല്കുന്ന ഒരു വികാരാവേഗം നമുക്കു പകരുന്നു. അവയ്ക്കപ്പുറം ഒരു ഇതിഹാസപദവി പുതിയ കവികൾ സ്വപ്നം കാണുന്നില്ല; പക്ഷേ അലങ്കാരശബളവും ആഘോഷനിർഭരവും അനൗപചാരികവും സർവ്വോപരി പ്രസാദാത്മകവുമായ അനവധി സ്വപ്നങ്ങൾ അവരുടെ രചനകളിൽ നിറഞ്ഞിരിക്കുന്നു.

കുറിപ്പുകൾ


1കാവ്യലങ്കാരസൂത്രവൃത്തി എന്ന ഗ്രന്ഥത്തിലൂടെ ഭാരതീയസാഹിത്യമീമാംസയെ വിപുലപ്പെടുത്തിയ ആചാര്യനാണ് വാമനൻ. 'ശ്ലഥത്വമോജസാ മിശ്രം പ്രസാദം ച പ്രചക്ഷതേ/അനേന ന വിനാ സത്യം സ്വദതേ കാവ്യപദ്ധതിഃ' എന്ന് പ്രകൃതഗ്രന്ഥത്തിലെ ഗുണനിരൂപണ ഖണ്ഡം. (കാവ്യലങ്കാരസൂത്രവൃത്തി, ഇ. ഈശ്വരൻനമ്പൂതിരി (വ്യാഖ്യാ.), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, പു. 104).

2കാവ്യാലങ്കാരം എന്ന പുസ്തകത്തിലൂടെ അലങ്കാരശാസ്ത്രത്തിന് നിർണായകസംഭാവനകൾ നല്കിയ സൈദ്ധാന്തികനാണ് ഭാമഹൻ. 'ആവിദ്വദംഗനാബാല-/പ്രതീതാർഥം പ്രസാദവത്' എന്ന ഖണ്ഡം രണ്ടാം പരിച്ഛേദത്തിലെ മൂന്നാം ശ്ലോകത്തിലേത്. (കാവ്യാലങ്കാരം, ടി. ഭാസ്കരൻ (വിവ.), എൻ. ബി. എസ്., കോട്ടയം, 1983, പു. 51).

3'മുളയിൽ കേറി മാവിൽ ചാടുക' എന്ന നാട്ടുശൈലി മുളയിൽ വച്ചുകെട്ടി കൊണ്ടുപോയി മാവിൻവിറകുകൊണ്ട് ദഹിപ്പിക്കുക എന്ന പ്രക്രിയയെ ഓർമ്മിപ്പിക്കുന്നു.

## പുസ്തക അലമാര

bookshelf




**വി.പി. മർക്കോസ്**
യു.സി. കോളേജ്, ആലുവ

### ഏകലവ്യന്റെ വിരൽ

ഡി.സി.ബുക്സിന്റെ 'ജൈവമനുഷ്യർ' എന്ന പരമ്പരയിൽ 2010 ഓഗസ്റ്റിൽ പ്രസിദ്ധീകരിച്ച പുസ്തകമാണ് മല്ലികാർജ്ജുനൻ കാണിയുടെ 'ഏകലവ്യന്റെ വിരൽ' എന്നത്. സ്വന്തം ഇച്ഛാശക്തി കൊണ്ടുമാത്രം ജീവിതത്തെ നേരിട്ട് വിജയിച്ച മല്ലികാർജ്ജുനന്റെ കഥ തീർച്ചയായും നമ്മൾ കേൾക്കേണ്ടതാണ്. കാടിനെ സ്വന്തം രാജ്യമായിക്കണ്ട് പരാതികളില്ലാതെ ജീവിച്ചിരുന്ന ആദിവാസി ജനതയെ നാട്ടു സംസ്കാരം ആക്രമിക്കുന്നതിന്റെ കഥ കൂടിയാണ് അത്. പട്ടിണികൊണ്ട് ഉറക്കം വരാതെ കിടക്കുമ്പോൾ അമ്മ പറഞ്ഞുകൊടുത്ത പല കഥകളിൽ ഒന്നായിരുന്നു ഏകലവ്യന്റെ കഥ. കഥ കേട്ട് കരഞ്ഞു പോയ കുഞ്ഞു മല്ലികാർജ്ജുനന്റെ മനസ്സിൽ കടിയേറിയ വീരപുരുഷനാണ് ഏകലവ്യൻ.

തിരുവനന്തപുരം ജില്ലയിലെ കല്ലാർ വനത്തിൽ വസിക്കുന്ന കാണിക്കാർ വംശത്തിൽ പിറന്ന മല്ലികാർജ്ജുനൻ കാണി പട്ടിണിയോടും പരിഷ്കൃത സംസ്കാരത്തോടും സാങ്കേതികവിദ്യയോടും പടവെട്ടി ജയിച്ച കഥയാണ് ഈ പുസ്തകത്തിലുള്ളത്. മാവേലിക്കാലത്ത് നാട്ടിൽ നടക്കുന്ന അമ്പെയ്ത്ത് മത്സരത്തിൽ പങ്കെടുക്കുന്ന ആദിവാസികളുടെ ഏകപ്രലോഭനം വിജയിക്കു കിട്ടുന്ന തുണിയാണ്. എപ്പോഴും തോറ്റുപോകുന്ന മല്ലികാർജ്ജുനൻ സ്വന്തമായി അമ്പുംവില്ലുമുണ്ടാക്കി സ്വയം പരിശീലിക്കുകയാണ്. കോട്ടയത്തു വെച്ചുനടക്കുന്ന അമ്പെയ്ത്ത് മത്സരത്തിൽ പങ്കെടുക്കാൻപോയ മല്ലികാർജ്ജുനൻ നാഗമ്പടത്തെ മത്സരവേദിയിൽ പകച്ചുനിന്നുപോയത് മറ്റുള്ളവർകൊണ്ടുവന്ന വില്ലുകൾ കണ്ടിട്ടാണ്. മികച്ച ഇനം തടികൊണ്ടും ഫൈബർ കൊണ്ടും ഉണ്ടാക്കിയ വില്ല് കണ്ട് അമ്പരന്നുപോയ മല്ലികാർജ്ജുനന് ഒരമ്പുപോലും ലക്ഷ്യത്തിലെത്തിക്കാൻ കഴിഞ്ഞില്ല. ബാംഗ്ലൂരിലേക്ക് ചെന്നാൽ അത്തരം വില്ലും അമ്പും കിട്ടുമെന്നറിഞ്ഞ് തിരിച്ച് കാട്ടിലെത്തി അത്യധ്വാനം ചെയ്തും കടം മേടിച്ചും ആയിരം രൂപയുണ്ടാക്കി ബാംഗ്ലൂർക്ക് തീവണ്ടി കേറുകയാണ്. ബാംഗ്ലൂരിൽ കണ്ട വില്ലുകൾക്ക് അയ്യായിരവും പതിനായിരവും ഒക്കെയായിരുന്നു വില. ആ വില്ലുകളെ സസൂക്ഷ്മം നിരീക്ഷിച്ച് തിരിച്ച് സ്വന്തം കാട്ടിലെത്തി അതുപോലൊരു വില്ല് സ്വന്തമായുണ്ടാക്കുകയാണ് മല്ലികാർജ്ജുനൻ.

ആദിവാസികൾക്കുവേണ്ടി 'ഏകലവ്യാ അമ്പെയ്ത്ത് കേന്ദ്രം' നടത്തുന്ന മല്ലികാർജ്ജുനൻ ആദിവാസികളെ മാത്രമേ അമ്പെയ്ത്ത് പഠിപ്പിക്കുകയുള്ളൂ. ഒറ്റയിരുപ്പിൽ ഒറ്റശ്വാസത്തിൽ വായിച്ചു തീർത്തുപോകുന്ന ചെറിയ പുസ്തകമാണ് 'ഏകലവ്യന്റെ വിരൽ'. ഗോത്രവർഗ്ഗങ്ങളോടും കാടിനോടും പരിഷ്കൃതരെന്ന് അഹങ്കരിക്കുന്ന നമ്മൾ ചെയ്യുന്ന നെറികേടുകളെക്കുറിച്ചുകൂടി ഈ പുസ്തകം പറയുന്നുണ്ട്. കാടുമായി ബന്ധപ്പെട്ട, സ്വന്തം ജീവിതവുമായി ബന്ധപ്പെട്ട ബിംബങ്ങളും ഭാഷയും കൊണ്ട് മെനഞ്ഞെടുത്തിരിക്കുന്ന ഈ കൃതി തയ്യാറാക്കിയിട്ടുള്ളത് ജി. പ്രജേഷ്സെൻ ആണ്. കാടിന്റെയും ആദിവാസികളുടെയും നിഷ്കളങ്കതയും നേർമ്മയും നമുക്കു നൽകുന്ന നേരനുഭവങ്ങൾ നമ്മെ വീർപ്പുമുട്ടിക്കുക തന്നെ ചെയ്യും.





### എച്ചിൽ ജീവിതം

പയ്യന്നൂരുള്ള പുസ്തകഭവൻ 2017 മാർച്ചിൽ പ്രസിദ്ധീകരിച്ച പുസ്തകമാണ് 'എച്ചിൽ ജീവിതം'. ശീർഷകത്തിന് ഒരു വിശദീകരണം കൂടി കൊടുത്തിട്ടുണ്ട്. 'ചത്തപശുക്കളുടെ മാംസവും എച്ചിലും തിന്ന് അതിജീവിച്ച ഗോത്രമൂപ്പന്റെ കറുത്ത ജീവിതരേഖ' എന്നാണത്. വെള്ളു എന്ന ഗോത്രമൂപ്പന്റെ ജീവിത കഥയാണ് ഈ പുസ്തകത്തിലുള്ളത്. ഇതിലെ ഓരോ വരിയും വായിക്കുമ്പോൾ നമ്മൾ ഇല്ലാതായി പോകുന്നവിധം കുറ്റബോധം നമ്മെ വിഴുങ്ങും. വെടിപ്പുള്ള മുറ്റ

ങ്ങൾ പുറത്തേക്ക് ആട്ടിയകറ്റപ്പെട്ട ജനതയുടെ കഥയാണിത്.

കാസർഗോഡ് ജില്ലയിലെ പുളിക്കൂർ കോളനിയിലെ ഇടിഞ്ഞുവീഴാറായ കുടിലിലാണ് ബെള്ളുമൂപ്പൻ അവസാനകാലത്ത് ജീവിച്ചിത്. നാട്ടുമനുഷ്യരുടെ ആട്ടും തുപ്പുമേറ്റ് മൃഗങ്ങളെക്കാൾ കഷ്ടത്തിൽ ജീവിച്ച കൊറഗ ഗോത്രത്തിന്റെ കഥ. വട്ടി നെയ്ത്ത് പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ച ഇവരുടെ വട്ടികൾക്കു പക്ഷേ വിലകിട്ടിയിരുന്നില്ല. വട്ടി വാങ്ങുന്നവർ പറയുന്നതാണ് വില. അതുതന്നെ ചിലപ്പോൾ മാത്രം പണമായി കിട്ടും. മറ്റൊരു പണി കൂലിപ്പണിയാണ്. കാലിമേയ്ക്കാനും മറ്റും പോകുന്ന ഇവർക്ക് നിലത്തു കുഴികുത്തി ഇലയിൽ വീഴ്ത്തുന്ന കഞ്ഞിയാണ് കൂലി. കഞ്ഞിയും വെള്ളവും കറിയും എല്ലാംകൂടി ഒരുമിച്ച് ഒഴിച്ച് കൊടുക്കും. മിക്കവാറും അതിൽ മണ്ണുമുണ്ടാകും. എന്നാലും ആർത്തിയോടെ കുടിച്ച് വിശപ്പടക്കുകമാത്രമായിരുന്നു അവരുടെ വിധി.

ഉടുക്കാൻ തുണി ഇല്ലാത്തതിനാൽ കുഞ്ഞുങ്ങൾ ഒന്നുമുടുത്തിരുന്നില്ല എന്നും ഒരിക്കൽ ഉടുത്ത കഷണംതുണി മാറ്റാനില്ലാത്തതിനാൽ കുളിക്കുകയോ തുണിനനയ്ക്കുകയോ ചെയ്തിരുന്നില്ലെന്നും ബെള്ളുമൂപ്പൻ പറയുന്നു. മുന്തിയജാതിക്കാരുടെ പേരുപോലും കുഞ്ഞുങ്ങൾക്ക് ഇടാൻ പറ്റുമായിരുന്നില്ല. അതിനും മുന്തിയ ജാതിക്കാർ അവരെ പീഡിപ്പിച്ചിരുന്നു. പെണ്ണുങ്ങളെ പിടിച്ചുകൊണ്ടുപോകുക മുന്തിയജാതിക്കാരുടെ സ്ഥിരം പരിപാടിയായിരുന്നു എന്നു ബെള്ളു മൂപ്പൻ പറയുമ്പോൾ പരിഷ്കൃതരെന്നഭിമാനിക്കുന്ന നമ്മുടെ തല താണുപോകും.




ചത്ത പശുവിനെ/മൃഗത്തിനെ തിന്നുന്ന ആളുകൾ എന്നാണ് കൊറഗർ അറിയപ്പെടുന്നത്. എവിടെയെങ്കിലും ഒരു മൃഗം ചത്താൽ അതിനെ കൊണ്ടുവന്ന് ആഘോഷത്തോടെ തിന്നുമായിരുന്നു എന്നും മറ്റും കേൾക്കുമ്പോൾ മനുഷ്യനായി പിറന്നതിൽ തന്നെ നമുക്ക് ലജ്ജ തോന്നും. നമ്മുടെ ഇടയിൽ തന്നെ ജീവിച്ചിരുന്ന/ ഇപ്പോഴും ജീവിക്കുന്ന ഗോത്രവിഭാഗങ്ങളുടെ കഥയാണിത്. സുഖഭോഗങ്ങൾക്കു വേണ്ടി കണക്കുപറയുന്ന നമ്മുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്ന ഒരു കൂരമ്പാണ് കൊറഗരുടെ ജീവിതവും അവരുടെ ജീവിതകഥപറയുന്ന ഈ പുസ്തകവും

ബെള്ളുവിന്റെ കഥ കൂടാതെ കൊറഗരുടെ ജീവിതത്തെക്കുറിച്ചു തയ്യാറാക്കിയിട്ടുള്ള 'ഡെത്ത് ഓഫ് സൗണ്ട്' എന്ന ഡോക്യുമെന്ററിയുടെ തിരക്കഥയും ഈ പുസ്തകത്തിലുണ്ട്. വേണുകള്ളാർ ആണ് പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

## ഞങ്ങൾ നിങ്ങൾക്ക് ഭൂമിവിറ്റാൽ...

2010 ജനവരിയിൽ ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച സിയാറ്റിൽ മൂപ്പന്റെ പ്രസംഗമാണ് 'ഞങ്ങൾ നിങ്ങൾക്ക് ഭൂമിവിറ്റാൽ..' എന്ന പുസ്തകം. അമേരിക്ക യിലെ റെഡ് ഇന്ത്യൻ വംശജരുടെ മൂപ്പൻ 1854-ൽ നടത്തിയ പ്രസംഗമാണിത്. വാഷിങ്ടൺ പ്രദേശത്തെ ഭൂമിയുടെ ഉടമസ്ഥാവകാശ കാര്യത്തിൽ അമരിന്ത്യക്കാരുമായി ഉടമ്പടി ഉണ്ടാക്കാൻ അന്നത്തെ പ്രസിഡണ്ട് ഫ്രാങ്ക്ലിൻ പിയേഴ്സ് ചുമതലപ്പെടുത്തിയ ഗവർണറുടെ പ്രസംഗത്തിന് മൂപ്പൻ നൽകിയ മറുപടിയാണ് ഈ പ്രസംഗം.

തങ്ങളുടെ ഭൂമിവാങ്ങാനായി അമേരിക്കൻ പ്രസിഡന്റ് പറഞ്ഞുവിട്ട ഗവർണറോട് സിയാറ്റിൽ മൂപ്പൻ നടത്തിയ പ്രസംഗം ഏറ്റവും ഉന്നതമായ പരിസ്ഥിതി ദർശനമാണ് എന്നു കാണാം. ഒന്നര നൂറ്റാണ്ടു മുമ്പ് ഒരു ഗോത്ര വർഗ്ഗത്തലവൻ പുലർത്തിയിരുന്ന പരിസ്ഥിതി ബോധം ഉത്തരാധുനിക കാലത്ത് പോലും നമുക്ക് പുലർത്താനാകുന്നില്ല. ആകാശം, വെളിച്ചം, നദി, വെള്ളം, ഭൂമി, മണ്ണ്, ഇവയൊന്നും ഞങ്ങളുടേതല്ല എന്നും അതുകൊണ്ടുതന്നെ അവ എങ്ങനെ വിൽക്കാനും വാങ്ങാനും കഴിയും എന്നും ചോദിക്കുമ്പോൾ യുക്തിയുടെ രാജാക്കന്മാരെന്നഹങ്കരിക്കുന്ന നമുക്ക് ഉത്തരംമുട്ടിപ്പോകും. ഞങ്ങളുടെ പൂർവ്വികർ ഞങ്ങൾക്കു തന്ന ഈ ഭൂമി ഞങ്ങളുടെ പിൻഗാമികൾക്ക് കൈമാറാനുള്ളതാണ് എന്നും അതുകൊണ്ട് ഇതിന് ഒരു തകരാറും സംഭവിക്കാതെ നോക്കേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്വമാണ് എന്നും മൂപ്പൻ പറയുമ്പോൾ പ്രപഞ്ചത്തിലുള്ള സകലതിനും മേൽ ഉടമസ്ഥാവകാശം സ്ഥാപിക്കാൻ വെമ്പൽകൊള്ളുന്ന നമ്മൾ തലകുനിച്ചുപോകും.




വെള്ളത്തേയും മരങ്ങളെയും എല്ലാം സഹോദരരായിട്ടാണ് മൂപ്പൻ കാണുന്നത്. ഗവർണറോട് പറയുന്ന മറുപടിയാണെങ്കിലും എല്ലാക്കാലത്തേക്കുമുള്ള പരിസ്ഥിതി ദർശനമായി ആ പ്രസംഗം മാറുകയായിരുന്നു. ഒരു കൈ ഗവർണറുടെ തലയിലും ഒരു കൈ ആകാശത്തേക്ക് ഉയർത്തിപ്പിടിച്ചും അദ്ദേഹം നടത്തിയ പ്രസംഗം ഹെന്റി സ്മിത്ത് എന്നയാൾ മുപ്പത്തിമൂന്ന് വർഷങ്ങൾക്കു ശേഷം തയ്യാറാക്കി പ്രസിദ്ധീകരിച്ചതാണ് ഇന്ന് ലഭിക്കുന്ന പ്രസംഗം. പിന്നീട് അതിന് പല വിവർത്തനങ്ങളും പഠനങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടായിട്ടുണ്ട്. സ്മിത്തിന്റെ പാഠത്തിന്റെ മലയാള പരിഭാഷയും ടെഡ് പെറി നൽകിയ പുനരാഖ്യാനത്തിന്റെ പരിഭാഷയും ഈ പുസ്തകത്തിൽ ഉണ്ട്. സക്കറിയ ആണ് രണ്ടു പരിഭാഷയും നിർവ്വഹിച്ചിട്ടുള്ളത്. കൂടാതെ പ്രൊഫ. തോമസ് പാലക്കീൽ നടത്തിയിട്ടുള്ള പഠനവും ഈ പുസ്തകത്തിൽ ഉണ്ട്.

പരിസ്ഥിതിദർശനത്തിന്റെ അടിസ്ഥാനരേഖയായി കണക്കാക്കാവുന്ന ഈ ചെറുപ്രസംഗം പ്രകൃതി ചൂഷണത്തിന്റെ വക്താക്കളായ നാം തീർച്ചയായും വായിച്ചിരിക്കേണ്ടതാണ്.

# ആട്ടുകട്ടിൽ എന്ന രൂപകം

ന്യൂസ് മേരി ജോർജ്ജ്
യു.സി. കോളേജ്, ആലുവ



മാധവിക്കുട്ടിയുടെ തന്നെ 'ആട്ടുകട്ടിൽ' എന്ന കഥയിലെ രാജലക്ഷ്മിയെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരിക്കുന്ന ആഖ്യാനത്തിന്റെ ആട്ടുകട്ടിലിൽ മാധവിക്കുട്ടി ഇരുന്നു. ഈ ആട്ടുകട്ടിൽ ഭൂതകാലത്തിലേക്കും വർത്തമാനകാലത്തിലേക്കും ഭാവിയിലേക്കും ദേശാന്തരങ്ങളിലേക്കുംചലിച്ചുകൊണ്ടിരുന്നു. ഒരുതരം ദോലനസ്വഭാവം അവരുടെ ആഖ്യാനങ്ങളുടെ മുഖമുദ്രയാണ്. വിരുദ്ധ ഇഷ്ടങ്ങളും ഇനങ്ങളും കൊണ്ട് ആളുകളെ ഭ്രമിപ്പിക്കുന്ന മന്ദമായ ചലനമാണതിനുള്ളത്. കഥകളുടെ ചലനസ്വഭാവം ഇത്തരമൊരു ദോലനത്തിന്റേതാണ്. ഊഞ്ഞാലിന്റെ കുതിപ്പില്ലാത്ത മിതവേഗം. കഥകളെ കവിതയാക്കുന്ന കലാവിദ്യയുടെ പ്രവേഗവും ഇതുതന്നെയാവണം.

"സ്ത്രീയെഴുതുന്നത് എല്ലായ്പ്പോഴും സ്ത്രൈണമായിരിക്കും. അത് സ്ത്രൈണമെന്നതാകാതിരിക്കുന്ന



തിനെ സഹായിക്കുന്നതായിരിക്കും. അതേറ്റവും സ്ത്രൈണമായിരിക്കും. സ്ത്രൈണമെന്നതുകൊണ്ട് നാമുദ്ദേശിക്കുന്നതെന്തെന്ന് നിർവചിക്കുകയെന്നതാണ് ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യ"മെന്ന് വെർജീനിയ വൂൾഫ് എഴുതുന്നു. മാധവിക്കുട്ടിയെ വായിക്കുമ്പോൾ സ്ത്രൈണതയുടെ നിലവിലുള്ള നിർവചനങ്ങൾക്ക് ഇണങ്ങുന്നതാണെന്ന് തോന്നും, എന്നാൽ മറ്റു ചിലപ്പോൾ ഇതാണോ പെണ്ണ് എന്ന് സംശയിപ്പിക്കുന്നതാകും. ഇത്തരം സന്ദേഹങ്ങൾക്കടിസ്ഥാനം സ്ത്രീയെന്താണെന്നതിനെക്കുറിച്ച് വ്യവസ്ഥ നിർമ്മിച്ചുവച്ചിരിക്കുന്ന പാഠങ്ങളാണ്. സ്ത്രീയെ സംബന്ധിച്ച് വ്യവസ്ഥയുടെ പാഠപരതയെ കുഴപ്പത്തിലാക്കിയ എഴുത്തുകാരിയാണ് അവർ. താൻ ഫെമിനിസ്റ്റല്ലയെന്ന് പ്രഖ്യാപിക്കുന്ന ആൾ തന്നെ, തന്നെ ഇടലിടുന്ന ഏതു തരം അധികാരക്രമങ്ങളെയും തന്റേതായ വഴിയിലൂടെ അപനിർമ്മിച്ചിട്ടുണ്ട്. അതേസമയം പാശ്ചാത്യഫെമിനിസ്റ്റ് വരട്ടുവാദങ്ങളെ പിടലിക്കുപിടിച്ച് പുറത്താക്കിയിട്ടുണ്ട്. മെരുങ്ങാത്ത ഒരു സ്ത്രീത്വം അവരുടെ രചനകൾ കാഴ്ച വയ്ക്കുന്നു. ഈ മെരുങ്ങായ്ക ഭക്തിയായും വിഭക്തിയായും വിരക്തിയായും പകർന്നാടിയ രാധയായി പ്രത്യക്ഷപ്പെടുന്നു. നാഗരിക പ്രേമമായി പട്ടിൽ പൊതിയുന്നു. കുട്ടിയായും ഭ്രാന്തിയായും ഗ്രാമവധുവായും കവയത്രിയായും ക്ലുത്തുപാവയായും അവതരിക്കുന്നു. അവതരണസമൃദ്ധിയിലല്ല അവതാരധർമ്മാചരണത്തിലാണ് അവതാരം സാർത്ഥകമാകുന്നത്. ഇത്തരമൊരു ഇമേജ് സൃഷ്ടിക്കുവാൻ അവർക്കു കഴിഞ്ഞു. ശരീരപ്രധാനമായ അനുരാഗത്തെ ഹൃദയത്തിന്റെ അകം കരയിപ്പിക്കുന്ന സ്നേഹമാക്കുക ഈ അവതാരധർമ്മങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു. മൂർച്ചയുള്ളതും സൂക്ഷ്മവുമായ ഇത്തരം വേദനയായ സ്നേഹം മലയാളിയുടെ അഡ്ജസ്റ്റുമെന്റ് ബന്ധങ്ങളെ പ്രശ്നവൽക്കരിക്കുന്നതിനുള്ള ഉപകരണമായി മാറി. ഭ്രമങ്ങളും ആസക്തികളും സ്നേഹവാഞ്ഛയും പ്രണയകർതൃത്വാഭിലാഷങ്ങളും കൂടിച്ചേർന്ന് നിർമ്മിക്കുന്ന രചനാസത്വം തികച്ചും പുതിയതായിരുന്നു. വസ്തു/വിഷയം എന്നീ പരമ്പരാഗതമായ വിരുദ്ധ ദ്വന്ദ്വത്തെ കെണിയിൽപ്പെടുത്തുന്ന അല്ലെങ്കിൽ സന്ദിഗ്ദ്ധമാക്കുന്ന എന്നു പറയുകയാവും ശരി.

വസ്തു/വിഷയം, സ്വത്വം/സ്വത്വരാഹിത്യം എന്നീ ദ്വന്ദ്വത്തിന്റെ യുക്തിപരമായ ഭദ്രതയെ പൊളിച്ചടുക്കുന്ന ആസക്തികളുടെ ലോകം അവരുടെ രചനകളിലുണ്ട്. അയുക്തിയുടെ ആ സങ്കരലോകം വായനക്കാരെ ഭദ്രമല്ലാത്ത പ്രണയപാഠങ്ങളെ തൃപ്പെടുത്തുന്നതിലേയ്ക്ക് ആനയിച്ചു. ഒരു വശത്ത് ലൈംഗികമായി ഭദ്രമോ സുരക്ഷിതമോ അല്ലാത്ത അനുഭവങ്ങളെ ആവിഷ്ക്കരിക്കുന്നതിനൊപ്പം അസ്ഥിരവും പരതന്ത്രവുമായ അനുഭവങ്ങളിലേക്ക് നടന്നുചെല്ലാനുമുള്ള ത്വര അവരുടെ കഥകളിലെ കഥാപാത്രങ്ങളിലും 'എന്റെ കഥ'യിലെ കഥാപാത്രങ്ങളിലും 'എന്റെ കഥ'യിലെ നായികാ കഥാപാത്രത്തിലുമുണ്ട്. "എന്റെ ജീവൻ എവിടെയാണെന്നു ചോദിച്ചാൽ അത് ദാസേട്ടന്റെ അകത്താണെന്ന് പറയും." ഇങ്ങനെ പറയുമ്പോൾ തന്നെയാണ് ഇറ്റാലിയൻ കാമുകനെക്കുറിച്ചും എഴുതുന്നത്. നിരോധിതമോ നിഷിദ്ധമെന്ന് അനുശാസിക്കുന്നതോ ആയ ആസക്തികളുടെ ലോകത്തിന്റെ ഒഴുകിപ്പരന്നുപോകുന്ന കേന്ദ്രത്വമാണ് അവരുടെ രചനകളുടെ മുഖമുദ്ര. നിലവിലുള്ള അതായത് നിർമ്മിക്കപ്പെട്ടിരിക്കുന്ന സ്ത്രീ/പുരുഷ സ്വത്വപരമായ കേന്ദ്രത്തിന്റെ ഉറപ്പിനെ അത് ഇടിച്ചുനിരപ്പാക്കുന്നു. ലൈംഗികമായ വിധേയത്വവും വസ്തുവൽക്കരണവും സ്ത്രീസ്വത്വത്തിലുണ്ടെന്ന ധാരണയെ അതിലംഘിക്കളയുന്നു. ഒപ്പം, അതേ ധാരണയെത്തന്നെ ഉറപ്പിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ സ്വത്വപരമായ ഒരു കളി അവരുടെ രചനകൾ നടത്തുന്നു.

"ഭാര്യാഭർത്താക്കന്മാരേ ഇതു നിങ്ങൾക്കായുള്ള ഉപദേശം അന്യോന്യം ഭ്രാന്തകല്പനകളെ അനുസരിക്ക. ബോധവത്തായവയെ അവഗണിക്ക. നിങ്ങളുടെ വീട് ഉല്ലാസപൂർണ്ണമായ നായ്ക്കൂടാക്കി മാറ്റുക. വീടിന്റെ എല്ലാ നിയമിതനിലകളെയുംഅട്ടിമറിച്ചുകൊണ്ട് അതിനെ ഒരു പട്ടിക്കൂടാക്കിമാറ്റാൻ ആവശ്യപ്പെടുമ്പോൾ സാമൂഹ്യജീവിതപാഠങ്ങളിൽ ഉറപ്പിച്ചുവച്ചിരിക്കുന്ന കുടുംബഘടനയെ ജന്തുത്വത്തിലൂടെ അഴിച്ചുപണിയാനാണ് ആഹ്വാനം ചെയ്തിരിക്കുന്നത്. അരാജകത്വത്തിന്റെയും ഉന്മാദത്തിന്റെയും സ്പർശമുള്ള ദാമ്പത്യമാണിത്. വ്യവസ്ഥയുടെ മറുപുറം തിരയുന്ന സ്ത്രീസ്വത്വത്തെ ഇവിടെ കാണാം.



നിലപാട് രചനകളുമായി സാഹിത്യരംഗത്ത് പ്രത്യക്ഷപ്പെട്ടുന്നവരെ സംബന്ധിച്ചിടത്തോളം അവർ ഒരു പ്രത്യേകപാഠത്തിന്റെ സ്ഥിരസാന്നിധ്യമായിരിക്കും. അസ്ഥിരമായ ഒരു സ്വത്വകേന്ദ്രം മാധവിക്കുട്ടിയുടെ രചനകളിലുള്ളതിനാൽ അതു നിത്യമായ കൗതുകവും പുതുമയും യുവത്വവും കാത്തുപോന്നു. ഒരേ സമയം വായനക്കാരെ ഭ്രമിപ്പിക്കുകയും രോഷം കൊള്ളിക്കുകയും ആരാധകരാക്കുകയും ചെയ്തു. യുക്തിയിലേക്കും അയുക്തിയിലേക്കും വഴുതി വീഴാവുന്ന ഒരു വരമ്പിലൂടെ തന്റെ വായനക്കാരെ അവർ ആനയിച്ചു. ഇത്തരത്തിലുള്ള സാഹസിക യാത്രകൾ ഇഷ്ടപ്പെട്ടവർ അവരുടെ ആരാധകരായി മാറി. അല്ലാത്തവർ നിശിതവിമർശകരും. ഇത് പ്രണയകർതൃത്വത്തിൽ മാത്രമല്ല സംഭവിച്ചത്. മതം, സാമ്പത്തികാധികാരശ്രേണീപരത, ദാമ്പത്യം, എഴുത്ത് എന്നീ രംഗങ്ങളിലെല്ലാം വൈരുദ്ധ്യാത്മകദ്വന്ദ്വം എന്ന യുക്തിപരമായ മാനസിക ലോകത്തെ അവർ പൊളിച്ചടുക്കിക്കൊണ്ടിരുന്നു. അപ്പോഴും അവരെ പിൻചെല്ലുന്നവർക്ക് പൂർണ്ണമായ പിടികിട്ടാൻ സാധിച്ചിരുന്നുമില്ല. മതം മാറ്റത്തിനുശേഷമുള്ള എഴുത്തിൽ ധൂർത്തമായി വന്നടിയുന്ന മിസ്റ്റിക് അനുഭൂതിയുടെ ആഖ്യാനത്തിലും ഇത്തരത്തിലുള്ള അസ്ഥിരതയുടെ ഗെയിം ഉണ്ട്.



# ഇല്ലാത്ത സ്കൂൾ

അവിടെ സ്കൂളിന്റെ പേരുള്ള
മട്ടപ്പിക്കുന്ന ബോർഡുണ്ടാവില്ല
ഒന്നിനുമീതെ ഒന്നായി അടുക്കിവെച്ച
ക്ലാസ് മുറികൾ ഉണ്ടാവില്ല
മണിയടിയോ ചൂരലോ ഉണ്ടാവില്ല
ചിരിക്കാത്ത അദ്ധ്യാപകരോ
കരയുന്ന കുട്ടികളോ ഉണ്ടാവില്ല
പരീക്ഷയോ പരീക്ഷണങ്ങളോ ഇല്ല
മഴ പെയ്യുമ്പോൾ, വെയിൽ മൂക്കുമ്പോൾ
എവിടന്നോ ഒരു മേൽക്കൂര വന്നു
കുഞ്ഞുങ്ങളെ പൊതിയും
തണലുള്ള മരങ്ങളുടെ
കയ്യുകൾ അവരെ ഊഞ്ഞാലാട്ടും
കിളികൾ പാട്ടുപാടാൻ തയ്യാറായി
മരക്കൊമ്പിലിരിക്കും
മയിലുകൾ നൃത്തം ചെയ്ത്
താഴെ നടക്കും
വിശക്കുമ്പോൾ വായിൽ
പഴങ്ങളുതിരും
ദാഹിക്കുമ്പോൾ ഇളനീർ
പഠിക്കാൻ തോന്നുമ്പോൾ
പുഞ്ചിരിക്കുന്ന ഒരു ടീച്ചർ കയറിവരും
മടുക്കും മുമ്പേ സ്ഥലം വിടും
ബെഞ്ചുകൾ ബസ്സോ തീവണ്ടിയോ
ഒക്കെയായി ആവശ്യാനുസരണം മാറ്റപ്പെടും
പുസ്തകങ്ങൾക്ക് ചിറകുകളുണ്ടാവും
ആകാശത്തേക്ക് ചാരിവെച്ച ഒരു ഗോവണിയുണ്ടാവും
നീന്തിക്കളിക്കാൻ കൊച്ചു കുളവും
ഓടിക്കളിക്കാൻ പുൽമേടുമുണ്ടാവും
എത്ര വീണാലും മുറിയുകയോ
ചോര പൊടിയുകയോ ചെയ്യാത്ത കളിസ്ഥലങ്ങളുണ്ടാവും
ബ്രിട്ടാനിയ ബിസ്ക്കറ്റിലെ
തമാശമുഖങ്ങളുള്ള
ആന കുതിര സിംഹ, ഒട്ടകങ്ങൾ
എന്നെന്തിന്നോ എന്നെന്തിന്നോ
എന്നുപാട്ടുപാടി ചുറ്റും ചുറ്റിനടക്കും.
എന്റെ മോനെ, എന്റെ മോളെ
ഒന്നു വീട്ടിലേക്കു കിട്ടുമോ എന്നു ചോദിച്ച്
അമ്മമാരും അച്ഛന്മാരും വരി നില്ക്കും
ഈ സ്കൂളിൽ പഠിച്ചാൽമതിയായിരുന്നു
എന്നു നെടുവീർപ്പിടും
ഇപ്പൊ വരാം ഇപ്പൊ വരാം
എന്നു മക്കൾ പയ്യാരം പറയും.
അപ്പോൾ പൊടുന്നനേ ആരോ ഒരാൾ വന്നു
മാന്ത്രികവടി ചുഴറ്റും
വടിയുടെ അറ്റത്തു തൂങ്ങി
സ്കൂളും കുട്ടികളും ആകാശയാത്ര ചെയ്ത്
ഭൂമിക്കപ്പുറത്തേക്കു
നിമിഷനേരത്താൽ അപ്രത്യക്ഷരാകും.

സന്ധ്യ ഇ.
പ്രജ്യോതി നികേതൻ കോളേജ്,
പുതുക്കാട്



# സമകാലിക കഥയുടെ വർത്തമാനം

മൈന ഉമൈബാൻ
എം.ഇ.എസ്. കോളേജ്, മമ്പാട്



എന്താണ് സമകാലിക കഥ? ഇന്നും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലാത്ത മുൻകാലകഥകളോ വർത്തമാനകാലത്ത് എഴുതപ്പെടുന്ന കഥകളോ?


യുവ എഴുത്തുകാരും നിരൂപകരും പങ്കെടുത്ത കഥാ ചർച്ചയിൽ എഴുത്തുകാർ മുൻതൂക്കം കൊടുത്തത് ആദ്യകാല രചനകൾക്കായിരുന്നു. തകഴി, പൊൻകുന്നം വർക്കി, ബഷീർ, മാധവിക്കുട്ടി, ഒ.വി. വിജയൻ തുടങ്ങിയ വരുടെ കഥകൾ കാലികമാണെന്നും അതുകൊണ്ട് അവ സമകാലിക കഥയെ പ്രതിനിധാനം ചെയ്യുന്നുവെന്നും അഭിപ്രായമുയർന്നു. തീർച്ചയായും അവ സമകാലിക വായന അർഹിക്കുന്ന കഥകളാണെന്നതിൽ സംശയമില്ല. എന്നാൽ, വർത്തമാന കാലത്ത് എഴുതുന്ന കഥകളും സമകാലികം തന്നെ. വർത്തമാനം എന്ന വാക്കും കുഴപ്പം പിടിച്ചതാണ്.

ദാർശനിക ചിന്താഗതിയുള്ളവർക്ക് വർത്തമാനം എന്നൊരു കാലമില്ല. ഭൂതവും ഭാവിയും മാത്രമേയുള്ളൂ. എഴുതി കഴിയുന്ന ഓരോ വാക്കും നിൽക്കുന്നത് ഭൂതത്തിലാണ്. ചർച്ച ചെയ്യപ്പെടുന്നത് ഭാവിയിലും. സമകാലിക കഥയെപ്പറ്റി പറയുമ്പോൾ സമയം നിർണ്ണായകമാണ്. സമയം കൃത്യമായി നിർണ്ണയിക്കാത്തതുകൊണ്ടാണ് ചർച്ചകളിൽ കഥയുടെ യാഗാശ്വം തോന്നിയ ഇടങ്ങളിൽ മേഞ്ഞുനടക്കുന്നത്. പഴയ കാലത്തേക്ക് പോകാൻ താരതമ്യേന എളുപ്പമാണ്. ഏറെപ്പേർ പറഞ്ഞു കഴിഞ്ഞു. തുടർച്ചകൾ പറഞ്ഞാൽ മതി എന്നൊരു എളുപ്പമുണ്ട്.

പുതിയ കഥയിൽ എന്തു സംഭവിക്കുന്നു എന്നറിയാൻ കുറച്ചു കൂടി സമയം ആവശ്യമുള്ള കാര്യമാണ്. നിശ്ചയമായും തോന്നിയയിടത്ത് മേഞ്ഞു നടക്കുന്ന കുതിരയെ സമയം നിർണ്ണയിച്ച് ഒരു കുറ്റിയിൽ തളച്ചാൽ നന്നായിരിക്കും. മുമ്പേ അതിനുള്ള മാർഗ്ഗങ്ങൾ വിമർശകർ കണ്ടെത്തിയിട്ടുണ്ട്. നവോത്ഥാനം, ആധുനികത, ഉത്തരാധുനികത, ആധുനികോത്തരത എന്നിങ്ങനെ. പക്ഷേ, പെട്ടെന്ന് സമകാലികത എന്നു പറഞ്ഞാൽ കുഴങ്ങി. മേൽപറഞ്ഞ ഏതു കുറ്റിയിൽ കെട്ടും?

മാത്രമല്ല, യുവ എഴുത്തുകാർ സമകാലികതയെ നവോത്ഥാനകാലഘട്ടത്തിലോ ആധുനികതയിലോ തളയ്ക്കാൻ ശ്രമിക്കുമ്പോൾ സംഭവിക്കുന്നത് അവരുടെ കഥകൾ എവിടെ പ്രതിനിധാനം ചെയ്യും എന്നു കൂടിയാണ്. മറ്റൊരു ചതി കൂടി അവർ അറിയാതെ വരുത്തി തീർക്കുന്നുണ്ട്. വായിച്ചു തുടങ്ങിയ വിദ്യാർത്ഥികൾക്കുമുമ്പിൽ, തുടക്കക്കാർക്ക് മുമ്പിൽ സമകാലികത

എന്നാൽ, വീണ്ടും വീണ്ടും വായിക്കുന്ന കഥകളാണെന്നു പറയുമ്പോൾ



ഫ്രാൻസിസ് നൊറോണ

അവയാണ് ശ്രേഷ്ഠം എന്ന വിശ്വാസമുറപ്പിക്കൽ കൂടി നടക്കുന്നുണ്ട്.

സ്വാഭാവികമായും ഇന്ന് എഴുതുന്ന കഥകൾ അപ്രസക്തമാവുകയും മുൻകാല കഥകൾക്ക് സ്വീകാര്യത കൈവരികയും ചെയ്യുന്നു. മുൻകാല കഥകൾ എന്ന പോലെ സമീപകാലത്തെ രചനകളും വായിക്കുകയും വിലയിരുത്തുകയും സംവേദനം ചെയ്യുകയും വേണം. എഴുത്തുകാർക്കും വായനക്കാർക്കും കൂട്ടുത്തരവാദിത്വമുണ്ട്. സമീപകാലത്തെഴുതിയ രചനകൾ ഭാവിയിൽ വിലയിരുത്തപ്പെടട്ടേ എന്ന ആശ്വാസംകൊള്ളൽ നല്ല പ്രവണതയല്ല.

മറ്റു സാഹിത്യ വ്യവഹാരങ്ങളെ അപേക്ഷിച്ച് ഏറെ പരീക്ഷണാത്മകതമാണ് സമകാലിക കഥ. സമകാലികം എന്നിവിടെ പ്രയോഗിക്കുന്നത് സമീപകാല രചനകൾ എന്ന അർത്ഥത്തിലാണ്. രൂപത്തിലും ആഖ്യാനത്തിലും ഭാഷയിലും പ്രകടമായ വ്യതിരിക്തതകൾ പ്രകടിപ്പിക്കുന്ന ഈ കഥകൾ. ജീവിതത്തിന്റെ സമസ്തമേഖലകളെയുമാണ് അത് പ്രതിനിധാനം ചെയ്യുന്നതും പ്രശ്നവത്ക്കരിക്കുന്നതും. വൈവിധ്യമാണ് സമകാലിക കഥകളുടെ കാതൽ.

അതുകൊണ്ടുതന്നെ സമകാലികതയുടെ ഈ രസക്കൂട്ട് അനുവാചകരെ അത്ഭുതപരതന്ത്രരാക്കുന്നു. സങ്കീർണ്ണത, സ്വത്വപ്രതിസന്ധികൾ, സംഘർഷം, ലിംഗനീതി, വിമതലൈംഗികത, പാരിസ്ഥിതിക ജാഗ്രത, മാനസിക വ്യാപാരങ്ങൾ, സാമൂഹ്യ പ്രശ്നങ്ങൾ, സാങ്കേതികത, പ്രതീതിയാഥാർത്ഥ്യലോകം, ഭാവനസഞ്ചാരങ്ങൾ, ഗൃഹാതുരത്വം ഉടങ്ങിയ വൈവിധ്യപൂർണ്ണമായി ലോകത്തിലൂടെയാണ് സമകാലിക കഥ സഞ്ചരിക്കുന്നത്.

ഒരു സംഭവം, ഒരു വികാരം, ഒരവസ്ഥ എന്ന തരത്തിൽ ഏകാഗ്രതാഗുണം പ്രകടമാക്കുന്നവയാണ് ചെറുകഥകൾ എന്നു പറയാമെങ്കിലും ആ കാലം കടന്നു പോയിരിക്കുന്നു. വി എം ദേവദാസിന്റെ 'പന്തിരുകലം', ഫ്രാൻസിസ് നൊറോണയുടെ 'കക്കുകളി' ഉടങ്ങിയ കഥകളിൽ ഒരു ജീവിത സംഭവത്തെയല്ല ചിത്രീകരിച്ചിരിക്കുന്നത്, ജീവിതത്തെ തന്നെയാണ്. ജീവിതത്തിന്റെ സമഗ്രതയിലല്ല, സൂക്ഷ്മതയിലാണ് ശ്രദ്ധിച്ചിരിക്കുന്നത് എന്നുമാത്രം.

പന്തിരുകലത്തിൽ ജാതിയെ എത്ര സൂക്ഷ്മമായാണ് അടയാളപ്പെടുത്തുന്നത്. തീർച്ചയായും പേരുപോലെ അഭിനവ പന്തിരുകുല കഥതന്നെയാണത്. ഓരോ വാക്കും ഓരോ പ്രയോഗവും വരരുചിയും പഞ്ചമിയും ചേർന്നു വളർത്തിയ പന്തിരുകുലത്തിലെ ഓരോ കഥാപാത്രത്തെയും മുന്നിൽ കൊണ്ടു നിർത്തുന്നു.

വരരുചിയ്ക്കു പകരം വരുണും പഞ്ചമി പഞ്ചമി തന്നെയുമാകുന്ന ഈ കഥയിൽ, അവരുടെ മകൾ ആതിര സംസാരശേഷിയില്ലാത്തവളാണ്. വായില്ലാക്കുന്നിലപ്പനെ ഓർമിപ്പിക്കുന്ന ഈ മകൾ. ആധുനിക കാലത്തെ പഞ്ചമിമാരുടെ-ദളിതരുടെ ജീവിതസമരവും അതിജീവനവുമാണ് ഈ കഥയുടെ ഭൂമിക. പഞ്ചമി എപ്പോഴും ഒറ്റയ്ക്കാണ്. അന്യതാബോധവും മാറ്റിനിർത്തപ്പെടലും സുപ്രധാനഘട്ടങ്ങളിലെല്ലാം നേരിടുന്നു.

ആന്ധ്രാ-തെലുങ്കാന പ്രക്ഷോഭസമരനേരത്ത് ആൾക്കൂട്ടത്തിനിടയിലെ സംഘർഷഭരിതമായ അവസ്ഥയിൽ നിന്ന് വരുണും പഞ്ചമിയും പരിചയപ്പെടുന്നതും പിന്നീട് പ്രണയത്തിലേക്കും വിവാഹത്തിലേക്കും വളരുന്നത്. പ്രണയം, വിവാഹം, ദാമ്പത്യം അതിന്റെ നീറുന്ന പല അടരുകളും ദുരന്തപര്യവസാനവുമാണ് കഥ എന്ന് പറയാനാവില്ല. അനേകം അടരുകളിലേക്കും ജാതീയതയുടെ,

ജീവിതത്തിന്റെ, അതിജീവനത്തിന്റെ സൂക്ഷ്മരാഷ്ട്രീയം കൈകാര്യം ചെയ്യുന്ന ഈ കഥ. ജീവിതം അത്ര ലളിതമല്ല. ആധുനിക കാലത്ത് അത് ഏറെ തീക്ഷ്ണവും സങ്കീർണ്ണവുമാണെന്നും അതിജീവനം സ്വയമുണ്ടാക്കേണ്ടതാണെന്നും ഈ കഥ വിളിച്ചു പറയുന്നു.


ഫ്രാൻസിസ് നെറോണയുടെ 'കക്കുകളി'യും സമാനമായ രീതിയിൽ വായിക്കേണ്ട കഥയാണ്. കക്കുകളി പോലൊരു നാടൻ കളിയുടെ രീതികളുപയോഗിച്ച് കളങ്ങളിൽ തട്ടാതെ കക്ക നഷ്ടപ്പെടുത്താതെയുള്ള ചാട്ടമാണ് ജീവിതമെന്ന് നമ്മെ പാഠിപ്പിക്കുന്നു. ഭാഷയും പെൺകുട്ടിയുടെ മനസ്സും എത്രമേൽ പിടിച്ചിരുത്തുന്നു. പലതരം സൂക്ഷ്മരാഷ്ട്രീയങ്ങൾ ഈ കഥകളിൽ വായിച്ചെടുക്കാമെങ്കിലും പ്രധാനം സ്ത്രീയുടെ അതിജീവന ശ്രമങ്ങളാണ്.

സാങ്കേതികയുടെ, ടെക്കികളുടെ ആധുനിക കാലത്തു നിന്ന് അക്കൂട്ടത്തിൽ ഉൾപ്പെട്ട ഒരു പെൺകുട്ടി എങ്ങോട്ടാണ് എടുത്തെറിയപ്പെടുന്നത് എന്ന് പ്രശ്നവത്ക്കരിക്കുകയാണ് യമയുടെ 'പാലം കടക്കുമ്പോൾ പെണ്ണുങ്ങൾ മാത്രം കാണുന്നത് എന്ന കഥ. ഐടി പ്രൊഫഷണലുകളായ ഒരുകൂട്ടം സുഹൃത്തുക്കൾ ക്രിസ്മസ് അവധിക്കാലം ആഘോഷിക്കുന്നതിനു വേണ്ടി നഗരത്തിൽ നിന്നും ഒരു എസ്റ്റേറ്റിലെത്തുന്നതും തുടർന്നുണ്ടാകുന്ന സംഭവങ്ങളുമാണ് ആദ്യ പകുതിവരെ കഥ.

മദ്യ ലഹരിയിൽ സാമൂഹ്യ വ്യവസ്ഥിതി ഉണ്ടാക്കിവെച്ചിരിക്കുന്ന സദാചാരബോധം ഇല്ലാതാകുകയും ആദിമചോദനയിൽപെട്ട അമൃദയും നെബിനും തമ്മിൽ രതിയിലേർപ്പെടുകയും ചെയ്യുന്നു. അമൃദ ചിന്തിക്കുന്നുണ്ട്, അവർക്കു തമ്മിൽ ഒരാകർഷണവും മുമ്പുണ്ടായിരുന്നില്ലെന്ന്. എങ്കിലും ദുരന്തം ക്ഷണിച്ചുവരുത്താനുള്ള ത്വര എല്ലാത്തരം സമരസപ്പെടലുകൾക്കും ഒത്തുതീർപ്പുകൾക്കും മേലെയാണ്. നെബിന്റെ കാമുകി നീന, ദൃക്സാക്ഷിയാവുകയും തുടർന്ന് അവൾ അവനെ പുറത്താക്കുന്നു. അമൃദയുടെ കാമുകൻ പ്രകാശ് അന്നു രാത്രിയുറങ്ങുന്നത് ഒരു പ്രതികാരം എന്ന നിലയിൽ നീനയുടെ മുറിയിലാണ്. എത്ര പ്രൊഫഷണലാണെങ്കിലും ഏതു സാങ്കേതിക യുഗത്തിൽ ജീവിക്കുന്നവരെങ്കിലും സ്ത്രീയവസ്ഥയ്ക്ക് മാറ്റമില്ലെന്ന് അമൃദ തിരിച്ചറിയുന്നു. സ്ത്രീകൾക്ക് മേൽ ഉണ്ടാക്കിവെച്ചിരിക്കുന്ന അദൃശ്യനിയമങ്ങൾക്ക് മാറ്റമില്ല. ഏതവസ്ഥയിൽ എങ്ങനെയെല്ലാമാണ് ശരിതെറ്റുകൾ ഉണ്ടാകുന്നത് എന്ന് മനസ്സിലാക്കാനോ പരിശോധിക്കാനോ ആരുമുണ്ടാവില്ല എന്നും അവൾ അറിയുന്നു. എല്ലാവരും പൊയ്ക്കഴിഞ്ഞിട്ടും അമൃദമാത്രം അവിടെ നിന്നു. അവൾ എസ്റ്റേറ്റിനപ്പുറം ഒരു കാട് കാണുന്നുണ്ട്. അങ്ങോട്ട് പോകണമെന്നുണ്ടവൾക്ക്. പക്ഷേ, ഒരു പാലം കടക്കേണ്ടതുണ്ട്. കഥയിൽ പാലം കടക്കൽ ഒരു പ്രതീകം മാത്രമാണ്. പിന്നീട് അമൃദ ചിന്തിക്കുന്നതെല്ലാം ഒരു സ്ത്രീയുടേതായ ദാർശനിക ലോകത്തിലൂടെയാണ്. പാലം മുളപ്പാലമാണ്. അതിന് വിള്ളലുകൾ വന്നിട്ടുണ്ട്. എന്നിട്ടും മനുഷ്യർ അതു വഴി നടക്കുന്നു. വിഭജിച്ചു കിടക്കുന്ന രണ്ടു ഭൂമിയെ ബന്ധിപ്പിക്കുന്ന പാലത്തേക്കാൾ ദുരന്തം മറ്റെന്തുണ്ട്? വ്യത്യസ്തമായ എല്ലാത്തിനെയും ബന്ധിപ്പിച്ച് ഒന്നാക്കാനുള്ള മനുഷ്യന്റെ ആഗ്രഹത്തെ ചെറുത്തുനില്ക്കാൻ പ്രകൃതിക്കുകൂടി കഴിയുന്നില്ലല്ലോ. ഒരു പക്ഷേ, പാലം നിർമ്മാണത്തിൽ അതിന്റെ തകർച്ചകൂടി ഉൾക്കൊണ്ടിട്ടുണ്ട്. ഒരു ജീവിയിൽ അതിന്റെ മരണം എഴുതപ്പെട്ടിരിക്കുന്നതുപോലെ... പുൽച്ചുമടുമായി ഒരു ആദിവാസി സ്ത്രീ ആ പാലം കടക്കുന്നു. പുൽച്ചുമടു കാരണം അവർക്ക് പാലം കാണാൻ വയ്യ. പക്ഷേ, വളരെ ലാഘവത്തോടെ അവർ പാലം കടക്കുന്നു. അമൃദയ്ക്ക് മാത്രം അതു സാധ്യമാകുന്നില്ല. എന്തെന്നാൽ അവൾ ഇത്തരം പാലം കടന്നിട്ടില്ല. അവൾ പാലത്തിൽ മുഴുവൻ ജീവിതത്തെ ദർശിക്കുന്നു. ജീവിതത്തിന്റെ വ്യവസ്ഥയില്ലായ്മയെ, മരണത്തെ, അപകടത്തെ, എന്നിട്ടും ജീവിച്ചിരിക്കൊണ്ടിരിക്കുന്നതിൻറെ അർത്ഥരാഹിത്യത്തെ... അങ്ങനെ പലതും ചിന്തിച്ച് ചിന്തിച്ച് അവൾ പാലം കടന്നു. പാലം കടക്കുമ്പോഴോ എത്ര മരണങ്ങൾ കടന്നുപോയി എന്നായി ചിന്ത. മുളങ്കമ്പിൽ നിന്ന് മണ്ണിലേക്ക് കാൽവെയ്ക്കുമ്പോൾ അവൾ ചിന്തിക്കുന്നത് കടന്നത് പുഴയോ അതോ പാലമോ എന്നാണ്.

ആ നിമിഷം അവിടെയെങ്ങോ പെറ്റുകിടന്ന ഒരു പട്ടി അവളെ കടിക്കുന്നു. അതിരുകൾ ഇല്ലാത്തിടത്തെ അതിജീവനനിയമങ്ങൾ ഏതു ഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നത് എന്ന് കഠിനമായ വേദനയിലും അവൾ അത്ഭുതപ്പെടുന്നുണ്ട്.

സംസ്ക്കാരം കൊണ്ട് പരിണാമം സിദ്ധിച്ചവരെന്ന് അഹങ്കരിക്കുന്ന മനുഷ്യനിൽ നിന്ന് നഗരത്തിലെ സാങ്കേതികലോകത്തെ ആർപ്പുവിളികൾ ജീവിച്ചൊരു പെൺകുട്ടി തന്റെ അതിജീവനത്തിനായി ആദി


വി.എം. ദേവദാസ്

മഹോദരയാൽ കാട്ടിലേക്ക് ആനയിക്കപ്പെടുകയാണ്. എത്രമേൽ സാംസ്കാരികമായി കെട്ടിപ്പൊക്കിയ നാഗരികതയും തകർന്നു വീഴാൻ നിമിഷങ്ങൾ മതിയെന്ന് ഓർമിപ്പിക്കുന്നു. ഇര എന്നും സ്ത്രീയാണെന്നും.

ജീവിത ദർശനങ്ങളുടെ കഥയാണ് യമയുടെ 'പാലം കടക്കുമ്പോൾ പെണ്ണുങ്ങൾ മാത്രം കാണുന്നത്'. എസ്. ഹരീഷിന്റെ 'മോദസ്ഥിതനായി വസിപ്പൂ മലപോലെ' എന്ന കഥയിൽ ജാതിയുടെ സൂക്ഷ്മരാഷ്ട്രീയത്തെ കാണിച്ചു തരുന്നു. പ്രണയികളായ അനൂപും പവിത്രയും തമ്മിലുള്ള വിവാഹവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംഭവങ്ങളാണ്. വലിയ പ്രശ്നങ്ങളോ സംഭവങ്ങളോ ഒന്നുമില്ലെന്ന് തോന്നാമെങ്കിലും ചർച്ച ചെയ്യുന്ന വിഷയം ഒരു നൂറ്റാണ്ടുകൊണ്ട് കേരള മനസ്സിലുണ്ടായ നവോത്ഥാനത്തിന്റെ അർത്ഥത്തിലേക്കാണ്. അവർണ്ണജാതി മോശമാണെന്നും സവർണ്ണത്വത്തെ പ്രാപിക്കലാണ് സ്വർഗ്ഗപ്രാപ്തിയെന്നും തോന്നിപ്പിക്കുന്നു. അവർണ്ണന്റെ ദൈവത്തെ പിഴുതെറിയൽ കൂടിയാണ് ഈ വിവാഹകഥ. ഭാഷയുടെ സൂക്ഷ്മമായ പ്രയോഗങ്ങളിലൂടെയാണ് ജാതിസ്വത്വം തിരിച്ചറിയുന്നത്.

അത് എങ്ങനെ ഉപയോഗിച്ചാൽ സവർണ്ണനാകാമെന്നും.


സംഭവ്യമെന്ന് നാം വിചാരിക്കുന്ന ചില കാര്യങ്ങളെ സംഭവ്യമെന്ന് ഉറപ്പുതന്നുകൊണ്ടാണ് സക്കറിയയുടെ 'തേൻ' ആരംഭിക്കുന്നത്. അമ്യൂസ്മെന്റുകളിൽ , നാടോടിക്കഥകളിലാണ് കരടിയും മനുഷ്യസ്ത്രീയും തമ്മിൽ വിവാഹം നടക്കുന്നത്. ഇത് സംഭവകഥയായി എഴുതുന്നു സക്കറിയ.

വർത്തമാന കേരളത്തെ കണക്കറ്റ് പരിഹസിക്കുകയാണ് ഈ കഥയിലൂടെ അദ്ദേഹം ചെയ്യുന്നത്. ആധുനിക കേരളീയ പുരുഷനോട് പറയാനുള്ളതെല്ലാം നിശിതവിമർശനത്തിലൂടെ പറഞ്ഞു വെയ്ക്കുന്നു.

വർഗ്ഗസംഘടനകളൊന്നുമില്ലാത്ത നിലനില്പ് തന്നെ വലിയ ഞാണിന്മേൽ കളിയായ ഐടി മേഖലയുടെ കഥയാണ് കെ വി പ്രവീണിന്റെ 'ജാക്പോട്ട്'. തന്റെ സുഹൃത്തായ കൃഷ്ണദാസിന്റെ (ക്രിസ് ധരണി എന്ന് പേരുമാറ്റിയിരുന്ന അമേരിക്കൻ ജീവിതത്തിനുവേണ്ടി) വളർച്ചയും പതനവുമാണ് കഥയിലെ ആഖ്യാതാവ് വിഷയമാക്കുന്നത്. ഒപ്പം ഇഴഞ്ഞിഴഞ്ഞ് പോകുന്ന തന്റെ ജീവിതം.

ആധുനികകാലത്തെ പ്രൊഫഷണൽ ജീവിതം കടന്നു വരുന്നുവെങ്കിലും ആഖ്യാതാവ് തൊഴിലിൽ ഇത്തിരി പുറകോട്ടു പോകുമ്പോഴും അവിടെ തന്നെ നിൽക്കുന്നുണ്ട്.

ജാക്പോട്ട് എടുത്ത് പണക്കാരനാകാമെന്ന വ്യാമോഹമോ അതിബുദ്ധിയിലൂടെ പണവും നേടിയെടുക്കാം എന്ന വ്യാമോഹമോ ഇല്ല എങ്കിലും. ക്രിസ് അങ്ങനെയായിരുന്നില്ല. ഈ കഥ ആമയും മുയലും കഥയെ ഓർമിപ്പിക്കുന്നു. എത്ര ഓടിയാലും ജീവിതത്തിൽ ആമ ഓടുന്നത്ര മുയലിന് ഓടാനാവില്ലെന്ന സത്യം തിരിച്ചറിയാതെ പോകുന്നു. ജീവിതയാത്രയിൽ (ആയുസ്സിന്റെ ബലത്തിൽ) ആമയായിരിക്കും പതുക്കെ ഓടിയാലും ആദ്യമെത്തുക. അതേ കഥ ക്രിസ് എന്ന മുയലിനെയും ആഖ്യാതാവായ ആമയെയും ഓർമിപ്പിക്കുന്നു. പ്രവീണിന്റെ തന്നെ 'ഓർമച്ചിപ്പ്' എന്ന കഥ ഭാവിയിലേക്ക് നീട്ടിയെറിഞ്ഞ ശാസ്ത്രകഥ കൂടിയാണ്. ഓർമനഷ്ടപ്പെടുന്നവരുടെ ഓർമ തിരിച്ചുകൊണ്ടു വരുന്നതിന് ചിപ്പ് ഉപയോഗപ്പെടുന്നതിനെ വൈദഗ്ധ്യത്തോടെ അവതരിപ്പിച്ചിരുക്കുന്നു. ജീവതത്തിൽ സ്വേച്ഛാധിപതിയായ അമ്മയും അതിൽ ഞെരിഞ്ഞമർന്ന മകനും അമ്മയുടെ ഓർമ നഷ്ടവും തിരിച്ചുപിടിക്കാനുള്ള വൈദ്യശാസത്ര സാങ്കേതിക അന്വേഷണങ്ങളും ഒടുക്കം അമ്മയുടെ ഓർമയെ ഹാക്ക് ചെയ്യുന്ന മകനും എല്ലാം ചേർന്ന് നവസാങ്കേതികതയെയും ആരോഗ്യശാസ്ത്രത്തിന്റെ പുതു അന്വേഷണങ്ങളും പരിചയപ്പെടുത്തുന്നു.



എസ്. ഹരീഷ്

സമകാലിക കഥ ആഖ്യാനത്തിലും പ്രമേയത്തിലും ഭാഷയിലും ദർശനത്തിലും അവതരണത്തിലും ഭാവനയിലുമെല്ലാം വ്യത്യസ്തത പ്രകടിപ്പിക്കുന്നു. സമകാലിക കഥാലോകം അടിമുടി പരീക്ഷണവിധേയമാണ്. ഓരോ എഴുത്തുകാരും ഞാനിവിടെയുണ്ട് എന്ന് വിളിച്ചു പറയുന്നു. ആരാണ് മുന്നിൽ എന്നല്ല ഓരോ ശബ്ദവും വ്യത്യസ്തമാണ് എന്നാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഓരോരുത്തർക്കും വ്യത്യസ്ത ജാതകമാണുള്ളത്. തീർച്ചയായും, മലയാള കഥാസാഹിത്യത്തിന്റെ ഭാവി മുന്നോട്ടാണ്. സാഹിത്യത്തിൽ അത് വലിയ പ്രതീക്ഷ നൽകുന്നു.

ഭരണഭാഷ – മാതൃഭാഷ

നമ്പർ യു.ജി.സി. സെൽ 3/42245/2017/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം – 33
തീയതി : 28/06/2018
ഫോൺ : 0471 2303107

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - യു.ജി.സി സെൽ -7-ാം യു.ജി.സി. സ്കീം നടപ്പിലാക്കുന്നത് - ബാധ്യത കണക്കാക്കുന്നത് - സംബന്ധിച്ച്.

സൂചന: - 15.11.2017 ലെ സി3/212/2017/ഉ.വി.വ. നമ്പർ സർക്കാർ കത്ത്.

7ാം യു.ജി.സി. ശമ്പള പരിഷ്ക്കരണം സംസ്ഥാനത്തെ കോളേജുകളിൽ നടപ്പിലാക്കു ന്നതിനായി ഇതു സംബന്ധമായ സാമ്പത്തിക ബാധ്യത അടിയന്തിരമായി കണക്കാക്കി നൽകുന്നതിന് സർക്കാർ വകുപ്പിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. എന്നാൽ 8-ാം യു.ജി.സി. സ്കീം പ്രകാരമുള്ള പ്ലേസ്മെന്റുകൾ ഗവൺമെന്റ് കോളേജിൽ നടപ്പിലാക്കിയിട്ടി ല്ലാത്തതും എയ്ഡഡ് കോളേജുകളിൽ ഭാഗീകമായി മാത്രം അതാത് യൂണിവേഴ്സിറ്റികൾ നടപ്പിലാക്കിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ സാങ്കൽപികമായി പ്ലേസ്മെന്റുകൾ നടപ്പിലാക്കിയതായി കണക്കാക്കിക്കൊണ്ട് - 1/1/2016 പ്രാബല്യത്തിലുള്ള ശമ്പള ബാദ്ധ്യതയിന്മേൽ വിലയിരുത്തൽ നടത്തേണ്ടി വരുന്നു.

മേൽ സാഹചര്യത്തിൽ എല്ലാ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾമാരും തങ്ങളുടെ കോളേജിലെ അദ്ധ്യാപകരുടെ (6ാം സ്കീമിലെ) 1.1.2016 ലെ ശമ്പള സ്റ്റേജും ശമ്പള സ്കെയിലും (എല്ലാ പ്ലേസ്മെന്റ് ലഭിച്ചതായി കണക്കാക്കിക്കൊണ്ടുള്ള) പ്രകാരം, 7-ാം ശമ്പള പരിഷ്ക്കരണത്തിലെ ഏതേത് സ്റ്റേജുകളിൽ നിർണ്ണയിക്കപ്പെടാവുന്നതാണ് എന്ന കണക്കെടുത്ത് Excel Format ൽ ഈ വകുപ്പിൽ ugccelldce@gmail.com എന്ന മെയിലി ലേയ്ക്ക് ഇ-മെയിൽ മുഖേന നൽകണമെന്ന് അറിയിക്കുന്നു.

എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർ താങ്ങളുടെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് വിശദാംശം നൽകുകയും ഡെപ്യൂട്ടി ഡയറക്ടർമാർ എല്ലാ കോളേജിൽ നിന്നും വിവരം ലഭിച്ചുവെന്ന് ഉറപ്പ് വരുത്തി കൺസോളിഡേറ്റ് ചെയ്ത വിവരം ഡയറക്ടർക്ക് നൽകുകയും ചെയ്യേണ്ടതാണ്.

7-ാം ശമ്പള പരിഷ്ക്കരണത്തിൽ (6/11/2017 ൽ മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കത്ത് ഖ.2 ഴ പ്രകാരം) 31.12.2015 ലെ ശമ്പളം എ.ജി.പി. എന്നിവയുടെ തുകയെ 2.87/2.72 കൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയുടെ തുല്യമായ പുതിയ സെല്ലിൽ ശമ്പളം നിർണ്ണയിക്കേണ്ടതും തുല്യമായ സെൽ ലഭ്യമല്ലാത്ത പക്ഷം തൊട്ടുമുകളിലുള്ള സെല്ലിൽ നിർണ്ണയിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (എം.എച്ച്.ആർ.ഡി. യുടെ 6/11/17 ലെ കത്തും ശമ്പള നിർണ്ണയ പട്ടികയും ഉള്ളടക്കം ചെയ്യുന്നു) അതിനനുസരിച്ച് താഴെ പറയുന്ന വിവരങ്ങളാണ് വകുപ്പിനാവശ്യമായിട്ടുള്ളത്.

| Scale | BP Including AGP as on 1/1/16 (6th Pay revision) | | Revised BP as on 1/1/16 (7th Pay revision) | Total Number of teachers |
|---|---|---|---|---|
| | Existing | Anticipated | | |
| AGP 6000 | | | | |
| AGP 7000 | | | | |
| AGP 8000 | | | | |
| AGP 9000 | | | | |
| AGP 10000 | | | | |

എല്ലാ പ്രിൻസിപ്പാൾമാരും മേൽപറഞ്ഞ രീതിയിൽ വിശദാംശങ്ങൾ ജൂലൈ 5-ാം തീയതിയ്ക്കുള്ളിലും എല്ലാ ഡെപ്യൂട്ടി ഡയരക്ടർമാരും ജൂലൈ 9-ാം തീയതിയ്ക്കുള്ളിലും വിവരങ്ങൾ സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒപ്പ്
ഡോ. ഡി.കെ. സതീഷ്
അഡീഷണൽ ഡയരക്ടർ

# GOVERNMENT OF KERALA

Abstract Higher Education Department - Collegiate Education - EstablishmentEnhancement of remuneration of the daily waged/contract teachers coming under the Collegiate Education Department/ Technical Education - Sanctioned - Orders Issued.

## Higher Education (F) Department

**G.O (Rt) No: 1293/2018/HEdn. Dated, Thiruvananthapuram: 04.07.2018 Read: 1. GO(Ms) No. 275/2012/ HEdn dated 07/07/2012.**

2. GO(P) No. 602/2012/HEdn dated 28/11/2012. 3. GO(Rt) No. 1251/2015/HEdn dated 30/05/2015. 4. GO(Rt) No. 515/2018/HEdn dated 21.03.2018. 5. GO(P)No. 74/2018/Fin dated 28/04/2018. 6. GO(P)No. 89/2018/Fin dated 13/06/2018. 7. Representation dated 03.01.2018, 28.02.2018 from the Association of Kerala Government College Teachers. 8. Representation dated 17.10.2017 from the All Kerala Private College Teachers Association. 9. Letter no. B2/31830/2018/Coll.Edn. dated 03/02/2018 from the Director of Collegiate Education, Thiruvananthapuram

## ORDER

As per the Government orders read as 2nd & 3rd paper above, the remuneration of the Guest Lecturers was enhanced at Rs. 500/-per teaching hour su of Rs. 25,000/- for those having UGC prescribed qualification and Rs. 300/- per teaching hour subject to the ceiling of Rs. 20,740/- for those without UGC prescribed qualification, working in Government and Aided Arts & Science Colleges, Music Colleges, Training Colleges and Physical Education Colleges under Collegiate Education Department. The Director of Collegiate Education as per letter read as 9th paper above and various service organizations also have requested to enhance the remuneration of Guest Lecturers working in Government and Aided Arts & Science Colleges, Music Colleges, Training Colleges, Sanskrit Colleges and Physical Education Colleges.

Government have examined the proposal in detail and are pleased to revise the remuneration of the daily waged/contract teachers coming under the Collegiate Education Department/ Technical Education on daily wage basis as specified below:

a) UGC qualified hands - Rs.1750/- per day subject to a maximum of Rs.43,750/in a month on daily wage basis. b) Non UGC hands - Rs.1600/- per day subject to a maximum of Rs.40,000/- in a month on daily wage basis. c) The work load, teaching hours etc shall be in accordance with the existing norms applicable to regular teachers.

The date of effect of the enhanced daily wage will be with effect from 01.04.2017.

(By Order of the Governor)
**Hari Kumar G. Deputy Secretary to Government**

To,
The Director of Collegiate Education, Thiruvananthapuram.
Association of Kerala Government College Teachers, AKGCT Bhavan, Panavila Junction, Thycaud P.O., Thiruvananthapuram
All Kerala Private College Teachers Association, Mathrubhoomi Road, Vanchiyoor, Thiruvananthapuram.
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram Finance Department [vide UO(N) No. 649451/EDN C1/2017/Fin dated 25.06.2018]
Higher Education (D)/(G) Departments
The Information Officer, Web & New Media/ The Director, I&PRD
Nodal Officer, www.highereducation.kerala.gov.in Stock File/Office Copy
Forwarded/By Order

# കേരള സർക്കാർ

- സംഗ്രഹം പൊതുഭരണം - സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ , ഗ്രാൻഡ് ഇൻ എയ്ഡഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതിന് നിർദ്ദേശിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ.( കൈ) നം. 108/2018/പൊഭവ. പരാമർശം- സ.ഉ(എം.എസ് ) 315/10/പൊഭവ,
തീയതി, തിരുവനന്തപുരം, 18-05-2018 തീയതി 13/09/2010

## ഉത്തരവ്

ഭരണനവീകരണത്തിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനുമായി എല്ലാ സർക്കാർ ഓഫീസുകളിലും സ്പാർക്കുമായി ബന്ധിപ്പിച്ചുകൊണ്ട് ബയോമെട്രിക്ക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2018 ജനവരി 1 മുതൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് സിസ്റ്റം കർശനമാക്കുകയും ഹാജർ സ്പാർക്കുമായി ബന്ധിപ്പിക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാനത്തെ എല്ലാ സർക്കാർ , അർദ്ധ സർക്കാർ, സ്വയംഭരണ, ഗ്രാൻഡ് ഇൻ എയ്ഡഡ് സ്ഥാപനങ്ങളിലും താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരം സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

1) സ്പാർക്ക് മുഖേന ശമ്പളം ലഭിക്കുന്ന എല്ലാ സർക്കാർ ഓഫീസുകളിലും, വിദ്യഭ്യാസ സ്ഥാപനങ്ങളിലും 2018 ഒക്ടോബർ 1 നകം ബയോമെട്രിക്ക് പഞ്ചിംഗ് സിസ്റ്റം കർശനമായി നടപ്പിലാക്കി ഹാജർ സ്പാർക്കുമായി ബന്ധിപ്പിക്കേണ്ടതാണ്.

2) ഓരോ വകുപ്പിലും വകുപ്പിനു കീഴിൽ വരുന്ന എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും പഞ്ചിംഗ് സംവിധാനം കൃത്യമായി നടപ്പിലാക്കേണ്ട് പൂർണ്ണ ചുമതല അതാത് വകുപ്പ് സെക്രട്ടറിക്കും, വകുപ്പു മേധാവിക്കുമായിരിക്കുന്നതാണ്. 3) ശമ്പള വിതരണ സോഫ്റ്റ് വെയറായ സ്പാർക്കിൽ ജീവനക്കാരുടെ അവധികൾ, ഔദ്യോഗിക യാത്ര, കോമ്പൻസേറ്ററി ഓഫ്, ഷിഫ്റ്റ് തുടങ്ങി എല്ലാ കാര്യങ്ങളും രേഖപ്പെടുത്തുന്നതിന് പ്രത്യേകം പ്രത്യേകം മോഡ്യൂളുകൾ വികസിപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഉപയോഗക്രമം സംബന്ധിച്ച മാർഗ്ഗരേഖ ലഭ്യമാക്കുന്നതാണ്.

4) നിലവിൽ സ്പാർക്കു വഴി ശമ്പളം വാങ്ങുന്ന എല്ലാ ജീവനക്കാരുടെയും പഞ്ചിംഗ് സ്പാർക്കുമായി ബന്ധപ്പെടുത്താവുന്ന തരത്തിലുള്ള ഹാർഡ് വെയറും, സോഫ്റ്റ് വെയറുമാണ് ഉപയോഗിക്കേണ്ടത്. ഹാർഡ് വെയർ സംബന്ധിച്ച് കെൽട്രോണിനെയും (The Head (SSG) Kerala State Electronics Development Corporation Ltd (KELTRON), Karakulam, Thiruvananthapuram Phone:-0472-2888457) Gmnമ വെയർ സംബന്ധിച്ച സംശയങ്ങൾക്ക് സ്പാർക്ക് മാനേജരുമായി ബന്ധപ്പെടാവുന്നതാണ്.

5) പുതിയതായി സ്ഥാപിക്കുന്ന പഞ്ചിംഗ് മെഷീനുകൾ ഭാവിയിൽ ആധാറുമായി ബന്ധപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ളതായിരിക്കണം (സെക്രട്ടറിയേറ്റിലെ പഞ്ചിംഗ് മെഷീനുകൾ, സോഫ്റ്റ് വെയർ എന്നിവ മാതൃകയാക്കാവുന്നതാണ്)

6) ബയോമെട്രിക്ക് സംവിധാനത്തിൽ എല്ലാത്തരം സ്ഥിരം ജീവനക്കാരെയും നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്

7) പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതിനാവശ്യമായ ചെലവുകൾ വകുപ്പുകൾ അവരവരുടെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

8) പഞ്ചിംഗ് സംവിധാനം വകുപ്പുകളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച പുരോഗതി ചീഫ് സെക്രട്ടറിയുടെ സെക്രട്ടറിമാരുമായുള്ള പ്രതിമാസയോഗത്തിൽ അവലോകനം ചെയ്യുന്നതാണ്.

9)നിലവിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിച്ചിട്ടുള്ള ഓഫീസുകൾ അവരുടെ പഞ്ചിംഗ് മെഷീൻ സ്പാർക്കുമായി ബന്ധപ്പെടുത്തുവാൻ സാധിക്കുന്നതാണോ എന്ന പരിശോധിക്കേണ്ടതും അപ്രകാരം ബന്ധപ്പെടുത്തുവാൻ സാധിക്കുന്നില്ലെങ്കിൽ പുതിയ മെഷീനുകൾ സ്ഥാപിക്കേണ്ടതുമാണ്.

10) വകുപ്പിലെ എല്ലാ തലത്തിലുമുള്ള ഓഫീസുകളിലും സ്പാർക്ക് ബന്ധിത പഞ്ചിംഗ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കിയ ശേഷം അതോറിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ ഉടങ്ങി വകുപ്പിന് കീഴിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സംവിധാനം 2018 ഡിസംബർ 31 നകം നടപ്പിൽ വരുത്തേണ്ടതാണ്. ഇതിന്റെ ഉത്തരവാദിത്വം വകുപ്പ് തലവനും, വകുപ്പ് സെക്രട്ടറിയ്ക്കുമായിരിക്കും.

11) വകുപ്പിനും, വകുപ്പിന് കീഴിലുള്ള ഓഫീസുകളിലും, സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത പഞ്ചിംഗ് സംവിധാനം പൂർത്തീകരിക്കുന്ന മുറയ്ക്ക് സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന പൊതുഭരണ (ഏകോപനം) വകുപ്പിനെ വിവരം അറിയിക്കേണ്ടതാണ്.

12) പുതിയതായി ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച സംശയ നിവാരണങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ മുഖേന പൊതുഭരണ (ഏകോപനം) വകുപ്പുമായി ബന്ധപ്പെടാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിശ്വനാഥ് സിൻഹ**
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ വകുപ്പ മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള,
തിരുവനന്തപുരം സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്കും
മാനേജർ, സ്പാർക്ക്, TC 25/3436/(37), ഉപ്പളം റോഡ്, തിരുവനന്തപുരം - 695 001
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ. സെക്യൂരിറ്റി & സർവൈലൻസ് ഗ്രൂപ്പ്
കരകുളം, തിരുവനന്തപുരം ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ,തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം) രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം) സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള കാലിക്കറ്റ് കസാറ്റ് (കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ)
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഓ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ- 680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്, വയനാട്
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**സെക്ഷൻ ഓഫീസർ**

# വജ്രജൂബിലി സമ്മേളന ദൃശ്യങ്ങൾ












## വജ്രജൂബിലി സമ്മേളന ദൃശ്യങ്ങൾ























## വജ്രജൂബിലി സമ്മേളന ദൃശ്യങ്ങൾ












# കേന്ദ്രഗവൺമെന്റിന്റെ വികലമായ വിദ്യാഭ്യാസനയങ്ങൾക്കെതിരെ ജാഗ്രതാസന്ധ്യ




കൊല്ലം : 26-6-2018 വൈകിട്ട് 4.30ന് കൊല്ലം ചിന്നക്കടയിൽ എം. നൗഷാദ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഉന്നതവിദ്യാഭ്യാസ മേഖലയിലെ കേന്ദ്ര ഗവൺമെന്റിന്റെ അനാവശ്യ ഇടപെടലുകളെക്കുറിച്ചുള്ള സംസ്ഥാന വൈസ് പ്രസിഡന്റ് കെ. സന്തോഷിന്റെ വിശദീകരണത്തിനു ശേഷം വിവിധ സർവ്വീസ് സംഘടനാനേതാക്കൾ അഭിവാദ്യമർപ്പിച്ച് സംസാരിച്ചു. എ.കെ.പി.സി.ടി.എ. മുൻ ജനറൽ സെക്രട്ടറി ശ്രീ. എസ്. ശ്രീവത്സൻ, കെഎസ്ടിഎ ജില്ലാ സെക്രട്ടറി മഹേഷ്, എൻ.ജി.ഒ. യൂണിയൻ ജില്ലാ സെക്രട്ടറി ശ്രീ. ഗാഥ, പു.ക.സ. കൊല്ലം ജില്ലാ പ്രസിഡന്റ് ഡോ. സി. ഉണ്ണികൃഷ്ണൻ, എ.കെ.ജി.സി.ടി. സംസ്ഥാന കമ്മിറ്റി അംഗം ശ്രീ. ജയരാജൻ, എ.കെ.പി.സി.ടി.എ. മുൻ ജില്ലാ സെക്രട്ടറി ശ്രീ. പ്രേംകുമാർ തുടങ്ങിയവർ അഭിവാദ്യമർപ്പിച്ച് സംസാരിച്ചു. ജില്ലാ പ്രസിഡന്റ് ഡോ. പി.എൻ. ദിലീപിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി ഡോ. എൻ. ശശികുമാർ സ്വാഗതവും ജില്ലാ ട്രഷറർ ശ്രീ. രതീഷ് നന്ദിയും രേഖപ്പെടുത്തി.




എറണാകുളം: ഹൈക്കോർട്ട് ജംഗ്ഷനിൽ നടന്ന സമര പരിപാടി ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ. ജില്ലാ സെക്രട്ടറി ഡോ. എ. സുരേഷ്, പ്രസിഡന്റ് ഡോ. വിനോദ് കുമാർ ജേക്കബ്, എം.ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റംഗം ഡോ. അജി സി. പണിക്കർ, എ.കെ.ജി.സി.ടി. ജില്ലാ സെക്രട്ടറിയും എം.ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റംഗവുമായ ഡോ. എം.എസ്. മുരളി, ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി ശ്രീ. ജോൺ ഷിബു, കെ.എസ്.ടി.എ. ജില്ലാ സെക്രട്ടറി ശ്രീ. ബെന്നി കെ.വി, എൻ.ജി.ഒ. യൂണിയൻ ജോയിന്റ് സെക്രട്ടറി ശ്രീ. ഷാജൻ, എസ്.എഫ്.ഐ. ജില്ലാ സെക്രട്ടറി സച്ചിൻ കുര്യാക്കോസ്, എ.കെ.ജി.സി.ടി. ഏരിയാ സെക്രട്ടറി ഡോ. സന്തോഷ്കുമാർ, പ്രൊഫ. സലീംകുമാർ, ഡോ. സി.എൻ. ശ്രീജിത്ത്, ഡോ. വി.പി. മർക്കോസ്, ഡോ. സുധാകരൻ കെ.എം. എന്നിവർ പ്രസംഗിച്ചു.




മലപ്പുറം

മലപ്പുറം : കെ.എസ്.ആർ.ടി.സി. പരിസരത്തുവച്ച് ജാഗ്രത സന്ധ്യ സംഘടിപ്പിച്ചു. 'ഇന്ത്യൻ ഉന്നതവിദ്യാഭ്യാസ രംഗത്ത് പടരുന്ന അന്ധകാരത്തെ പ്രതിരോധിക്കുക, വൈജ്ഞാനിക സ്വാതന്ത്ര്യത്തിന്റെ കാവലാൾ ആവുക എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിയാണ് ജാഗ്രത സന്ധ്യ സംഘടിപ്പിച്ചത്.

മുൻ.എം.എൽ.എ. പി.ശശികുമാർ ജാഗ്രത സന്ധ്യ ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ സെക്രട്ടറി ഡോ.കെ. പി. വിനോദ് കുമാർ പരിപാടി വിശദീകരണം നടത്തി. കോഴിക്കോട് സർവകലാശാല, സിണ്ടിക്കേറ്റ് അംഗം ഡോ.കെ.സി.അബ്ദുൽ മജീദ് മുഖ്യപ്രഭാഷണം നടത്തി. എ.കെ.ജി.സി.ടി. ജില്ലാ സെക്രട്ടറി ഡോ.എസ. സഞ്ജയ്, എസ.എഫ്.ഐ. ജില്ലാ സെക്രട്ടറി കെ.എ. സക്കീർ, കോഴിക്കോട് സർവകലാശാല യൂണിയൻ ജനറൽ സെക്രട്ടറി മുഹമ്മദലി ശിഹാബ് എന്നിവർ ആശംസകൾ നേർന്നു. എ.കെ.പി.സി.ടി.എ ജില്ലാ പ്രസിഡന്റ് ഡോ. പി.എം. സുധീർകുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി ഡോ. ഗോപാലകൃഷ്ണൻ എം.ബി സ്വാഗതവും ഷെയ്ഖ് മുഹമ്മദ് നന്ദിയും രേഖപ്പെടുത്തി.



പത്തനംതിട്ട







തൃശ്ശൂർ




പാലക്കാട്: ശ്രീ. എം.ബി. രാജേഷ് എം.പി. ഉദ്ഘാടനം ചെയ്തു. ഉന്നതവിദ്യാഭ്യാസമേഖലയിൽ എല്ലാതരത്തിലും ഫെഡറൽ തത്വങ്ങളുടെ ലംഘനം നടക്കുകയാണ്. സംസ്ഥാനങ്ങളോട് ആലോചിക്കുകപോലും ചെയ്യാതെ നിരന്തരമായി യു.ജി.സി.യെ ഉപയോഗിച്ചു കൊണ്ട് റെഗുലേഷൻസ് ഇറക്കുകയാണ്. സർവ്വകലാശാലകളുടെ സ്വയംഭരണവും അക്കാദമിക സ്വാതന്ത്ര്യവും ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ രാജ്യത്താകമാനം ഏകീകൃത സിലബസ് കൊണ്ടുവരിക എന്ന തന്ത്രത്തിലൂടെ നടപ്പാക്കുകയാണ്. സ്വയംഭരണ കോളേജുകളെ പ്രോത്സാഹിപ്പിക്കുക വഴി ഉന്നതവിദ്യാഭ്യാസമേഖലയിലെ സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നു. പരിപാടിയിൽ കെ.ആർ. കിരൺ അദ്ധ്യക്ഷനായി. കാലിക്കറ്റ് സർവ്വകലാശാലാ സിൻഡിക്കേറ്റ് അംഗം ഡോ. സി.എൽ. ജോയി, എസ്. ദീപ്, മഹേഷ്കുമാർ, ഡോ. ജയപ്രകാശ്, കെ.ജി. പ്രിയേഷ് ഉടങ്ങിയവർ സംസാരിച്ചു.



എം.ജി. സർവ്വകലാശാലയിൽ നിന്നും സോഷ്യോളജിയിൽ ഡോക്ടറേറ്റ് നേടിയ ലഫ്റ്റനന്റ് സുരേഷ് ബാബു പി. ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജ് സോഷ്യോളജി മേധാവിയാണ്.



കേരള സർവ്വകലാശാലയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ ശിവഗിരി ശ്രീ നാരായണ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ആരണ്യ എസ്.



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും മലയാളത്തിൽ ഡോക്ടറേറ്റ് നേടിയ ശിവഗിരി ശ്രീ നാരായണ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ നിത്യ പി. വിശ്വം.

## എ.കെ.പി.സി.ടി.എ. ഭാരവാഹികൾ



ഡോ. സി. പദ്മനാഭൻ (പ്രസിഡന്റ്), ഡോ. പി.എൻ. ഹരികുമാർ (ജനറൽ സെക്രട്ടറി), ഡോ. ബീന എസ്. (ട്രഷറർ), ഡോ. പി.കെ. കുശലകുമാരി (വൈസ് പ്രസിഡന്റ്) ഡോ. കെ. സന്തോഷ് (വൈസ് പ്രസിഡന്റ്)

## സംസ്ഥാന സെക്രട്ടറിമാർ



പ്രമോദ് വെള്ളച്ചാൽ (കണ്ണൂർ സർവകലാശാല), ഡോ. കെ.പി വിനോദ് കുമാർ (കോഴിക്കോട് സർവകലാശാല), ഡോ. സി.എം. ശ്രീജിത് (എം.ജി. സർവകലാശാല), ഡോ. ആർ. ഇന്ദുലാൽ (കേരള സർവകലാശാല)

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ (സിണ്ടിക്കേറ്റ് അംഗങ്ങൾ)



എ. നിശാന്ത് (കണ്ണൂർ സർവകലാശാല), പ്രൊഫ. ആർ. ബിന്ദു (കോഴിക്കോട് സർവകലാശാല), ഡോ. പി.കെ. പത്മകുമാർ (എം.ജി. സർവകലാശാല), എം. ശ്രീകുമാർ (കേരള സർവകലാശാല)

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ



പ്രൊഫ. എ.ജി. ഒലീന (ഐഫക്ടോ സെക്രട്ടറി, സൗത്ത് സോൺ)

സഞ്ജീവ് ജി. (സാങ്കേതിക സർവകലാശാല), ഡോ. ജെ. ഹരികൃഷ്ണ പിള്ള (ആരോഗ്യ സർവ്വകലാശാല), ഡോ. കെ.സി. അബ്ദുൾ മജീദ് (കോഴിക്കോട്), ഡോ. സോജു (കേരള)


## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ

ഡോ. എൻ.എം. സണ്ണി (ജേർണൽ), ഡോ. വി. പി. മർക്കോസ് (അക്കാദമിക് കമ്മിറ്റി), ഡോ. എ.എം.പി. ഹംസ (സർവീസ് സെൽ), ഡോ. ഷാജിത സലീം (വനിതാ കമ്മിറ്റി)


## ജില്ലാ സെക്രട്ടറിമാർ

ഡോ. വി.എം. ആനന്ദകുമാർ (തിരുവനന്തപുരം), ഡോ. എൻ. ശശികുമാർ (കൊല്ലം), ജോജി അലക്സ് (കോട്ടയം), ഡോ. വിവേക് ജേക്കബ്ബ് (പത്തനംതിട്ട), ഡോ. മനോജ് ടി.ആർ. (ആലപ്പുഴ), ഡോ. എ. സുരേഷ് (എറണാകുളം), ഡോ. വിജോയ് പി.എസ്. (തൃശ്ശൂർ) ഡോ. മുഹമ്മദ് സലീം (കോഴിക്കോട്), ഡോ. എം.ബി. ഗോപാലകൃഷ്ണൻ (മലപ്പുറം), ഡോ. ജയപ്രകാശ് ആർ.കെ. (പാലക്കാട്), ഡോ. തോമസ് മോനോത്ത് (വയനാട്), ഡോ. കെ. അജയകുമാർ (കണ്ണൂർ)

ആശംസകളോടെ....



KERALA PRIVATE COLLEGE TEACHER

R.No. 36025/81. No.266

ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- JUNE - 2018

# കോഴിക്കോട് സർവ്വകലാശാല സെനറ്റ് തെരഞ്ഞെടുപ്പ് 2018



ഡോ. വി.എ. ആയിഷ
(പൊന്നാനി എം.ഇ.എസ്. കോളേജ്)



ഡോ. ഗോപാല കൃഷ്ണൻ എം.ബി.
(മാർത്തോമാ കോളേജ്, ചുങ്കത്തറ)



ഹരിദാസ് പി.
(വി.ടി.ബി. കോളേജ്, ശ്രീകൃഷ്ണപുരം)



ഡോ. ജയപ്രകാശ് ആർ.കെ.
(NSS ട്രെയിനിംഗ് കോളേജ്, ഒറ്റപ്പാലം)



ഡോ. ജോഷി സി.എൽ.
(സെന്റ് തോമസ് കോളേജ്, തൃശ്ശൂർ)



ഡോ. ടി. മുഹമ്മദ് സലിം
(ഫറൂഖ് ട്രെയിനിങ് കോളേജ്)



രാമചന്ദ്രൻ കെ.
(സെന്റ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി)



റോബിൻ സേവ്യർ
(സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി)



സായൂജ് കുമാർ
(എസ്.എൻ. കോളേജ്, ചേളന്നൂർ)




ഡോ.ശ്രീജിത്ത് എം.നായർ
(മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്)



ഡോ. ശ്രീകുമാർ ടി.
(എൻ.എസ്.എസ്. കോളേജ്, നെന്മാറ)



ശ്രീലത സി.
(എസ്.എൻ. കോളേജ്, നാട്ടിക തൃശ്ശൂർ)



ഡോ. കെ. സുധീന്ദ്രൻ
(ശ്രീ. കേരളവർമ്മ കോളേജ്, തൃശ്ശൂർ)



ഡോ. പി.എസ്. വിജോയ്
(ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ)



ഡോ. വിനോദ് കുമാർ കെ.പി.
(എം.ഇ.എസ്. കോളേജ് മമ്പാട്)

## എ.കെ.പി.സി.ടി.എ. സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
**Chief Editor : Dr. N.M. Sunny**